ധനകാര്യം

## 2014–2015 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014–2015 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം അങ്ങേക്ക് അവതരിപ്പിക്കാവുന്നതാണ്.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2014–2015 | | | | | | |
|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 3-2-2014-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക. | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ രൂപ. |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| XII | പോലീസ് | 852,87,30,000 | 2,000 | 1705,74,61,000 | 3,000 | 1705,74,64,000 |
| XIII | ജയിൽ | 28,25,64,000 | | 56,51,27,000 | | 56,51,27,000 |

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം

കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014–2015 സാമ്പത്തിക വർഷത്തിൽ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും, വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയേയും, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന വിഷയ നിർണ്ണയ സമതിയുടെ റിപ്പോർട്ടിലെ ശുപാർശകളിൻമേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: രണ്ടു ധനാഭ്യർത്ഥനകളേയും സംബന്ധിച്ച ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്. ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ – XII – പോലീസ്
## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എം. ചന്ദ്രൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1705,74,64,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (സർക്കാർ നടപ്പാക്കുന്ന നയങ്ങൾക്കെതിരെ ഉയർന്നുവരുന്ന പ്രക്ഷോഭങ്ങളെ പോലീസിനെ ഉപയോഗിച്ച്

അടിച്ചമർത്തുന്നതായി പറയപ്പെടുന്ന സ്ഥിതി വിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1705,74,64,000 ക.ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (ജില്ലാ പോലീസ് ഉന്നതൻ കൈക്കൂലി വാങ്ങി കാര്യങ്ങൾ ചെയ്തു കൊടുക്കുന്നതായ അവസ്ഥ സംസ്ഥാനത്ത് സംജാതമായതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1705,74,64,000 ക.ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (ജനകീയ പ്രക്ഷോഭങ്ങളിൽ പങ്കാളികളായതിന്റെ പേരിൽ കേസ്സുകളിൽ പ്രതികളാക്കപ്പെട്ട പൊതുപ്രവർത്തകരെ 'കാപ്പ' നിയമത്തിൽപ്പെടുത്തി നാടുകടത്തുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1705,74,64,000 ക.ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.(ഭരണകക്ഷിയിൽപ്പെട്ടവർ പ്രതികളായ കേസ്സുകളിൽ അത്തരക്കാരെ അറസ്റ്റ് ചെയ്യുവാൻ തയ്യാറാകാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1705,74,64,000ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.(ക്രമസമാധാന പാലന രംഗത്ത് സർക്കാർ പരാജയത്തി ലായിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1705,74,64,000 ക.ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ കസ്റ്റഡി മരണം ഉണ്ടായതായും കസ്റ്റഡിയിൽ നിന്ന് വിട്ടയച്ച പ്രതി മരണപ്പെട്ടതായും പറയപ്പെടുന്ന സംഭവത്തിൽ യാതൊരു നടപടിയും സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ദാസൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1705,74,64,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.(വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന അഴിമതിയ്ക്കും അരാജകത്വത്തിനുമെതിരെ സമരം ചെയ്യുന്ന വിദ്യാർത്ഥികളെ പോലീസിനെ ഉപയോഗിച്ച് മർദ്ദിച്ചൊതുക്കാൻ ശ്രമിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബി. ഡി. ദേവസ്സി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1705,74,64,000 ക.ഒരു ഉറുപ്പിക

യായി കുറവു ചെയ്യേണ്ടതാണ്.(ചോദ്യം ചെയ്യുന്നതിന് കസ്റ്റഡിയിൽ എടുക്കുന്നവരെ ഭീകരമായി മർദ്ദിക്കുകയും മൂന്നാം മുറ പ്രയോഗിക്കുകയും കള്ളമൊഴി ഏറ്റു പറയിപ്പിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1705,74,64,000 ക.ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.(സംസ്ഥാനത്ത് നടന്ന പല മോഷണക്കേസുകളും തെളിയിക്കുവാൻ സംസ്ഥാന പോലീസിന് സാധിച്ചില്ല എന്ന് പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. കൃഷ്ണൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1705,74,64,000 ക.ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (ഹരിഹരവർമ്മ കൊലപാതക കേസ്സിൽ ഹരിഹരവർമ്മ യഥാർത്ഥത്തിൽ ആരാണെന്ന് കണ്ടെത്തുവാൻ സാധിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1705,74,64,000 ക.ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.(പോലീസ് മാനുവലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സംസ്ഥാന പോലീസ് പ്രവർത്തിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കെ. നാരായണൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1705,74,64,000 ക.ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.(സംസ്ഥാനത്തെ തണ്ടർബോൾട്ട് ഉൾപ്പെടെയുള്ള പോലീസ് സേനാ വിഭാഗത്തിന് ആവശ്യമായ പരിശീലനം നൽകിയില്ലായെന്ന് പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1705,74,64,000 ക.ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.(ലോക്കപ്പ് മർദ്ദനങ്ങൾ ക്രമാതീതമായി വർദ്ധിച്ചു വരുന്നതായി പറയപ്പെടുന്ന സ്ഥിതി വിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, പോലീസ് എന്ന XII - ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1705,74,64,000 ക.ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.(സംസ്ഥാനത്ത് ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിന് യാതൊരു വിധ നടപടികളും സ്വീകരിക്കാത്തതായും അതുമൂലം ഉണ്ടായിട്ടുള്ളതായും പറയപ്പെടുന്ന സാഹചര്യങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1705,74,64,000 ക.ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.(സംസ്ഥാനത്ത് നടപ്പാക്കി കൊണ്ടിരിക്കുന്നതായി അവകാശപ്പെടുന്ന ‘ഓപ്പറേഷൻ കുബേര’യിൽ ഉൾപ്പെടുത്തി വൻകിട

ബ്ലേഡ് മാഫിയകളെ പിടികൂടാതിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതി വിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1705,74,64,000 ക.ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.(സംസ്ഥാനത്തേക്കുള്ള മനുഷ്യക്കടത്ത് തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള **1705,74,64,000** ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. തോമസ് ചാണ്ടി
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീമതി കെ. കെ. ലതിക
4. ശ്രീ. പുരുഷൻ കടലുണ്ടി
5. ശ്രീ. റ്റി. വി. രാജേഷ്
6. പ്രൊഫ. സി. രവീന്ദ്രനാഥ്
7. ശ്രീ. സി. കെ. സദാശിവൻ
8. ശ്രീ. ബി. സത്യൻ

9. ശ്രീ. കെ. വി. വിജയദാസ്
10. ശ്രീ. രാജു എബ്രഹാം
11. ശ്രീ. ഇ.പി. ജയരാജൻ

**ധനാഭ്യർത്ഥന നമ്പർ – XIII ജയിലുകൾ**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 56,51,27,000ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.(ജയിൽ ജീവനക്കാരുടെ എണ്ണം കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. കെ. സദാശിവൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 56,51,27,000ക.ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (ഭരണപക്ഷ അനുകൂല ജയിൽ സംഘടനാ നേതാക്കളും ജയിൽ വകുപ്പിലെ ഒരു ഉന്നത ഉദ്യോഗസ്ഥനും ഇടപെട്ട് ഒരു ജയിൽ സൂപ്രണ്ടിനെ ഒരു മാനദണ്ഡവുമില്ലാതെ സ്ഥലം മാറ്റിയതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബി. സത്യൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 56,51,27,000ക.ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (ശിക്ഷാ കാലാവധി പൂർത്തിയാക്കിയ ചില

തടവുകാരെ വിട്ടയയ്ക്കാത്തതായും അർഹമായ പരോൾ അനുവദിക്കാത്തതായും പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡ നോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 56,51,27,000ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്.(ജയിലുകളിൽ മനോരോഗ വിദഗ്ധരുടെ സേവനം ലഭ്യമാക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാ ഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 56,51,27,000ക.ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്. (ജയിലുകളിൽ തടവുകാരുടെ ക്ഷേമത്തിനുള്ള പുതിയ പദ്ധതികളൊന്നും നടപ്പാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപ ക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാ ഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 56,51,27,000ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്. (ജയിൽ വാർഡൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. ലതിക: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാ ഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 56,51,27,000ക. ഒരു ഉറുപ്പിക

യായി കുറവു ചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ ജയിലുകളുടെ നവീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 56,51,27,000 ക. യിൽ ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ട താണ്.(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെ പ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. സി. ദിവാകരൻ
2. ശ്രീ. വി. എസ്. സുനിൽ കുമാർ
3. ശ്രീ. ജി. എസ്. ജയലാൽ
4. ശ്രീ. ഇ. കെ. വിജയൻ
5. ശ്രീ. തോമസ് ചാണ്ടി
6. ശ്രീ. കെ. വി. വിജയദാസ്
7. ഡോ. ടി. എം. തോമസ് ഐസക്
8. ശ്രീ. കെ. രാധാകൃഷ്ണൻ
9. ശ്രീ. കെ. കെ. നാരായണൻ
10. ശ്രീ. കെ. കെ. ജയചന്ദ്രൻ
11. ശ്രീ. ഇ. പി. ജയരാജൻ
12. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
13. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
14. ശ്രീ. സി. കൃഷ്ണൻ
15. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

16. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
17. ശ്രീ. ബി. ഡി. ദേവസ്സി
18. ശ്രീ. കെ. ദാസൻ
19. ശ്രീ. എം. ചന്ദ്രൻ
20. ശ്രീ. ബാബു എം. പാലിശ്ശേരി
21. ശ്രീമതി പി. അയിഷാ പോറ്റി
22. ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ജയിലുകൾ, പോലീസ് എന്നീ വകുപ്പുകൾക്കുവേണ്ടിയുള്ള ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു. കാരണം, ഈ ഗവൺമെന്റ് കഴിഞ്ഞ മൂന്നു വർഷക്കാലം കൊണ്ട് കേരളത്തെ കൊള്ളക്കാരുടെയും പിടിച്ചുപറിക്കാരുടെയും കവലച്ചട്ടമ്പിമാരുടെയും ഒരു താവളമാക്കി മാറ്റിയിരിക്കുകയാണ്. ഈ രംഗത്തെ പൊതുവിൽ പരിശോധിക്കുമ്പോൾ സ്ത്രീകൾക്കുനേരെയുള്ള അതിക്രമം ഏറ്റവും കുറവുണ്ടായിരുന്ന ഒരു സംസ്ഥാനം കേരളമായിരുന്നു. എന്നാൽ കഴിഞ്ഞ രണ്ടുമൂന്നു വർഷക്കാലത്തിനിടയിൽ ഭയാനകമായ രൂപത്തിലുള്ള വർദ്ധനവാണ് ഈ രംഗത്തുണ്ടായിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾക്കെതിരെ 38490 കേസുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഒരു ചോദ്യത്തിന് മറുപടിയായി സഭയിൽ നൽകിയിരിക്കുന്നത്. 2014-ൽ മാത്രം 46 സ്ത്രീ കൊലപാതകങ്ങളും 508 ബലാത്സംഗങ്ങളും 1922 മാനഭംഗപ്പെടുത്തലുകളും 3177 മറ്റ് കേസുകളുമാണ് കേരളത്തിലുണ്ടായിരിക്കുന്നത്. പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കുനേരെയുള്ള 2262 ലൈംഗികപീഡന കേസുകളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

കേരളം ഇന്ന് മറ്റൊരു രംഗത്തുമില്ലാത്തതുപോലെയുള്ള നിയമസമാധാന പ്രശ്നത്തെ നേരിടുകയാണ്. അതുകൊണ്ടാണ് ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നത്. ഈ ഗവൺമെന്റിന്റെ മറ്റുചില നയപരമായ കാര്യങ്ങളെ ടുത്തു പരിശോധിച്ചാൽ കേരളത്തിലെ പല സ്ഥലങ്ങളിലും മാവോയിസ്റ്റ് സാന്നിദ്ധ്യമുണ്ടെന്ന് കേന്ദ്ര ഇന്റലിജൻസ് കേരള സർക്കാരിന് മുന്നറിയിപ്പ് നൽകിയിട്ടും സംസ്ഥാന ആഭ്യന്തര വകുപ്പ് ഈ പ്രശ്നം നേരിടുന്നതിന് യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് കാണാൻ കഴിയും. കേരള ത്തിൽ മാവോയിസ്റ്റുകളെ നേരിടുന്നതിന് പ്രത്യേക സേനയെത്തന്നെ സർക്കാർ നിയോഗിച്ചിരുന്നു. എന്നാൽ, പ്രസ്തുത മാവോയിസ്റ്റ് വിരുദ്ധ സേന ഇപ്പോൾ നിലവിലുണ്ടോ; ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കേണ്ടതുണ്ട്. കണ്ണൂർ എസ്.പി. ആയിരുന്ന സുരേഷ് രാജ് പുരോഹിത് മാവോയിസ്റ്റുകളെ നേരിടുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച ഓഫീസറാണ്. ഇദ്ദേഹത്തെ സ്ഥലംമാറ്റി ഇപ്പോൾ തൃശൂർ പോലീസ് ട്രെയിനിംഗ് ക്യാമ്പിൽ പ്രിൻസിപ്പലായി വച്ചിരി ക്കുകയാണ്. ഇപ്പോൾ ആ സ്ഥാനത്ത് ക്വാറി മുതലാളിമാരിൽ നിന്നും 17 ലക്ഷം രൂപ കൈക്കൂലി വാങ്ങിയ എസ്.പി. രാഹുൽ ആർ. നായരെ വളരെ സജീവമായി അച്ചടക്കത്തോടുകൂടി പ്രവർത്തിക്കേണ്ട പോലീസ് ട്രെയിനിംഗ് ക്യാമ്പിലെ ട്രെയിനിംഗിനുള്ള പ്രിൻസിപ്പലായി നിയമിച്ചിരിക്കുന്നുവെന്നാണ് ഇന്നത്തെ പത്രവാർത്തകളിൽ വന്നിരിക്കുന്നത്. ഈ പ്രശ്നം വളരെ ഗൗരവ ത്തോടുകൂടി പരിശോധിക്കേണ്ടതാണ്. എസ്.പി./ഡിവൈ.എസ്.പി. തുടങ്ങിയ ഓഫീസർമാരുടെ സ്ഥലം മാറ്റങ്ങളിൽ ലക്ഷങ്ങളുടെ ലേലം വിളിയാണ് നടന്നുകൊണ്ടിരിക്കുന്നത്. പണസഞ്ചിയുടെ തൂക്കം നോക്കി സംസ്ഥാനത്ത്

ഓരോരുത്തരുടെയും ആഗ്രഹങ്ങൾക്കനുസരിച്ച് തലങ്ങുംവിലങ്ങും പോലീസ് ഓഫീസർമാരെ സ്ഥലം മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇതിനെതിരെ ഐ.പി. എസ്. അസോസിയേഷൻ ശക്തമായ പ്രതിഷേധം സർക്കാരിനെ അറിയിക്കുകയും ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാരുടെ സ്ഥലം മാറ്റത്തിന് മാനദണ്ഡമുണ്ടാക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ആഭ്യന്തരവകുപ്പുമന്ത്രിക്കും നൽകിയ നിവേദനത്തിന്മേൽ സർക്കാർ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നുമാത്രമല്ല, ലേലം വിളിയുടെ ആക്കം കൂട്ടുക മാത്രമാണ് ചെയ്തിരിക്കുന്നത്. മറ്റൊന്നും ഇവിടെ നടക്കുന്നില്ല. സംസ്ഥാനത്ത് തീവ്രവാദസ്വഭാവമുള്ള കേസ്സുകൾ അന്വേഷിക്കുന്നതിന് രൂപീകരിച്ചതാണ് എൻ.ഐ.എ. എന്നാൽ, കഴിഞ്ഞ മൂന്നുവർഷമായി എൻ.ഐ.എ.യ്ക്ക് സർക്കാർ ഒരു കേസുപോലും റഫർ ചെയ്തിട്ടില്ല. ഈ അടുത്ത കാലത്ത് 100 കോടി രൂപയുടെ മയക്കുമരുന്നുമായി തിരുവനന്തപുരം സ്വദേശി ഡൽഹി പോലീസിന്റെ പിടിയിലായി. അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളുമായി ബന്ധപ്പെട്ട ഈ കേസ് അന്വേഷിക്കുന്നതിന് എൻ.ഐ.എ. യുടെ സഹായം തേടാതിരുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതുണ്ട്. ചില ലീഗ് നേതാക്കന്മാർ ആരോപണ വിധേയരായ ******** അന്വേഷണം പാതിവഴിയിൽ നിർത്താനിടയായ സാഹചര്യമെന്താണെന്ന് മനസ്സിലാകുന്നില്ല. തീവ്രവാദസ്വഭാവം ആരോപിക്കപ്പെടുന്ന കള്ളക്കടത്ത്, കുഴൽപ്പണമിടപാട്, മയക്കുമരുന്ന്, കള്ളനോട്ടുകേസ് എന്നിവയിന്മേൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാര്യമായ യാതൊരു നീക്കവും നടത്തിയിട്ടില്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രസംഗമദ്ധ്യേ ലീഗ് നേതാക്കന്മാർ *********[1] എന്നൊരു പ്രയോഗം നടത്തി. മുസ്ലീം ലീഗിനെപ്പോലെ ഉത്തരവാദിത്തപ്പെട്ട ഒരു പാർട്ടിയെക്കുറിച്ച് യാതൊരു എവിഡൻസുമില്ലാതെ ഇത്തരത്തിലൊരു കാര്യം ഉന്നയിച്ചത് സഭാ രേഖകളിൽ ഉണ്ടാകാൻ പാടില്ല.

ശ്രീ. കെ. കെ. ജയചന്ദ്രൻ: പത്രവാർത്തയെ അടിസ്ഥാനപ്പെടുത്തിയാണ് പറഞ്ഞത്. ഞാൻ ആരുടെയും പേരു പറഞ്ഞില്ല.

മി. സ്പീക്കർ: ശ്രീ. കെ. കെ. ജയചന്ദ്രൻ, ഉത്തരവാദിത്തപ്പെട്ട പാർട്ടികളെക്കുറിച്ച് പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ഇങ്ങനെ പറയുന്നത് ശരിയല്ല. ആ പരാമർശം സഭ രേഖകളിൽ ഉണ്ടാവില്ല.

ശ്രീ. കെ. കെ. ജയചന്ദ്രൻ: എല്ലാ പാർട്ടികളെപ്പറ്റിയും പറയുമ്പോൾ ഇത് ബാധകമാക്കിയാൽ മതി.

മി. സ്പീക്കർ: ഇങ്ങനെയുള്ള പരാമർശം ഏത് പാർട്ടിയെകുറിച്ച് പറഞ്ഞാലും ഞാൻ ചെയറിൽ ഇരിക്കുന്ന സമയത്തെല്ലാം അതൊക്കെ രേഖയിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഈ അടുത്ത നാളുകളിൽ ഏറ്റവും പ്രധാന്യത്തോടുകൂടി ഇവിടെ ആഘോഷിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് ഓപ്പറേഷൻ കുബേര. ഈ ഓപ്പറേഷൻ കുബേരയെപ്പറ്റി കൊട്ടിഘോഷിച്ച് നടക്കുമ്പോൾത്തന്നെ ചാലയിലെ ഒരു വ്യാപാരി നൽകിയ പരാതിയിൽ പറയുന്നത് കൊള്ളപ്പലിശക്കാരുടെ കൂടെ നാല് പോലീസ് ഉദ്യോഗസ്ഥന്മാരും ഉണ്ടെന്നാണ്. അന്വേഷണം നടത്തിയപ്പോൾ പോലീസ് ഉദ്യോഗസ്ഥന്മാർ

---

[1] സഭാദ്ധ്യക്ഷന്റെ നിർദ്ദേശ പ്രകാരം സഭാരേഖയിൽ നിന്നും നീക്കം ചെയ്തു.

ഒളിവിൽപോയി. ഇവരെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യുകയും ചെയ്തു. പക്ഷെ, അതിന്റെ മഷി ഉണങ്ങുന്നതിനുമുമ്പ് ഈ നാലുപേരെയും സർവ്വീസിൽ തിരിച്ചെടുത്തു. ഇതാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ ഓപ്പറേഷൻ കുബേര യുടെ പ്രത്യേകതയായി ചൂണ്ടിക്കാണിക്കാനുള്ളത്. ആലപ്പുഴയിൽ ജയിൽ ഉദ്യോഗസ്ഥന്റെ വീട്ടിൽനിന്നും പണം പലിശയ്ക്ക് കൊടുക്കുന്നതിന്റെ രേഖ കളായ മുദ്രപത്രങ്ങളും, പ്രോമിസറി നോട്ടുകളും റെയ്ഡ് നടത്തി പിടിച്ചെ ടുത്തു. പിന്നീട് ഈ കേസിനെക്കുറിച്ച് ഒരനക്കവുമില്ല. ചുരുക്കത്തിൽ കൊള്ളപ്പലിശക്കാരായ പരലുകളെ മാത്രമാണ് പോലീസ് പിടിക്കുന്നത്. വമ്പൻ സ്രാവുകൾ ഈ സാഹചര്യം ഉപയോഗപ്പെടുത്തി കേരളത്തിലൂടെ വിലസിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് വിവിധ തസ്തികകളിലുള്ള 246 പോലീസുകാർ ബ്ലേയിഡ് പലിശ വാങ്ങുന്നവരുടെ കൂട്ടത്തിലുള്ളതായി ഇന്റലിജൻസ് വിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാ വിയുടെ ഈ റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ കൈവശവുമുണ്ട്. എന്നിട്ടും ഇതുമായി ബന്ധപ്പെടുത്തി ഒരു പോലീസുകാരനെതിരായിപ്പോലും ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തുകയോ നടപടിയെടുക്കു കയോ ചെയ്തതായി അറിയില്ല. കൊല്ലത്ത് ഡി.സി.സി. മെമ്പർ ശശീന്ദ്രബാ ബുവിനെതിരെ ഇടപാടുകരുടെ വീടും സ്ഥലവും ഈടാക്കിയ കേസിൽ റെയ്ഡ് നടത്തി മുദ്രപ്പത്രങ്ങളും ചെക്ക് ലീഫുകളും പിടിച്ചു. ഇദ്ദേഹം തമിഴ്നാട്ടിലേയ്ക്ക് കടന്നുവെന്നാണ് പത്രങ്ങളിൽ വാർത്ത വന്നിരിക്കുന്നത്. പ്രതിയുമായി പോലീസുകാർ തമിഴ്നാട്ടിൽ പോയി രേഖകൾ ഒപ്പിടീപ്പിച്ച് അറസ്റ്റ് രേഖപ്പെടുത്തി തിരികെ കൊണ്ടുവന്നു. എന്തായാലും ഇതൊക്കെ

യാണ് അവിടെ നടക്കുന്നത്. ചുരുക്കത്തിൽ ഇതെല്ലാം കാണിക്കുന്നത്, കേരളത്തിൽ ഓപ്പറേഷൻ കുബേരയൊക്കെ നടക്കുന്നുണ്ടെങ്കിലും ബന്ധപ്പെട്ടവരെ സ്വാധീനിച്ച് രക്ഷപ്പെടേണ്ടവരെല്ലാം രക്ഷപ്പെടുകയും അതിന് പോലീസിന്റെ ഒരു വിഭാഗവും രാഷ്ട്രീയ നേതൃത്വവും ഒത്തുകളി നടത്തിക്കൊണ്ടിരിക്കുകയുമാണ്. ഇതാണ് കേരളത്തിന്റെ ഇപ്പോഴത്തെ അവസ്ഥ. ഇന്നലെ ഇവിടെ ചില ആളുകൾ വളരെ ഗൗരവത്തോടുകൂടി കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയും ഇടതുപക്ഷവും ഇവിടെ മൊത്തത്തിൽ ഒലിച്ചുപോയെന്ന് പറയുകയുണ്ടായി. ഞങ്ങൾക്കു വന്നിട്ടുള്ള ക്ഷീണം ക്ഷീണം തന്നെയാണ്. അത് പരിഹരിക്കുവാനുള്ള നടപടിയും സ്വീകരിക്കും. അതല്ല ഇവിടത്തെ പ്രശ്നം. ഇവിടെയിപ്പോൾ ഞങ്ങളെ എഴുതി തോൽപ്പിക്കുകയും പറഞ്ഞുതോൽപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. എന്താണ് ഭരണപക്ഷത്തു നടന്നത്. 414 സീറ്റ് ലഭിച്ച കോൺഗ്രസ്സിന് ഈ തെരഞ്ഞെടുപ്പിൽ ആകെ ലഭിച്ചത് 44 സീറ്റ് മാത്രമാണ്. ഇന്നലെ ശ്രീ. സി. പി. മുഹമ്മദ് പ്രസംഗിച്ചപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിയുടെ ചെരുപ്പിന്റെ വാറഴിക്കാൻപോലും യോഗ്യതയുള്ള ആരും എൽ.ഡി.എഫി.ൽ ഇരിപ്പില്ലെന്ന് പറഞ്ഞു. അദ്ദേഹം പറഞ്ഞതിൽ തെറ്റുണ്ടെന്നല്ല പറയുന്നത്. പക്ഷേ, ഞങ്ങൾ നോക്കിയപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിയുടെ ചെരുപ്പിന്റെ വാറഴിച്ചു കൊണ്ടിരുന്നത് ജിക്കുമോൻ, ജോപ്പൻ, സലിംരാജ്, റാഫി മേത്തർ തുടങ്ങിയ തട്ടിപ്പുക്കാരും ക്രിമിനലുകളുമായിരുന്നു. അതിനെതിരെ പ്രതിപക്ഷം വലിയ പ്രശ്നങ്ങളൊക്കെ നടത്തി അവരിൽ കുറേപ്പേരെ ജയിലിലാക്കുകയും പുറത്താക്കുകയും ചെയ്തു. ഇനിയിപ്പോൾ അത് അഴിക്കാൻ ആളില്ല. ആ ജോലികളൊക്കെ ഇനിമുതൽ ശ്രീ. സി. പി. മുഹമ്മദ് തന്നെ ഏറ്റെടുക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ല. ഞങ്ങൾക്ക്

ഏതായാലും ഇത്തരക്കാരുടെ ചെരുപ്പിന്റെ വാറഴിക്കാൻ പറ്റുന്നൊരു സ്ഥിതിയല്ലാത്തതുകൊണ്ടാണ് പറഞ്ഞത്. ഞങ്ങളുടെ ജനപിന്തുണ വർദ്ധിച്ചുവെന്നാണ് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത്. 2009–ലെ തെരഞ്ഞെടുപ്പിൽ ലഭിച്ചതിനേക്കാൾ 5 ലക്ഷം വോട്ടുകൾ ഈ തെരഞ്ഞെടുപ്പിൽ യു.ഡി. എഫിന് കുറവാണ്. നാല് സീറ്റും കുറവാണ്. എന്നിട്ടും ഞങ്ങളുടെ ജനപിന്തുണ വർദ്ധിച്ചുകൊണ്ടേയിരിക്കുകയാണെന്നാണ് പറയുന്നത്. അഞ്ച് ലക്ഷം വോട്ട് കുറഞ്ഞെന്ന് പറയുന്നത് അത്രവലിയ താൽപ്പര്യമുള്ള കേസ്സാണെന്ന് തോന്നുന്നില്ല. അഞ്ച് ലക്ഷം വോട്ടെന്ന് പറയുന്നത് വളരെ നിസ്സാരമാണെന്ന് മാത്രമല്ല, വോട്ടു കുറയുന്നതിനോടാണ് നിങ്ങൾക്ക് താൽപ്പര്യം. രണ്ടുമൂന്ന് സീറ്റുകൂടി കുറഞ്ഞിരുന്നുവെങ്കിൽ കൂടുതൽ ജനപിന്തുണകിട്ടിയെന്ന് പറയുമായിരുന്നു. അതാണ് യു.ഡി.എഫിന്റെ ഇപ്പോഴത്തെ അവസ്ഥ. അഖിലേന്ത്യാ അടിസ്ഥാനത്തിൽ കോൺഗ്രസ്സിന്റെ സ്ഥിതിയെന്താണ്? ഈ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് 142 സീറ്റിലാണ് കെട്ടിവച്ച കാശ് നഷ്ടമായത്.

ഇൻഡ്യാ രാജ്യത്തിന്റെ ചരിത്രത്തിൽ ഒരു രാഷ്ട്രീയ പാർട്ടിക്ക് ഇത്രയധികം സീറ്റുകളിൽ കെട്ടിവച്ച കാശ് നഷ്ടപ്പെടുന്ന ഏക രാഷ്ട്രീയപ്പാർട്ടി കോൺഗ്രസ്സാണെന്ന കാര്യം ഉറപ്പാണ്. നിങ്ങൾ തുടർന്നുപോകുന്ന നയത്തിന്റെ ഒരു പ്രത്യേകതയാണ് അത്. ജനങ്ങൾ ആ രൂപത്തിലാണ് നിങ്ങളെ കാണുന്നത്. 'ആഴ്ചതോറും ഡീസലിന്റെയും പെട്രോളിന്റെയും വില വർദ്ധിപ്പിക്കുന്നു' – നാട്ടിലെ ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത അവസ്ഥ സൃഷ്ടിച്ചാൽ ഇതെല്ലാം വരുമെന്ന് ശ്രീ. രമേശ് ചെന്നിത്തല പറ

ഞ്ഞിട്ടുണ്ട്. കൂടാതെ പ്രിയപ്പെട്ട കെ. മുരളീധരനും അങ്ങനെയൊരു അഭിപ്രായം പറഞ്ഞിട്ടുണ്ട്. മത്സരിച്ച 9 സംസ്ഥാനങ്ങളിൽ ഒരു സീറ്റ് പോലും ജയിക്കാൻ പറ്റാത്ത പാർട്ടിയായി ഈ പാർട്ടി മാറിയതെന്തുകൊണ്ട് എന്നുള്ള കാര്യത്തെ സംബന്ധിച്ച് നിങ്ങൾ ഒരു പുനർവിചിന്തനം നടത്തേണ്ടതുണ്ട്. മാത്രമല്ല, 28 കേന്ദ്രമന്ത്രിമാരുള്ളതിൽ 12 പേർ ഭയന്നിട്ട് മത്സരിച്ചില്ല. ബാക്കിയുള്ള 16 പേർ മത്സരിച്ചതിൽ 13 പേരും തോറ്റു. സ്വതന്ത്ര ചുമതലയുള്ള മന്ത്രിമാരിൽ 11 പേരിൽ 10 പേർ മത്സരിച്ചു. 6 പേരും തോറ്റു. 32 സഹമന്ത്രിമാരിൽ 6 പേർ മത്സരിച്ചില്ല. ബാക്കി 26 പേരിൽ 18 പേരും തോറ്റു. അതിൽ ഭൂരിപക്ഷംപേർക്കും കെട്ടിവച്ച കാശ് പോലും കിട്ടിയില്ല. ആ കൂട്ടത്തിൽ ലോക്സഭാ സ്പീക്കറും തോറ്റു. പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗും കൂടെയുള്ളവരും തോൽക്കാതിരുന്നത് അവർ മത്സരിക്കാതിരുന്നതുകൊണ്ടുമാത്രമാണ്. അതാണ് നിങ്ങളുടെ പാർട്ടിയുടെ ഇന്നത്തെ അവസ്ഥ. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, '72 സീറ്റ് മാത്രമുണ്ടായിരുന്ന ഞങ്ങൾ കയ്യാലപ്പുറത്തെ തേങ്ങ പോലെയിരുന്ന ഗവൺമെന്റായിരുന്നു, ഇപ്പോൾ 75 പേരുടെ പിന്തുണയോടുകൂടി ഉറച്ച ഗവൺമെന്റായിപ്പോയി' എന്നാണ്. വളരെ രസകരമായിരിക്കുന്നു അദ്ദേഹത്തിന്റെ വാദം. പണവുമൊഴുക്കി കാലിച്ചാക്കുമായിട്ടിറങ്ങി കുതിരക്കച്ചവടവും നടത്തി ഭൂരിപക്ഷമുണ്ടാക്കിയാൽ ആ ഗവൺമെന്റ് ഉറച്ചതാകുമെന്ന് വിശ്വസിക്കാൻ സാധിക്കുമോ; തൽക്കാലം പിടിച്ചിരിക്കുമായിരിക്കും. നോട്ടുകെട്ടുമായിറങ്ങി മൻമോഹൻസിംഗ് ഗവൺമെന്റിനെ ഉറപ്പിച്ചു. ജനങ്ങൾക്കത് മനസ്സിലായപ്പോൾ അതിനുള്ള നല്ല തിരിച്ചടിയും നൽകി. കേരളത്തിലെ 'മോഡി പേടി' -

ദേ വരുന്നു, പോകുന്നുവെന്നൊക്കെ പറഞ്ഞപ്പോൾ മുസ്ലീം ജനവിഭാഗങ്ങൾക്കും അതുപോലെയുള്ള മറ്റ് ജനവിഭാഗങ്ങളിലുമുണ്ടായ ഭീതി, നിങ്ങൾക്ക് കുറച്ച് സീറ്റ് കിട്ടാനിടയാക്കിയിട്ടുണ്ട്. ഇല്ലെങ്കിൽ നിങ്ങളുടെ കാര്യവും ഇതിനേക്കാൾ കഷ്ടമായേനെ എന്നാണ് ഞാൻ ഇവിടെ എടുത്തു പറയുന്നത്. നിങ്ങൾ എങ്ങനെയാണ് ഇവരെ എല്ലാവരേയും കൊണ്ടു പോയത്? ഇപ്പോൾ ആർ.എസ്.പി.-ക്കാർ ഞങ്ങളെ വിട്ടുപോയി. ആർ.എസ്. പി.-ക്കാർ യഥാർത്ഥത്തിൽ എന്താണ് ചെയ്തത്? യൂദാസ് 30 വെള്ളിക്കാശിനാണ് ക്രിസ്തുവിനെ ഒറ്റിക്കൊടുത്തത്. അതുപോലെ ഒറ്റാനുള്ള പണിയെല്ലാം ചെയ്തിട്ട് അവർ ഞങ്ങളുടെ കൂടെ നടക്കുകയായിരുന്നു. പക്ഷേ യഥാർത്ഥത്തിൽ ഞങ്ങൾ അങ്ങനെ ചിന്തിച്ചില്ല. ശ്രീ. പ്രേമചന്ദ്രനും ശ്രീ. അസീസുമൊക്കെ ഞങ്ങളുടെ കൂടെ നടക്കുമ്പോൾ ഒറ്റാനുള്ള പണിയെല്ലാം ചെയ്ത് സംരംഭങ്ങളെല്ലാം ഒരുക്കിയിട്ടാണ് നടക്കുന്നതെന്ന് ഞങ്ങൾക്കറിയില്ലായിരുന്നു. അങ്ങനെയാണ് നടന്നിരുന്നത്. യൂദാസിന്റെ കഥയിൽ പിന്നീട് താൻ ചെയ്തത് ശരിയല്ലെന്ന് യൂദാസിന് കുറ്റബോധമുണ്ടായി. അപ്പോൾ വാങ്ങിച്ച കാശ് തിരിച്ചുകൊടുക്കാൻ ചെന്നപ്പോൾ അവർ പറഞ്ഞു, ഇത് രക്തത്തിന്റെ വിലയാണ്. അതുകൊണ്ട് ഞങ്ങൾ കാശ് തിരിച്ചുവാങ്ങുന്നില്ലെന്ന് പറഞ്ഞു. അദ്ദേഹം ദേഷ്യപ്പെട്ട് അതവിടെ ഇട്ടിട്ട് പോയി. അതു കഴിഞ്ഞ് ആ കുറ്റബോധത്തോടുകൂടി പോയി തൂങ്ങിമരിച്ചുവെന്നാണ് ചരിത്രം പറയുന്നത്. ആ പണം കൊണ്ടാണ് തൂങ്ങിമരിച്ച യൂദാസിന്റെ മൃതദേഹം സംസ്ക്കരിച്ചത്. അതുപോലെ കൂടെച്ചേർന്നവരെയെല്ലാം കോൺഗ്രസ്സ് ശരിപ്പെടുത്തിയിട്ടുണ്ട്. നിങ്ങളുടെ ഗതിയും അതുതന്നെയാകും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ നിങ്ങൾക്ക് കുറ്റബോധമൊ

ക്കെതോന്നി നിങ്ങൾ തിരുത്താനായി വരുമ്പോഴേയ്ക്കും നിങ്ങളുടെ കാര്യം തീർന്നിരിക്കും,. യാതൊരു സംശയവുമില്ല. ശ്രീമതി ഗൗരിയമ്മയെ കൂടെ ച്ചേർത്ത് ഏതാനും വർഷങ്ങൾ കൂടെ കൊണ്ടുനടന്നു. അവസാനം ഏത് രൂപത്തിലാണ് കൈകാര്യം ചെയ്തത്? ഇതിനേക്കാൾ അപമാനിച്ച്, ശരി പ്പെടുത്തി കയ്യിൽക്കൊടുക്കാൻ വേറെ വല്ലതുമുണ്ടോ? അങ്ങനയല്ലേ നിങ്ങൾ ജെ.എസ്.എസ്.-നെ കൈകാര്യം ചെയ്തത്? എം.വി. രാഘവന്റെ സി.എം.പി.-യെ എങ്ങനെയാണ് കൈകാര്യം ചെയ്തത്? പ്രായമായി രോഗാ തുരനായിക്കിടക്കുന്ന ഒരു പരിഗണനപോലും കൊടുക്കാതെ ഏറ്റവും ക്രൂരമായ രൂപത്തിലാണ് നിങ്ങൾ അദ്ദേഹത്തെ ആക്രമിച്ച് കൈകാര്യം ചെയ്തത്. വളരെ സുന്ദരമായ മുദ്രാവാക്യങ്ങളൊക്കെ കൂട്ടിയല്ലേ വീരേന്ദ്ര കുമാറിനെ കൂട്ടിക്കൊണ്ടുപോയത്. അദ്ദേഹം തോൽവി എന്തെന്ന് യഥാർത്ഥ ത്തിൽ അറിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ സ്ഥിതി എങ്ങനെയായി ഇപ്പോൾ; ഇപ്പോൾ അദ്ദേഹം എവിടെയാണ്? ഇപ്പോൾ അദ്ദേഹത്തിന്റെ പേരിൽ കമ്മീഷൻ വച്ചുകൊണ്ട് താഴത്തേയ്ക്കും മുകളിലോട്ടും നടന്നാൽ .......അദ്ദേഹം വേറെ പണിയല്ലേ അവിടെ നടത്തിക്കൊണ്ടിരിക്കുന്നത്? യു.ഡി.എഫ്.-രൂപീകരിക്കാൻ നേതൃത്വം കൊടുത്തത് ഒരു ഉഗ്രമൂർത്തിയായി രുന്നു - ശ്രീ. ആർ. ബാലകൃഷ്ണപിള്ള. അദ്ദേഹമാണെങ്കിൽ ശ്രീ. ഗണേശ് കുമാറിനുവേണ്ടി 5 പ്രാവശ്യമാണ് സർക്കാരിന് ലക്ഷ്മണരേഖ വരച്ചത്. ഇപ്പോൾ അദ്ദേഹം എവിടെയാണ്; വല്ല പിടിയുമുണ്ടോ? ഒരു പിടിയുമില്ല. ശ്രീ. പീതാംബരക്കുറുപ്പിനെ ബലികൊടുത്തിട്ടാണല്ലോ ശ്രീ. പ്രേമചന്ദ്രനെ പൂജിക്കാനെടുത്തത്. ആ പൂജ ആർ.എസ്.പി.-ക്കാരോടുള്ള ആത്മാർത്ഥത കൊണ്ടാണെന്നാണോ നിങ്ങൾ വിചാരിച്ചിരിക്കുന്നത്?

<u>മി. സ്പീക്കർ</u>: ശ്രീ. കെ.കെ. ജയചന്ദ്രൻ.......11 മിനിറ്റിൽ 5 മിനിറ്റ് അധികമെടുത്തു.

<u>ശ്രീ. കെ.കെ. ജയചന്ദ്രൻ</u>: സർ, ഞാൻ ഇപ്പോൾ അവസാനിപ്പിക്കാം. നിങ്ങളോടുള്ള സ്നേഹം കൊണ്ടൊന്നുമല്ല. അവസരം കിട്ടുമ്പോൾ നിങ്ങളെയും ഇതുപോലെതന്നെ കൈകാര്യം ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇടതുപക്ഷ പ്രസ്ഥാനത്തെ വഞ്ചിച്ചുപോയിട്ടുള്ളവർക്ക് ഒരു കാരണവശാലും അവിടെ അങ്ങനെ തഴച്ചുവളരാനും നിൽക്കാനും കഴിയില്ല. ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടെല്ലാം ഈ സർക്കാർ പരിഹരിച്ചുകഴിഞ്ഞുവെന്ന് ഇവിടെ ഇന്നലെ മുഖ്യമന്ത്രി പറയുന്നത് കേട്ടു. പരിഹരിച്ചുവെന്ന് പറയുന്നത് ശരിയാണോ? യഥാർത്ഥത്തിൽ നിങ്ങൾ വഞ്ചനാപരമായ സമീപനമെടുക്കുകയും ഗ്രീൻ ട്രൈബ്യൂണലിന്റെ മുമ്പിൽ, അവിടത്തെ കൃഷിക്കാരെയും ജനങ്ങളെയും വഞ്ചിച്ചുകൊണ്ട് ഞങ്ങൾക്കെതിരായ സമീപനം, വലിയ വലിയ ജനവിഭാഗങ്ങൾക്കെതിരായ സമീപനമെടുത്തു. ആ കേസിന്റെ വിധി എന്തായി എന്ന് ഇപ്പോൾ പറയാൻ കഴിയില്ല. അങ്ങനെയുള്ള അവസ്ഥയിൽ കൊണ്ടെത്തിക്കുകയാണ് ചെയ്തത്. അതിനുശേഷം ഇപ്പോൾ എല്ലാം പരിഹരിച്ചുവെന്നുപറഞ്ഞാൽ ശരിയാകുന്നതെങ്ങനെയാണ്? ബി.ജെ.പി. സർക്കാരാണ് അത് തീരുമാനിക്കേണ്ടത്. ബി.ജെ.പി. സർക്കാരിന്റെ ദയാദാക്ഷിണ്യത്തിന് ആ പ്രശ്നം എത്തിച്ചുകൊടുത്തത്, ഈ ഗവൺമെന്റിന്റെ പക്ഷപാതപരമായ സമീപനവും ഹൈറേഞ്ച് നിവാസികളോടെടുത്ത അങ്ങേയറ്റം ക്രൂരമായ സമീപനത്തിന്റെ ഭാഗവുമാണ്. എല്ലാ നിലയിലും ജനദ്രോഹപരമായി തുടരുകയും രാഷ്ട്രീയ പ്രതിയോഗികളെ കള്ളക്കേസിൽ കുടുക്കുകയും നാട് കടത്തുകയും അപമാ

നിക്കുകയും 2 ലക്ഷത്തിലധികം കമ്മ്യൂണിസ്റ്റ് പാർട്ടി മാർക്സിസ്റ്റിന്റെയും ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെയും നേതാക്കന്മാരെയും പ്രവർത്തകന്മാരെയും കള്ളക്കേസിൽ കുടുക്കുകയും ഇല്ലാതാക്കുവാൻവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്ന ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയെ ഞാൻ വളരെ ശക്തിയായി ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ: സർ, സാമൂഹ്യ വിപത്തിനും സാമൂഹ്യ തിൻമയ്ക്കുമെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ട് ഇന്ന് കേരളം വളരെ വലിയ പ്രതീക്ഷയോടെയാണ് ഹോം ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തെ നോക്കിക്കാണുന്നത്. അതുകൊണ്ട് അതിന്റെ ഒരു ധനാഭ്യർത്ഥനയെ ഞാൻ നിറഞ്ഞ ഹൃദയത്തോടുകൂടി ശക്തമായിത്തന്നെ പിന്താങ്ങുകയാണ്. ഞാൻ ഇന്ന് രാഷ്ട്രീയമൊന്നും സംസാരിക്കണ്ട, ഹോം ഡിപ്പാർട്ടുമെന്റിനെക്കുറിച്ചുള്ള കാര്യങ്ങൾമാത്രം സംസാരിക്കണമെന്ന് ആഗ്ര ഹിച്ചാണ് വന്നതെങ്കിലും ചർച്ച തുടങ്ങിയ ശ്രീ. കെ. കെ. ജയചന്ദ്രനെപ്പോലെ യുള്ള ആളുകൾ ഓരോന്നുപറഞ്ഞ് എന്തെങ്കിലും നമ്മളെക്കൊണ്ട് പറയിപ്പിച്ചേ അടങ്ങൂവെന്നുള്ള വാശിയിലാണ്. നിങ്ങളെക്കുറിച്ച് സത്യത്തിൽ എനിക്ക് ദുഖമുണ്ട്. ലോകത്ത് കമ്യൂണിസമെല്ലാം അസ്തമിച്ച് തീർന്നുപോയ താണ്. അവസാനത്തെ ഒരു തുരുത്തായി കേരളത്തിൽ നിൽക്കുന്നു. ഇവിടെ യെങ്കിലും നിന്നുപോകട്ടെ എന്നുള്ള ഒരാഗ്രഹമാണ് ഞങ്ങൾക്കുള്ളത്. പക്ഷേ അത് നിന്നുപോകാനുള്ള യാതൊരു ലക്ഷണവും ഇവിടെ കാണുന്നില്ല എന്നുള്ളതാണ് സത്യം. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നമ്മുടെ 4 സീറ്റ് കുറഞ്ഞു, പകരം നിങ്ങൾക്ക് 4 സീറ്റ് കൂടിയെന്ന് ഇവിടെ ശ്രീ. കെ. കെ. ജയചന്ദ്രൻതന്നെ പറഞ്ഞു. ഞാൻ ഒരു പത്രത്തിലും നിങ്ങൾക്ക് 4 സീറ്റ് കൂടി

യതായിട്ട് കണ്ടില്ല. യു.ഡി.എഫ്.–12, എൽ.ഡി.എഫ്.–6, അച്ഛൻ–1, അമ്മ–1. 'അച്ഛൻ' എന്നുപറയുന്നത് കൊച്ചൂരെ അച്ഛന്റെ ഒരു സ്ഥാനാർത്ഥിയും 'അമ്മ' എന്നുപറഞ്ഞാൽ സിനിമാക്കാർ എല്ലാവരുംകൂടി നിർത്തിയതാണ്. നിങ്ങൾക്കാകെ രണ്ടാണ് കൂടിയിട്ടുള്ളത്. അച്ഛനേയും അമ്മയേയും നിങ്ങൾ പിന്തുണച്ചുവെന്നല്ലാതെ നിങ്ങൾക്ക് അതിൽ എന്ത് കാര്യമാണുള്ളത്? ഈ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇടുക്കി നിയോജകമണ്ഡലത്തിൽപ്പെട്ട ഒരു എം.എൽ.എ.–യായിരുന്നു ഞാൻ. അവിടെയൊന്നും എൽ.ഡി.എഫ്. സ്ഥാനാർത്ഥിയെന്നുള്ള ഒരു ബോർഡും ഞാൻ കണ്ടില്ല. നിങ്ങളുടെ പാർട്ടി ഓഫീസുകളുടെ മുമ്പിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥിയുടെ പടംവച്ച് കണ്ടിട്ടുണ്ടെന്നല്ലാതെ പൊതുവായി ഇറങ്ങിയ ഒരു പോസ്റ്ററിലും കണ്ടിട്ടില്ല, ഒരു ബോർഡിലും കണ്ടിട്ടില്ല. എല്ലാം ഹൈറേഞ്ച് സംരക്ഷണ സമിതിയെന്നാണ് കണ്ടത്. നിങ്ങളുടെ സ്ഥാനാർത്ഥിയാണെന്നൊക്കെ പറയുന്നതിൽ ഊറ്റംകൊള്ളുന്നത് വളരെ കഷ്ടമാണെന്നാണ് എനിക്ക് പറയുവാനുള്ളത്. ആർ.എസ്.പി.–യെക്കുറിച്ച് ഒന്നും പറയണ്ട. അവർ മാറി. അവർ രാഷ്ട്രീയമായ നിലപാടെടുത്തു. ആ രണ്ട് സീറ്റിലും, ഇരവിപുരത്തും കുന്നത്തൂരും ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഞങ്ങൾ ലീഡ് ചെയ്തു. അവരുടെ മാറ്റം ജനങ്ങൾ അംഗീകരിച്ചു. അതല്ലാതെ ശ്രീ. എം. എ. ബേബിയെപ്പോലെ 10000 വോട്ട് പുറകിൽപ്പോയ ചരിത്രം ഞങ്ങൾക്കില്ല. ആർ.എസ്.പി.–യുടെ മാറ്റം ജനങ്ങൾ അംഗീകരിച്ചു. ശ്രീ. എ. എ. അസീസും ശ്രീ. കോവൂർ കുഞ്ഞുമോനും എടുത്ത നിലപാടുകൾ തെറ്റായിരുന്നുവെങ്കിൽ ഒരുപക്ഷേ ജനങ്ങൾ ആ ലോക്സഭാ തെരഞ്ഞെടുപ്പിൽ ആ രണ്ട് സീറ്റിലും പുറകിൽ പോകുമായിരുന്നു. നിങ്ങളുടെ പോളിറ്റ് ബ്യൂറോ മെമ്പർ 10000 വോട്ടിന്

പുറകിൽപ്പോയി. ഇപ്പോഴും നിയമസഭയ്ക്കകത്ത് വരാനും വന്നാൽ ഒളിച്ചുകളി നടത്താനും ഒപ്പിടാതെവന്ന് കയറിയിരിക്കുവാനും എന്തിനാണ് ഈ സർക്കസൊക്കെ നടത്തുന്നത്. അദ്ദേഹത്തിന് രാജിവച്ച് പോകണമെങ്കിൽ അത് സമ്മതിക്കണം. എനിക്ക് ധാർമ്മികമായി ഇതിനകത്തിരിക്കാൻ കഴിയുന്നില്ലായെന്നുള്ള അദ്ദേഹത്തിന്റെ സ്റ്റേറ്റുമെന്റ് ഞാൻ കണ്ടു. അത് സത്യമാണ്. പാർലമെന്റിലേയ്ക്ക് മൽസരിക്കുമ്പോൾ അസംബ്ലിയിലേയ്ക്ക് ജയിപ്പിച്ച സീറ്റിൽ 10000 വോട്ടിന് ആളുകൾ തോൽപ്പിക്കുന്ന ഒരു സ്ഥലത്ത് സ്വാഭാവികമായും ധാർമ്മികബോധമുള്ള ആർക്കും വന്നിരിക്കാൻ ബുദ്ധിമുട്ടുണ്ടാകും. അദ്ദേഹം അത് വെളിയിൽ പറയുമെന്നല്ലാതെ രാജിവയ്ക്കുന്നില്ലല്ലോ. അതിന് നിങ്ങൾ സമ്മതിക്കുന്നില്ലായെന്നാണ് പറയുന്നത്. എന്തിനാണ് അദ്ദേഹത്തിന്റെ ധാർമ്മികബോധത്തെ നിങ്ങൾ ഇല്ലാതാക്കുന്നത്? നിങ്ങൾ ഇവിടെ ഓരോ തെരഞ്ഞെടുപ്പിന്റെയും കാര്യം പറഞ്ഞു. കുണ്ടറയിൽ ഉപതെരഞ്ഞെടുപ്പ് വന്നാൽ ബാക്കി കാര്യം അറിയാമെന്നുള്ളതുകൊണ്ടാണ് നിങ്ങൾ സമ്മതിക്കാത്തതെന്ന് എനിക്കറിയാം. അത് അദ്ദേഹത്തിന്റെ ആഗ്രഹത്തിന് വിട്ടുകൊടുക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ദേശീയതലത്തിലൊക്കെ ഞങ്ങൾ തോറ്റുപോയിയെന്നുള്ളത് സത്യമാണ്. നിങ്ങൾ കൊണ്ടുപോയി പിന്തുണയൊക്കെ കൊടുത്ത്, ഇന്നലെ പെയ്ത മഴയ്ക്ക് ഇന്ന് കുരുത്ത തകരയായി നാളെ അത് വാടിപ്പോകും, അല്ലെങ്കിൽ ഇപ്പോൾത്തന്നെ വാടിക്കഴിഞ്ഞിരിക്കുന്ന ഒരു ആം ആദ്മി പാർട്ടിയുടെ പിന്നാലെ നിങ്ങൾ പിന്തുണയുമായി ഓടുകയല്ലായിരുന്നോ. അവർ ചോദിച്ചതുപോലുമില്ല. മാർക്സിസ്റ്റ് പാർട്ടിയെ ഞങ്ങൾക്ക് കൂട്ടാൻ പറ്റുകയില്ലെന്നാണ് അവർ ഇവിടെവന്ന് പറഞ്ഞത്. ശ്രീ. വി. എസ്. അച്ചുതാനന്ദനെ

വേണമെങ്കിൽ കൂട്ടാം. ബാക്കിയൊക്കെ അഴിമതിയാണന്നാണ് അവർ പറഞ്ഞത്. എന്നിട്ടും നിങ്ങൾ പിന്തുണയുമായി പുറകേപോയ ആളുകളാണ്. അതുകൊണ്ട് നിങ്ങളുടെ മഹത്വത്തെക്കുറിച്ചൊന്നും പറയണ്ട. ഞങ്ങളുടെ സാമ്പത്തിക നയത്തെക്കുറിച്ചാണല്ലോ നിങ്ങൾക്ക് വലിയ പരാതിയുണ്ടായിരുന്നത്. ഞങ്ങളുടെ സാമ്പത്തിക നയമെന്ന് പറയുന്ന ഡോ. മൻമോഹൻ സിംഗിന്റെ സാമ്പത്തിക നയംകൊണ്ടുതന്നെയാണ് ഇന്ത്യാ മഹാരാജ്യത്തിന് ഇന്ന് മൂന്നാമത്തെ സമ്പദ്വ്യവസ്ഥ ലോകത്തിനുമുമ്പിൽ കെട്ടിപ്പടുക്കുവാൻ സാധിച്ചത്. അത് ഡോ. മൻമോഹൻ സിംഗിന്റെ ഉദാരവൽക്കരണനയം കൊണ്ടുതന്നെയാണെന്ന് വിശ്വസിക്കുന്നവരാണ് ഞങ്ങൾ. അദ്ദേഹത്തിന്റെ സാമ്പത്തിക നയമാണ്. അതിനെയൊന്നും ചെറുതാക്കി കാണേണ്ട കാര്യമില്ല. ഇതാ ശ്രീ. നരേന്ദ്രമോദി വന്നിരിക്കുന്നു. നിങ്ങളുടെ കൂട്ടാളിയാണല്ലോ. നിങ്ങളും ശ്രീ. നരേന്ദ്രമോദിയും ഒന്നിച്ചായിരുന്നല്ലോ പ്രചരണം നടത്തിയിരുന്നത്. കഴിഞ്ഞ പത്തുവർഷമായി ശ്രീ. മൻമോഹൻ സിംഗിനെതിരായി ബി. ജെ.പി.–യും നിങ്ങളുമൊന്നിച്ച് ഇവിടെ വിദേശകുത്തകകൾ വരുന്നതിനെതിരായി, ഇവിടെ തുറന്നുകൊടുക്കുന്നു, ഗ്യാസ് ഓപ്പൺ മാർക്കറ്റിലേയ്ക്ക് വിട്ടുകൊടുക്കുന്നു എന്നൊക്കെയുള്ള പരാതിയുമായി നടന്നിരുന്നല്ലോ. ആ പരാതിയുമായി നടന്നിരുന്ന നിങ്ങൾ, നിങ്ങളുടെ കൂട്ടാളി രാജ്യം ഭരിക്കാൻ വന്നപ്പോൾ അഭിപ്രായം മാറ്റി. കാരണം നിങ്ങളെ സംബന്ധിച്ച് നിങ്ങൾക്ക് എന്തും പറയാം. നിങ്ങൾക്ക് ഒരിക്കലും ഇന്ത്യ ഭരിക്കാനുള്ള അവസരം കിട്ടിയിട്ടുമില്ല, കിട്ടാനും പോകുന്നില്ല. അതുകൊണ്ട് നിങ്ങൾക്ക് എന്തും പറയാം. അതേസമയം രാജ്യം ഭരിക്കുന്ന ആളുകൾ അധികാരത്തിൽവന്നപ്പോൾ രാഷ്ട്രത്തിന്റെ സമ്പദ്ഘടന എങ്ങനെ നിലനിർത്തണമെന്നതിനെക്കുറിച്ച് അവർക്ക് ഉത്കണ്ഠയുണ്ടാകും. അതുകൊണ്ട് കടുത്ത നടപടി അനിവാര്യം,

സാമ്പത്തിക അച്ചടക്കത്തിലൂടെ മാത്രമേ രാജ്യത്ത് ആത്മ വിശ്വാസമുയർത്താൻ കഴിയുകയുള്ളൂവെന്ന് ശ്രീ. നരേന്ദ്രമോദി പറഞ്ഞിരിക്കുകയാണ്. കടുത്ത തീരുമാനങ്ങൾ എല്ലാ വിഭാഗക്കാർക്കും രുചിച്ചുവെന്ന് വരില്ല. ഇപ്പോൾ എന്നെ പുകഴ്ത്തിക്കൊണ്ടിരിക്കുന്നവർ വെറുക്കാൻ തുടങ്ങും, പക്ഷേ രാജ്യതാൽപ്പര്യത്തിനുവേണ്ടി എനിക്ക് പലതും ചെയ്യേണ്ടി വരും. ഇതൊക്കെയേ ഞങ്ങളും പറഞ്ഞിട്ടുള്ളൂ. രാജ്യതാൽപ്പര്യത്തിനുവേണ്ടിയാണ് ഓരോന്നും ചെയ്തിട്ടുള്ളത്. രാജ്യത്തിന്റെ സമ്പദ്ഘടനെ നിലനിർത്തുവാൻവേണ്ടി രാജ്യം ഭരിക്കുന്ന, രാജ്യത്തെ ജനങ്ങൾ വിശ്വാസമർപ്പിച്ച രാഷ്ട്രീയ പ്രസ്ഥാനമെന്നുള്ള നിലയിൽമാത്രം കോൺഗ്രസ് ചെയ്തു. പക്ഷേ ഞങ്ങൾക്ക് പല കാര്യങ്ങളും, അവസാന നിമിഷം ചെയ്തിട്ടുള്ള കാര്യങ്ങൾ, ജനങ്ങളെ പറഞ്ഞ് വിശ്വസിപ്പിക്കാൻ കഴിഞ്ഞില്ല എന്ന് തുറന്ന് സമ്മതിക്കുകയാണ്. ഞാൻ ഏതായാലും അതിലേയ്ക്ക് കടക്കുന്നില്ല. കാരണം ഞാൻ കൂടുതൽ രാഷ്ട്രീയ കാര്യങ്ങളിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. സത്യത്തിൽ ഇന്ന് കേരളത്തിലെ ജനങ്ങൾ വലിയ പ്രതീക്ഷയോടുകൂടിയാണ് ഹോം ഡിപ്പാർട്ടുമെന്റിനെ കാണുന്നത്. ശ്രീ. രമേശ് ചെന്നിത്തല വന്നതിനു ശേഷം മാത്രമുള്ളതല്ല, കഴിഞ്ഞ മൂന്നുവർഷമായി ഒരാക്ഷേപവുമില്ലാത്ത രീതിയിൽ കേരളത്തിലെ പോലീസ് ഡിപ്പാർട്ടുമെന്റിനെ മുന്നോട്ടുനയിക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടമായി ഞാൻ കാണുന്നത്. ആർക്കും അതിനെക്കുറിച്ച് ആക്ഷേപമില്ല. നിങ്ങളൊക്കെ ചുരുക്കം ചില ആക്ഷേപങ്ങളാണ് ഉന്നയിക്കുന്നത്. ‘കാപ്പ’ സി.പി.എം.–കാർക്കെതിരെ എടുത്തു. സി.പി.എം.–കാർക്കെതിരെ എടുത്തുവെന്ന് പറഞ്ഞാലും അന്നുതന്നെ ആഭ്യന്തര വകുപ്പുമന്ത്രി

മറുപടി പറഞ്ഞതാണ്. 'കാപ്പ' വകുപ്പിനകത്ത് ഉൾപ്പെടുന്ന പണിയൊക്കെ ചെയ്തിട്ടുള്ള സി.പി.എം.-കാർക്കെതിരെയായിരിക്കും എടുത്തിട്ടുള്ളത്. ഇങ്ങനെയുള്ള ആളുകളൊക്കെ നമ്മുടെ സമൂഹത്തിലുണ്ട്. അവരൊക്കെ രക്ഷപ്പെടാൻവേണ്ടി രാഷ്ട്രീയ പാർട്ടികളിൽ ചേരും. ഇന്ന് കേരളത്തിൽ അറിയപ്പെടുന്ന പല ഗുണ്ടകളും പല കൊച്ചും വലുതുമായ രാഷ്ട്രീയ പാർട്ടി കളുമായി ചങ്ങാത്തമുണ്ടാക്കിയിരിക്കും. അവർക്ക് ജനങ്ങളുടെ മുന്നിൽ വേറെ മുഖം കിട്ടാനാണ് അങ്ങനെ ചെയ്യുന്നത്. അതുകൊണ്ട് ഇത്തരം ആളുകളെ നിങ്ങൾ പ്രോത്സാഹിപ്പിക്കരുത്. കൊടി സുനി കൊലപാതക ക്കേസിൽപ്പെട്ട് അകത്തുപോയില്ലായിരുന്നുവെങ്കിൽ അദ്ദേഹത്തെ കാപ്പയ്ക്ക കത്ത് ഉൾപ്പെടുത്തേണ്ടിവരുമായിരുന്നു. അതുപോലെതന്നെയാണ് ട്രൗസർ മനോജ്, കിർമാണി മനോജ്, അവരൊക്കെ കൊലക്കേസ്സിൽപ്പെട്ട് അബദ്ധ ത്തിൽ അകത്തുപോയില്ലായിരുന്നുവെങ്കിൽ അവരെയൊക്കെ കാപ്പയ്ക്ക കത്ത് ഉൾപ്പെടുത്താൻ ഈ ഗവൺമെന്റ് തീരുമാനിച്ചാൽ നിങ്ങൾ അതിനെ തിരെ ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവരുമായിരുന്നു. അതുകൊണ്ട് ഇത്തരം കാര്യങ്ങളിലൊക്കെ നിങ്ങൾ വളരെ സൂക്ഷിക്കണം. 'കാപ്പ' എന്നു പറയുന്നത് നിങ്ങളായിട്ട് ഉണ്ടാക്കിയ ഒരു നിയമമാണ്. അത് വളരെ സൂക്ഷിച്ച് മാത്രമാണ് ഈ ഗവൺമെന്റ് കൈകാര്യം ചെയ്യുന്നതെന്നുള്ളതാണ് ഈ ഗവൺമെന്റിന് ഞാൻ കൊടുക്കുന്ന ഏറ്റവും പ്രധാനപ്പെട്ട മംഗളപത്രം. ഓപ്പറേഷൻ കുബേരയെ അത്ര ഇഷ്ടപ്പെടാത്ത രീതിയിൽ ശ്രീ. കെ. കെ. ജയ ചന്ദ്രൻ ഇവിടെ സൂചിപ്പിച്ചു. ഓപ്പറേഷൻ കുബേര ബ്ലേഡ് കമ്പനിക്കാർക്കെതി രെയുള്ള ഒരു പോരാട്ടമാണ്. കേരളത്തിൽ കാസർഗോഡ് മുതൽ തിരുവനന്ത പുരംവരെയുള്ള കൊള്ളപ്പലിശക്കാർ ഭയന്നുകഴിയുകയാണ്. അവരൊക്കെ

അവരുടെ കച്ചവടം നിർത്തി. പല ആളുകളും രാജ്യംവിട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. അത് ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ ഉറച്ച തീരുമാനവും ഈ ഗവൺമെന്റിന്റെ ഉറച്ച പിന്തുണയും കൊണ്ടുതന്നെയാണ്. അതൊന്നും ചെറുതായി കാണാൻ പാടില്ല. നിങ്ങൾക്കൊക്കെ ചെയ്യാവുന്ന കാര്യമാണ്. ഈ രാജ്യത്ത് നിലനിന്നിരുന്ന ഒരു നിയമം നടപ്പിലാക്കിയതേയുള്ളൂ. പുതിയ നിയമമൊന്നും കൊണ്ടുവന്നിട്ടില്ല. ഈ രാജ്യത്ത് ഇന്ന് നിലനിൽക്കുന്ന ഒരു നിയമം വീണ്ടും കർക്കശമാക്കി ഇത്തരത്തിൽ കൊള്ളപ്പലിശ വാങ്ങുകയും ആളുകളെ ആത്മഹത്യയിലേയ്ക്ക് നയിക്കുകയും ചെയ്യുന്ന ആളുകളെ നിയമത്തിനുമുമ്പിൽ കൊണ്ടുവന്നതേയുള്ളൂ. അതിനേക്കാൾ വളരെ മഹത്തരമായ ഒരു പ്രവൃത്തിയായി എനിക്ക് തോന്നുന്നത് Clean Campus, Safe Campus ആണ്. സത്യത്തിൽ ഇന്ന് നമ്മളെല്ലാവരും ഉണർന്ന് പ്രവർത്തിക്കേണ്ട വളരെ പ്രധാനപ്പെട്ട സാമൂഹ്യ വിപത്താണ് മയക്കുമരുന്ന്.

എന്റെ നിയോജക മണ്ഡലത്തിൽ എട്ടോ പത്തോ എൻജിനീയറിംഗ് കോളേജുകളുണ്ട്. ഇങ്ങനെയുള്ള പ്രൊഫഷണൽ കോളേജുകളുമായി ബന്ധപ്പെട്ടാണ് ഇന്ന് കൂടുതലും മയക്കുമരുന്നുകളുടെ പ്രശ്നങ്ങളുണ്ടാകുന്നത്. ആർട്സ് ആന്റ് സയൻസ് കോളേജുകളിലും ഈ പ്രശ്നങ്ങളുണ്ട്. ഈ കോളേജുകളിലെ ഹോസ്റ്റലുകളിലും കുട്ടികൾ താമസിക്കുന്ന വീടുകൾ കേന്ദ്രീകരിച്ചും അവർക്ക് മയക്കുമരുന്ന് കൊണ്ടുകൊടുക്കാൻ ബൈക്കിൽ പ്രത്യേക സംഘങ്ങൾതന്നെ വരുന്നുണ്ട്. അവർ മയക്കുമരുന്നുകൾ കൊണ്ടുവന്ന് കൈമാറുന്നു. ഇതൊരു വലിയ റാക്കറ്റാണ്. കേരളത്തിൽ അഞ്ച് – ആറ് വർഷങ്ങളിലെ കണക്കെടുത്ത് പരിശോധിച്ചാൽ എത്ര കുട്ടികൾ ആത്മഹത്യ

ചെയ്തിട്ടുണ്ട്? കോളേജ് വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങളുടെ പിന്നിൽ ഈ മയക്കുമരുന്നിന്റെ അമിതമായ ഉപയോഗം ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഇന്നത്തെ കേരള കൗമുദി പത്രത്തിൽ ക്യാമ്പസ്സിലുണ്ടാകുന്ന മനോരോഗ മരുന്നുകൾ ഗോവയിൽനിന്ന് വരുന്നു എന്നാണ് പറയുന്നത്. മനോരോഗത്തിനുപയോഗിക്കുന്ന മരുന്നുകൾ മെഡിക്കൽ സ്റ്റോറുകൾവഴി രഹസ്യ വില്പന നടത്തുന്നു. മെഡിക്കൽ സ്റ്റോറുകളിൽ വരുന്ന കണക്കുകൾ നോക്കുമ്പോൾ ഡോക്ടർമാരുടെ പ്രിസ്ക്രിപ്ഷൻ അനുസരിച്ചുള്ള മരുന്നുകൾ മാത്രമേ പലപ്പോഴും വരുന്നുള്ളു. പക്ഷേ, എവിടെനിന്നോ മരുന്നുകൾ വരുന്നു, ഡോക്ടർമാർ പ്രിസ്ക്രൈബ് ചെയ്തിട്ടുള്ളതനുസരിച്ച് സിറിഞ്ചുകൾ വാങ്ങേണ്ട ആളുകളെക്കാൾ കൂടുതൽ സിറിഞ്ചുകൾ അവിടെനിന്ന് പോകുന്നു. ഈ സിറിഞ്ചുകൾ എന്തിനുവേണ്ടി പോകുന്നു എന്നുള്ളതിനെക്കുറിച്ച് അന്വേഷിക്കുവാൻ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ടെന്നാണ് പറയുന്നത്. ഡോക്ടർമാരുടെ കുറിപ്പടിയില്ലാതെ ഇഞ്ചക്ഷൻ സിറിഞ്ചും സൂചിയും വിൽക്കരുതെന്ന് മെഡിക്കൽ സ്റ്റോറുകൾക്ക് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇത് വളരെ വലിയ ഒരു വിപത്താണ്. അരോഗ്യവകുപ്പും എക്സൈസ് വകുപ്പും മാത്രംവച്ചുകൊണ്ട് ഇത് നടത്താൻ പറ്റില്ല. അതിനെ ലക്ഷ്യം വച്ചുകൊണ്ടാണ് ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് എന്ന ഒരു വലിയ പ്രോഗ്രാം പോലീസ് ഡിപ്പാർട്ടുമെന്റ് ആവിഷ്ക്കരിച്ചിരിക്കുന്നത്. ഈ പ്രോഗ്രാം ആരംഭിച്ചിട്ട് 15 ദിവസമായി. 15 ദിവസത്തിനുള്ളിൽ ഇതിനോടനുബന്ധമായി 8399 റെയ്ഡുകൾ നടന്നിട്ടുണ്ട്. 1391 ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മയക്കുമരുന്നിനെതിരായിട്ടുള്ള പോരാട്ടമാണ്

അനന്തര തലമുറയ്ക്കുവേണ്ടി നമുക്ക് ചെയ്യാൻ പറ്റുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം. ആ കാര്യത്തിൽ എന്തൊക്കെ അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും എല്ലാവരും ഒരുമിച്ചുനിന്നുകൊണ്ട് അതിശക്തമായ ഒരു പിന്തുണ ഈ സർക്കാരിന് നൽകണം. അത് ഏറ്റവും പ്രധാനപ്പെട്ട വിഷയമാക്കി എടുക്കണമെന്നുതന്നെയാണ് എന്റെ അഭിപ്രായം. അതുപോലെ ഗുണ്ടകളും മാഫിയകളും ഒരു സംസ്ഥാനത്തിൽ ഒരു നാടിന്റെ ക്രമസമാധാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ പോകരുത്. ഈ പ്രശ്നങ്ങൾ ഇന്നും ഇന്നലെയും തുടങ്ങിയതല്ല. വർഷങ്ങൾക്കുമുമ്പുതന്നെ ഗുണ്ടകളുടെ പല തേർവാഴ്ചകളും നമ്മുടെ നാട്ടിൻപ്പുറത്ത് ഇഷ്ടംപോലെ ഉണ്ടായിട്ടുള്ളതാണ്. എന്റെ അഭിപ്രായത്തിൽ ഈ ഗവൺമെന്റ് ചെയ്യേണ്ടത് ഗുണ്ടകൾക്കും മാഫിയകൾക്കുമെതിരായി വളരെ മനോഹരമായ രീതിയിൽ അതിന്റെ എല്ലാ വശങ്ങളും പഠിച്ച് അതിന്റെ ലൂപ്ഹോളുകളെല്ലാം അടച്ചുള്ള വമ്പിച്ച ഒരു വേട്ടതന്നെ ആരംഭിക്കണം. നമ്മുടെ സംസ്ഥാനത്തിനെ ഇത്തരം ഗുണ്ടകളുടെയും മാഫിയകളുടെയും കയ്യിൽനിന്നും സംരക്ഷിക്കാനുള്ള വളരെ വലിയ ഒരു ഉത്തരവാദിത്തം ഗവൺമെന്റ് ഏറ്റെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ ട്രാഫിക് പോലീസിനെക്കുറിച്ച് ഇന്നലെ മറുപടി പ്രസംഗത്തിൽ ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞത് ട്രാഫിക് പോലീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും എവിടെയെങ്കിലും ആക്സിഡന്റ് ഉണ്ടായാൽ ഉടൻതന്നെ രോഗിയെ ആശുപത്രിയിൽ എത്തിക്കാനുംവേണ്ടി ഹെൽത്ത് ഡിപ്പാർട്ടുമെന്റുമായും ആലോചിച്ച് ഒരു സ്മൈൽ പ്രോഗ്രാം രൂപംകെടുക്കുന്നു എന്നാണ്. ഇത് വളരെ നല്ലൊരു കാര്യമാണ്. തിരുവനന്തപുരം നഗരത്തിൽ ആക്സിഡന്റ് സംഭവിച്ച് ഒരാൾ ഏതാണ്ട് അര മണിക്കൂറോളം വഴിയിൽ അനാഥമായി കിടന്നു.

തമ്പാനൂരിലാണ് ഇത് സംഭവിച്ചത്. ആളുകൾ തിരിഞ്ഞുപോലും നോക്കാതെ പോകുന്ന ചിത്രങ്ങളാണ് നമ്മൾ കണ്ടത്. തെക്കോട്ടും വടക്കോട്ടും അയാളുടെ മുമ്പിലൂടെ കടന്നുപോകുന്ന ആളുകൾ ഒന്നു ശ്രദ്ധിക്കുകപോലും ചെയ്തില്ല. അവിടെ പോലീസ് എത്താൻ താമസിച്ചു. എത്തിയ വനിതാ പോലീസ് ഓട്ടോറിക്ഷയിൽ ഇയാളെ കയറ്റിവിട്ടു. പക്ഷേ, അയാൾ മരിച്ചു പോയി. അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ട്രാഫിക് പോലീസിന് പ്രത്യേകം പരിശീലനം കൊടുക്കുന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതുപോലെ ഫയർ ഫോഴ്സിനെ സംബന്ധിച്ചിടത്തോളം അവരുടെ എക്വിപ്മെന്റ്സ് വളരെ കുറവാണ്. എന്റെ നാടായ മൂവാറ്റുപ്പുഴ യിൽ കഴിഞ്ഞ വർഷം ചരിത്രത്തിൽ ഏറ്റവും വലിയ ഒരു വെള്ള പ്പൊക്കമുണ്ടായി. വെള്ളപ്പൊക്കത്തിൽ എങ്ങനെ ആളുകളെ രക്ഷപ്പെടുത്തും എന്നുള്ളതിനെക്കുറിച്ച് അറിയാൻ പാടില്ലാതെ ആളുകളെല്ലാം പകച്ചുനിന്നു. സത്യത്തിൽ ഫയർഫോഴ്സിനെ അപ്പോഴാണ് മനസ്സിലാക്കുന്നത്. ഫയർഫോഴ്സിന്റെ കയ്യിലിരിക്കുന്ന എക്വിപ്മെന്റ്സ് എന്നുപറയുന്നത് വളരെ പരിമിതമാണ് എന്നുള്ള കാര്യം. ഒന്നും ചെയ്യാൻ കഴിയില്ല. അവസാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ബന്ധപ്പെട്ട് ഡൽഹിയിൽനിന്ന് ദുരന്ത നിവാരണസേന രാത്രിയിലെത്തി. ഇടുക്കിയിലേയ്ക്ക് പോകാൻ വന്ന സേനയിലെ ഒരു വിഭാഗത്തെ മൂവാറ്റുപ്പുഴ ഭാഗത്തേയ്ക്ക് പറഞ്ഞുവിട്ടു. രാത്രി പന്ത്രണ്ട് മണിയായപ്പോൾ അവർ വന്ന് രണ്ടുമൂന്നു മണിക്കൂർ കൊണ്ട് റെസ്ക്യൂ ഓപ്പറേഷൻസ് നടത്തി. ദുരന്ത നിവാരണസേന എല്ലാ എക്വിപ്മെന്റ്സുമായിട്ടാണ് വന്നത്. അതുപോലെ നേവി എത്തിയപ്പോൾ രാത്രി 12 മണിയായി. അപ്പോൾ അതുവരെ ആളുകൾ പകച്ചുനിൽക്കുകയാ

ണ്. പൂർണ്ണമായി ഇരുട്ട്, ഇലക്ട്രിസിറ്റിയില്ല. ആളുകളെല്ലാം അന്തംവിട്ട് പകച്ചുനിൽക്കുന്ന അവസ്ഥയിൽ നമുക്കെന്ത് ചെയ്യണമെന്നറിയാൻ കഴിയാത്ത സമയത്ത് നമ്മുടെ ഫയർ ഫോഴ്സിന് ചെയ്യാൻ കഴിയുന്ന വളരെ കുറച്ചു കാര്യങ്ങളെയുള്ളൂ. അവിടെ വെള്ളത്തിൽ പോയ ആളുകളെ രക്ഷപ്പെടുത്താനുള്ള റബ്ബർ ഡിങ്കി, ചെറിയ ബോട്ടുകൾ പോലുമില്ല. ഉള്ള ബോട്ടുകൾ പോലും തുഴയാൻ വഴിയില്ല. ഞങ്ങൾ അവിടെ വള്ളം ഊന്നുന്ന ആളുകളെ കൊണ്ടുവന്ന് റബ്ബർ ഡിങ്കി തുഴയിച്ചാണ് ആളുകളെ രക്ഷപ്പെടുത്തിയത്. ആ നിലയിൽ നമ്മുടെ ഫയർ ഫോഴ്സിനെ കൂടുതൽ എക്വിപ്പ്ഡാക്കണം. അതിനുവേണ്ടിയിട്ടുള്ള പരിപാടികൾ നമുക്ക് ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. അതുപോലെ ഫ്ളാറ്റുകളിൽ സ്കൈ ലിഫ്റ്റ് വേണം. അതൊന്നും കാര്യമായി കേരളത്തിൽ ഉണ്ടെന്ന് തോന്നുന്നില്ല. എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലേക്കും ഫ്ളാറ്റുകൾ കൂടുതൽ വന്നുകൊണ്ടിരിക്കുന്നു. ഇവിടെയൊക്കെ തീർച്ചയായിട്ടും ഈ സ്കൈ ലിഫ്റ്റുകൾ ഉണ്ടെങ്കിൽ മാത്രമേ മുകളിലൊക്കെ കയറി നമുക്ക് റെസ്ക്യൂ ഓപ്പറേഷനൊക്കെ നടത്താൻ കഴിയുകയുള്ളു. അതുപോലെ നിരവധി മറ്റ് കാര്യങ്ങളും ഈ വിഷയവുമായി ബന്ധപ്പെട്ട് വരുന്നുണ്ട്.

<u>മി. സ്പീക്കർ :</u> ശ്രീ. ജോസഫ് വാഴക്കൻ ഒരു കാര്യം അങ്ങ് വളരെ ഗൗരവമായ കാര്യങ്ങൾ ഫയർഫോഴ്സിനെക്കുറിച്ച് പറഞ്ഞു. നല്ല നിർദ്ദേശങ്ങളാണ്. അതിന്റെ ചർച്ച 24-ാം തീയതി വരുന്നതാണ്. ഇന്ന് മന്ത്രിക്ക് ഇതിന്റെ മറുപടി പറയാൻ സാധിക്കുകയില്ല. അത് സൂചിപ്പിച്ചെന്നേയുള്ളൂ. അത് വേറെ ഹെഡ്ഡിലാണ് ഉള്ളത്.

<u>ശ്രീ. ജോസഫ് വാഴക്കൻ :</u> സർ, ഒരു അവസരം കിട്ടിയപ്പോൾ പറഞ്ഞന്നെയുള്ളൂ. ജയിൽ വകുപ്പിൽ കുറ്റവാളികളും അതുപോലെ ജയിൽ

വാർഡന്മാരും തമ്മിലുള്ള ഒരു അവിശുദ്ധ ബന്ധമുണ്ട്. അത് വർഷങ്ങളായി അവിടെ കഴിയുന്ന വാർഡന്മാരാണ്; സ്വാഭാവികമായിട്ടും ഈ പ്രതികളുടെ കൂട്ടത്തിൽ കഴിഞ്ഞ് അവരുടെ മനോഭാവത്തിനൊരു മാറ്റമുണ്ടാകുന്നതായിരിക്കും. അതുകൊണ്ട് നിർബന്ധമായും ഒരു കൊല്ലത്തിൽ കൂടുതൽ ഒരു വാർഡനെ ഒരു സ്ഥലത്ത് നിർത്തരുത്. അല്ലെങ്കിൽ അവിടെ കൂട്ടുകച്ചവടം ആരംഭിക്കും. അതുകൊണ്ടാണ് ഇപ്പോൾ നമ്മുടെ ടി.പി. ചന്ദ്രശേഖരൻ വധ കേസിലെ പ്രതികൾക്കൊക്കെ മാഹി വഴി വരുമ്പോൾ സ്മാൾ വാങ്ങിച്ചു കൊടുക്കുന്നത്. അവർക്ക് ആവശ്യമുണ്ടെങ്കിൽ മൊബൈൽ ഫോൺ കൊടുക്കുക തുടങ്ങി കുറ്റവാളികളുമായിട്ടുള്ള വളരെ വലിയ ഒരു ബന്ധം ഈ വാർഡൻമാർ സ്ഥാപിക്കുന്നത്. അതുകൊണ്ട് ജയിലുകളെ ആദ്യം തന്നെ കുറ്റവിമുക്തമാക്കണം. കുറ്റവാളികളാണ് അവിടെ വരുന്നത്. അവരെ നോക്കേണ്ട, സംരക്ഷിക്കേണ്ട, അവർക്ക് എല്ലാം ചെയ്തുകൊടുക്കേണ്ട വാർഡന്മാരുടെ ഭാഗത്തുനിന്നുപോലും ഇത്തരത്തിലുള്ള വലിയ തെറ്റുകൾ സംഭവിക്കുന്നുണ്ട്. അതുകൊണ്ട് അത് ശ്രദ്ധിക്കണം. അതുപോലെ പോലീസ് മോഡണൈസേഷന് ഫണ്ടുകൾ വരുന്നുണ്ട്. ഈ മോഡണൈസേഷന്റെ ഫണ്ടുകൾ എന്നുപറയുന്നത് ഇപ്പോൾ അത് മേൽത്തട്ടിലാണ് ചെലവഴിക്കുന്നത് എന്നാണ്. മോഡണൈസ് ചെയ്യുമ്പോൾ അത് പോലീസ് സ്റ്റേഷനിലേക്ക് വരണം. പോലീസ് സ്റ്റേഷനിലേക്ക് മോഡണൈസേഷൻ നടക്കണം. എങ്കിൽ മാത്രമേ ജനങ്ങൾക്ക് അത് ലഭ്യമാകുകയുള്ളു. അതുകൊണ്ട് മോഡണൈസേഷനിൽ വരുന്ന ഫണ്ടുകൾ പോലീസ് സ്റ്റേഷനുകളെ മോഡണൈസ് ചെയ്യുവാൻ വേണ്ടിയിട്ടുള്ള നടപടികൾ ഈ ഭാഗത്ത് നിന്നുണ്ടാകണമെന്ന് ഞാൻ വളരെ ശക്തമായി പറഞ്ഞുകൊണ്ട് ഇതിനെ ഒരിക്കൽകൂടി പിന്താങ്ങുകയാണ്. കാരണം, കഴിഞ്ഞ ആറു മാസത്തിനുള്ളിൽ

ആഭ്യന്തര വകുപ്പുമന്ത്രിയായ ശ്രീ. രമേശ് ചെന്നിത്തല ആരംഭിച്ചിട്ടുള്ള നിരവധി പ്രോജക്ടുകളും നിരവധി പദ്ധതികളും ഓപ്പറേഷൻ കുബേര മുതൽ ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് ഉൾപ്പെടെയുള്ള പദ്ധതികൾ സാമൂഹ്യ തിന്മയ്ക്കെതിരെയും സാമൂഹ്യ വിപ്ലവത്തിനുമായും ആരംഭിച്ചിരിക്കുന്ന ഈ പോരാട്ടവുമായി മുന്നോട്ടു പോകണം. എല്ലാ വിധത്തിലുമുള്ള പിന്തുണയും കേരളസമൂഹത്തിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്നതാണ് എന്റെ പ്രതീക്ഷ. ആളുകൾ ഇക്കാര്യത്തിൽ വളരെ പ്രതീക്ഷയോടുകൂടിയാണ് നോക്കിയിരിക്കുന്നത് എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, പോലീസ്, ജയിൽ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കേരളത്തിൽ ഭരണസ്തംഭനമാണ്. നിയമസഭയെപ്പോലും നോക്കുകുത്തിയാക്കുകയാണ്. നിയമവാഴ്ച തകരുകയാണ്. ഭരണവർഗ്ഗം പോലീസിനെ ഏഴാംകൂലിയാക്കി മാറ്റുകയാണ്. നീതിന്യായ വ്യവസ്ഥയുടെ വിശ്വാസ്യതപോലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കേരളത്തിൽ മോഷണവും ഭവനഭേദനവും വർദ്ധിച്ചുവരുന്നതിനോടൊപ്പം ഗുണ്ടാ-മാഫിയാ സംഘങ്ങളുടേയും ക്വട്ടേഷൻ സംഘങ്ങളുടേയും കൈപ്പിടിയിലാണ് കേരളം. നിരവധി ഉദാഹരണങ്ങളാണ് ചൂണ്ടിക്കാണിക്കാനുള്ളത്. പട്ടാപ്പകൽതന്നെ പിടിച്ചുപറിയും കൊലപാതകങ്ങളും നടത്തുന്ന ഗുണ്ടാ സംഘങ്ങൾ നഗരങ്ങളിൽ വിലസുകയാണ്. സാമ്പത്തിക തട്ടിപ്പിൽ കേരളം രണ്ടാം സ്ഥാനത്താണെന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. സൈബർ കുറ്റകൃത്യങ്ങളുടെ സംസ്ഥാനമായി കേരളം മാറുകയാണ്. ഇതെല്ലാം നമ്മുടെ ക്രമസമാധാന രംഗത്തെ വീഴ്ചകളാണ് സൂചിപ്പിക്കുന്നത്.

അതുപോലെ ആദിവാസി പീഡനക്കേസ്സുകൾ വർദ്ധിക്കുന്നു, പോലീസുകാർതന്നെ വ്യാപകമായി ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടു കൊണ്ടിരിക്കുകയാണ്. സ്ത്രീകൾക്കും കുട്ടികൾക്കും രക്ഷയില്ലാത്ത സ്ഥിതിയാണ് കേരളത്തിലുള്ളത്. ദൈവത്തിന്റെ സ്വന്തം നാട് എന്നുപറയുന്ന കേരളം ഇന്ന് സ്ത്രീകളെ അപമാനിക്കുന്ന, ബലാത്സംഗം ചെയ്യുന്ന, കൊല്ലുന്ന ചെകുത്താന്മാരുടെ നാടായി മാറിയിരിക്കുകയാണ്. അധികാരത്തിന്റെ ശക്തി ഉപയോഗിച്ച് സ്ത്രീകളെ പീഡിപ്പിക്കാനും ബലാത്സംഗം ചെയ്യാനും കൊല്ലാനും കഴിയുന്ന അവസ്ഥ കേരളത്തിൽ മേൽക്കൈ നേടുകയാണ്. ഒരുപാട് ഉദാഹരണങ്ങളുണ്ട്. അതൊന്നും ഞാൻ പറയുന്നില്ല. നിലമ്പൂരിലെ കോൺഗ്രസ്സ് ഓഫീസിൽ തൂപ്പുകാരിയായ രാധ എന്ന അവിവാഹിതയായ സ്ത്രീയെ കൊലപ്പെടുത്തിയത് കേരളം കണ്ടതാണ്. അതിലെ പ്രതികളാരാണ്; ഒരു മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് പ്രതിയായിവരുന്നു. അതിന്റെ അന്വേഷണം ചെന്നുനില്ക്കുന്നത്, കേരളത്തിലെ ഒരു വലിയ സോളാർ നായികയുമായി ബന്ധപ്പെട്ട നിലമ്പൂർ സന്ദർശനവും അവിടത്തെ കോൺഗ്രസ്സിന്റെ ഉന്നത നേതൃത്വവുമായി ബന്ധപ്പെട്ട് അന്വേഷണം നീളുന്നതായി വാർത്തകൾ വരുന്നു. ഇതൊക്കെ ക്രിമിനലുകൾ അധികാരകേന്ദ്രങ്ങളിൽ പിടിമുറുക്കുന്നു എന്നുള്ളതിന്റെ തെളി വല്ലേ; അത് കാണാതെ പോകാൻ കഴിയില്ല. അതുപോലെ കേരളത്തിൽ ഒര വസ്ഥ വന്നിരിക്കുന്നത് ഏത് സ്ത്രീയേയും ബലാത്സംഗം ചെയ്യാം, ഏത് സ്ത്രീയേയും കൊല്ലാം. പക്ഷേ ഇതെല്ലാം ചെയ്യുന്നവർ കോൺഗ്രസ്സായിരി ക്കണം. എങ്കിൽ അവർക്ക് നിയമപരിരക്ഷ ലഭിക്കും. എത്രയോ ഉദാഹരണ ങ്ങളുണ്ട്. ഞാനത് ഈ സഭയിൽ പറയേണ്ടതില്ലല്ലോ.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ. സഭ അനുവദിക്കുന്ന അവകാശങ്ങളും അധികാരങ്ങളും ഉപയോഗിച്ച് ഒരംഗം വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറയുകയാണ്. ഇങ്ങനെയൊരു പ്രസംഗത്തിൽ ഒരംഗം പറയുന്നത് രേഖയിലുണ്ടാകാൻ പാടില്ല. ഇത്തരത്തിൽ അഭിപ്രായം പറയുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്; ഏതെങ്കിലും കോടതി വിധിയോ പരാമർശമോ ഉണ്ടോ; അങ്ങനെയാണെങ്കിൽ ആ പരാമർശം അല്ലെങ്കിൽ ആ കോടതി വിധി സഭയുടെ മേശപ്പുറത്തുവച്ചു കൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടുകൂടി അന്തസ്സായി സംസാരിക്കണം.

ശ്രീ. ജി. എസ്. ജയലാൽ: സർ, നാടിന്റെ അനുഭവമാണ് പറയുന്നത്. ഇവിടെ സാധാരണക്കാർക്ക് ഒരു നീതി. അധികാരവുമായി ബന്ധമുള്ളവർക്ക് മറ്റൊരു നീതി എന്ന വ്യാപകമായ ആക്ഷേപം കേരളത്തിൽ നിലനിൽക്കുക യാണ്. ഈ സഭയിൽത്തന്നെ.................

മി. സ്പീക്കർ: ശ്രീ. ജി. എസ്. ജയലാൽ, അങ്ങേയ്ക്ക് സംസാരിക്കാം. പക്ഷേ നാട്ടിൽ കേൾക്കുന്നത് മുഴുവൻ പറയേണ്ട വേദിയല്ലല്ലോ അസംബ്ലി.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഈ സഭയിൽത്തന്നെ അതിന് ഉദാഹരണമുണ്ട്. ഞാനതിന്റെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല.

ശ്രീ. ബെന്നി ബെഹനാൻ: സർ, ശ്രീ. ജി. എസ്. ജയലാൽ പറഞ്ഞത്, ആരെ വേണമെങ്കിലും ബലാത്സംഗം ചെയ്യാം, എന്തും ചെയ്യാം എന്നാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചപ്പോൾ, അതിന് മറുപടിയായി ഈ സഭയിൽത്തന്നെ അതിന് ഉദാഹരണമുണ്ട് എന്നാണ് പറയുന്നത്. ഈ സഭയിൽ എന്ത് ഉദാഹരണമാണുള്ളത്; അടിസ്ഥാനരഹിത മായി വളരെ മോശമായ, ബാലിശമായ രീതിയിൽ സഭാംഗങ്ങളുടെപോലും

അഭിമാനത്തേയും അന്തസ്സിനേയും ചോദ്യം ചെയ്യത്തക്ക രീതിയിൽ നടത്തുന്ന പരാമർശങ്ങൾ രേഖയിൽനിന്നും നീക്കം ചെയ്യണം.

ശ്രീ. ജി. എസ്. ജയലാൽ: സർ, നിലമ്പൂർ കോൺഗ്രസ്സ് ഓഫീസിൽ കൊലപാതകം നടന്നതിന് ഞാൻ എന്ത് തെളിവാണ് തരേണ്ടത്; മഹാത്മാ ഗാന്ധിയുടെ ഛായാചിത്രത്തിനുതാഴെയല്ലേ മൂന്നുദിവസം ബോഡി സൂക്ഷിച്ചിരുന്നത്. അതിനെക്കുറിച്ചുള്ള അന്വേഷണം ഇന്ന് ആശങ്കയിലാണ്. അത് കേരളത്തിന്റെ ആശങ്കയാണ്. ഭരണാധികാരം ഉപയോഗിച്ച് ആരെയും കൊല്ലാം എന്നുള്ള ആശയഗതി വളരുകയാണ്. ഇതാണ് ഞാൻ സൂചിപ്പിച്ചത്. ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നത് കുറ്റവാളികൾ അധികാര കേന്ദ്രങ്ങളിൽ പിടിമുറുക്കുന്നു. മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ടു വന്ന ചർച്ചകൾ നമുക്കറിയാം. ഞാനതിലേക്ക് പോകുന്നില്ല. അത് നിരവധി തട്ടിപ്പുകേസ്സുകളുടെ കേന്ദ്രമായി മാറിയില്ലേ. അതുപോലെ എത്ര ഉദാഹരണ ങ്ങളാണുള്ളത്. ഇവിടെ തെളിവ് വച്ച് സംസാരിക്കണമെന്ന് പറഞ്ഞു. തെളിവ് ഈ രാജ്യത്ത് ഇല്ലാത്തതാണോ; കേരളത്തിന്റെ ക്രമസമാധാന പ്രശ്നമായി മാറുന്നു. ഈ സഭയിൽ ഇത് സൂചിപ്പിക്കണ്ടേ; അത് ഞങ്ങളുടെ ബാദ്ധ്യതയല്ലേ; വേലിതന്നെ വിളവ് തിന്നുന്ന അവസ്ഥയാണ് കേരളത്തിൽ. കേരളത്തിലെ ഏതാണ്ട് 52000–ത്തോളം വരുന്ന പോലീസുകാരിൽ 50–60 പോലീസുകാർ എല്ലാവർഷവും ഇതുപോലുള്ള കേസ്സുകളിൽ പ്രതിയായി ക്കൊണ്ടിരിക്കുകയാണ്. 533 പോലീസുകാരെയാണ് ബലാത്സംഗവും കൊല പാതകങ്ങളുമുൾപ്പെടെയുള്ള കേസ്സുകളിൽ പ്രതിചേർക്കപ്പെട്ടിട്ടുള്ളത്. വിവിധ റാങ്കുകളിലുള്ള 70–ഓളം പോലീസുദ്യോഗസ്ഥർ സി.ബി.ഐ., വിജി ലൻസ് കേസ്സ് നേരിടുന്നു. നിയമം കൈകാര്യം ചെയ്യുന്ന ആളുകൾ ഇങ്ങനെ

ആയാൽ കേരളത്തിലെ സാധാരണക്കാർക്ക് രക്ഷയുണ്ടോ; ഇതാണ് സൂചിപ്പിച്ചത്. ഇതിൽ കേവല രാഷ്ട്രീയം കണ്ടിട്ട് കാര്യമില്ല. അതുപോലെ സ്തുത്യർഹമായ സേവനത്തിനുള്ള രാഷ്ട്രപതിയുടെ മെഡൽ ലഭിക്കുന്നതിനുവേണ്ടി ശുപാർശ ചെയ്തത് വിവിധ കേസ്സുകളിൽ ഉൾപ്പെട്ട ആളിനെയാണ്. അദ്ദേഹത്തിന്റെ ശുപാർശ പിൻവലിക്കണമെന്ന് ഗവൺമെന്റ് ചീഫ് വിപ്പ്പോലും പറഞ്ഞു. അദ്ദേഹത്തോട് ചോദിച്ചു മനസ്സിലാക്കണം തെളിവെന്താണുള്ളതെന്ന്. ഗവൺമെന്റ് ചീഫ് വിപ്പിനെ ഗുണ്ടകളെക്കൊണ്ട് ആക്രമിപ്പിച്ച ആളാണ്. ഭരണസ്വാധീനമുണ്ടെങ്കിൽ രാഷ്ട്രപതിയുടെ വിശിഷ്ട സേവാ മെഡലിനുപോലും ശുപാർശ ചെയ്യുന്ന സംവിധാനത്തിലേക്ക് പോകുകയാണ്. ഇതെല്ലാം കേരളത്തിലെ അരക്ഷിതാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. ഇതിൽ ഗവൺമെന്റ് ഇടപെടേണ്ടതല്ലേ; സാധാരണക്കാർക്ക് രക്ഷയില്ലാത്ത കേരളമാണെന്ന് സമീപകാലത്തുനടന്ന നിരവധി സംഭവങ്ങൾ തെളിയിക്കുന്നു. അടുത്ത സമയത്ത് മാന്നാർ സ്റ്റേഷനിൽ ദളിത് യുവാവിനു നേരെ മൂന്നാംമുറ പ്രയോഗിച്ചതും, മാറനല്ലൂർ ഗ്രേഡ് എസ്.ഐ. മദ്യലഹരിയിൽ ബൈക്കിടിച്ചിട്ടിട്ട് ഓടിപ്പോയപ്പോൾ നാട്ടുകാർ പിടിച്ച് പോലീസിൽ കൊടുത്തതും ദേവികുളം പോലീസ് സ്റ്റേഷനിൽ ജോലി ചെയ്യുന്ന പോലീസ് അസോസിയേഷൻ നേതാവ് പീഡിപ്പിച്ചു എന്നുപറയുന്ന 34-കാരിയുടെ പരാതിയുമായി ബന്ധപ്പെട്ട് കഴക്കൂട്ടത്ത് വീട് വളഞ്ഞ് അറസ്റ്റുചെയ്തതുമായി ബന്ധപ്പെട്ട്................ ഇതെല്ലാം ഭരണസ്വാധീനത്തിന്റെ പേരിലാണെന്നാണ് ആക്ഷേപം. ഗൃഹനാഥനും ഭാര്യയും മകളും ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട് കള്ളക്കേസ്സെടുത്തതിന്റെ പേരിൽ രണ്ട് ചെറുപ്പക്കാർ ട്രെയിനിനടിയിൽ തലവച്ച് ആത്മഹത്യ ചെയ്ത കേരളമല്ലേ ഇത്. ഇത്തരത്തിലുള്ള നിരവധി സംഭവങ്ങൾ കേരളത്തിൽ

നടക്കുമ്പോൾ സാധാരണക്കാർക്ക് ഒരു നീതി, ഭരണസ്വാധീനമുള്ളവർക്ക് മറ്റൊരു നീതി എന്നുപറയുന്ന ആശങ്ക കേരളത്തിൽ വരുന്നത് നമുക്ക് നിഷേധിക്കാൻ കഴിയുമോ; ഇവിടെ ഇതെല്ലാം നടക്കുമ്പോൾ ഒരു പോലീസുകാരനെ കൊന്ന ആളിനെ പിടിക്കാൻ യാതൊരു സംവിധാനവുമില്ല. എന്റെ മണ്ഡലത്തിലാണ് ഈ പോലീസുകാരന്റെ വീട്. ആട് അന്റണിയെ പിടിക്കാൻ ഗവൺമെന്റ് ഇച്ഛാശക്തി കാണിക്കുന്നില്ല. കേരളത്തിൽ നീതി നടപ്പിലാക്കുന്നതിൽ ഏറ്റക്കുറച്ചിലുകളുണ്ട്. ഏതാണ്ട് പതിമൂന്നര ലക്ഷം കേസ്സുകളാണ് കേരളത്തിൽ ഈ ഗവൺമെന്റ് വന്നതിനു ശേഷം രജിസ്റ്റർ ചെയ്തിട്ടുള്ളത്. കള്ളക്കടത്ത് വർദ്ധിക്കുന്നതായാണ് റിപ്പോർട്ട്. കേരളത്തിലെ വിമാനത്താവളങ്ങൾ വഴി സ്വർണ്ണം, മറ്റ് ലഹരി വസ്തുക്കൾ ഇവയുടെ കള്ളക്കടത്ത് കൂടുന്നു. കേരളത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം 77 കോടി രൂപ വിലയുള്ള 219 കിലോ സ്വർണ്ണം നമ്മുടെ വിമാനത്താവളത്തിൽ പിടിച്ചു.

മി. സ്പീക്കർ: സ്വർണ്ണം പിടിച്ചത് പോലീസിന്റെ മികവല്ലേ?

ശ്രീ. ജി. എസ്. ജയലാൽ: സർ, അതിൽ അപകടമായ സംഗതിയുണ്ട്. രഹസ്യാന്വേഷണ വിഭാഗത്തിന്റെ റിപ്പോർട്ടിൽ പറയുന്നത് ഇതിന്റെ പത്തിരട്ടി കടത്തിയിട്ടുണ്ടെന്നാണ്. അതാണ് ഞാൻ സൂചിപ്പിച്ചത്. ഇതൊക്കെ വരുന്നതെന്തുകൊണ്ടാണ്; കേന്ദ്ര-സംസ്ഥാന ഭരണതലത്തിലുള്ള സ്വാധീനമാണ് കള്ളക്കടത്തുകാരെ കേരളത്തിലേക്ക് ആകർഷിക്കുന്നത്. സ്വർണ്ണം പിടിച്ചതിനെ അഭിനന്ദിക്കുന്നു. പക്ഷേ അതിന്റെ ഇരട്ടി കടത്തിക്കൊണ്ടുപോകുന്നു എന്നുള്ള വസ്തുത കാണാതിരിക്കരുത്. ഈ അരക്ഷിതാവസ്ഥയിൽ ജനമൈത്രി പോലീസിനെയാണ് നമ്മൾ ആശ്രയിക്കുന്നത്.

ജനമൈത്രി പോലീസ് വളരെ നല്ല സംവിധാനമാണ്. പക്ഷെ ജനമൈത്രി പോലീസ് ഇന്നിപ്പോൾ ജനനേന്ദ്രിയം ഉടയ്ക്കൽ പോലീസായി മാറിയിരിക്കുകയാണ്. അതിന്റെ വിശദാംശങ്ങളൊന്നും പറയുന്നില്ല. എന്റെ മണ്ഡലത്തിൽത്തന്നെ ഒരു ജനമൈത്രി പോലീസ് സ്റ്റേഷനുണ്ട്. വേറെ ഒരു സ്റ്റേഷനിലും ഇല്ലാത്ത തരത്തിലുള്ള പരാതികളാണ് ആ ജനമൈത്രി സ്റ്റേഷനെക്കുറിച്ചുള്ളത്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയുടെ ഭാഗമായുണ്ടാകുന്ന ഒരുപാട് പ്രശ്നങ്ങളുണ്ട്. ഇന്നുതന്നെ അവിടെ ഒരു പൊതുപ്രവർത്തകന്റെ ഉടുപ്പിന് പിടിച്ചുതള്ളി. ഏതോ ഒരു ചെറിയ തർക്കവുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ 'നീ ആരാടാ ഇവിടെ വരാൻ' എന്നുചോദിക്കുന്ന ജനമൈത്രി. അതുപോലെതന്നെ ജനമൈത്രിയുമായി ബന്ധപ്പെട്ട പരിപാടികളിൽ അധികാരത്തിൽ കയറിക്കൂടാൻ സാധ്യതയുള്ള ഇടനിലക്കാർ നടത്തിപ്പുകാരായി മാറുന്നു, സ്റ്റേഷൻ ഭരിക്കുന്ന രീതിയിലേക്ക് മാറുന്നു. ജനമൈത്രി നടപ്പിലാക്കുന്നതിലെ വീഴ്ചകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. ജനമൈത്രി നല്ല സംഗതിയാണ്. പക്ഷെ അതിനെ ഉപയോഗിച്ച് ജനങ്ങളെ പീഡിപ്പിക്കുന്ന സംവിധാനങ്ങളിലേക്ക് പോകരുത്. അതുപോലെ നമ്മുടെ പോലീസിന് ഒരുപാട് പരിമിതികളുണ്ട്. ജനസംഖ്യാനുപാതികമായി പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്. അതുപോലെ പഞ്ചായത്തുതലത്തിൽ ഒരു പോലീസ് സ്റ്റേഷൻ വേണമെന്നുള്ള നിർദ്ദേശം ഗവൺമെന്റ് പരിഗണിക്കണം. അപകട നിവാരണവുമായി ബന്ധപ്പെട്ടുള്ള പരിമിതികളെല്ലാം പരിഹരിക്കേണ്ടതാണ് എന്നുള്ള നിർദ്ദേശങ്ങൾകൂടി മുന്നോട്ടുവയ്ക്കുന്നു. ഗവൺമെന്റിന്റെ മുഖ്യശ്രദ്ധയായി ഇപ്പോൾ ചർച്ച ചെയ്യപ്പെടുന്നത് മന്ത്രിസഭാ പുനഃസംഘടന,

മദ്യ ലൈസൻസ്, മനുഷ്യക്കടത്ത് എന്നിങ്ങനെയുള്ള 'മ'കാര ഘോഷയാത്ര യാണ്. ഈ പ്രശ്നങ്ങളിലെല്ലാം ഗവൺമെന്റിന്റെ മുഖം നോക്കുമ്പോൾ നേതാക്കന്മാർ ജനങ്ങളെ കബളിപ്പിക്കുന്ന വിവിധ നിലപാടുകളുമായി ബന്ധപ്പെട്ട് ഒരു ചക്കളത്തിപ്പോരാട്ടം നടത്തുകയാണ്. ഇത് കാണുമ്പോൾ ഒരു നാടൻ പാട്ടാണ് ഓർമ്മ വരുന്നത്.

"എന്റെ കണക്കിനും തെങ്ങേൽക്കേറും

നിന്റെ കണക്കിനും തെങ്ങേൽക്കേറും

പിന്നെന്താടീ നമ്മൾ തമ്മിൽ മിണ്ടിയാൽ

എന്റെ കണക്കിനും കള്ള് കുടിക്കും

നിന്റെ കണക്കിനും കള്ള് കുടിക്കും

പിന്നെന്താടീ നമ്മൾ തമ്മിൽ മിണ്ടിയാൽ"- ഇതല്ലേ സ്ഥിതി. നിങ്ങളുടെ മനസ്സിലിരുപ്പ് ജനങ്ങൾക്ക് നന്നായറിയാം. ഈ നാടകങ്ങളെല്ലാം അവസാനിപ്പിച്ച് ജനങ്ങൾക്കുവേണ്ടിയുള്ള ഒരു ഭരണസംവിധാനം കേരളത്തിലുണ്ട് എന്നുള്ളത് ബോധ്യപ്പെടണം. ഇപ്പോൾ നമ്മൾ കാണുന്നത് ചക്കപ്പഴത്തിനുചുറ്റും ആർത്തിയോടെ പാഞ്ഞടുക്കുന്ന ഈച്ചക്കൂട്ടങ്ങളെ പ്പോലെയാണ് തട്ടിപ്പുകേസ്സിലെ നായികാ-നായകന്മാരുമായി സല്ലപിക്കാൻ കേന്ദ്ര-സംസ്ഥാന മന്ത്രിമാരും യു.ഡി.എഫ്. നേതാക്കന്മാരും മത്സരിക്കുന്നത്. കേരളത്തിന്റെ ആത്മാഭിമാനം നഷ്ടപ്പെട്ടിരിക്കുകയാണ്. അപമാനഭാരത്താൽ കേരളം ദുഃഖിക്കുകയാണ്. തെരഞ്ഞെടുപ്പിൽ കുറച്ച് സീറ്റ് കിട്ടിയത് ഇതിനെല്ലാമുള്ള ലൈസൻസാണ് എന്നുകരുതി മുന്നോട്ടുപോകാതെ തിരു ത്തലുകൾ വരുത്തി നല്ലൊരു ഭരണം കാഴ്ചവയ്ക്കാൻ ഗവൺമെന്റ് ശ്രദ്ധി

ക്കണമെന്നാണ് പറയാനുള്ളത്. ഈ ധനാഭ്യർത്ഥനകളെ ഞാൻ വീണ്ടും എതിർക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി: സർ, ഈ ധനാഭ്യർത്ഥനകളെ വളരെ സന്തോഷത്തോടുകൂടി ഞാൻ പിന്താങ്ങുകയാണ്. ബഹുമാനപ്പെട്ട ജോസഫ് വാഴക്കൻ പറഞ്ഞതുപോലെ വിഷയത്തിൽ ഒതുങ്ങി സംസാരിക്കണമെന്നാണ് എന്റെ ആഗ്രഹം. പക്ഷെ ബഹുമാനപ്പെട്ട കെ. കെ. ജയചന്ദ്രൻ പ്രസംഗിച്ചപ്പോൾ ഒന്നുരണ്ട് കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കള്ളക്കടത്ത് വർദ്ധിക്കുകയാണ്. കള്ളക്കടത്തുമായി ലീഗുകാരെ കൂട്ടിയാണ് അദ്ദേഹം പറഞ്ഞത്. അതിന് മറുപടി പറയാൻ അറിയാത്തതുകൊണ്ടല്ല, മഹാനായ സി. എച്ച്. മുഹമ്മദ് കോയ അതുസംബന്ധിച്ച് പറഞ്ഞ രേഖകൾ തുരുമ്പുപിടിക്കാത്ത അങ്ങയുടെ ഫയലിലുണ്ട്, അത് നോക്കാൻ അദ്ദേഹത്തിന് ഒരവസരം കൊടുക്കണമെന്നുമാത്രമാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. പണ്ട് സി. എച്ച്. മുഹമ്മദ് കോയ കള്ളക്കടത്തിനെ സംബന്ധിച്ച് മറുപടിയും പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: അതുസംബന്ധിച്ച് ഇപ്പോൾ പറയണ്ട. ഞാൻ അന്ന് സഭയിൽ ഉണ്ടായിരുന്നതാണ്.

ശ്രീ. സി. മോയിൻകുട്ടി: സർ, അതുസംബന്ധിച്ച് പറയുന്നില്ല. അദ്ദേഹം അത് പറയിപ്പിക്കരുതായിരുന്നു. അദ്ദേഹം പ്രസംഗിക്കേുമ്പാൾ ഒരു കാര്യവും കൂടി സൂചിപ്പിക്കുകയുണ്ടായി, 400-ൽപ്പരം കോൺഗ്രസ്സിന് സീറ്റ് ഉണ്ടായിരുന്നത് 44 സീറ്റായി കുറഞ്ഞുവെന്ന്. മഹാനായ എ.കെ.ജി. ഇരുന്ന ഒരു കസേര അവിടെയുണ്ട്. ഇന്ന് 9 സീറ്റാണ് അവിടെയുള്ളത്. എ.കെ.ജി.-യുടെ മരുമകൻ ജയിച്ചത് പരിതാപകരമായ വിജയമാണ്. 65,000 വോട്ടാണ്;

6000 വോട്ടാണ്; 10 ശതമാനമില്ല എന്നുള്ള കാര്യം ശ്രീ. കെ. കെ. ജയചന്ദ്രൻ ഓർക്കണമായിരുന്നു. ഞാൻ എന്റെ വിഷയത്തിലേക്ക് കടക്കുകയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനിലൂടെ നമ്മുടെ ആഭ്യന്തര വകുപ്പ് മിന്നുന്ന പ്രകടനമാണ് തുടങ്ങിവച്ചിട്ടുള്ളത്. അതിനെ കൂടുതൽ പ്രകാശ മാക്കിയിട്ടുള്ളത് ശ്രീ. രമേശ് ചെന്നിത്തലയുടെ ആഭ്യന്തര വകുപ്പാണ് എന്ന് അഭിമാനത്തോടുകൂടി ഞാൻ പറയുകയാണ്. അപകടം ആർക്കാണ്, കയ്യിലിരിപ്പ് മോശമായവർക്കാണ് ഈ അപകടം. അല്ലാത്തവർക്കാർക്കും ഒരു പ്രശ്നവും ഇവിടെയില്ല. കയ്യിലിരിപ്പ് മോശമായവരുടെ സ്ഥിതിയാണ് ഇന്ന് നമ്മൾ അനുഭവിക്കുന്നത്. ടി. പി. ചന്ദ്രശേഖരന്റെ വധം, ഷുക്കൂറിന്റെ വധം, ഫസലിന്റെ വധം, കട്ടപിടിച്ചുകിടക്കുന്ന കറുത്ത റോഡുകൾ നമ്മൾ കണ്ടതാണ്. ഞാൻ ആ ഭാഗത്തേക്കൊന്നും കടക്കുന്നില്ല. ഇവിടെ ജനലക്ഷങ്ങ ളുടെ പ്രാർത്ഥന മാത്രമല്ല, പാവപ്പെട്ട അമ്മമാരുടെ കണ്ണീരിൽക്കുതിർന്ന പ്രാർത്ഥനയാണ് ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിനെ രക്ഷിക്കുന്നത്. ക്ഷേമപ ദ്ധതികളുടെ നീണ്ട പട്ടികകൾ ഒന്നും വിശദീകരിക്കേണ്ടതില്ല, ജനസമ്പർക്ക പരിപാടികൾ ഇതൊക്കെയാണ് ഈ ഗവൺമെന്റിന്റെ അടിത്തറയും ശക്തിയും എന്ന് ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ ഇന്നലെ എന്റെ സുഹൃത്ത് ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഉൾപ്പെടെയുള്ള ആളുകൾ പ്രസംഗി ച്ചത് വമ്പിച്ച നേട്ടമാണ് കൊയ്തിട്ടുള്ളത് എന്നാണ്. ഇന്ത്യാമഹാരാജ്യത്ത് കോൺഗ്രസ്സിനും ബി.ജെ.പി.-ക്കും എതിരായി, ഒരു ബദൽ ശക്തിയായി ഉയർന്നുവന്നിട്ടുള്ള ഇടതുപക്ഷ പ്രസ്ഥാനം ഞങ്ങളാണ് ഭരിക്കാൻ പോകു ന്നത്, 542 പാർലമെന്റ് സീറ്റിൽ ലഭിച്ചത് 9 സീറ്റാണ്.... ശ്രീ. ജോസഫ് വാഴ ക്കൻ പറഞ്ഞതുപോലെ അമ്മയ്ക്കും അച്ഛനും ഓരോ സീറ്റും. അത് അവ രുടെ അക്കൗണ്ടിലാണ്. ആണെങ്കിൽ അങ്ങനെ ആയികോട്ടെ. നിങ്ങൾ

ആലോചിക്കണം എവിടെ എത്തി..... ഇപ്പോൾ നടന്ന പാർലമെന്റ് ഇലക്ഷനിൽ 80 സീറ്റാണ് യു.ഡി.എഫ്.-ന് ഭൂരിപക്ഷമുള്ളത്. ഇതാണ് ഏറ്റവും പുതിയ കണക്ക്. 56 ആണ് അവർക്കുള്ളത്. 4 സീറ്റ് ബി.ജെ.പി.-ക്കാണ്. ആറോളം സീറ്റിലവർ മൂന്നാം സ്ഥാനത്തേക്ക് പോയി. 12-ഉം 8-ഉം ആണ് ഇവിടെ. എന്നിട്ടും അവർ കണ്ണുതുറക്കാൻ തയ്യാറായിട്ടില്ല. ഇവിടെ ശ്രീ. എം. എ. ബേബിയെക്കുറിച്ചൊക്കെ പറഞ്ഞു. ശ്രീ. എം. എ. ബേബി എവിടെയാണ്? സുരേഷ് ഗോപി പറഞ്ഞതുപോലെ 'ദേ വന്നു ദേ പോയി'. അപ്പുറത്താണോ ഇപ്പുറത്താണോ എന്നുള്ള കാര്യം ഞങ്ങൾക്കറിയില്ല. അതിനുശേഷം ഉപദേ ശിക്കുകയാണ്; ആരാണ് ഉപദേശിക്കുന്നത്; ആർ.എസ്.പി.-യാണ് ഉപദേശി ക്കുന്നത്. അതിന് ആർ.എസ്.പി. മറുപടി പറയും. കോൺഗ്രസ്സ് കൊണ്ടു പോയി വെട്ടിൽച്ചാടിക്കുമെന്നാണ് പറയുന്നത്. ഇവരുടെ സ്ഥിതി എന്താ ണെന്ന് ഇവർ മനസ്സിലാക്കുന്നില്ല. ശ്രീ. വി. എസ്. അച്ചുതാനന്ദന് ഒരു തുണ കൂടി ഉണ്ടായി. ആ തുണയാണ് ശ്രീ. എം.എ. ബേബി എന്ന കാര്യം അവർ ആലോചിക്കണം. എന്തുകൊണ്ടാണ് കൊല്ലത്ത് ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ ജയിച്ചത്? അവിടെ ജയിച്ചത് ശ്രീ. പിണറായി വിജയന്റെ പ്രവർത്തനം കൊണ്ടാണോ എന്ന കാര്യം പാർട്ടി ആലോചിക്കും അല്ലെങ്കിൽ ആലോചിക്ക ണമെന്ന് മാത്രമാണ് അതുസംബന്ധിച്ച് പറയാനുള്ളത്. ആരെയൊക്കെയാണ് നിങ്ങൾ അവിടെ സ്ഥാനാർത്ഥിയായി നിർത്തിയിരുന്നത്? ഇതൊക്കെ നാണ ക്കേടല്ലേ? ഇന്നലെവരെ കോൺഗ്രസ്സായ ആളുകളെ നാണയത്തിന്റെ കിലുകിലാരവം കണ്ടിട്ട് ഈ രാജ്യത്ത് സ്ഥാനാർത്ഥിയാക്കാൻ സി.പി. ഐ.(എം.) തയ്യാറായി എന്നൊക്കെ പറഞ്ഞാൽ അബ്ദുറഹിമാനെ സ്ഥാനാർത്ഥിയാക്കുന്നു, ക്രിസ്റ്റിയെ സ്ഥാനാർത്ഥിയാക്കുന്നു, ഇന്നസെന്റിനെ

സ്ഥാനാർത്ഥിയാക്കുന്നു, ഫിലിപ്പോസ് തോമസിന്റെ പുറകെ പോകുന്നു. ഇവർക്ക് സി.പി.ഐ.(എം.)-മായി, ഇടതുപക്ഷ ചിന്താഗതിയായി എന്തു ബന്ധ മാണ് ഉള്ളത്. എത്രയെത്ര ശക്തരായ സഖാക്കളുള്ള രാജ്യമാണിത്. എത്രയെത്ര മഹിതമായ പാരമ്പര്യമുള്ള പാവപ്പെട്ട സഖാക്കളുണ്ട്. നിങ്ങൾ ആരെത്തേടിയാണ് പോയത്? ഇതുതന്നെയാണ് നിങ്ങളും പതനവും. ഞാൻ ആ ഭാഗത്തേക്ക് കടക്കുന്നില്ല. ജനമൈത്രി പോലീസ്- ഈ പോലീസ് ആർക്കെതിരാണ്? കഠാരിയ രാഷ്ട്രീയക്കാർക്കെതിരാണ്, രക്തദാഹികൾക്കെ തിരാണ്, ബ്ലേഡ് മാഫിയകൾക്കെതിരാണ്, ഗുണ്ടാസംഘങ്ങൾക്കെതിരാണ്, ഇവിടെ പറഞ്ഞല്ലോ കണ്ണൂരിൽനിന്ന് തടവുകാരേയും കൊണ്ട് കോഴിക്കോട് വരുമ്പോൾ മാഹിയിൽനിന്ന് മദ്യം വാങ്ങി കൊടുക്കുന്ന, അത്തരം ആളുകളെയാണ് ഈ ഗവൺമെന്റ് എതിർക്കുന്നത്. അതല്ലാതെ ഇവിടെ നല്ല മാന്യന്മാർക്കാർക്കും ഈ ഗവൺമെന്റിനോട് ഒരു എതിർപ്പുമില്ല. പാർട്ടി ഓഫീസ് പോലീസ് സ്റ്റേഷനാക്കാൻ ശ്രമിക്കുകയാണ്. ജയിലുകളിൽ പാർട്ടി ഓഫീസ് ഉണ്ടാക്കുക, ഇത്തരം ആളുകൾക്ക് മാത്രമാണ് ഇതൊക്കെ പ്രശ്നമായി ഉള്ളത്. ജയിലിൽ ബർമൂഡ ധരിച്ച്, കൂളിംഗ് ഗ്ലാസ് വച്ച്, വെള്ളം അടിച്ച് വീശി അങ്ങനെ നടക്കുന്ന ആളുകൾക്കൊക്കെ ഭീഷണിയാണ് ശ്രീ. രമേശ് ചെന്നിത്തല. അതിന് അദ്ദേഹം എന്തുചെയ്യാനാണ്? അദ്ദേഹത്തിന്റെ ദൗത്യമാണ് അദ്ദേഹം നിർവ്വഹിക്കുന്നത്. ഞാൻ അതുസംബന്ധിച്ച് ഒന്നും ദീർഘമായി സംസാരിക്കുന്നില്ല. എനിക്ക് പ്രധാനമായും പറയാനുള്ളത് അനാഥാലയങ്ങളുമായി ബന്ധപ്പെട്ട വിഷയമാണ്. എന്റെ മണ്ഡലത്തിലാണ് മുക്കം യത്തീംഖാനയുള്ളത്. കാടടച്ച് വെടി വയ്ക്കുന്നതിനുപകരം അതേക്കു റിച്ചൊക്കെ പഠിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ഇത്തരം സ്ഥാപന ങ്ങൾക്കെതിരായി നടക്കുന്ന കുപ്രചരണങ്ങൾ, നമ്മുടെ സംസ്കാരത്തിനു

മാത്രമല്ല നമുടെ മഹിതമായ പാരമ്പര്യത്തിനു കടയ്ക്കൽ കത്തി വയ്ക്കുന്ന താണ്. നമ്മുടെ ആതിഥേയ മര്യാദയ്ക്കെതിരാണ്, നമുടെ വിദ്യാഭ്യാസ താൽപ്പര്യത്തിനെതിരാണ്. വർത്തമാന കാര്യത്തെ ചാനലുകളും മാധ്യമങ്ങളും നിർവ്വഹിക്കുന്ന പങ്ക് അങ്ങേയറ്റം ശ്ലാഘനീയമാണ്. ഒരു സംശയവുമില്ല. പക്ഷെ നിർഭാഗ്യകരമെന്ന് പറയട്ടെ, പല വാർത്തകളും ചാനൽ ചർച്ചകളും തകർക്കുന്നത് നമ്മുടെ സംസ്കാരമാണ്, ഐക്യമാണ്, കഴിഞ്ഞ കാലത്തെ പാരമ്പര്യമാണ്. അതുകൊണ്ടാണ് ഈ സ്ഥാപനത്തെക്കുറിച്ച് ഒന്നുരണ്ടു വാക്കുകൾ മാത്രം ഞാൻ പറയുന്നത്. എന്റെ മണ്ഡലത്തിലാണ് ആ യത്തീം ഖാന പ്രവർത്തിക്കുന്നത്. ഞാൻ അതിന്റെ ഭാരവാഹിയൊന്നുമല്ല. 58 വർഷത്തെ പാരമ്പര്യമാണ് മുക്കം യത്തീംഖാനയ്ക്കുള്ളത്. ഇന്നത്തെ സെക്രട്ടറിയുടെ പിതാവ് പൊന്നിൻവിലയുള്ള 100 ഏക്കർ സ്ഥലമാണ് അതിനുവേണ്ടി നൽകിയിട്ടുള്ളത്. ഈ കഴിഞ്ഞ മാസമാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി 60 ലക്ഷം രൂപ ആ കുടുംബം ഉണ്ടാക്കി കൊടുത്ത ആ കെട്ടിടം ഉദ്ഘാടനം ചെയ്തത്. കോടിക്കണക്കിന് രൂപയുടെ ആസ്തിയാണ് ഇത്രയും കുടുംബങ്ങൾ നൽകിയിട്ടുള്ളത്. നാണയത്തുട്ടുകൾ മാത്രമല്ല ഈ സ്ഥാപനത്തിന്റെ അന്തസ്സാർന്ന പ്രവർത്തനം മാനിച്ചുകൊണ്ട് രവിപിള്ളയെ പോലെയുള്ള ആളുകളും കെ.സി.എൻ. മേനോനെപ്പോലെ യുള്ള ആളുകളും കോടിക്കണക്കിന് രൂപയാണ് ഈ സ്ഥാപനത്തിനായി ചെലവഴിച്ചത്. അതോടൊപ്പം ഈ സ്ഥാപനത്തെക്കുറിച്ചൊക്കെ പഠിക്കണം. 1958-ൽ 22 കുട്ടികളുമായി ആരംഭിച്ചതാണ് ഈ യത്തീംഖാന. 24-ഓളം ശാസ്ത്ര സാങ്കേതിക രംഗത്തുള്ള സ്ഥാപനങ്ങൾ ഇതു നടത്തുകയാണ്. ആറായിരത്തിൽപ്പരം വിദ്യാർത്ഥികൾ, കോടാനുകോടിയുടെ കെട്ടിട

സമുച്ചയങ്ങൾ, 100 കണക്കിനേക്കർ ഭൂമിയിൽ ഇതൊക്കെ എല്ലാവർക്കും മലർക്കെ തുറന്നുവച്ചിട്ടുള്ളതാണ്. ഈ സ്ഥാപനത്തെ സംബന്ധിച്ച് അറിയണ മെങ്കിൽ 1982-ൽ ഇന്ത്യയിലെ ഏറ്റവും നല്ല അനാഥശാല എന്ന പേര് നേടിയ, ഇന്ത്യൻ പ്രസിഡന്റ് സെയിൽ സിംഗിൽനിന്നും അവാർഡ് വാങ്ങിയി ട്ടുള്ളതാണ്. ഇന്ത്യയുടെ നമ്പർ വൺ അനാഥശാലയാണ് ഇത്. മാത്രമല്ല 2008 -ൽ ശിശുക്ഷേമ പ്രവർത്തനങ്ങൾക്ക് യു.പി.എ. അദ്ധ്യക്ഷ ശ്രീമതി സോണിയ ഗാന്ധിയിൽനിന്നും അവാർഡ് വാങ്ങിയിട്ടുള്ള ഒരു സ്ഥാപനമാണി ത്. ഈ സ്ഥാപനത്തെ തകർക്കുമ്പോൾ തകരുന്നത് ഇന്ത്യരാജ്യത്തിന്റെ, കേര ളത്തിന്റെ സംസ്കാരമാണ്, പാരമ്പര്യമാണ്. ഇന്ന് 1011 അഗതികളാണ് അവി ടെയുള്ളത്. നിരവധിയായ ബൗദ്ധികസാഹചര്യങ്ങൾ, നല്ല ഭക്ഷണം, നല്ല താമസം എല്ലാം നൽകി അവരെ പരിരക്ഷിക്കുകയാണ്. നിരവധി ദേശീയ-സംസ്ഥാന പുരസ്ക്കാരങ്ങൾ നേടിയിട്ടുള്ള ഒരു സ്ഥാപനമാണ്. നൂറു കണക്കിന് എഞ്ചിനീയർമാർ, ആയിരക്കണക്കിന് അദ്ധ്യാപകർ, ഡോക്ടർമാർ എന്നിവർ ഈ സ്ഥാപനത്തിൽ സംഭാവനകൾ നൽകി. കഴിഞ്ഞ മാസം കീറിപ്പറഞ്ഞ ഒരു പുസ്തക്കെട്ടുമായി, നിക്കറുമായി കടന്നുവ ന്നിട്ടുള്ള ഒരു സഹോദരൻ, ഒരു കുട്ടി ഐ.എ.എസ്.-ന്റെ തിളക്കവുമായി അവിടെ നിന്നും ഇറങ്ങിപ്പോകുന്നത്. അദ്ദേഹം ഇന്ന് നാഗാലാന്റിലെ കളക്ട റാണ്. ഇത്തരം ഒരു സ്ഥാപനത്തെ കാടടച്ച് വെടി വയ്ക്കുമ്പോൾ അത് ചെന്ന് കൊള്ളുന്നത് ഒരു വിഭാഗത്തിനുമാത്രമല്ല, നമ്മുടെ പാരമ്പര്യത്തി നാണ്. എന്താണ് വടക്കേ ഇന്ത്യയിലെ സ്ഥിതി? നമുക്ക് അറിയാമല്ലോ? പുഴു ക്കളെ പോലെയാണ് പല ഗ്രാമങ്ങളും മുസ്ലീം വിഭാഗം അവിടെ അതിവസി ക്കുന്നത്. ഒരു നേരത്തെ കഞ്ഞിവെള്ളത്തിന് വകയില്ലാത്ത സ്ഥലമാണ്.

സാക്ഷരതയില്ല, നിരക്ഷരരായിട്ടുള്ള ആളുകൾ, അവരെ കൈപിടിച്ച് ഉയർത്തുകയാണ്, 2000-ലാണ് ഈ അനാഥർ ഇങ്ങോട്ട് കടന്നുവരാൻ തുട ങ്ങിയത്. ആൻറമാൻ നിക്കോബറിൽനിന്നാണ് ആദ്യം വന്നത്. ആദ്യത്തെ കുട്ടി 22 വർഷക്കാലം ഈ സ്ഥാപനത്തിലെ അദ്ധ്യാപകനായിരുന്നു. ദാരിദ്ര്യവും പട്ടിണിയും ദുരിതവും സഹിക്കവയ്യാതെ 2009 മുതൽ നിരവധി ആളുകൾ കടന്നുവരികയാണ്. ആയിരക്കണക്കിന് ആളുകൾ അവിടെനിന്ന് പഠിച്ചു പോയി. ഒരാൾക്കുപോലും ആ സ്ഥാപനത്തെപ്പറ്റി ഇന്നുവരെ ഒരു പരാതിയും ഒരു മനുഷ്യാവകാശ കമ്മീഷൻ വന്നിട്ടും അവർക്ക് കാണാൻ സാധിച്ചിട്ടില്ല. ഇപ്പോൾ എന്താണ് സംഭവിച്ചത്? ഇപ്പോൾ സംഭവിച്ചത് ഇവരെ കൊണ്ടുവന്ന ആളുകൾ ചില ബുദ്ധിമുട്ടുകളുണ്ടാക്കി. ഷക്കീൽ എന്ന് പറയുന്ന ആൾ...... പത്രത്തിൽ ആ വാർത്ത വന്നിരുന്നു. അദ്ദേഹം ടിക്കറ്റിന്റെ കാര്യത്തിൽ, ഭക്ഷ ണത്തിന്റെ കാര്യത്തിൽ, നാണയത്തുട്ടുകൾക്കുവേണ്ടി കീശ വീർപ്പിക്കുന്നതി നുവേണ്ടി ചില വൃത്തികേട് കാണിച്ചു. എലിയെ കൊല്ലാൻ ഇല്ലം ചുടാ റുണ്ടോ? കൊതുകിനെ വെടി വയ്ക്കാൻ എ.കെ. 47 ഉപയോഗിക്കേണ്ട കാര്യ മുണ്ടോ? ഈ വലിയ സ്ഥാപനം നമ്മുടെ രാജ്യത്തിനും കേരളത്തിനും അഭിമാനമാണ്. രാഷ്ട്രപതിയായിരുന്ന മഹാനായ സെയിൽ സിംഗ് മുതൽ മുതൽ യു.പി.എ. അദ്ധ്യക്ഷയുൾപ്പെടെ ദേശീയ പുരസ്കാരം നേടിയിട്ടുള്ള ഒരു സ്ഥാപനത്തെ കാടടച്ച് വെടി വയ്ക്കാൻ വേണ്ടിയുള്ള ശ്രമം തീർച്ച യായും ബഹുമാന്യരായ മാധ്യമ സുഹൃത്തുക്കളെ, ചാനൽ സുഹൃത്തുക്കളെ സഹർഷം സന്തോഷത്തോടുകൂടി ഞാൻ എന്റെ മണ്ഡലത്തിലുള്ള ആ സ്ഥാപനത്തിന്റെ വളർച്ചയും വൃത്തിയും മെനയും ഭക്ഷണവും കാണാൻ വേണ്ടി ക്ഷണിക്കുകയാണ്. തീർച്ചയായും നിങ്ങൾ അവിടെ വരണം. ഞാൻ

പറയുന്നത് ആരെങ്കിലും ക്രമക്കേടുകൾ കാണിച്ചിട്ടുണ്ടെങ്കിൽ അത്തരം ആളുകളെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കണം. അങ്ങനെ ആരെങ്കിലും ക്രമക്കേടുകൾ കാണിച്ചിട്ടുണ്ടെങ്കിൽ പുതിയ ഝാർഖണ്ഡിലെ നിയമം മനസ്സിലാക്കാൻ അവർക്ക് സാധിച്ചില്ല. അതുകൊണ്ട് സർട്ടിഫിക്കറ്റിന്റെ കാര്യത്തിൽ ചില ബുദ്ധിമുട്ടുകളുണ്ടായി. അതോടൊപ്പം തന്നെ ടിക്കറ്റിന്റെ കാര്യത്തിലും ഭക്ഷണത്തിന്റെ കാര്യത്തിലും ചില കള്ളക്കളികൾ നടന്നു. അവരെ കണ്ടെത്തി ശിക്ഷിക്കണമെങ്കിൽ ശിക്ഷിക്കുക തന്നെ ചെയ്യണം. അതിൽ ഒരു സംശയവും എന്നെ സംബന്ധിച്ച് ഇല്ല. അതും കൂടി ഞാൻ സൂചിപ്പിക്കുകയാണ്.

പുകവലി പൂർണ്ണമായും ജയിലിൽ നിരോധിക്കുന്ന കാര്യത്തിൽ സുപ്രീം കോടതിയുടെ വിധിയുണ്ടെന്നാണ് ഞാൻ മനസിലാക്കുന്നത്. അത് പൂർണ്ണമായി നടപ്പാക്കാൻ സാധിക്കാത്തതെന്തുകൊണ്ടാണ്? ഇക്കാര്യത്തിൽ അങ്ങയുടെ ഇടപെടലുണ്ടാകണം. കഞ്ചാവ് ഉപയോഗം കണ്ടെത്തി പരിപൂർണ്ണമായി ശിക്ഷിക്കണം. രാഷ്ട്രീയക്കാരെ വെറുതെ വിടുന്ന സാഹചര്യമുണ്ടാകരുത്. കുറ്റക്കാരാണെങ്കിൽ ആ കുറ്റം അർഹിക്കുന്ന ഗൗരവത്തോടെ കാണാൻ സാധിക്കണം. പല സാഹചര്യത്തിലും കുറ്റ കൃത്യങ്ങളിൽപ്പെടുന്ന തടവുകാർക്ക് ജീവിതത്തിലേക്ക് മടങ്ങിവരാനുള്ള സാഹചര്യങ്ങളുണ്ടാക്കണം. അവർക്കാവശ്യമായ തൊഴിൽ പരിശീലനം അങ്ങയുടെ മുഖ്യപരിഗണനയിലുള്ളതാണെന്നാണ് മനസിലാക്കാൻ സാധിച്ചി ട്ടുള്ളത്. തെങ്ങുകയറ്റമായാലും ടെയിലറിംഗായാലും പാചകമായാലും ബാർബർ ജോലിയായാലും അവരെ അതിന് സജ്ജമാക്കുന്നതിനുള്ള പരി ശ്രമം തുടരണം. പത്ത് വർഷത്തിലധികം ജയിലിൽ കിടക്കുന്നവരുടെ മനസ്

മരവിച്ച് അവർ പൂർണ്ണമായും മറ്റൊരവസ്ഥയിലാണ്. അവരെ ഏതെങ്കിലും തരത്തിൽ മോചിപ്പിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ സാധിക്കുമോയെന്ന് ഗൗരവമായി പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഓപ്പറേഷൻ ഓവർ ചെക്കിംഗിന്റെ ഭാഗമായി വാളയാർ ചുരത്തിൽ നടന്നിട്ടുള്ള നികുതി വെട്ടിപ്പിനെക്കുറിച്ച് ഇന്റലിജൻസ് കണ്ടുപിടിച്ച വളരെ ഗൗരവത്തോടെയുള്ള റിപ്പോർട്ടുകളാണ് പുറത്തുവരുന്നത്. മെയ് 10, 11 തീയതികളിൽ നിലവിലുള്ള ജീവനക്കാരെ മാറ്റി 24 മണിക്കൂർ അവിടെ ഇന്റലിജൻസ് ഏറ്റെടുത്തപ്പോൾ ഒരു ദിവസം അവിടെനിന്ന് ലഭിച്ചത് കോടികളുടെ വരുമാനമാണ്. അവിടത്തെ സ്ഥിരം ജീവനക്കാർ 4 വാഹനമാണ് പിടിച്ചതെങ്കിൽ, ഒരു ദിവസം 1,72,000 രൂപയുടെ വരുമാനമാണ് ലഭിച്ചിരുന്നതെങ്കിൽ ഇന്റലിജൻസ് വിഭാഗം ഏറ്റെടുത്തപ്പോൾ 76 വാഹനങ്ങൾ പിടിക്കപ്പെടുകയും 1,24,00,000 രൂപ സർക്കാരിന് ലഭിച്ചു എന്നതും ഞെട്ടിപ്പിക്കുന്ന, കൗതുകമുള്ള വാർത്തയാണ്. എല്ലാ ചെക്പോസ്റ്റുകളിലും ഇത്തരത്തിലുള്ള ഇടപെടലുകൾ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്. അഗ്നിശമനസേനയുടെ പ്രസക്തി വർദ്ധിച്ചിരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ സ്ഥിതി അങ്ങേയ്ക്ക് അറിയാവുന്നതാണ്. ഉരുൾപൊട്ടലുണ്ടായി 750-ഓളം ഏക്കർ ഭൂമി നഷ്ടപ്പെടുകയും എട്ടോളം മനുഷ്യജീവൻ നഷ്ടപ്പെടുകയും ചെയ്ത ആ പ്രദേശത്ത് ഒരു ഫയർ സ്റ്റേഷനുവേണ്ടി അങ്ങ് രണ്ടരക്കോടി രൂപ അനുവദിക്കുകയും ഫയർ സ്റ്റേഷൻ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. അക്കാര്യത്തിൽ ഞാൻ അങ്ങയോട് നന്ദിയുള്ളവനാണ്. ആ സ്ഥാപ

നത്തിൽ 23 പോസ്റ്റാണ് വേണ്ടത്. ഇപ്പോൾ 11 ജീവനക്കാർ മാത്രമാണുള്ളത്. 22 വർഷം പഴക്കമുള്ള ഫയർ എഞ്ചിൻ എമർജൻസി ടെണ്ടറാണ്. അത് മാറ്റണം. അതുപോലെ അങ്ങ് പ്രഖ്യാപിച്ച ആംബുലൻസ് വാൻ ലഭ്യമാക്കണമെന്നുകൂടി സൂചിപ്പിക്കുന്നു. വയനാടൻ ചുരത്തിന് താഴെയുള്ള അടിവാരത്തിൽ ഒരു ദിവസം പതിനായിരത്തിലധികം വാഹനങ്ങളാണ് കടന്നുപോകുന്നത്. ആ ചുരത്തിൽ ഏത് സമയത്തും വാഹനക്കുരുക്കും നിരന്തരമായ അപകടവുമാണ്. അവിടെ അങ്ങ് ഒരു എയ്ഡ് പോസ്റ്റ് അനുവദിച്ചിരുന്നു. അതിന് നന്ദിയുണ്ട്. അത് പോലീസ് സ്റ്റേഷനാക്കി ഉയർത്തുന്നതിനുള്ള സത്വര നടപടിയുണ്ടാകണമെന്ന് സൂചിപ്പിക്കുന്നു. എന്റെ സുഹൃത്ത് സൂചിപ്പിച്ചതുപോലെ ഗോത്ര കോളനികളിൽ, എന്റെ മണ്ഡലത്തിലുൾപ്പെടെ, മാവോയിസ്റ്റിന്റെ സാന്നിധ്യം റിപ്പോർട്ട് ചെയ്തതായി മനസിലാക്കാൻ സാധിക്കുന്നു. എസ്.ടി. വിഭാഗത്തെ വിശ്വാസത്തിലെടുത്ത് അവരെക്കൂടി സഹകരിപ്പിച്ചുകൊണ്ട് ആ പ്രശ്നം കൈകാര്യം ചെയ്യുകയും കാട്ടുപ്രദേശങ്ങളിൽ മാവോ സാന്നിധ്യം ഉണ്ടെങ്കിൽ അവരെക്കൂടി വിശ്വാസത്തിലെടുത്ത് ജനപ്രതിനിധികളുടെ സഹകരണത്തോടുകൂടി ഈ രംഗത്ത് പ്രവർത്തിക്കാൻ സാധിക്കണം. ഇവിടെ ഓപ്പറേഷൻ കുബേരയെക്കുറിച്ച് പറഞ്ഞു. വാസ്തവത്തിൽ എന്ത് സന്തോഷത്തോടെയാണ് കേരളം കൈയടിച്ച് അങ്ങയെ ‘സബാഷ്, രമേശ്’ എന്നുപറഞ്ഞുകൊണ്ടിരിക്കുന്നത് എന്ന് മനസിലാക്കാൻ അങ്ങേയ്ക്ക് സാധിക്കണം. കഴിഞ്ഞ കാലത്തൊരിക്കലുമില്ലാത്ത തരത്തിൽ ഗവൺമെന്റ് ഇത്രയും ഗംഭീരമായി വിജയിച്ച, ജനങ്ങളുടെ ഹൃദയത്തെ സ്പർശിച്ചിട്ടുള്ള സംഭവമാണ് കുബേര. കരയാൻ കണ്ണുനീർ പോലുമില്ലാത്ത ആയിരക്കണക്കിന് കുടുംബങ്ങൾ, കയറിൽ

തൂങ്ങുന്നവർ, വിഷം കഴിക്കുന്നവർ, ഈ രാജ്യത്ത് ജീവിതം അവസാനിപ്പിക്കാൻ കാത്തുനിൽക്കുന്ന എണ്ണിയാലൊടുങ്ങാത്ത കുടുംബങ്ങൾക്ക് ആശ്വാസമായി മാറിയിരിക്കുകയാണ് ഓപ്പറേഷൻ കുബേര. എന്തൊക്കെ പ്രശ്നങ്ങളും വെല്ലുവിളികളും നേരിടേണ്ടി വന്നാലും ഗുണ്ടകളും രാഷ്ട്രീയക്കാരും നേതൃത്വം നൽകുന്ന ആ സാമ്രാജ്യം തകർക്കണം. അതോടൊപ്പം ഈ പ്രശ്നം ഗൗരവമായി കാണുന്ന അങ്ങയെ അഭിനന്ദിക്കുകയാണ്. ഈ രംഗത്ത് കൂടുതൽ ശക്തമായ നീക്കങ്ങളുണ്ടാകണം. എല്ലാ കൊലകൊമ്പൻമാരെയും കണ്ടുപിടിച്ച് ശിക്ഷിക്കാൻ അങ്ങേയ്ക്ക് സാധിക്കണം. ആന പാറിപ്പോകുന്ന കാറ്റിലും ഗവൺമെന്റ് പിടിച്ചുനിന്നത് ജനങ്ങളുടെ കണ്ണീരൊപ്പി ജനങ്ങൾക്കൊപ്പം ജനങ്ങളുടെ പ്രയാസങ്ങളും നൊമ്പരങ്ങളും ഏറ്റെടുത്തതുകൊണ്ടാണ്. അതുകൊണ്ടു തന്നെയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ആ സംസ്കാരം തുടർന്നും മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കട്ടെയെന്ന് ഒരിക്കൽകൂടി പറയുകയാണ്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കയ്ച്ചിട്ട് ഇറക്കാനും മധുരിച്ചിട്ട് തുപ്പാനും സാധിക്കാതെ കൂടെ നിർത്തിയിട്ടുള്ള ശ്രീ. വി. എസ്. അച്ചുതാനന്ദന് ഒരു പുതിയ കൂട്ടുകാരനെക്കൂടി ശ്രീ. എം. എ. ബേബിയിലൂടെ ലഭിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനയെ സഹർഷം സന്തോഷത്തോടുകൂടി പിന്താങ്ങികൊണ്ട് നിർത്തുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇന്ത്യയുടെ വടക്കേ അതിർത്തിയിലുണ്ടാകുന്നതുപോലെ മാവോയിസ്റ്റുകൾ കേരളത്തിന്റെ പല ഭാഗത്തുമുണ്ട്. മാവോയിസ്റ്റുകളെ

നേരിടാൻ ലക്ഷക്കണക്കിന് രൂപ പോലീസ് വകുപ്പ് മുഖേന ചെലവഴിക്കുന്നത് സംബന്ധിച്ചാണ് ഞാൻ പറയുന്നത്. മുമ്പ് പശ്ചിമബംഗാളിൽ നക്സലേറ്റ് ആക്രമണം ആരംഭിച്ചപ്പോൾ അന്ന് പശ്ചിമബംഗാളിലെ റവന്യൂ വകുപ്പ് മന്ത്രിയായിരുന്ന ഹരേകൃഷ്ണ കൊനാർ നക്സലേറ്റ് മേഖലയിലുള്ള പാവപ്പെട്ട ആളുകൾക്ക് ഭൂമി കൊടുത്തുകൊണ്ടാണ് അത് പരിഹരിച്ചത്. കേരളത്തിലെ ആദിവാസികളുടെ ജീവിതനിലവാരത്തെക്കുറിച്ച് നമ്മൾ ചർച്ച ചെയ്തു. നിയമസഭാ സമിതി അവിടെ സന്ദർശിച്ചിരുന്നു. ഒന്നും അവിടെ എത്തുന്നില്ല. മാവോയിസ്റ്റുകളാണെന്ന് പറയുന്നവർ പാവപ്പെട്ട ആദിവാസിക ളുടെ ഊരുകളിൽവന്ന് മനുഷ്യത്വത്തോടുകൂടി അവരോട് പെരുമാറിയാൽ അവരുടെ താല്പര്യ സംരക്ഷണത്തിനുവേണ്ടി ആദിവാസികളും സാധാരണ തൊഴിലാളികളും അവരോടൊപ്പം ചേർന്നാൽ ആക്ഷേപിക്കാനില്ല. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പാർട്ടിയുടെ പ്രസിഡന്റായിരുന്ന പ്പോൾ ആ വനപ്രദേശങ്ങളിലെല്ലാം സഞ്ചരിച്ചപ്പോൾ താങ്കൾക്ക് നേരിട്ട് മനസ്സിലായിട്ടുണ്ടാവും. ആയുധങ്ങൾ കൊണ്ടല്ല, അവർക്ക് ഭൂമി കൊടുക്കുകയും അവരുടെ കുടുംബത്തെ സംരക്ഷിക്കുകയും സ്ത്രീകളുടെ ആരോഗ്യം സംരക്ഷിക്കുകയും വനം വകുപ്പിൽ അവർക്ക് ജോലി നൽകുകയും വേണം. വനം അവരുടേതാണ്, വയനാട്, അട്ടപ്പാടി അവരുടേതാണ്. അത് കൊള്ളയടിക്കാൻ മറ്റാർക്കും അവകാശമില്ല. അവർക്ക് ജോലി നൽകി, ഭൂമി നൽകി അവരുടെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് മാവോയിസ്റ്റുകളെ അവിടെനിന്ന് തുരത്തുന്നതിന് നേതൃത്വം കൊടുക്കാൻ നമുക്ക് സാധിക്കും. ഇപ്പോൾ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും തൊഴിലാളികളുടെയും പ്രക്ഷോഭമുണ്ട്. മുമ്പ് ഞാനും സമരങ്ങളിൽ പങ്കെടുത്തിരുന്നു. പോലീസ് വാഹനത്തിനുമുന്നിൽ സഹപ്രവർത്തകരോ

ടൊപ്പം കിടന്ന് സമരം നടത്തിയ എന്നെ പോലീസ് മർദ്ദിച്ചിട്ടില്ല, അറസ്റ്റ് ചെയ്ത് മാറ്റുകയാണ് ചെയ്തത്. പാവപ്പെട്ട വീടുകളിൽനിന്ന് വരുന്ന സർക്കാർ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളാണ് പ്രക്ഷോഭത്തിൽ രംഗത്ത് വരുന്നത്, അല്ലാതെ സി.ബി.എസ്.ഇ.-ൽ പഠുക്കുന്ന കുട്ടികളല്ല. എന്റെ നാട്ടിൽ എസ്.എഫ്.ഐ.-യുടെ സ്റ്റേറ്റ് സെക്രട്ടറി വിനീഷിന്റെ രണ്ട് കൈയും തല്ലിയൊടിച്ചു. വിനീഷ് ഇപ്പോൾ ആശുപത്രിയിലാണ്. രാഷ്ട്രീയമായ അഭിപ്രായത്തിന്റെ പേരിൽ പ്രക്ഷോഭ രംഗത്ത് വരുന്ന വിദ്യാർത്ഥികളെ മർദ്ദിക്കാതെ സമാധനപരമായി ആ പ്രക്ഷോഭത്തെ നേരിടാൻ സാധിക്കുമോയെന്ന കാര്യത്തെ സംബന്ധിച്ച് കേരളത്തിലെ എല്ലാ ഭരണ-പ്രതിപക്ഷ വിദ്യാർത്ഥി സംഘടനകൾ, യുവജന സംഘടനകളുമായി ആലോചിക്കണം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തരമന്ത്രിയായിരുന്നപ്പോൾ വടകര റൂറൽ ജില്ലയിൽ പുതിയ എസ്.പി. ഓഫീസിന് ഫണ്ടനുവദിച്ച് കെട്ടിടത്തിന്റെ പണി ആരംഭിച്ചു. പക്ഷേ ഇതുവരെ അത് പൂർത്തിയായിട്ടില്ല. റൂറൽ എസ്.പി. ഓഫീസിന്റെ പണി പൂർത്തിയാക്കാൻ മന്ത്രി നിർദ്ദേശം നൽകണം. അതുപോലെ കേരളത്തിലെ പല ജയിലുകളും ബ്രിട്ടീഷ് ഭരണകാലത്തുള്ള ജയിലുകളാണ്. വടകരയിൽ പല കാരണങ്ങളാലും മുൻകാലങ്ങളിലേക്കാൾ എത്രയോ ഇരട്ടി ആളുകൾ പ്രതികളായി ജയിലിൽ വരുന്നു. ജയിലിലെ യോഗങ്ങളിൽ സംബന്ധിക്കുന്ന അവസരത്തിൽ വളരെ സങ്കടം തോന്നാറുണ്ട്. ഇത്തരത്തിലുള്ള അവസ്ഥയിൽ ജയിലിൽ ആളുകൾ കിടക്കാമോ. വടകരയിൽ പുതിയ ജയിലുണ്ടാക്കാൻവേണ്ടിയുള്ള പരിശ്രമമുണ്ട്. അവിടെ സ്ഥലം ഉണ്ട്. എസ്.പി. ഓഫീസിനടുത്തുള്ള സർക്കാർ സ്ഥലം വിട്ടുകിട്ടി അവിടെ ഒരു നല്ല ജയിലുണ്ടാക്കാനുള്ള സൗകര്യമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അതിന്

മുൻകൈയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഓരോ വർഷവും മീറ്റിംഗ് നടക്കുന്ന അവസരത്തിൽ ജയിലിൽ കിടക്കുന്നവരും ജയിലിലെ ഉദ്യോഗസ്ഥൻമാരുമൊക്കെ ഒരു എം.എൽ.എ. എന്ന നിലയ്ക്ക് ഞാൻ കൊള്ളാത്തവനാണോയെന്ന സംശയം അവർക്കുണ്ട്. അത് പരിഹരിക്കാൻ സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഇവിടെ രാഷ്ട്രീയ കാര്യങ്ങൾ ചർച്ച ചെയ്തു. പാർലമെന്റ് തെരഞ്ഞെടുപ്പിൽ നമ്മളെല്ലാവരും പരാജയപ്പെട്ടത് എന്തുകൊണ്ട്? കോൺഗ്രസ് പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേർക്ക് ചോദ്യം ഉന്നയിക്കുന്നു. കോൺഗ്രസ് സുഹൃത്തുക്കളോട് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്, കോൺഗ്രസ് കുടുംബവാഴ്ചയുടെ പാർട്ടിയല്ല. മഹാത്മാ ഗാന്ധിയെ സംബന്ധിച്ച് അദ്ദേഹത്തിന്റെ മക്കൾ പറഞ്ഞത്, ഞങ്ങളുടെ പിതാവിനെ ലോകവും ഇൻഡ്യയും ആരാധിക്കുന്നെങ്കിലും അച്ഛനെന്നുള്ള നിലയ്ക്ക് നാളേയ്ക്ക് വേണ്ടി ഒന്നും കരുതാത്ത ആളാണ് അദ്ദേഹമെന്നാണ്. ഗാന്ധിജിയുടെ മക്കൾ പിന്നീട് ഇൻഡ്യ ഭരിച്ചോ, എം.പി. മാരായോ എന്നുള്ളതല്ല പ്രശ്നം. കുടുംബവാഴ്ച ഗാന്ധിജി ഉണ്ടാക്കിയതല്ല. ലാൽബഹദൂർ ശാസ്ത്രിയേയും ഗുൽസാരിലാൽ നന്ദയേയും പോലുള്ള കോൺഗ്രസ്സിന്റെ പഴയകാല പ്രധാനമന്ത്രിമാരെ നമുക്കറിയില്ല. എന്നാൽ, പ്രധാനമന്ത്രിയായിരുന്നതിനുശേഷം തന്റെ പിന്തുടർച്ചയ്ക്ക് സഞ്ജയ്ഗാന്ധിയെ കൊണ്ടുവന്ന ഇന്ദിരാഗാന്ധിയെ അറിയാം. സഞ്ജയിന്റെ നിര്യാണശേഷം അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ രാജീവ്ഗാന്ധി, തനിക്ക് രാഷ്ട്രീയത്തോട് യാതൊരു താൽപ്പര്യമില്ലെന്നും പൈലറ്റിന്റെ ഒഴിവുള്ള സമയം ഞാനും ഭാര്യയും മക്കളും വെസ്റ്റേൺ മ്യൂസിക്കിലെ ജാസ് മ്യൂസിക് ആസ്വദിക്കുമെന്ന്

ബ്ലിറ്റ്സ്–നുകൊടുത്ത ഒരു ഇന്റർവ്യൂവിൽ പറഞ്ഞ, ഒരു രാഷ്ട്രീയ പുസ്തകവും വായിച്ചിട്ടില്ലാത്ത അദ്ദേഹത്തെ പ്രധാനമന്ത്രിയാക്കി. അദ്ദേഹത്തിന്റെ മരണശേഷം സീതാറാം കേസരി കോൺഗ്രസ്സിന്റെ പ്രസിഡന്റായ ഘട്ടത്തിൽ കോൺഗ്രസ്(ഐ)–ൽ നിന്നും ആളുകൾ പോയിക്കൊണ്ടിരിക്കുന്ന അവസരത്തിൽ, കേരളത്തിലെ കെ. കരുണാകരൻ, അർജ്ജുൻ സിംഗ് അതുപോലുള്ളവർ, ഈ പാർട്ടിയെ കുടുംബ വാഴ്ചയിലൂടെ പിടിച്ചുനിർത്തിയതാണെന്നും രക്ഷിക്കണമെന്നും പറഞ്ഞ് ശ്രീമതി സോണിയാഗാന്ധിയുടെ അടുത്തുപോവുകയും തുടർന്ന് അവർ പ്രസിഡന്റ് ആവുകയും ചെയ്തു. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ശ്രീ. എ.കെ. ആന്റണിയും ശ്രീ. വയലാർ രവിയും അഖിലേൻഡ്യാടി സ്ഥാനത്തിൽ പ്രസംഗിച്ചോ? ഇൻഡ്യയിലെ ഏറ്റവും വലിയ പാർട്ടിയെന്ന് നിങ്ങൾ പറയുന്ന പാർട്ടിയുടെ പൊതുയോഗങ്ങളിൽ ആ കുടുംബത്തിൽ നിന്നല്ലാത്ത ഒരാൾ ദേശീയനേതാവ് എന്നുപറഞ്ഞ് പങ്കെടുത്തോ? ശ്രീ.രാഹുൽ ഗാന്ധിയുടെ സഹോദരി പ്രിയങ്കാ ഗാന്ധി പാർട്ടിയെ നയിക്കണമെന്നുള്ളതാണ് ആവശ്യം. ഒന്നാമതായി, മഹാത്മാ ഗാന്ധിയുടെയും ജവഹർലാൽ നെഹ്റുവിന്റെയും ലാൽ ബഹദൂർ ശാസ്ത്രിയുടെയും പാരമ്പര്യമുള്ള പ്രസ്ഥാനത്തിന് അതിന് സാധിക്കുമോ? രണ്ടാമതായി, ഈ പ്രസ്ഥാനത്തെ കുത്തകകളുടെ കയ്യിൽ എത്തിച്ചു. വി.പി. സിംഗ് ഇൻഡ്യൻ പ്രധാനമന്ത്രി ആയപ്പോൾ വൻകിട കുത്തകകൾക്കെതിരെ നിലപാട് സ്വീകരിച്ചു. അപ്പോൾ വി.പി. സിംഗ് ഗവൺമെന്റിനെ തകർക്കാൻ അന്നത്തെ ഇവരുടെ 'പിതാവ്' അംബാനിയെയും അന്നത്തെ ജനതാദൾ–ൽ ഉണ്ടായിരുന്ന പ്രധാനപ്പെട്ട നേതാക്കളേയും കോൺഗ്രസ് (ഐ) കൂട്ടുപിടിച്ചു. അവിടെ

നിന്നുമാണ് ഇൻഡ്യാ രാജ്യം കുത്തകകളുടെ കയ്യിലാകാൻ ആരംഭിച്ചത്. ഇപ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ഉൾപ്പെടെയെല്ലാം അംബാനി പിടിക്കുന്നു. പാർലമെന്റ് തെരഞ്ഞെടുപ്പ് വന്നപ്പോൾ അവർക്ക് വേണ്ടത് നിങ്ങളെയല്ല ശ്രീ. നരേന്ദ്ര മോദിയെയാണ്. അദ്ദേഹം അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കും. നിങ്ങളെ ഒഴിവാക്കി മോദിയെ കൂട്ടുപിടിക്കുന്ന തിനെ എന്തിനാണ് ആക്ഷേപിക്കുന്നത്. ശ്രീ. നരേന്ദ്ര മോദിയേയും അവരുടെ കൂടെ നിൽക്കുന്നവരെയും രംഗത്തേയ്ക്ക് കൊണ്ടുവരാൻ സൗകര്യം ചെയ്തുകൊടുത്തത് നമ്മളെല്ലാവരും തന്നെയാണ്. സ്വാതന്ത്ര്യസമര കാലത്തുണ്ടാക്കിയ കേരളത്തിലെ പത്രം ഇൻഡ്യയിലെ വൻകിട കുത്തക ക്കാരുടെ താൽപ്പര്യങ്ങളുടെ കൂടെയായിരുന്നത് കാണണം. അതിനെ എതിർക്കുന്നതിന് പകരം ഇവിടെയിരിക്കുന്ന ബേബിയെവിടെ, മറ്റുള്ളവരെവി ടെയെന്നുള്ള ചക്കളത്തിപോരാട്ടങ്ങൾ പരിഹാസ്യമാണ്. ഇൻഡ്യയ്ക്ക് മാതൃകയാകാൻ സാധിക്കുന്ന ഒരു നിയമസഭയാണിത്. ഞങ്ങൾ മൂന്നാം മുന്നണി ഉണ്ടാക്കാൻ ശ്രമിച്ചു. അതിന് സാദ്ധ്യതയുണ്ടായിരുന്നു.

ശ്രീ. പി.സി. വിഷ്ണുനാഥ് : സർ, അങ്ങ് സീനിയറായ ഒരു നേതാവാണ്. ബി.ജെ.പി.യോടും വർഗ്ഗീയതയോടുമുള്ള അങ്ങയുടെ നിലപാടിൽ എനിക്ക് ബഹുമാനമുണ്ട്. അങ്ങയുടെ പാർട്ടി എന്തിനാണ് കർണ്ണാടകയിൽ ബി.ജെ.പി. യുമായി ചേർന്ന് അധികാരത്തിൽ വന്നതും അവിടത്തെ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.യോട് ചേർന്ന് മത്സരിക്കുകയും ചെയ്തത്? മാണ്ഡ്യായിൽ അങ്ങയുടെ പാർട്ടിയും ബി.ജെ.പി.യും ഒരുമിച്ചാണ് മത്സരിച്ചത്. ശ്രീ. കുമാരസ്വാമിയെ മുഖ്യമന്ത്രിയാക്കിയത് ശ്രീ. യെദ്യൂരപ്പയുടെയും ബി.ജെ.പി. യുടെയും പിന്തുണയോടുകൂടിയാണ്. ഈ ആർജ്ജവം അപ്പോൾ കാണിക്കണമായിരുന്നു.

ശ്രീ. സി.കെ. നാണു : സർ, സമീപകാലത്ത് രാഷ്ട്രീയം ഫലപ്രദമായി പഠിച്ച് സംസാരിക്കുന്ന ചെറുപ്പക്കാരൻ എന്നുള്ള നിലയ്ക്ക് ശ്രീ. പി.സി. വിഷ്ണുനാഥിനെ എനിക്ക് ബഹുമാനമാണ്. ഇൻഡ്യൻ രാഷ്ട്രീയത്തിൽ മക്കൾ രാഷ്ട്രീയത്തിന്റെ അന്തരീക്ഷമുണ്ടാക്കിയ ഒരു പാർട്ടിയും രക്ഷപ്പെട്ടിട്ടില്ല. ശ്രീ. മുലായം സിംഗ് യാദവിന്റെ പാർട്ടിയിൽ മകൻ മുഖ്യമന്ത്രി, മകന്റെ ഭാര്യ രാജ്യസഭാംഗം, മുമ്പ് രാഷ്ട്രീയ പാർട്ടികളൊന്നും അങ്ങനെയായിരുന്നില്ല. കർണ്ണാടകയിൽ ദേവഗൗഡ ബി.ജെ.പി.യുടെകൂടെ ചേർന്നപ്പോൾ ഞങ്ങൾ കുറച്ചാളുകളാണെങ്കിലും അദ്ദേഹവുമായുള്ള ബന്ധം വേർപെടുത്തി ഒറ്റയ്ക്ക് നിന്നു. കർണ്ണാടകത്തിൽ ബി.ജെ.പി. യുമായി ചേർന്ന പാർട്ടിയുടെ കൂടെ കേരളത്തിലെ ജനതാദൾ നിൽക്കുന്നുണ്ടല്ലോ എന്ന് അന്ന് ശ്രീ. എ.കെ. ആന്റണിയും ശ്രീ. വയലാർ രവിയും ചോദിച്ചു. അതിന് ഞങ്ങൾ സീറ്റ് ചർച്ച നടത്തുന്നത് ദേവഗൗഡയുമായിട്ടല്ല, പിണറായി വിജയനുമായി ട്ടാണെന്നാണ് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ശ്രീ. എം.പി. വീരേന്ദ്ര കുമാർ പ്രഖ്യാപിച്ചത്. അദ്ദേഹം ബി.ജെ.പി.യുമായി ബന്ധപ്പെടാത്ത അവസ്ഥ വന്നപ്പോൾ ഞങ്ങൾ തിരിച്ചുപോയി. ഇൻഡ്യയിലെ ജനാധിപത്യ പ്രസ്ഥാനങ്ങളിലെ കുടുംബ വാഴ്ചയുടേതായ കൊടുങ്കാറ്റിൽ ഞങ്ങൾ എങ്ങനെയാണ് രക്ഷപെടുന്നത്. ശ്രീ. പി.സി. വിഷ്ണുനാഥ് ഞാൻ പറയുന്നത് മനസ്സിലാക്കുമെന്ന് കരുതുന്നു. കുടുംബവാഴ്ചയില്ലാത്ത പ്രവർത്തകനായതുകൊണ്ട് താങ്കൾക്ക് നിൽക്കാം. ഇൻഡ്യയിൽ സൈലൻസർ ഫിറ്റ് ചെയ്ത ഒന്നുംശബ്ദിക്കാത്ത നേതാക്കളാണുള്ളത്.

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പർ, അങ്ങ് പ്രസംഗം ചുരുക്കണം.

ശ്രീ. സി.കെ. നാണു: എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, രാഷ്ട്രീയ പ്രശ്നങ്ങളെ കാണണം. പുതിയ സ്ഥലത്തുനിന്നും ആരംഭിക്കണം.

ബി.ജെ.പിയെ സംബന്ധിച്ച് ഭയപ്പെടേണ്ട ആവശ്യമില്ല. കേരളത്തിൽ ബി.ജെ.പി. യുമായുള്ള ധാരണയുടെ ഭാഗമായി ഉണ്ണികൃഷ്ണനെതിരെ രത്തൻ സിംഗിനെ നിർത്തിയെന്നുള്ളതെല്ലാം വേറെ കാര്യങ്ങളാണ്. അത് എങ്ങനെയെങ്കിലും അധികാരത്തിൽ വരാനുള്ള പൊളിറ്റിക്സാണ്. നാടിന്റെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള രാഷ്ട്രീയം കോൺഗ്രസ് (ഐ) യുടെ ഭാഗത്തില്ല. പല സംസ്ഥാനങ്ങളിലും പാർട്ടി ഇല്ല. കാരണം നിങ്ങൾ ഇതിനെ തകർത്ത് തരിപ്പണമാക്കി. ഇനിയുള്ള പ്രശ്നം പി.സി. വിഷ്ണുനാഥിനെ പോലുള്ള ചെറുപ്പക്കാർക്ക് കുടുംബവാഴ്ചയില്ലാത്ത രാഷ്ട്രീയത്തിന്റെ നേതാക്കളാകാൻ സാധിക്കുമോ എന്നുള്ളതാണ്. നിങ്ങൾ ഒരു പരീക്ഷണത്തി നുണ്ടോ, ഞങ്ങളും ആ പരീക്ഷണത്തിലാണ്. കമ്മ്യൂണിസ്റ്റ് പാർട്ടികളെ സംബന്ധിച്ച് കുടുംബവാഴ്ച പറയാറില്ലെന്നുള്ളത് ഭാഗ്യമാണ്. ഞങ്ങളുടെ പാർട്ടിയിൽ കുടുംബവാഴ്ച പറയാം. അതിൽ നിന്നും രക്ഷപെടാൻ എങ്ങനെ സാധിക്കുമെന്ന് ഞങ്ങൾ പരിശോധിക്കുകയാണ്. ചുരുങ്ങിയ സമയമേയു ള്ളൂവെന്നതുകൊണ്ട് കൂടുതൽ കാര്യങ്ങൾ ഇപ്പോൾ പറയുന്നില്ല. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, പോലീസ്, ജയിലുകൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. നമ്മളെല്ലാപേരും ബഹുമാനിക്കുന്ന സീനിയർ അംഗം ശ്രീ. സി. കെ. നാണു, അദ്ദേഹത്തിന്റെ പ്രസംഗമവസാനിപ്പിച്ചത് രാഷ്ട്രീയകാര്യങ്ങൾ വിശകലനം ചെയ്തു കൊണ്ടാണ്. രാഷ്ട്രീയകാര്യങ്ങൾ വിശകലനം ചെയ്യുമ്പോൾ കേരളത്തിൽ ഐക്യജനാധിപത്യ മുന്നണി ഏറ്റവും അഭിമാനകരമായ ഒരു വിജയം ലോക്സഭാ തെരഞ്ഞെടുപ്പിൽ കൈവരിച്ചതിനുശേഷമുള്ള സഭാ

സമ്മേളനമാണ് ഇവിടെ നടക്കുന്നത്. ഐക്യജനാധിപത്യ മുന്നണിയുടെ പ്രിയങ്കരനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ യു.ഡി.എഫ് ഒറ്റക്കെട്ടായി നടത്തിയ ഒരു പ്രവർത്തനത്തിന്റെ വിജയമായി നമുക്കെല്ലാം അഭിമാനത്തോടെ ഇതിനെ കാണാൻ സാധിക്കും. പ്രിയപ്പെട്ട സി. കെ. നാണു, ഇവിടെ കാര്യങ്ങൾ വിശകലനം ചെയ്തപ്പോൾ കേരളത്തിൽ യു.ഡി.എഫ്.-ന്റെ വിജയത്തെക്കുറിച്ച് പറയുന്നതിനോടൊപ്പം എൽ.ഡി.എഫ്-ന് സംഭവിച്ചിരിക്കുന്ന പരാജയത്തെക്കുറിച്ചും ഗൗരവമായി കാണണമെന്ന് സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ദേശീയതലത്തിലുള്ള വിജയപരാജയങ്ങൾ അവിടെ നിൽക്കട്ടെ, കേരളത്തിലെ സാഹചര്യങ്ങൾ പരിശോധിച്ചാൽത്തന്നെ തിരുവനന്തപുരം പാർലമെന്റ് മണ്ഡലം, എൽ.ഡി.എഫ്. തലത്തിൽ അങ്ങിപ്പോൾ ശ്രീ. പി. സി. വിഷ്ണുനാഥിനോടടക്കം ഇപ്പുറത്ത് യു.ഡി.എഫ്. ബ്ലോക്കിനെ നോക്കി സംസാരിച്ചപ്പോൾ ഞാൻ ചൂണ്ടിക്കാണിക്കാനാഗ്രഹിച്ചതാണ്, തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിൽ എൽ.ഡി.എഫ്. മൂന്നാം സ്ഥാനത്തുവന്നുവെന്ന വിഷയം വളരെ ഗൗരവമായി എൽ.ഡി.എഫ്. പരിശോധിക്കേണ്ടതല്ലേയെന്ന് അങ്ങയെപ്പോലുള്ള ആളുകൾ ചിന്തിക്കേണ്ടതുണ്ട്. ഞങ്ങളത് ഗൗരവമായി കാണുകയാണ്, കാരണം ഇവിടെ ബി.ജെ.പി.യെ ഭയപ്പെടേണ്ട കാര്യമില്ലായെന്ന നിലയിൽ എൽ.ഡി.എഫ്-നെ പ്രതിനിധീകരിച്ചുകൊണ്ട് അങ്ങ് സംസാരിക്കുമ്പോൾ തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിൽ എൽ.ഡി.എഫ്. മൂന്നാം സ്ഥാനത്തും ബി.ജെ.പി. രണ്ടാം സ്ഥാനത്തും വന്നുവെന്ന വിഷയത്തെ രാഷ്ട്രീയമായി വിശകലനം ചെയ്യുമ്പോൾ വളരെ ഗൗരവമുള്ള വിഷയമായിത്തന്നെയാണ് കണക്കാക്കേണ്ടതെന്ന് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അത്തരത്തിലുള്ള ഗൗരവമായ

തലത്തിലേയ്ക്കുവരാൻ എൽ.ഡി.എഫ്.–ന് കഴിഞ്ഞിട്ടുണ്ടോ; എന്തു കൊണ്ടാണ് എൽ.ഡി.എഫ്. ഇത്രയും വലിയ പരാജയത്തിലേയ്ക്ക് പോയത് എന്നതിന്റെ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ? അത്തരം വിഷയങ്ങൾ പരിശോധിക്കേണ്ടത് കേരളത്തിന്റെ ഭാവി രാഷ്ട്രീയത്തിൽ ആവശ്യമാണ് എന്നൊരു കാഴ്ചപ്പാടാണ് ഞങ്ങൾക്കുള്ളതെന്ന് സൂചിപ്പിക്കാൻ ഞാനാഗ്രഹി ക്കുകയാണ്. ഇൻഡ്യയൊട്ടാകെ കോൺഗ്രസ്സ് പാർട്ടിക്ക് പരാജയം സംഭവിച്ച ഈ സന്ദർഭത്തിൽ ഐക്യജനാധിപത്യ മുന്നണി കൈവരിച്ച ശ്രദ്ധേയമായ ഈ നേട്ടത്തിലൂടെ കേരളത്തിൽ വ്യത്യസ്തമായ വേറിട്ട ഒരു സാഹചര്യം ഐക്യജനാധിപത്യ മുന്നണിക്കു നിലനിർത്താൻ കഴിഞ്ഞുവെന്ന് പറയുന്ന തിൽ യു.ഡി.എഫ്.–ലെ എല്ലാ ഘടകകക്ഷികൾക്കും തീർച്ചയായും അഭിമാന മുണ്ട് എന്നുപറയാൻകൂടി ഞങ്ങളാഗ്രഹിക്കുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ യു.ഡി.എഫ്. നടത്തിയ പ്രവർത്തനങ്ങൾ, ആദരണീയനായ കേരളാ കോൺഗ്രസ്സ് നേതാവ് ശ്രീ. കെ. എം. മാണി, അതുപോലെതന്നെ മുസ്ലീം ലീഗിന്റെ നേതാവും യു.ഡി.എഫ് –ന്റെ സമുന്നതനുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അടക്കമുള്ള മറ്റ് വിവിധ ഘടകകക്ഷി നേതാക്കന്മാരെല്ലാവരും ചേർന്നുകൊണ്ട് യു.ഡി.എഫ്. ഒറ്റക്കെട്ടായി പ്രവർത്തനം നടത്തിയതും ഇന്ന് ധനാഭ്യർത്ഥനയിൽ വരുന്ന ആഭ്യന്തരവകുപ്പുമായി ബന്ധപ്പെട്ട് ബഹുമാന്യനായ മന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ മന്ത്രിസഭാ പ്രവേശനമുൾപ്പെടെയുള്ള കാര്യങ്ങൾ ഐക്യജനാധിപത്യമുന്നണിക്ക് തിളക്കമാർന്ന വിജയം കൈവരിക്കുന്നതിൽ ഏറ്റവും സഹായകമായി എന്ന വിശ്വാസമാണ് എനിക്കിവിടെ പങ്കുവയ്ക്കാനു ള്ളത്. ഇത് കേരളത്തിൽ യു.ഡി.എഫ്. ഒറ്റക്കെട്ടായി നടത്തിയ ഒരു പ്രവർത്തനത്തിന്റെ വിജയമാണ്. ഇൻഡ്യയൊട്ടാകെയുണ്ടായ പരാജയ

ത്തിന്റെ പശ്ചാത്തലത്തിലും കേരളത്തിൽ ചെറുതും വലുതുമായ കക്ഷികൾ, ഐക്യജനാധിപത്യ മുന്നണിയിലെ വിവിധ കക്ഷികൾ, ആർ.എസ്.പി.യിലെ ശ്രീ. എൻ. കെ. പ്രേമചന്ദ്രനടക്കം കടന്നുവന്ന് യു.ഡി.എഫ്. ശക്തിപ്പെട്ട തുൾപ്പെടെ എല്ലാ സാഹചര്യങ്ങളും വിലയിരുത്തുമ്പോൾ ഐക്യജനാധിപത്യ മുന്നണി കൂടുതൽ വളർച്ചയിലേയ്ക്ക് വരികയും കൂടുതൽ ശക്തമായ നിലപാടോടെ മുന്നോട്ടുപോകാനുള്ള സാഹചര്യമുണ്ടാകുകയും ചെയ്തതിലൂടെ ഐക്യജനാധിപത്യ മുന്നണിക്കുണ്ടായ വിജയം ശ്രദ്ധേയമാണ്. കേരള കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം 100 ശതമാനം വിജയംനേടിയതിന്റെ ഒരഭിമാനത്തിലാണ് ഞങ്ങൾ നിൽക്കുന്നത്. കോട്ടയം പാർലമെന്റ് മണ്ഡലത്തിൽ കേരളത്തിലെ ഏറ്റവും തിളക്കമാർന്ന ഭൂരിപക്ഷത്തോടെ ശ്രീ. ജോസ്. കെ. മാണി.............

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ശ്രീ. കെ. എം. മാണിയെ മുഖ്യമന്ത്രിയാക്കണമെന്ന് ശ്രീ. പി. സി. ജോർജ് പറഞ്ഞ കാര്യംകൂടി അങ്ങ് പറയണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായം ഇന്നലെ പങ്കുവച്ചു. അത് പിന്നീടൊരവസരത്തിൽ ചർച്ച ചെയ്യാം. അതുകൊണ്ട് കോട്ടയം പാർലമെന്റ് മണ്ഡലത്തിൽ ശ്രദ്ധേയമായ ഒരു വിജയം നേടാൻ കഴിഞ്ഞതിലുള്ള അഭിമാനം ഞങ്ങൾക്കുണ്ട്. രണ്ടാമതൊരു സീറ്റുകൂടി കേരളാ കോൺഗ്രസ്സിന് കിട്ടണമെന്നൊരാഗ്രഹം പാർട്ടിക്കുണ്ടായിരുന്നു, ഞങ്ങളത് ഉന്നയിച്ചു. രണ്ടാമതൊരു സീറ്റുകൂടി കിട്ടിയാലും കേരളാ കോൺഗ്രസ്സ് ജയിക്കുമായിരുന്നുവെന്ന കാര്യത്തിൽ സംശയമില്ല, യു.ഡി.എഫ്. ജയിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

എന്തായാലും മുന്നണിയുടെ നന്മയായിരുന്നു ഏറ്റവും പ്രധാനപ്പെട്ട വിഷയമെന്ന നിലപാടാണ് ഞങ്ങൾ സ്വീകരിച്ചത്. അതുകൊണ്ട് ഐക്യജനാധിപത്യ മുന്നണിയുടെ വളർച്ചയ്ക്കുവേണ്ടി യു.ഡി.എഫ്. എന്ന പൊതുവികാരത്തിൽ നിൽക്കാൻ ഞങ്ങൾ തയ്യാറായി.

<u>ശ്രീ. ഇ. പി. ജയരാജൻ:</u> സർ, കേരളത്തിൽ മുസ്ലീം ലീഗും കേരളാ കോൺഗ്രസ്സുമില്ലെങ്കിൽ ഒറ്റ സീറ്റുപോലും കോൺഗ്രസ്സിന് കിട്ടില്ലായെന്ന കാര്യം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, അങ്ങ് ഐക്യജനാധിപത്യ മുന്നണിയിൽ കുഴപ്പമുണ്ടാക്കാൻ ശ്രമിച്ചാൽ ഞങ്ങൾ അതിലേയ്ക്ക് കടക്കാനാഗ്രഹിക്കുന്നില്ല. യു.ഡി.എഫ്. ഒറ്റക്കെട്ടായി പോകുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ ഐക്യജനാധിപത്യ മുന്നണി കേരളത്തിൽ നന്മചെയ്ത് മുന്നോട്ടുപോകുമ്പോൾ അങ്ങയുടെ ലക്ഷ്യം വളരെ വ്യക്തമാണ്. അതുകൊണ്ട് ഞങ്ങൾ അതിലേയ്ക്ക് കടക്കാനാഗ്രഹിക്കുന്നില്ല, യു.ഡി.എഫ്. ഒറ്റക്കെട്ടായി മുന്നോട്ടുപോകും. ഇവിടെ ഈ ധനാഭ്യർത്ഥനയിലേയ്ക്ക് കടക്കുമ്പോൾ ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല, മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്കും മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശേഷം ആഭ്യന്തര വകുപ്പിന് ഇന്ന് നേതൃത്വം നൽകുമ്പോൾ യു.ഡി.എഫ്. ഈ കാലഘട്ടത്തിൽ കേരളത്തിലെ ക്രമസമാധാനനില ഭദ്രമായി സൂക്ഷിക്കുവാനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാനും സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ച് മുന്നോട്ടുപോകുകയാണ്. ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല, ജനപക്ഷത്തുനിന്നുകൊണ്ട് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നുവെന്നുള്ളത് കേരളം അഭിമാനത്തോടുകൂടി നോക്കി

കാണുകയാണ്. ഇവിടെ സാധാരണക്കാർക്ക് ഒരു നീതി, സമ്പന്നർക്ക് മറ്റൊരു നീതിയെന്ന് ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. കെ. കെ. ജയചന്ദ്രനും, ശ്രീ. ജി. എസ്. ജയലാലും ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിൽ അങ്ങനെയൊരു നിലപാടാണോ യു.ഡി.എഫ്. സ്വീകരിച്ചിട്ടുള്ളത്; ഒരിക്കലുമല്ല, അത് അടിസ്ഥാനരഹിതമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഇവിടെ നടന്നുക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾതന്നെ ധാരാളമാണ്. ഇപ്പോൾ ഗവൺമെന്റ് നേതൃത്വം നൽകുന്ന 'ഓപ്പറേഷൻ കുബേര' ഇതിനൊരുദാഹരണമാണ്. ഇവിടെ സാധാരണക്കാരെന്നോ വലിയവരെന്നോ ഉള്ള വ്യത്യാസത്തിലാണോ; കേരളമൊട്ടാകെ കുഴപ്പം കാണിച്ചവരുണ്ടെങ്കിൽ അവരെ എല്ലാപേരെയും പിടിക്കുവാനും കാര്യമായ റെയ്ഡ് നടത്തുവാനും സംസ്ഥാനമൊട്ടാകെ നീതിപൂർവ്വമായ ഇടപെടൽ നടത്താനും ഗവൺമെന്റ് ശക്തമായി മുന്നോട്ടുവന്നുവെന്നുപറയുന്നത് കേരളമൊറ്റക്കെട്ടായി സ്വാഗതം ചെയ്യുന്ന കാര്യമാണ്. എനിക്ക് മുമ്പ് ബഹുമാനപ്പെട്ട അംഗം സി. മോയിൻകുട്ടി ഇവിടെ സൂചിപ്പിച്ചു, എത്രയോ കുടുംബങ്ങൾ അനാഥമായി, എത്രയോ കുടുംബങ്ങൾക്ക് ദാരുണമായ ദുരന്തങ്ങളുണ്ടായി. ആ സാഹചര്യങ്ങളിലൂടെ കടന്നുപോയപ്പോൾ ആർക്കുമൊന്നും ചെയ്യാൻ കഴിയാതെ നോക്കുകുത്തിയായി നിൽക്കുന്ന ഒരു സംവിധാനം നമ്മുടെ സംസ്ഥാനത്തുണ്ടായപ്പോൾ ജനങ്ങൾ ആശങ്കയിലും ദുഃഖത്തിലുമായിരുന്നു. എന്നാൽ, ഗവൺമെന്റിന്റെ ശക്തമായ ഇടപെടൽ സാധ്യമാകുമെന്ന് തെളിയിച്ചുകൊണ്ടാണ് 'ഓപ്പറേഷൻ കുബേര' ഇന്നിവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ ആരാണ് അതിൽ പ്രതികളാകുന്നതെന്ന് നോക്കിയല്ല മറിച്ച് ഗവൺമെന്റ് ഉറച്ച നിലപാടെടുത്തുകൊണ്ടാണ് ഈയൊരു പ്രവർത്തനത്തിൽ

ഇന്ന് മുന്നോട്ടുവന്നിട്ടുള്ളത്. അതിന്റെ ഭാഗമായി നടന്നിട്ടുള്ള നല്ല കാര്യങ്ങളെ മുഴുവൻ കേരളം നന്മനിറഞ്ഞ മനസ്സോടെ സ്വാഗതം ചെയ്യുന്നു. ബഹുമാന്യനായ ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ പ്രവർത്തനങ്ങളിൽ ഒരു പൊൻതൂവലായി തീർച്ചയായും ഈ ശക്തമായ നിലപാടിനെ ജനങ്ങൾ കാണുന്നു, യു.ഡി.എഫ്. ഗവൺമെന്റിന്റെ നിലപാടിനെ കാണുന്നുവെന്നുപറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇതിന്റെ മറവിൽ പോലീസ് കുഴപ്പംകാണിക്കുന്നതും ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് ചൂണ്ടിക്കാണിക്കാനും ഞാൻ ആഗ്രഹിക്കുകയാണ്. കാരണം നിയമാനുസൃത മായി നടക്കുന്ന സംരംഭങ്ങളെയോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടവരെ യോ വ്യക്തമായി വിലയിരുത്താതെ പോലീസ് കയറി കടന്നാക്രമണം നടത്തി അധിക്ഷേപിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതും ഗൗരവമായി കാണേണ്ട വിഷയമാണ്. അതുകൊണ്ട് നീതിപൂർവ്വമായും ശക്തമായും ഇക്കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാകണം. 'ഓപ്പറേ ഷൻ കുബേര'-യെന്ന പേര്, കുബേരൻ രാവണന്റെ സഹോദരനാണെന്നും സർവ്വജ്ഞാനിയാണെന്നും നമുക്കറിയാം. പക്ഷെ, ഈ പേര് ഇതിലേയ്ക്ക് വരുമ്പോൾ നന്മയുടെ പക്ഷത്തുനിൽക്കുന്ന കുബേരനെയാണോ മന്ത്രി ലക്ഷ്യം വച്ചതെന്നറിയില്ല. എല്ലാപേരും ഇത് ചർച്ച ചെയ്യുന്നുണ്ട്. പ്രൊഫ. എൻ. ജയരാജിനെപ്പോലെ സാഹിത്യ രംഗത്ത് അറിയപ്പെടുന്ന ഒരാളുമായി എന്താണ് ഇതിന്റെയൊരു പശ്ചാത്തലമെന്നതിനെക്കുറിച്ച് ഞാനൊരു ആശയ വിനിമയം നടത്തിനോക്കി. കേരളത്തിൽ എന്തായാലും ഒരു കാര്യമുണ്ട്, കുബേരൻ നന്മയുടെ പക്ഷത്തുനിൽക്കുന്ന ഒരു പ്രതീകമാണ്. ഗവൺമെന്റ് നന്മയുടെ പക്ഷത്തുനിൽക്കുന്നു, ശക്തമായ നിലപാടുമായി മുന്നോട്ടുപോകു

മ്പോൾ കാര്യക്ഷമതയോടെ അക്കാര്യങ്ങൾ നിർവ്വഹിക്കുവാൻ കഴിയട്ടെയെന്നാണ് ഞങ്ങൾക്ക് സൂചിപ്പിക്കുവാനുള്ളത്. ഈ 'ഓപ്പറേഷൻ കുബേര' യുടെ തുടർച്ചയായി വന്ന കാര്യങ്ങൾ മുഖംനോക്കാതെ ഗവൺമെന്റ് നിലപാട് എടുക്കുന്നുവെന്നതിന്റെ തെളിവല്ലേ ഇവിടെ ക്വാറി മാഫിയ, മണൽ മാഫിയ എന്നിങ്ങനെയുള്ള വിവിധ മാഫിയാകൾക്കെതിരായ നിലപാടെടുത്തത്. വെറുതെ വാക്കുകളിലൂടെയല്ല, നടപടികളിലൂടെയാണ് ശക്തമായ നിലപാടെടുക്കാൻ ഗവൺമെന്റ് തയ്യാറായത്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):</u> സർ, നിങ്ങൾ ഈ ഗവൺമെന്റിനേയും അതിന് നേതൃത്വം കൊടുക്കുന്ന മുഖ്യമന്ത്രിയേയും പാടിപ്പുകഴ്ത്തുകയാണ്. എന്നാൽ മുഖ്യമന്ത്രിയെമാറ്റി പകരം ശ്രീ. കെ. എം. മാണിയെ മുഖ്യമന്ത്രിയാക്കണമെന്നാണല്ലോ നിങ്ങളുടെ നേതാവായ ശ്രീ. പി. സി. ജോർജ് ആവശ്യപ്പെടുന്നത്. അതിനെക്കുറിച്ചുള്ള അഭിപ്രായമെന്താണ്?

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട പി.സി. ജോർജ് ശ്രീ. ഉമ്മൻ ചാണ്ടിയെമാറ്റി ശ്രീ. കെ. എം. മാണിയെ മുഖ്യമന്ത്രിയാക്കണമെന്ന് പറഞ്ഞിട്ടില്ല. അദ്ദേഹം പറഞ്ഞത്, മാണിസാർ കേരളാ കോൺഗ്രസ് ജന്മമെടുത്തപ്പോൾ മുതലുള്ള നേതാവെന്ന നിലയിൽ സീനിയറായ നേതാവാണ്, ഏതാണ്ട് 50 വർഷമാകുന്നു. അതുകൊണ്ട് അദ്ദേഹം ആ സ്ഥാനത്തിരിക്കാൻ അർഹനാണ്. ശ്രീ. കെ. എം. മാണി മുഖ്യമന്ത്രിയാകണമെന്നൊരാഗ്രഹം അദ്ദേഹം പ്രകടിപ്പിച്ചു. അത് അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായമെന്ന നിലയിൽ നിൽക്കുന്നു. കേരളാ കോൺഗ്രസ്സ് ആ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്തിട്ടില്ല. അദ്ദേഹം ഇത് തിയററ്റിക്കലാണെന്നും പ്രാക്ടിക്കലായ വശത്തെക്കുറിച്ച് പരിശോധിക്കണമെന്നും പറഞ്ഞി

ട്ടുണ്ട്. പാർട്ടി ഇതിന്റെ തിയററ്റിക്കലും പരിശോധിച്ചിട്ടില്ല, പ്രാക്ടിക്കലും പരിശോധിച്ചിട്ടില്ല, ഇപ്പോൾ ഐക്യജനാധിപത്യ മുന്നണി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ മുന്നോട്ടുപോകുകയെന്ന നിലപാടുമാത്രമേ പാർട്ടി എടുത്തിട്ടുള്ളൂ. ആ നിലപാടിൽ ഞങ്ങൾ ഉറച്ചുനിൽക്കുന്നു. ഇവിടെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് എടുക്കുന്ന നിലപാടുകളിൽ ഏറ്റവും ശക്തമായ ഒരു നിലപാടാണ് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ നടപ്പാക്കിയ 'നിർഭയ കേരളം, സുരക്ഷിത കേരളം' എന്ന പദ്ധതി. ഈ പദ്ധതി പ്രഖ്യാപിച്ചതിന്റെ പശ്ചാത്തലം നമുക്കറിയാം. ഇൻഡ്യയൊട്ടാകെ ഇത്തരമൊരു നിർദ്ദേശം മുന്നോട്ടുവന്നു. ഡൽഹിയിൽ ഒരു സഹോദരി ക്രൂരമായി മാനഭംഗംചെയ്യപ്പെട്ടപ്പോൾ ഇൻഡ്യൻ മന:സാക്ഷിയുടെയും ലോക മനഃസാക്ഷിയുടെയും മുമ്പിൽ ഗുരുതരമായ സ്ഥിതിവിശേഷങ്ങൾ സംജാതമായപ്പോൾ ഗവൺമെന്റ് ഓഫ് ഇൻഡ്യ രാജ്യത്തൊട്ടാകെ നടപ്പാക്കാൻ നിർദ്ദേശിച്ചതും ശക്തമായ നിലപാടുകളെടുക്കാൻ നിർദ്ദേശിച്ചതുമായ സാഹചര്യങ്ങളുണ്ടായപ്പോൾ കേരളമാണ് അക്കാര്യത്തിൽ മുന്നോട്ടുവന്നത് എന്നുള്ളത് നമ്മുടെ സംസ്ഥാനത്തിനു മുഴുവൻ രാഷ്ട്രീയത്തിനതീതമായി അഭിമാനം പകരുന്ന കാര്യമാണ്. ക്രമസമാധാനരംഗത്ത് ഇൻഡ്യയിലെ ഇന്നത്തെ സാഹചര്യങ്ങൾ എന്താണെന്നു കൂടി നമ്മൾ പരിശോധിക്കേണ്ടതായിട്ടുണ്ട്. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നടക്കുന്നതെന്താണ്; നമ്മുടെ സംസ്ഥാനത്തും നിരവധി നിർഭാഗ്യകരമായ സാഹചര്യങ്ങളുണ്ടാകുന്നുവെന്നുള്ളത് ഞാൻ വിസ്മരിക്കുന്നില്ല. അതെല്ലാം ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തതാണ്, ഞാനംഗീകരിക്കുന്നു. പക്ഷെ, അതിൽ ഗവൺമെന്റിന് ശക്തമായ നിലപാടുണ്ട്. പക്ഷെ, വടക്കേ

ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഓരോ ദിവസവും സംഭവിക്കുന്നത് വിലയിരുത്തു ബോൾ തീർച്ചയായും കേരളം വ്യത്യസ്തമായ ഒരു നിലപാടോടുകൂടി നിൽക്കുന്നുവെന്ന് പറയുന്നതും ഒരു സുരക്ഷിതത്വബോധം ഇവിടെ സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ കൊടുക്കാൻ കഴിയുന്നുവെന്ന് പറയുന്നതും, ഇൻഡ്യയുടെ ശരാശരി പരിശോധിക്കുമ്പോൾ കേരളം കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ വളരെ കുറവോടുകൂടി നിൽക്കുന്നുവെന്ന് പറയുന്നതും ആശ്വാസകരമാണ്. പോലീസ് കാര്യക്ഷമമായി ഇടപെടുന്നതും പ്രവർത്തിക്കുന്നതുംതന്നെയാണ് ഇതിനുകാരണം. അക്കാര്യത്തിൽ ഗവൺമെന്റും ആഭ്യന്തരവകുപ്പുമെടുക്കുന്ന ശക്തമായ നിലപാടുകൾ കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് സഹായകരമാകുമെന്ന വിശ്വാസ മാണുള്ളത്.

സ്കൂളുകളിലെ കുട്ടികളുടെ കാര്യത്തിൽ ഗവണ്മെന്റിന്റെ നല്ലൊരു തീരുമാനമാണ് ഇപ്പോൾ വന്നിട്ടുള്ളത്. സേഫ് കാമ്പസ്, ക്ലീൻ കാമ്പസ് എന്ന മുദ്രാവാക്യം ഗവണ്മെന്റിന്റെ ഇടപെടലിന്റെ ഭാഗമായിട്ടുള്ളതാണ്. സ്കൂൾ തുറന്നപ്പോൾ സ്കൂളുകളുടെയും കോളേജുകളുടെയും സമീപം മുഴുവൻ പോലീസ് നല്ല നിലയിൽ പരിശോധന നടത്തി. ഇപ്പോൾ ലഹരി ഉപയോഗി ക്കുന്നതുമായി ബന്ധപ്പെട്ട് വന്നിരിക്കുന്ന വിഷയങ്ങളിൽ, കുട്ടികളുടെ ലഹരി ഉപയോഗം വളരെ ഗുരുതരമായി കാണുന്ന ഇത്തരം വിഷയങ്ങളുടെ മുമ്പിൽ ഗവണ്മെന്റ് ആത്മാർത്ഥമായി ഇടപെട്ടുകൊണ്ട് ഭാവിതലമുറയെ സംരക്ഷിക്കു വാനും കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരാനും നന്മയിലൂടെ കുട്ടികളെ വളർത്തിക്കൊണ്ടുവരാനുമുള്ള ശ്രമത്തിന് നേതൃത്വം കൊടുക്കുകയാണ് ചെയ്യുന്നത്. നമ്മുടെ സംസ്ഥാനത്തെ ഒരു നല്ല കാര്യമാണ് സ്റ്റുഡന്റ്സ്

പോലീസ് കേഡറ്റ് സംവിധാനം. ഇപ്പോൾ എസ്.പി.സി. കുറെയേറെ സ്കൂളുകളിൽ തുടങ്ങി. നമുക്കതിനെ വ്യാപകമാക്കാൻ കഴിയണം. എത്രയോ നന്മ നിറഞ്ഞൊരാശയമാണത്. അതിൽ അംഗങ്ങളാകുന്ന കുട്ടികളുടെ നന്മ ഒരു ഭാഗത്ത്. മറ്റുകുട്ടികൾക്ക് മുഴുവൻ അവർ മാതൃകയാവുകയും ഒരു കാമ്പസിനെ മുഴുവൻ അവർ നയിക്കുകയുമാണ് ചെയ്യുന്നത്. സാമ്പത്തിക ബാധ്യതയുണ്ടെങ്കിൽപ്പോലും കേരളത്തിലെ മുഴുവൻ സ്കൂളുകളിലും എസ്. പി.സി. നടപ്പാക്കാൻ കഴിയുന്നവിധത്തിൽ വലിയൊരു പ്രവർത്തനത്തിലേയ്ക്ക് ഇതിനെ കൊണ്ടുവരണമെന്നാണ് എനിക്ക് ഇക്കാര്യത്തിൽ സൂചിപ്പിക്കുവാനുള്ളത്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, നിർഭയ കേരളമാണ് അങ്ങിവിടെ സംസാരിച്ച് അവസാനിപ്പിച്ച വിഷയം. ഇപ്പോൾ ഭയപ്പെട്ടിട്ട് കേരളത്തിൽ നടക്കാൻവയ്യാ എന്നുള്ള വസ്തുത അങ്ങ് മറന്നുപോകരുത്. അങ്ങ് സ്ത്രീകളുടെയും കുട്ടികളുടെയും കമ്മിറ്റിയുടെ ചെയർമാൻകൂടിയാണ്. ഈ കമ്മിറ്റി കൊടുത്തിട്ടുള്ള നിരവധി ശുപാർശകൾ നാളിതുവരെ ഈ ഗവണ്മെന്റ് ഇംപ്ലിമെന്റ് ചെയ്തിട്ടില്ല. പ്രത്യേകിച്ച് കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് നിയമസഭാ കമ്മിറ്റി കൊടുത്തിട്ടുള്ള ശുപാർശകൾ ഗവണ്മെന്റ് നടപ്പിലാക്കിയിട്ടില്ലായെന്നുള്ള വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മോൻസ് ജോസഫ്: സർ, ശ്രീമതി ഇ. എസ്. ബിജിമോൾ ഇവിടെ സൂചിപ്പിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. നിയമസഭാ കമ്മിറ്റി സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി കൊടുക്കുന്ന പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ പ്രത്യേകമായി പരിശോധിക്കാനും അത് നടപ്പാക്കാനും കാലാകാലങ്ങളിൽ വരുന്ന ഗവണ്മെന്റുകൾ ആത്മാർത്ഥമായി ശ്രമിക്കേണ്ടതാണ്. അക്കാര്യത്തിൽ തീർച്ചയായും യു.ഡി.എഫ്.

ഗവണ്മെന്റിനും ഉത്തുവാദിത്തമുണ്ട്. അതിൽ യാതൊരു സംശയവുമില്ല. അതിൽ ഏറ്റവും അഭിമാനകരമായിട്ടുള്ളത് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും സംസ്ഥാന ഗവണ്മെന്റും കാര്യമായ ശ്രദ്ധചെലുത്തി സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷിതത്വത്തിനുവേണ്ടിയും അവർക്കാവശ്യമായ സംരക്ഷണം കൊടുക്കാനും കഴിയുന്ന നിലപാടുകൾ സ്വീകരിക്കുന്നുവെന്നുള്ളതാണ്. അതിന്റെ ഭാഗമാണ് ഈ നിർഭയ കേരളം പദ്ധതി. ഗവണ്മെന്റ് ഓഫ് ഇന്ത്യ നിർദ്ദേശം കൊടുത്തിട്ടും ഇന്ത്യയിൽ ഒരു സംസ്ഥാനവും ഈ പദ്ധതി നടപ്പാക്കാൻ തയ്യാറായില്ല എന്നുമാത്രമല്ല, മറ്റ് സംസ്ഥാനങ്ങളിൽ ഇറങ്ങിനടക്കാൻ കഴിയില്ലായെന്നുള്ള ഭയാനകമായ സ്ഥിതിവിശേഷം നിലനിൽക്കുന്നുവെന്നുള്ളത് ദൃശ്യ മാദ്ധ്യമത്തിലൂടെ നമ്മൾ കാണുന്നതാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം എത്രയോ ശാന്തമായി നിൽക്കുന്നു. ഇവിടെ നടക്കുന്ന ചെറുതും വലുതുമായ കുറ്റകൃത്യങ്ങളെ നമുക്ക് അംഗീകരിക്കാൻ കഴിയില്ല. അതിനെതിരെ ശക്തമായ നിലപാടുവേണമെന്ന കാര്യത്തിൽ സംശയമില്ല. അത് നമ്മൾ ഒറ്റക്കെട്ടായി നേരിടേണ്ട പ്രശ്നമാണ്. ആ കാര്യത്തിൽ ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് കൂടുതൽ കാര്യക്ഷമമായ ഇടപെടലുകളുണ്ടാകുന്നതിന് ഇന്ന് നടക്കുന്ന ഈ പ്രവർത്തനങ്ങൾ ശക്തി പകരുമെന്ന വിശ്വാസമാണെനിക്കുള്ളത്. ജയിലുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുമ്പോൾ ജയിലുകളുടെ നവീകരണം ഈ കാലഘട്ടത്തിൽ ഏറ്റവും ആവശ്യമുള്ള കാര്യമാണ്. ജയിൽപ്പുള്ളികളുടെയിടയിൽ കഞ്ചാവ് വ്യാപകമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. കുറ്റകൃത്യങ്ങൾ ചെയ്ത് ജയിലിൽപോയിരിക്കുന്ന ആളുകൾ ജയിൽ ശിക്ഷ അനുഭവിച്ച്

പുറത്തുവന്നുകഴിയുമ്പോൾ സമൂഹത്തിൽ അവർ കുഴപ്പമില്ലാതെ ജീവിക്കണമെന്നതാണ് ഈ ശിക്ഷകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. എന്നാൽ ഇന്ന് നിയമം കാറ്റിൽ പറത്തിക്കൊണ്ട് ജയിലുകളിൽ സ്മാർട്ട് ഫോണുകൾ, മദ്യം, കഞ്ചാവ്, എന്നിവയെല്ലാമെത്തിക്കുന്ന റിപ്പോർട്ടുകളാണ് വന്നുകൊണ്ടിരിക്കുന്നത്. ജയിലുകളിൽ പുകവലി നിരോധനം കർശനമായി നടപ്പാക്കാൻ കഴിയുന്ന സുപ്രീംകോടതിയുൾപ്പെടെയുള്ള വിധികൾ കാറ്റിൽപ്പറത്തികൊണ്ട് ഈ രംഗത്ത് നടക്കുന്ന കാര്യങ്ങൾ ഗവണ്മെന്റ് കർശനമായി പരിശോധിക്കേണ്ടതുണ്ട്. ജയിൽപ്പുള്ളികൾക്കുവേണ്ടി ഇവിടെ ചില നിർദ്ദേശങ്ങൾ വരികയുണ്ടായി. അത് കേരളം നിരവധി കാലമായി ചർച്ച ചെയ്യുന്നൊരു വിഷയമാണ്. അവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുവാനും തൊഴിൽ പരിശീലനത്തിലൂടെ ശിക്ഷ കഴിഞ്ഞുവരുന്നവർക്ക് ജീവിതത്തിലേയ്ക്ക് പ്രവേശിക്കാനും കഴിയുന്ന വിധത്തിലുള്ള സാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിനെക്കുറിച്ച് കാലാകാലങ്ങളായി ശുപാർശകൾ വരാറുണ്ട്. അതിനാവശ്യമായ വിധത്തിലുള്ള വിവിധ തൊഴിൽ സാധ്യതകൾ പരിശീലിപ്പിക്കാൻ കഴിയുന്ന പദ്ധതികൾ ജയിലുകളിൽ നടപ്പാക്കേണ്ടത് കേരളത്തിൽ ഏറ്റവും പരിഗണന കൊടുക്കേണ്ട കാര്യമാണ്. സ്ത്രീകളുടെയും കുട്ടികളുടെയും കമ്മിറ്റിയുടെ ചെയർമാൻ എന്ന നിലയിൽ, ശ്രീമതി ബി.എസ്. ബിജിമോൾ പറഞ്ഞ കാര്യം പരിശോധിച്ചപ്പോൾ ജയിലുകളുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട കുറേ കാര്യങ്ങളിൽ ഒന്നുരണ്ട് കാര്യങ്ങൾ ഞാനിവിടെ എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. സ്ത്രീ തടവുകാരെ സ്ഥലപരിമിതിമൂലം തരംതിരിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം ഇന്ന് നിലനിൽക്കുകയാണ്. ജയിൽ നിയമം അനുശാസിക്കുന്ന തരത്തിൽ തടവുകാരുടെ പ്രായം, കുറ്റകൃത്യങ്ങളുടെ

സ്വഭാവം, ശിക്ഷയുടെ സ്വഭാവം എന്നിവ അടിസ്ഥാനമാക്കി സ്ത്രീ തടവുകാരെ തരംതിരിക്കുന്നതിന് നേരിടുന്ന പ്രശ്നങ്ങളിൽ ഗവണ്മെന്റ് നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇന്ന് അതിന് കഴിയുന്നില്ല. അതുകൊണ്ട് എല്ലാ കുറ്റവാളികളും എല്ലാ പ്രായത്തിലുള്ളവരുമെല്ലാം ഒന്നിച്ചുകഴിയുമ്പോൾ ആകെ കുഴപ്പമുണ്ടാകുകയാണ്. ഈ സ്ഥിതിവിശേഷത്തിന് മാറ്റമുണ്ടാകണം. തടവുകാരായ അമ്മമാരോടൊപ്പം കഴിയുന്ന 6 വയസ്സുവരെയുള്ള കുട്ടികൾക്ക് ജയിലിനു വെളിയിൽ ക്രഷ് സൗകര്യം ഏർപ്പെടുത്തണമെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും കേരളത്തിലെ ജയിലുകളിൽ ഇതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് 6 വയസ്സുവരെയുള്ള കുഞ്ഞുങ്ങൾ വലിയ കുറ്റകൃത്യം ചെയ്തുവരുന്ന അമ്മമാരോടൊപ്പം കഴിഞ്ഞുവരികയാണ്. അവരെ ശ്രദ്ധിക്കാനോ സംരക്ഷിക്കാനോ കഴിയാത്ത സാഹചര്യമാണ്. ആ കുഞ്ഞുങ്ങൾ ശരിക്കും നിരപരാധികളാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയും ആഭ്യന്തരവകുപ്പും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധകൊടുക്കണം എന്നു സൂചിപ്പിക്കുകയാണ്. അക്ഷരാഭ്യാസമില്ലാത്ത എല്ലാ തടവുകാർക്കും പ്രാഥമിക വിദ്യാഭ്യാസം നല്കണമെന്ന് ജയിൽ നിയമം അനുശാസിക്കുന്നുണ്ടെങ്കിലും നിലവിൽ 3 വനിതാ ജയിലുകളിലും അദ്ധ്യാപകരില്ലാത്തതിനാൽ ഇന്ന് തടവുകാർക്ക് ഫലപ്രദമായി വിദ്യാഭ്യാസം കൊടുക്കാൻ കഴിയുന്നില്ല. ഇക്കാര്യത്തിൽ ഗവണ്മെന്റ് പ്രത്യേക പരിഗണന കൊടുക്കണം. സ്ത്രീപീഡനങ്ങളുമായി ബന്ധപ്പെട്ടുവരുന്ന നിരവധി കുറ്റകൃത്യങ്ങൾ സമൂഹത്തിന് അംഗീകരിക്കാൻ കഴിയാത്ത പൈശാചികമായ സാഹചര്യങ്ങളിലൂടെ കടന്നുപോകുന്ന സ്ഥിതിവിശേഷം നമ്മുടെ രാജ്യത്തൊട്ടാകെ സംജാതമാകുന്ന സ്ഥിതിയാണ്.

ഇവിടെ മനുഷ്യനെന്തുപറ്റി, സമൂഹത്തിനെന്തുപറ്റി എന്ന ചോദ്യം ആളുകൾ ഉന്നയിക്കുന്ന വിധത്തിൽ ദയനീയമായ പരാജയത്തിലേയ്ക്ക് ലോകത്തിന്റെ മുമ്പിൽ കടന്നുവരുന്ന ഒരു സ്ഥിതി വിശേഷം ഗൗരവമായി കണക്കാക്കി സ്ത്രീപീഡനകേസുകളിൽ ഉൾപ്പെടുന്ന പ്രതികളെ പ്രായം പരിഗണിക്കാതെ, ചെയ്യുന്ന കുറ്റകൃത്യത്തിന്റെ വ്യാപ്തിയും ഗൗരവവും കണക്കിലെടുത്ത് പരമാവധി ശിക്ഷ ഉറപ്പുവരുത്തുവാൻ കഴിയുന്ന തരത്തിലുള്ള നിയമഭേദഗതി ആവശ്യമാണ്. ഈ നിയമഭേദഗതിയെക്കുറിച്ച് കേരളം ഇതിനുമുമ്പും ചർച്ച ചെയ്തിട്ടുണ്ട്. ഇതിൽ ശക്തമായൊരു നിലപാട് സ്വീകരിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനം മാതൃകകാണിക്കണം. സ്ത്രീപീഡന കേസ്സുകളുടെ കാര്യത്തിൽ സമൂഹത്തിൽ കുറ്റകൃത്യങ്ങളിലേയ്ക്ക് കടന്നുവരുന്ന ആളുകളെ കർശന മായി നിയമത്തിന്റെ മുമ്പിൽകൊണ്ടുവന്ന് പരമാവധി ശിക്ഷ കൊടുക്കാൻ കഴിയുന്ന വിധത്തിൽ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും കാര്യക്ഷമമായിട്ടുള്ള ഇടപെടലുണ്ടാകേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിന് ഇത്രയും മാതൃകാപരമായി പ്രവർത്തിക്കുന്ന യു.ഡി.എഫ്. ഗവണ്മെന്റും ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയും നേതൃത്വം കൊടുക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ഞാൻ ഇക്കാര്യങ്ങൾ സൂചിപ്പിക്കുമ്പോൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായൊരു സാഹചര്യം കേരളത്തിലുണ്ട് എന്ന് നമ്മൾ അംഗീകരി ക്കുമ്പോഴും നമ്മുടെ സംസ്ഥാനത്ത് ഇക്കാര്യങ്ങളെല്ലാം മാതൃകാപരമായി കൊണ്ടുപോകാൻ ശ്രമിക്കുന്ന ജനമൈത്രി പോലീസിന്റെ പ്രവർത്തനങ്ങൾ അർത്ഥപൂർണ്ണമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന വിധത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം. കൂടുതൽ പോലീസ് സ്റ്റേഷനുകളി ലേയ്ക്ക് അത് വ്യാപിപ്പിക്കാൻ കഴിയണം. ആ നിലയിൽ കേരളത്തിലെ

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കാൻ അഭ്യന്തര വകുപ്പ് നടത്തുന്ന പരിശ്രമങ്ങൾ അർത്ഥപൂർണ്ണമാക്കി മാറ്റാൻ കഴിയട്ടെ യെന്ന് ഈയവസരത്തിൽ ഞാൻ ആഗ്രഹിക്കുന്നു. ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ കാര്യക്ഷമമായി നടക്കുന്ന ഈ പ്രവർത്തനങ്ങളെ പ്രത്യേകം അഭിനന്ദിച്ചു കൊണ്ട് ഗവണ്മെന്റിന്റെ ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കേരളത്തിന്റെ ആഭ്യന്തര വകുപ്പിന് ഒരു പുതിയ മുഖം നല്കാൻ ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് കഴിഞ്ഞിട്ടുണ്ട് എന്നുള്ള കാര്യത്തിൽ യാതൊരു വിധതർക്കവുമില്ല. കേരളത്തിലെ പോലീസ് ഫോഴ്സിനെ ഇന്നും സാധാരണ ജനങ്ങൾ നോക്കിക്കാണുന്നത് ഭീതിയോടുകൂടിയാണ്. അതുകൊണ്ട് ജനമൈത്രി പോലീസ് എന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ സാധാരണക്കാരന് inaccessible ആകുന്ന ഒരു ഫോഴ്സായി പോലീസ് സേന മാറാൻ പാടില്ല. അതുകൊണ്ടുതന്നെ ആഭ്യന്തര വകുപ്പ് എടുക്കുന്ന നിലപാടുകൾ കൂടുതൽ ജനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാൻ, പുഴു ക്കുത്തുകൾ എല്ലായിടത്തുമുള്ളതുപോലെ, ക്രിമിനലുകൾ പോലീസ് സേനയിലുമുണ്ടാകും. പക്ഷെ പോലീസിനെ കൂടുതൽ ജനകീയവത്കരി ക്കാൻ ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കു ന്നത്. അതിന് ആഭ്യന്തര വകുപ്പ് നിലപാട് സ്വീകരിക്കുമെന്ന് ഞാൻ കരുതുക യാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ജനപക്ഷനിലപാടുകൾ സ്വീകരി ക്കാൻ ഈ പോലീസ് സേനയ്ക്ക് കഴിയട്ടെ എന്നു ഞാൻ ഈയവസരത്തിൽ

പറയാനാഗ്രഹിക്കുകയാണ്. ഒരുപാട് പ്രധാനപ്പെട്ട പദ്ധതികൾ കേരളത്തിലെ ആഭ്യന്തര വകുപ്പ് മുന്നോട്ടുവച്ചിട്ടുണ്ട്. കഴിഞ്ഞ കുറച്ചുനാളുകൾകൊണ്ട് വന്ന പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് "നിർഭയ കേരളം സുരക്ഷിത കേരളം". എറണാകുളം ജില്ലയിലാണ് അതിന്റെ പൈലറ്റ് പ്രോജക്ട് നടക്കുന്നത്.

കേരളത്തിലെ സ്ത്രീകളെ, നമ്മുടെ അമ്മമാരെയും പെങ്ങൻമാരെയും സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതിയാണ് നിർഭയ കേരളം. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതോടൊപ്പം തന്നെ അവർക്ക് നിയമസഹായം ഉറപ്പു വരുത്തുക, അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുക, സ്ത്രീകളുടെ ഇടയിൽ ശക്തമായ ബോധവൽക്കരണം നടത്തുക ഇവയാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. എറണാകുളത്ത് അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. സ്ത്രീകൾക്ക് സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള സെൽഫ് ഡിഫൻസ് മെക്കാനിസം, സർവയലൻസ് പോർട്ടലുകൾ, നിർഭയ കോൾ സെന്ററുകൾ, വനിതാ പോലീസിന് കൂടുതൽ പരിശീലനം, വോളന്റിയർ ഗ്രൂപ്പ്സ്, ഷോർട്ട് സ്റ്റേ ആന്റ് റീഹാബിലിറ്റേഷൻ സെന്റർ, വനിതാ പോലീസിന്റെ സ്ട്രെങ്ത് വർദ്ധിപ്പിക്കൽ തുടങ്ങിയ ധാരാളം നല്ല കാര്യങ്ങളും ഈ പദ്ധതി നിർദ്ദേശിക്കുന്നുണ്ട്. പദ്ധതി അതിന്റെ ശൈശവാവസ്ഥയിലാണ്. ഇത് മറ്റു ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കണമെന്ന കാര്യത്തിൽ സംശയമില്ല. ഇതിനായി കൂടുതൽ ഫണ്ട് ആവശ്യമാണ്. ധനകാര്യ വകുപ്പ് കൂടുതൽ തുക ഈ പദ്ധതിയിലേയ്ക്ക് നീക്കിവയ്ക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിലെ പൊതുസമൂഹം ഏറെ ചർച്ച ചെയ്യുന്ന ഒന്നായി ഓപ്പറേഷൻ കുബേരയുടെ പ്രവർത്തനങ്ങൾ

മാറിയിരിക്കുകയാണ്. ഇതിന്റെ പ്രത്യേകത, യാതൊരു കക്ഷിരാഷ്ട്രീയ/സ്ഥാനമാന വ്യത്യാസവുമില്ലാതെ അമിതമായ പലിശ വാങ്ങിക്കൊണ്ട് പണമിടപാടുകൾ നടത്തുന്നവരെ അറസ്റ്റ് ചെയ്യുന്നുണ്ട്. കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്, അവരെ ശിക്ഷിക്കുന്നുമുണ്ട്. യാതൊരു സമ്മർദ്ദത്തിനും വഴങ്ങാതെ ആഭ്യന്തര വകുപ്പ് ഈ നടപടി ശക്തമായി മുന്നോട്ട് കൊണ്ടുപോകണമെന്നാണ് എന്റെ അഭിപ്രായം. ഒരു വിദ്യാർത്ഥി യുവജന സംഘടനാ പ്രവർത്തകൻ എന്നുള്ള നിലയിൽ ഞാൻ പറയുന്നു, കേരളത്തിലെ രക്ഷകർത്താക്കളും അമ്മമാരും ഏറെ താൽപ്പര്യത്തോടെ നോക്കിക്കാണുന്ന ഒരു പദ്ധതിയാണ് 'ക്ലീൻ കാമ്പസ് സെയ്ഫ് കാമ്പസ്'. അതിന്റെ ആഴം വളരെ വലുതാണ്. എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നർക്കോട്ടിക് സ്ക്വാഡിന്റെ ഒരു സ്റ്റഡി വ്യക്തമാക്കുന്നത് നമ്മുടെ യുവാക്കൾ വലിയൊരു ദുരന്തത്തിലേയ്ക്ക് നീങ്ങുന്നുവെന്നാണ്. റെയ്ഡുകളിൽ വ്യാപകമായി പിടിക്കുന്നത് കഞ്ചാവാണെങ്കിലും ഇന്ന് യുവാക്കളുടെയും വിദ്യാർത്ഥികളുടെയുമിടയിൽ ഏറെ വ്യാപകമായി ഉപയോഗിക്കുന്നത് 'എൽ.എസ്.ഡി. സ്റ്റാമ്പ്' എന്ന ഒരു ലഹരി ഉത്പന്നമാണ്. എൽ.എസ്.ഡി എന്നാൽ Lysergic Acid Diethylamide ആണ്. ഈ മാരകമായ ലഹരി മരുന്ന് സ്റ്റാമ്പിന്റെ രൂപത്തിലാണ്. അത് ഒളിപ്പിച്ചുവയ്ക്കാൻ വളരെ എളുപ്പമാണ്. ഉപയോഗിച്ചാൽ 12 മുതൽ 20 മണിക്കൂർ വരെ ലഹരി കിട്ടുമെന്നതാണ് ഇതിന്റെ സവിശേഷത. ഇത് കുട്ടികളുടെ ഇടയിൽ വ്യാപകമായിരിക്കുന്നു. കേരളത്തിലെ സ്കൂളുകളും ക്യാമ്പസുകളും ഹോസ്റ്റലുകളും ലഹരി മരുന്നിന്റെ കേന്ദ്രങ്ങളായി മാറിയിരിക്കുകയാണ്. ഇതൊരു അപകടകരമായ സ്ഥിതി വിശേഷമാണ്.

നമ്മുടെ ചെറുപ്പക്കാർക്ക് ഭാവിയിൽ സംഭവിക്കാൻ പോകുന്ന ഏറ്റവും വലിയ ദുരന്തമാണ് ഇത്. കഴിഞ്ഞ പത്ത് വർഷക്കാലംകൊണ്ട് പുകയില ഉത്പ്പന്ന ങ്ങളുടെ ഉപയോഗം കുറഞ്ഞു വന്നതാണ്. അക്കാര്യത്തിൽ വലിയ അവ ബോധം സൃഷ്ടിക്കാൻ കേരളത്തിന്റെ പൊതുസമൂഹത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ അത് മാറി ഒരു ട്രാൻസിഷൻ ഫെയ്സിലേയ്ക്ക് കടക്കുകയാണ്. അവിടെയാണ് ആഭ്യന്തര വകുപ്പ് ശക്തമായ ഇടപെടൽ നടത്തേണ്ടത്. കാരണം പത്ത് ഗ്രാം കഞ്ചാവിൽനിന്ന് ലഭിക്കുന്ന  ലഹരിയേക്കാൾ ഇരട്ടിയി ലധികം ഇഫക്റ്റ് ആയിരം രൂപയ്ക്ക് ലഭിക്കുന്ന ഈ പുതിയ ഉത്പ്പന്ന ത്തിനുണ്ട്. യാതൊരു രീതിയിലും ഇത് കണ്ടുപിടിക്കാൻ കഴിയില്ല എന്നുള്ള താണ് ഇതിന്റെ പ്രത്യേകത. കൊച്ചി കേന്ദ്രീകരിച്ചുള്ള ആഡംബര ഹോട്ടലുക ളിൽ ഡ്രഗ് പാർട്ടികൾ നടക്കുന്നുണ്ട്. ഡ്രഗ് പാർട്ടികളുടെ വിവരങ്ങൾ മാധ്യമ ങ്ങളിൽ വന്നിട്ടുണ്ടെങ്കിലും ശക്തമായ നടപടികൾ അതിനെതിരെ എടുത്തിട്ടി ല്ല. ഏഴും എട്ടും മണിക്കൂർ നീണ്ടു നിൽക്കുന്ന ഡിജെ പാർട്ടിയോടൊപ്പം നടത്തുന്ന ഡ്രഗ് പാർട്ടികളിൽ ലഹരി മരുന്നുപയോഗിക്കാനുള്ള റൂമുകൾ സജ്ജമാക്കിക്കൊടുക്കുകയാണ്. മൂവായിരം മുതൽ പതിനായിരം രൂപ വരെ ചാർജ് ചെയ്താണ് ഈ പാർട്ടികൾ നടത്തുന്നത്. അതിൽ യുവാക്കൾ എത്തു ന്നുണ്ട്. മദ്യപാനത്തെക്കുറിച്ച് വലിയ അവബോധം നടത്തുമ്പോഴും ബാറു കൾ അടച്ചുപൂട്ടുമ്പോഴും മനസ്സിലാക്കേണ്ട ഒരു യാഥാർത്ഥ്യം, മദ്യം എത്ര ത്തോളം ദോഷകരമാണോ അതിനെക്കാൾ ദോഷംചെയ്യുന്ന ഡ്രഗ്സിലേയ്ക്ക് ചെറുപ്പക്കാർ മാറുന്ന അപകടകരമായ ഒരു സ്ഥിതിവിശേഷമുണ്ട് എന്നതാണ്. അതിനെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കാൻ കേരളത്തിന്റെ ആഭ്യന്തര വകുപ്പ് തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.  ആദ്യകാല ങ്ങളിൽ ബാംഗ്ലൂരായിരുന്നു കേന്ദ്രമെങ്കിൽ ഇന്ന് സ്വാശ്രയ കോളേജുകൾ

കേന്ദ്രീകരിച്ചാണ് ഇവയുടെ വ്യാപനം. രക്ഷകർത്താക്കൾ മാർക്ക് കുറഞ്ഞ കുട്ടികളെ അവർക്ക് താത്പര്യമില്ലാത്ത വിഷയങ്ങൾ പഠിക്കുവാൻ എഞ്ചിനി യറിംഗും മെഡിസിനും പോലുള്ള കോഴ്സുകൾക്ക് ചേർക്കുന്നതുകൊണ്ട് കുട്ടികൾക്ക് പലപ്പോഴും വലിയ മാനസിക സംഘർഷമുണ്ടാകുന്നു. രക്ഷ കർത്താക്കളുടെ പ്രതീക്ഷ, മാർക്കു വാങ്ങാൻ കഴിയാത്ത സാഹചര്യം, വലിയ ക്യാപിറ്റേഷൻ ഫീസ്... ഇവയെല്ലാം അതിജീവിക്കാൻ വേണ്ടി ഉപയോഗി ക്കുന്ന ലഹരി വസ്തുക്കൾ വലിയ രീതിയിലുള്ള ദൂഷ്യഫലങ്ങളിലേയ്ക്ക് നയിക്കുകയും മരണമടക്കം സംഭവിക്കാൻ കാരണമാകുകയും ചെയ്യുന്നു. നവമാധ്യമങ്ങൾ, വാട്ട്സ് അപ് പോലുള്ള ആപ്ലിക്കേഷനുകൾ വഴി ലഹരി ഉ പയോഗിക്കാൻ പഠിപ്പിക്കുന്നു എന്നതാണ് മറ്റൊരു സവിശേഷതയായി കാണുന്നത്. ഡ്രഗ്സ് ഉപയോഗിക്കുന്ന പെൺകുട്ടികളുടെ എണ്ണത്തിൽ വലിയ തോതിലുള്ള വർദ്ധനവ് കണ്ടുവരുന്നു. അറിഞ്ഞോ അറിയാതയോ നമ്മുടെ വിദ്യാർത്ഥികളും ചെറുപ്പക്കാരും മയക്കുമരുന്നിന്റെ ക്യാരി യേഴ്സായി മാറിക്കൊണ്ടരിക്കുകയാണ്. അടുത്ത കാലത്ത് ഇറങ്ങിയ ‘ഇടുക്കി ഗോൾഡ്’ എന്ന സിനിമ തുടക്കം മുതൽ അവസാനം വരെ കഞ്ചാവ് വലിക്കാൻ പ്രേരിപ്പിക്കുന്ന ഒരു സിനിമയാണ്. കഞ്ചാവിന്റെ നൻമകളും അത് എങ്ങനെ ഉപയോഗിക്കണമെന്നും പറഞ്ഞുകൊടുക്കുന്ന ആ സിനിമയ്ക്ക് എങ്ങനെ സെൻസർ ബോർഡിന്റെ അനുവാദം കിട്ടിയെന്ന് ആലോചിക്കുക യാണ്. ഇത്തരം സിനിമകൾ കേരളത്തിലെ പുതിയ തലമുറയെ വലിയ രീതി യിൽ സ്വാധീനിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് ഇത്തരം സിനിമകളെ നിരോധിക്കാൻ നമുക്ക് സാധിക്കണം. ന്യൂജനറേഷൻ സിനിമ കൾ എന്ന പേരിൽ പുറത്തിറങ്ങുന്ന സിനിമകളെല്ലാം തന്നെ ഇത്തരം

സാമൂഹ്യ തിന്മകൾ പ്രചരിപ്പിക്കുന്നവയാണ്. സെൻസർ ബോർഡും കേരളത്തിലെ ആഭ്യന്തര വകുപ്പും ഇത്തരം കാര്യങ്ങളിലിടപെടണമെന്ന് പറയുകയാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, നമ്മൾ ശാസ്ത്രീയമായ കുറ്റാന്വേഷണ രീതികൾ അവലംബിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണെന്നതാണ്. മൂന്നാംമുറ കൊണ്ട് ഇന്നത്തെകാലത്ത് കുറ്റം തെളിയിക്കാൻ കഴിയില്ല. വിദേശ രാജ്യങ്ങളിലും പരിഷ്കൃത സമൂഹങ്ങളിലുമെല്ലാംതന്നെ സയന്റിഫിക് ഇൻവെസ്റ്റിഗേഷൻ ടെക്നിക്കാണ് അവലംബിക്കുന്നത്. ഒരു നാർക്കോ അനാലിസിസ് ടെസ്റ്റ് നടത്തണമെങ്കിൽ ബുക്ക് ചെയ്ത് കാത്തിരുന്ന് ഇവിടെ നിന്ന് പ്രതിയുമായി ബാംഗ്ലൂരിൽ പോയി വരേണ്ട ഒരു സാഹചര്യമാണുള്ളത്. ഒരുപാട് സമയവും പണവും റിസ്കും ഇൻവോൾവ് ചെയ്യുന്ന ഒരു പ്രോസസ് ആണിത്. ഇത്തരം ആധുനിക കേന്ദ്രങ്ങൾ കേരളത്തിൽ സ്ഥാപിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. പേലീസ് സേനയുടെ മോഡേണൈസേഷന്റെ ഭാഗമായി കേരളത്തിൽ ഇത് നടപ്പാക്കണമെന്നതാണ് എന്റെ അഭ്യർത്ഥന. ഒരു ഇന്ററോഗേഷൻ റൂം പോലും കേരളത്തിൽ ഇല്ല. വലിയ കേസുകളിലെ പ്രതികളെ പോലും ചോദ്യം ചെയ്യുന്നത് നമ്മുടെ പോലീസ് ക്ലബ്ബുകളിലാണ്. ആദ്യഘട്ടമെന്ന നിലയിൽ മൂന്ന് നഗരത്തിലെങ്കിലും ഇന്ററോഗേഷൻ സെന്ററുകൾ തുടങ്ങാൻ തയ്യാറാവണം. ഇപ്പോൾ കൂടുതലായി കാണുന്നത് ഇക്കണോമിക് ഒഫൻസസാണ്. ഷെയർ മാർക്കറ്റുമായും, ഷെയർ സർട്ടിഫിക്കറ്റ് ഇഷ്യു ചെയ്യുന്നതുമായും ബന്ധപ്പെട്ട് ഒരു പാട്കുറ്റകൃത്യങ്ങൾ നടക്കുന്നുണ്ട്. പക്ഷെ, നമ്മുടെ പോലീസിന് ഇതൊന്നും മനസ്സിലാകുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഐഡന്റിന്റി തെഫ്റ്റടക്കമുള്ള കാര്യങ്ങളിൽ കുറ്റവാളികൾ ഒരുപാട് അഡ്വാൻസ്ഡാണ്. ഇങ്ങനെയൊരു കേസ് റിപ്പോർട്ട് ചെയ്താൽപോലും എന്ത് ചെയ്യണമെന്നറിയാത്ത തരത്തിൽ നിൽക്കുകയാണ്

നമ്മുടെ പോലീസ്. കുറ്റവാളികളുടെ റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് വിഭാഗം പോലീസ് സേനയുടേതിനേക്കാൾ ശക്തമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത്തരം ഒഫൻസസ് തടയുന്നതിനായി പോലീസിന് ട്രെയിനിംഗ് കൊടുക്കാൻ തയ്യാറാകണം. കൊച്ചി പോലുള്ള നഗരങ്ങളിൽ ഇന്ന് മൊബൈൽ പെനട്രേഷൻ നൂറ് ശതമാനത്തിൽ കൂടുതലാണ്. ഒരാൾ തന്നെ ഒന്നിലധികം മൊബൈൽ ഫോൺ ഉപയോഗിക്കുന്നുണ്ട്. ഫെയ്സ് ബുക്കടക്കമുള്ള സോഷ്യൽ മീഡിയ വളരെ സജീവമായിരിക്കുന്ന ഈ കാലഘട്ടത്തിൽ സൈബർ ക്രൈമിനെതിരെ ഫൈറ്റ് ചെയ്യാൻ വേണ്ടി തിരുവനന്തപുരത്ത് സൈബർ പോലീസ് സ്റ്റേഷനുള്ളതുപോലെ എറണാകുളം കേന്ദ്രമാക്കി ഇൻഫോ പാർക്കുപോലുള്ള സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് സൈബർ സ്റ്റേഷൻ നിലവിൽ വരണം. സേനയിലെ സ്റ്റാഫിന്റെ ഷോർട്ടേജ് പരിഹരിക്കണം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: പോലീസിൽ വരുത്തേണ്ട പരിഷ്ക്കാരങ്ങളെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. പോലീസ് ശ്രദ്ധിക്കേണ്ട ഏറ്റവും വലിയ വിഭാഗമായി ട്രാഫിക് മാറിയിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. കൊച്ചി പോലുള്ള നഗരങ്ങളിൽ ട്രാഫിക് സംവിധാനം മെച്ചപ്പെടുത്തുന്നതിൽ പോലീസിന് വലിയ പങ്ക് വഹിക്കാൻ കഴിയും അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ അതിലേയ്ക്കാണ് വരുന്നത്. വിദേശരാജ്യങ്ങളിൽ ഒരാൾ മദ്യപിച്ച് വാഹനം ഓടിക്കുകയോ ട്രാഫിക് നിയമം തെറ്റിക്കുകയോ ചെയ്താൽ അവരെ ഫോളോ ചെയ്ത് പിടിച്ച് വളരെ സഭ്യമായ ഭാഷയിൽ സംസാരിച്ചാണ് കൈകാര്യം ചെയ്യുന്നത്. പക്ഷേ

ഇവിടെ ഒരു വേട്ട പോലെ നടത്തുന്നത് പലപ്പോഴും മരണത്തിനുപോലും കാരണമായിട്ടുണ്ട്. കൊച്ചി പോലുള്ള നഗരത്തിൽ, പ്രത്യേകിച്ചും മെട്രോ അടക്കമുള്ളവയുടെ പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ നടക്കുമ്പോൾ ട്രാഫിക് പോലീസിന്റെ സ്ട്രെങ്ത് കൂട്ടണം എന്ന കാര്യത്തിൽ യാതൊരുവിധ തർക്കവുമില്ല. അതുപോലെ ട്രാഫിക് ഒഫൻസുകൾ നേരിടാൻ വേണ്ടി സേനയ്ക്ക് കൂടുതൽ ട്രെയിനിംഗ് നൽകണം. മാന്യമായ പെരുമാറ്റമടക്കമുള്ള കാര്യങ്ങളിൽ അവർക്ക് പരിശീലനം നൽകേണ്ടതുണ്ട്. വിദേശരാജ്യങ്ങളിൽ പോലീസ് സഭ്യമായി പെരുമാറുമെന്നു മാത്രമല്ല യാതൊരു റെക്കമെന്റേഷനുകളും സ്വീകരിക്കാറുമില്ല. ഇവിടെ, അസഭ്യമായ കാര്യങ്ങൾ പറയുകയും കുറച്ചുകഴിഞ്ഞ് ഏതെങ്കിലും ഉന്നതർ വിളിച്ചു പറഞ്ഞാൽ ഇറക്കിവിടുകയും ചെയ്യും. അതാണ് നമ്മുടെ പോലീസ് സേനയുടെ മറ്റൊരു പ്രത്യേകത. ഇതെല്ലാം മാറ്റേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. ചെറുപ്പക്കാരായ സബ് ഇൻസ്പെക്ടർമാരുടെ കുറവ് കേരള പോലീസിലുണ്ട്. പല കേസുകളും ആദ്യഘട്ടത്തിൽ നേരിടാൻ സാധിക്കുന്നത് സബ് ഇൻസ്പെക്ടർമാർക്കാണ്. അതിനാൽ അവരുടെ പോസ്റ്റ് വർദ്ധിപ്പിക്കണം.

നമ്മുടെ ജയിലുകളിൽ ഉണ്ടാക്കുന്ന ചപ്പാത്തിക്ക് വലിയ ഡിമാന്റാണ്. അതുപോലെ തിഹാർ ജയിലിലെ പല പ്രവർത്തനങ്ങൾ – അവരുണ്ടാക്കുന്ന ഹാൻഡിക്രാഫ്റ്റ്, പേപ്പർ ബാഗ്, ഫർണ്ണിച്ചർ ഇതെല്ലാം മാതൃകയാണ്. തിഹാർ ജയിലിന്റെ മാതൃകയിൽ കേരളത്തിലെ ജയിലുകളിലും കുറ്റവാളികൾക്ക് കൂടുതൽ ക്രീയേറ്റീവായ കാര്യങ്ങളിൽ ട്രെയിനിംഗ് കൊടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. 'Prisons should be correction centers' എന്നാണ് പറയുന്നത്. കുറ്റവാളികളുടെ ട്രാൻസ്ഫോർമേഷൻ നടക്കേണ്ട

സ്ഥലമാണ് ജയിലുകൾ. പലപ്പോഴും ജയിലുകളിൽ നിന്നും വരുന്നത് ഞെട്ടിപ്പിക്കുന്ന വാർത്തകളാണ്, അതുണ്ടാവരുത്. ജയിലുകൾ സംശുദ്ധമാക്കാനുള്ള ശക്തമായ നടപടികൾ നമുക്കുണ്ടാവണം. മറ്റു കാര്യങ്ങളിലേയ്ക്ക് ഞാൻ ദീർഘമായി കടക്കുന്നില്ല. കേരളത്തിലെ പൊതുസമൂഹത്തെ വിശ്വാസത്തിലെടുക്കാൻ ആഭ്യന്തര വകുപ്പിന് കഴിഞ്ഞിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. യാതൊരു സമ്മർദ്ദങ്ങൾക്കും വഴങ്ങാതെ ശക്തമായ രീതിയിൽ കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല മുന്നോട്ടുപോകണം. അദ്ദേഹത്തിന്റെ നന്മ നിറഞ്ഞ പ്രവർത്തനങ്ങൾക്ക് എല്ലാവിധ അഭിവാദ്യങ്ങളും പിന്തുണയും നേർന്നുകൊണ്ട് ഒരിക്കൽ കൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ ക്രമസമാധാന പാലനരംഗത്ത് വലിയ മാറ്റമുണ്ടായിരിക്കുന്നു, വിപ്ലവം നടന്നുകൊണ്ടിരിക്കുന്നു എന്നൊക്കെയാണ് എനിക്ക് മുമ്പ് ഇവിടെ സംസാരിച്ച യു.ഡി.എഫിന്റെ അംഗങ്ങളെല്ലാം സൂചിപ്പിച്ചത്. വാസ്തവത്തിൽ ഇവിടെ സംഭവിച്ചിരിക്കുന്ന മാറ്റം ഒരു മന്ത്രി മാറിയെന്നുള്ളതു മാത്രമാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മാറി, ശ്രീ. രമേശ് ചെന്നിത്തല വന്നു എന്നുള്ള മാറ്റം കേരളത്തിലുണ്ടായിട്ടുണ്ട്. ശ്രീ. രമേശ് ചെന്നിത്തല വന്നപ്പോൾ ചില മാറ്റങ്ങളൊക്കെയുണ്ടായിട്ടുണ്ട്, ഇല്ല എന്ന് ഞാൻ പറയുന്നില്ല. പക്ഷേ കാതലായ മാറ്റങ്ങളുണ്ടാക്കാൻ അദ്ദേഹത്തിന് ഇപ്പോഴും സാധിച്ചിട്ടില്ല എന്ന വിമർശനം അദ്ദേഹം മനസ്സിലാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. നേരത്തെ ശ്രീ.

മോൻസ് ജോസഫ് സംസാരിച്ചപ്പോൾ പറഞ്ഞത് ഇവിടെ പാറമട ലോബിക ളെയൊക്കെ അടിച്ചമർത്തിയെന്നാണ്. ഇന്നത്തെ മംഗളം പത്രത്തിലെ വാർത്ത ചട്ടം ലംഘിച്ച് 4070 പാറ/മണ്ണ് ഖനന ലോബി പ്രവർത്തിച്ചുകൊണ്ടിരി ക്കുന്നുവെന്നാണ്. സ്ത്രീകൾക്ക് വേണ്ടി 'നിർഭയ' പദ്ധതി നടപ്പിലാക്കിക്കൊ ണ്ടിരിക്കുകയാണെന്ന് നേരത്തെ പറഞ്ഞു. പോലീസ് സ്റ്റേഷനിൽ ഒരു യുവതി തൂങ്ങിമരിച്ചത് ഈയടുത്ത കാലത്താണ്, നിർഭയ പദ്ധതി നടപ്പിലാക്കി ക്കൊണ്ടിരിക്കുമ്പോഴാണ്. പോലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറ തിരിച്ചുവ ന്നിരിക്കുകയാണ്. ചിറയിൻകീഴ് താലൂക്കിലെ നെടുമങ്ങാട് പോലീസ് സ്റ്റേഷ നിൽ ഹരിജൻ യുവാവായ ഗിരീശൻ മൂന്നാം മുറയ്ക്ക് വിധേയമായതിന്റെ വാർത്ത പത്രത്തിൽ വന്നിട്ടുണ്ട്. ഏതെങ്കിലും ഒരു ഉദാഹരണം വച്ചുകൊണ്ട് ഗവൺമെന്റിനെ പരിഹസിക്കാൻ വേണ്ടി പറയുന്നതല്ല. ക്രമസമാധാന പരിപാ ലന രംഗത്ത് ഇപ്പോൾ ഗുണ്ടാ മാഫിയ സംഘങ്ങൾ വളരെ ശക്തമാണ്. ഗുണ്ടാ മാഫിയാ സംഘങ്ങൾക്ക് പിരിവ് കൊടുക്കാതെ തിരുവനന്തപുരം പട്ട ണത്തിൽ ബിസിനസ്സ് നടത്തുന്ന ആളുകൾക്ക് ഒന്നും ചെയ്യാനാകാത്ത സ്ഥിതിയാണ്. ഒരു പാറ പൊട്ടിക്കുന്നതിനു പോലും അവർക്ക് പൈസ കൊടുക്കാതെ പറ്റില്ല. പല പേരിൽ ഗുണ്ടകൾ പിരിവ് നടത്തുകയാണ്. ഇതു വരെ ഗുണ്ടകളെ അടിച്ചമർത്താൻ കഴിഞ്ഞിട്ടില്ല. ശ്രീ. രമേശ് ചെന്നിത്തല യുടെ ഏറ്റവും പ്രധാനപ്പെട്ട സിഗ്നേച്ചർ പരിപാടിയെന്നുപറയുന്നത് ഓപ്പറേ ഷൻ കുബേരയാണ്. കുബേരയെപ്പറ്റിയുള്ള അഭിപ്രായവ്യത്യാസങ്ങൾ ശ്രീ. ജി. സുധാകരനെപ്പോലെയുള്ള പണ്ഡിതന്മാരായിട്ടുള്ള ആളുകൾ പറഞ്ഞു. കുബേരൻ എന്നത് നെഗറ്റീവായിട്ടുള്ള പേരല്ല, കുബേരനെ നന്മയുടെ പ്രതീക മായിട്ടാണ് കരുതുന്നത്. പോലീസ് അങ്ങയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടാണോ

ഈ പേരിട്ടത് എന്ന് സംശയമുണ്ട്. കാരണം പോലീസിന്റെ ഉള്ളിലിരിപ്പ് എന്താണെന്ന് പറയാൻ കഴിയില്ല. എല്ലാ ആളുകളും ഒരു പോലെയല്ല. കൊള്ളപ്പലിശക്കാർ 24000 കോടി രൂപയുടെ പണമിടപാടുകൾ ഇവിടെ നട ത്തുന്നുണ്ടെന്നാണ് അങ്ങ് ഒരു അഭിമുഖത്തിൽ പറഞ്ഞത്. അങ്ങ് ഓപ്പറേ ഷൻ കുബേര എന്ന പദ്ധതി തുടങ്ങിയപ്പോൾ, 418 ബാറുകൾ പൂട്ടുന്നതുമായി ബന്ധപ്പെട്ട് ശ്രീ. വി. എം. സുധീരൻ ഇറങ്ങിയതിനെതിരെയുള്ള ഒരു പരിപാ ടിയാണോ ഇതെന്ന് ഞാൻ ആദ്യം തെറ്റിദ്ധരിച്ചു. പക്ഷെ അങ്ങനെയല്ല, ഗൗരവമായിട്ടാണ് ഈ പരിപാടി തുടങ്ങിയിരിക്കുന്നതെന്ന് മനസ്സിലായപ്പോൾ അതിനെ സപ്പോർട്ട് ചെയ്തു. പ്രതിപക്ഷം ഒരിക്കലും ഓപ്പറേഷൻ കുബേ രയെ എതിർത്തിട്ടില്ല. താങ്കൾ ചെയ്യുന്ന അത്തരം നല്ല കാര്യങ്ങളെ ഞങ്ങൾ പൂർണ്ണമായി പിന്തുണയ്ക്കും. പക്ഷേ അങ്ങയോട് വളരെ വ്യക്തമായും ആധികാരികമായും ഉത്തരവാദിത്വത്തോടെയും പറയുന്നു, ഓപ്പറേഷൻ കുബേരയുടെ പേരിൽ നടക്കുന്ന ഓപ്പറേഷനുകളിൽ പോലീസ് സേനയിലെ ചിലയാളുകൾ കൈക്കൂലി വാങ്ങിക്കൊണ്ടിരിക്കുകയാണ്. പിടിക്കേണ്ടയാളു കളെ പിടിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ഇതിന്റെ റിസോഴ്സ് എവിടെ നിന്നാണെന്ന് കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല 24000 കോടി രൂപ പലിശക്കാർ ഇവിടെ വിതരണം ചെയ്യുന്നുണ്ടെങ്കിൽ അതിന്റെ റിസോഴ്സ് കണ്ടുപിടി ക്കാതെ ഓപ്പറേഷൻ കുബേരയെ വിജയിപ്പിക്കാൻ നിങ്ങൾക്കൊരിക്കലും കഴി യില്ല. അങ്ങ് ഒരു പുലിവാലാണ് പിടിച്ചിരിക്കുന്നത്, ആ പുലിയെ വിട്ടുകള യാമെന്ന് വിചാരിക്കേണ്ട. ഇത് എവിടെയും ഉപേക്ഷിച്ചിട്ടുപോകാമെന്നും കരുതേണ്ട. ഇവിടെ 24000 കോടി രൂപ കൊള്ളപ്പലിശക്കാർ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു എന്നതിനർത്ഥം നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പ

ത്തിക മേഖലയിൽ ഈ ഗുണ്ടാ മാഫിയാ സംഘങ്ങൾ പിടിമുറുക്കിയിരിക്കുന്നു എന്നുള്ളതാണ്. ഇവരുടെ പ്രധാനപ്പെട്ട സ്രോതസ്സ് ഇവിടത്തെ ഗുണ്ടാ പ്രവർത്തനം തന്നെയാണ്. ഇവിടെ നടക്കുന്ന അവിഹിതമായ പ്രവർത്തനങ്ങളുടെ മേൽ പോലീസുകാരെപോലെ സമാന്തരമായി ഇടപെട്ടുകൊണ്ടിരിക്കുന്ന ഗുണ്ടകൾ സംഭരിക്കുന്ന കോടാനുകോടി രൂപയാണ് അവരുടെ റിസോഴ്സ്. ഇവിടത്തെ പോലീസ് വകുപ്പിലെയും മറ്റുമേഖലകളിലെയും കൈക്കൂലിക്കാരായിട്ടുള്ള ഉന്നതന്മാർ, നമ്പർ-2 പണം കൈവശം വച്ചിരിക്കുന്ന ആളുകളാണ് ഇതിന്റെ പ്രധാനപ്പെട്ട സ്രോതസ്സുകൾ. അവരെപിടിക്കാൻ അങ്ങേയ്ക്ക് കഴിയുമോ? അങ്ങനെയാണെങ്കിൽ ഓപ്പറേഷൻ കുബേര സക്സസ്ഫുൾ ആയിരിക്കും. അല്ലെങ്കിൽ വെറും ഒരു കുബേരയായി മാറും. ഓപ്പറേഷൻ കുബേര എന്ന പ്രധാനപ്പെട്ട ഇഷ്യു അങ്ങ് ഏറ്റെടുത്തിരിക്കുന്നു. അങ്ങയുടെ രാഷ്ട്രീയ ജീവിതത്തിലും മന്ത്രി എന്ന നിലയിലും ഈ പരിപാടി നന്നായി മുന്നോട്ടുപോകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. പക്ഷേ എനിക്ക് അതിൽ യാതൊരു വിശ്വാസവുമില്ല. കാരണം ഈ രംഗത്തുള്ള നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനികൾ റിസർവ്വ് ബാങ്കിന്റെ നിയമപ്രകാരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കമ്പനികളാണ്. 28-55 ശതമാനം പലിശ വാങ്ങുന്ന അത്തരം മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ നടത്തുന്ന വമ്പമാരായ ആളുകളെ പിടിക്കാൻ അങ്ങേയ്ക്ക് കഴിയില്ല. അങ്ങ് പുസ്തകം നോക്കി നിയമം പറഞ്ഞതുകൊണ്ട് കാര്യമില്ല. അവരാണ് റിസോഴ്സസ് എന്നതാണ് ഇവിടത്തെ പ്രശ്നം. ന്യൂജനറേഷൻ ബാങ്കുകൾ ഉൾപ്പെടെ കേരളത്തിന്റെ സമ്പദ്ഘടനയെ ഗ്രസിക്കുന്ന പ്രധാനപ്പെട്ട ആളുകളെകൂടി പിടിക്കാൻ കഴിയണം. താഴെയ്ക്കിടയിലുള്ള ചെറിയ പലിശക്കാരെ പിടിച്ചതു

കൊണ്ടു കാര്യമില്ല. മറ്റൊന്ന്, അങ്ങയുടെ വകുപ്പ് അദാലത്ത് സംഘടിപ്പിച്ചു കൊണ്ടിരിക്കുകയാണ്. എസ്.പി. മാർ നടത്തിയ അദാലത്ത് കൊണ്ട് വലിയ കാര്യമില്ല. പല കൊള്ളപ്പലിശക്കാരും വായ്പ വാങ്ങുന്നയാളുകളിൽ നിന്നും അവരുടെ ഭൂമി രജിസ്റ്റർ ചെയ്ത് വാങ്ങിയിരിക്കുകയാണ്. അത് തിരി കെവാങ്ങുന്ന കാര്യം പറയുമ്പോൾ പോലീസുകാർ പറയുന്നത്, നിങ്ങൾ അവർക്ക് കൊടുത്തതല്ലേ; നിയമപ്രകാരം അവരുടെ കൈവശമാണ്, തിരിച്ചു പിടിക്കാൻ കഴിയില്ല എന്നാണ്. അത് തിരിച്ചുകൊടുക്കാൻ കഴിയുന്ന വിധ ത്തിൽ കളക്ടർമാരുടെ ചുമതലയിൽ ആവശ്യമായ നടപടികളെടുക്കാൻ കഴി യുമോ? ആ നിലയിലുള്ള കാര്യങ്ങളെക്കുറിച്ച് അങ്ങ് ആലോചിക്കണം. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം എനിക്ക് ഉന്നയിക്കാനുള്ളത്, പോലീസ് ഡിപ്പാർട്ട്മെന്റിലെ ക്രിമിനലുകളെക്കുറിച്ചാണ്. പോലീസ് ഡിപ്പാർട്ട്മെന്റിൽ 533 പോലീസുകാർ ബലാത്സംഗമടക്കമുള്ള ക്രിമിനൽ കേസുകളിലെ പ്രതിക ളാണ്. 36 പോലീസുകാർ സി.ബി.ഐ. അന്വേഷണം നേരിട്ടുകൊണ്ടി രിക്കുന്നവരാണ്. ഐ.പി.എസ്. കാരടക്കം 81 പോലീസ് ഉദ്യോഗസ്ഥന്മാർ അവിഹിതമായി സ്വത്ത് സമ്പാദിച്ചിട്ടുള്ള കേസുകളിൽ പ്രതിയാക്കപ്പെട്ടവരാ ണ്.

പോലീസ് ഡിപ്പാർട്ടുമെന്റിലെ അവിഹിതമായി സ്വത്ത് സമ്പാദിച്ചിട്ടുള്ള ആളുകളുടെയെല്ലാം നെക്സസ് എന്താണെന്ന് പരിശോധിക്കാൻ സാധി ക്കുമോ? ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ പരിപൂർണ്ണ പിന്തുണ അങ്ങേയ്ക്ക് ലഭിക്കും. കഴിഞ്ഞ ദിവസം 17 ലക്ഷം രൂപ കൈക്കൂലി വാങ്ങിയ ഐ.പി.എസ്. ഓഫീസറെ, ഡി.ജി.പി.യുടെയും ചീഫ് സെക്രട്ടറിയുടെയും

റിപ്പോർട്ട് ഉണ്ടായിരുന്നിട്ടും സർവ്വീസിൽ തിരിച്ചുകൊണ്ടുവന്നില്ലേ. രാഹുൽ നായരെന്ന ചെറുപ്പക്കാരനായ ഐ.പി.എസ്. ഓഫീസറാണ്, 17-ാം റാങ്ക് കിട്ടിയ ആളാണ്. അദ്ദേഹത്തെ പാറമട ലോബി കുടുക്കിയതാണെന്നാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ അങ്ങ് അത് പറയണം. ഐ.പി.എസ്. ഓഫീസർമാർക്കെതിരെ എത്രയോ കള്ളക്കേസ്സുകൾ ഉണ്ടാക്കിയിരിക്കുന്നു, ജനങ്ങൾക്ക് സത്യമറിയാൻ താൽപ്പര്യമുണ്ട്. ജനങ്ങളുടെ മുമ്പിൽ രാഹുൽ നായർ എന്ന ഐ.പി.എസ്. ഓഫീസർ 17 ലക്ഷം രൂപ കൈക്കൂലി വാങ്ങിയ ആളാണ്. അയാളുടെ ബാക്ക് ഹിസ്റ്ററി നോക്കുമ്പോൾ നല്ല ആളാണെന്ന് പറയുന്നു. പക്ഷേ, പോലീസ് കൊടുത്ത റിപ്പോർട്ടിൽ അദ്ദേഹം കൈക്കൂലിക്കാരനാണ്. അങ്ങനെയൊരു റിപ്പോർട്ട് ഉണ്ടായിട്ടുപോലും കൈക്കൂലിക്കാരനായ ഓഫീസർക്ക് വീണ്ടും അവിടെ നിയമനം കൊടുത്തിരിക്കുകയാണ്. അമ്പത് രൂപ കൈക്കൂലി വാങ്ങിയ സാധാരണ പോലീസുകാരനെ പിടിച്ചാൽ അവിടെ വീണ്ടും നിയമിക്കുമോ? ഐ.പി.എസ്. കാർക്ക് വേറെ നിയമമുണ്ടോ; അവർക്ക് കൊമ്പുണ്ടോ? പക്ഷേ വീണ്ടും ആ ഓഫീസറെ അവിടെ നിയമിച്ചിരിക്കുകയാണ്. ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ ഒരുപാട് കള്ളക്കേസ്സുകൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. നമ്മളൊക്കെ ഇഷ്ടപ്പെടുന്ന, എല്ലാവരും അംഗീകരിക്കുന്ന സിബി മാത്യൂസിനെതിരെ അഞ്ച് വിജിലൻസ് കേസ്സുകളുണ്ടായിരുന്നു. അദ്ദേഹത്തിനെതിരായ മുഴുവൻ കേസ്സുകളും കൊണ്ടുവന്നത് പോലീസുകാരാണെന്നാണ് പറയുന്നത്. അവർക്കിടയിലെ ചക്കളത്തിപ്പോരാട്ടമാണ് ഇതിനുകാരണം. പോലീസ് ഡിപ്പാർട്ടുമെന്റിനകത്തുള്ള ഇത്തരത്തിലുള്ള അവിഹിതമായ കാര്യങ്ങൾ പൊളിച്ചെഴുതാൻ പര്യാപ്തമായ ഇടപെടലുകൾ നടത്താൻ അങ്ങേയ്ക്ക് കഴിയുമോ? 2014 ജനുവരി

മാസം മുതൽ മാർച്ച് 31 വരെയുള്ള ദിവസങ്ങൾക്കുള്ളിൽ 81 പേരാണ് കേരള ത്തിൽ കൊല്ലപ്പെട്ടത്. കവർച്ച, മോഷണം, ഭവനഭേദനം ഇവയെല്ലാംകൂടി 51,426 കേസ്സുകളും അബ്കാരിയുമായി ബന്ധപ്പെട്ട് 1,14,568, കേസ്സുകളുമാണ് എടുത്തിട്ടു ളളത്. കേരളം പ്രബുദ്ധമായ സംസ്ഥാനമായതുകൊണ്ടാണ് ഒരുപാട് കേസ്സുകൾ ചാർജ്ജ് ചെയ്യപ്പെടുന്നതെന്ന കാര്യം അങ്ങ് പറയുമായി രിക്കും. കേരളത്തിന്റെ ക്രമസമാധാന പരിപാലന രംഗത്ത് അത്ര മെച്ചപ്പെട്ട സ്ഥിതിയല്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് നല്ല വിജയമുണ്ടായതിൽ അഹങ്കരിച്ചുകൊണ്ടിരിക്കുയാണ്. എൽ.ഡി.എഫ്. ന്റെ 80 അസംബ്ലി സീറ്റുക ളിൽ ഭൂരിപക്ഷം കിട്ടിയെന്നാണ് ഇവിടെ സംസാരിച്ചപ്പോൾ ആരോ പറഞ്ഞത്. 2009-ലെ കണക്ക് വച്ച് നോക്കുമ്പോൾ നിങ്ങൾക്കിത് വിജയമൊന്നുമല്ല. നിങ്ങൾക്കുണ്ടായിരുന്ന 16 സീറ്റ് 12 സീറ്റായി കുറഞ്ഞു. നാല് സീറ്റുണ്ടായി രുന്ന ഞങ്ങൾക്ക് 8 സീറ്റായി വർദ്ധിച്ചു. ഒരു സീറ്റുമില്ലാതിരുന്ന സി.പി.ഐ. ക്ക് ഒരു സീറ്റ് കിട്ടി. അഖിലേന്ത്യാടിസ്ഥാനത്തിൽ ഒരു സീറ്റാണെന്ന് പറ ഞ്ഞാലും ഞങ്ങൾക്ക് ഒരു സീറ്റ് ലഭിച്ചു. ശ്രീ. ഉമ്മൻ ചാണ്ടിയുടെ മഹത്വം കൊണ്ടാണ് ഈ കാര്യങ്ങളൊക്കെ നടന്നുകൊണ്ടിരിക്കുന്നുവെന്നാണ് ഇവിടെ എല്ലാവരും പറയുന്നത്. ഏതെങ്കിലും നേതാവിനെ ചുറ്റിപ്പറ്റി, അദ്ദേ ഹത്തെ പ്രോത്സാഹിപ്പിച്ച്, പുകഴ്ത്തി അദ്ദേഹമാണ് എല്ലാം ചെയ്തതെന്ന് വരുത്തിതീർക്കുന്ന ഫ്യൂഡൽ കാഴ്ചപ്പാടുള്ള ആളുകളാണ് കോൺഗ്രസ്സു കാരെന്നാണ് ശ്രീ. സി. കെ. നാണുവേട്ടൻ പറയുന്നത്. ശ്രീ. ഉമ്മൻചാണ്ടി യുടെ ഗവൺമെന്റിനെ യഥാർത്ഥ നിലയിൽ ജനങ്ങൾ വിലയിരുത്തിയിരുന്നു വെങ്കിൽ നിങ്ങൾക്ക് പല സ്ഥലത്തും കെട്ടിവച്ച കാശുപോലും ലഭിക്കില്ലായി രുന്നു. പ്രത്യേക രാഷ്ട്രീയ സാഹചര്യത്തിൽ കേരളത്തിൽ കോൺഗ്രസ്സ്

കുറച്ച് മെച്ചമുണ്ടാക്കി. അഖിലേന്ത്യാതലത്തിൽ നിങ്ങൾക്ക് മെച്ചമുണ്ടായില്ല. മുസ്ലീം ലീഗും കേരള കോൺഗ്രസ്സും കൂടെയുള്ളതുകൊണ്ടാണ് ഇവിടെ മെച്ചമുണ്ടാക്കാൻ കഴിഞ്ഞത്. ഈ രണ്ട് പാർട്ടികളുടെയും സഹായമില്ലെങ്കിൽ ഇന്ത്യയിൽ കോൺഗ്രസ്സിന് ഒരു സീറ്റ് പോലും ഇല്ലാത്ത സംസ്ഥാനമായി കേരളം മാറുമായിരുന്നു. നിങ്ങൾ സ്വന്തം കാലിൽ സഞ്ചരിച്ചുകൊണ്ടിരിക്കു ന്നവരല്ല. നിങ്ങൾ മുസ്ലീം ലീഗിന്റേയും കേരള കോൺഗ്രസ്സിന്റെയും ചുമലിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നവരായി മാറിയിരിക്കുന്നു. ഇടതുപക്ഷ മുന്നണി തകർന്നുപോയിയെന്ന് പറയുന്നവരുണ്ട്. അത് സത്യമാണ്, ഞങ്ങൾക്ക് തകർച്ച ഉണ്ടായിട്ടുണ്ട്. ഞങ്ങൾ ആ തകർച്ച കാണുന്നവരാണ്. 1952-ൽ പ്രതിപക്ഷത്തിരുന്ന എ.കെ.ജി. ക്ക് 19 സീറ്റുണ്ടായിരുന്നു. ഒരു ഘട്ടത്തിൽ ഇട തുപക്ഷ മുന്നണിക്ക് 65 സീറ്റുവരെ ഉണ്ടായിരുന്നു. ഇത്തവണ ഞങ്ങൾ 12 സീറ്റിൽ ഒതുങ്ങിയെന്നത് സത്യമായിരിക്കാം. പക്ഷേ, ഞങ്ങൾ ഉയർത്തിപ്പിടി ക്കുന്ന രാഷ്ട്രീയത്തിൽ വിട്ടുവീഴ്ച ചെയ്തിട്ടില്ല. ഇപ്പോൾ നിങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നതും പറയുന്നതുമായ കാര്യം എന്താണ്? നിങ്ങൾക്ക് പറ്റിയ തെറ്റ് നിങ്ങൾ കണ്ടുപിടിക്കുന്നില്ല. നിങ്ങൾ ഇപ്പോഴും പറയുന്നത് സാമ്പ ത്തിക നയത്തിൽ തെറ്റ് വന്നിട്ടില്ലായെന്നാണ്. അക്കാര്യത്തിൽ ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് അഭിപ്രായമുണ്ടോ? ഈ രാജ്യത്തെ വിറ്റുതുല ക്കുകയും വിലക്കയറ്റം വർദ്ധിപ്പിക്കുകയും ജനങ്ങളെ എല്ലാ അർത്ഥത്തിലും ബുദ്ധിമുട്ടിക്കുകയും ചെയ്ത ഡോ. മൻമോഹൻ സിംഗിന്റെ നയത്തെ അതാണ് ശരിയെന്ന് പറഞ്ഞ് നിങ്ങൾ താലോലിക്കുകയാണ് ചെയ്യുന്നത്. ഇന്നത്തെ കേരള കൗമുദി പത്രത്തിൽ വ്യത്യാസം കണ്ടുപിടിക്കാമോ യെന്ന തലക്കെട്ടോടെയുള്ള ഒരു കാർട്ടൂണുണ്ട് - കോൺഗ്രസ്സുകാർ ബി.ജെ.

പി. ക്ക് ഒപ്പം നിന്ന് കോർപ്പറേറ്റുകളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അത് കോൺഗ്രസ്സുകാർ നോക്കണം. ഇപ്പോൾ കോർപ്പറേറ്റുകൾ ശ്രീ. നരേന്ദ്ര മോദിയെ താലോലിക്കുന്നു, മോദി കോർപ്പറേറ്റുകളെ താലോലിക്കുന്നു. പ്രതിപക്ഷത്തിരിക്കുന്ന നിങ്ങൾ കോർപ്പറേറ്റുകളെ താലോലിക്കുക വഴി ബി. ജെ.പി. യും കോൺഗ്രസ്സും തമ്മിൽ കോർപ്പറേറ്റുകൾക്കുവേണ്ടി അവിഹിതമായ ബന്ധം ഉടലെടുത്തിരിക്കുകയാണ്. നിങ്ങൾക്കിപ്പോഴും കാര്യങ്ങൾ പിടികിട്ടിയിട്ടില്ല. ഇന്ത്യയിൽ ഇലക്ഷൻ റീഫോംസ് ആവശ്യമാണെന്ന് ഇന്നലെ ഇവിടെ സംസാരിച്ച ഇടതുപക്ഷ പാർട്ടികൾ പറഞ്ഞപ്പോൾ നിങ്ങൾ അതിനെ ശക്തമായി എതിർത്തു. ഇവിടെ 19.3 ശതമാനം വോട്ട് ലഭിച്ച കോൺഗ്രസ്സിന് ആകെ 44 സീറ്റാണ് ലഭിച്ചത്. സി.പി.ഐ. ക്ക് ഒരു സീറ്റായിപ്പോയിയെന്ന് നിങ്ങൾ പറഞ്ഞു. നാല് സീറ്റുണ്ടായിരുന്ന സി.പി.ഐ. ക്ക് ഒരു സീറ്റായി കുറഞ്ഞു. 200-ഓളം സീറ്റുണ്ടായിരുന്ന നിങ്ങൾക്ക് അഞ്ചിലൊന്നായി കുറഞ്ഞു. 31 ശതമാനം വോട്ട് കിട്ടിയ ബി.ജെ.പി. ക്ക് 282 സീറ്റ് ലഭിച്ചു. ബാക്കി 69 ശതമാനം വോട്ട് കോൺഗ്രസ്സ് അടക്കമുള്ള പ്രതിപക്ഷ പാർട്ടികൾ നേടിയപ്പോൾ എല്ലാവർക്കും കൂടി 261 സീറ്റാണ് ലഭിച്ചത്. 3.3 ശതമാനം വോട്ട് മാത്രം നേടിയ ഡി.എം.കെ. ക്ക് 37 സീറ്റ് ലഭിച്ചു. 4.4 ശതമാനം വോട്ട് നേടിയ ബി.എസ്.പി. 540 സീറ്റിൽ മത്സരിച്ചെങ്കിലും ഒറ്റ സീറ്റ് പോലും കിട്ടിയില്ല. 3.8 ശതമാനം വോട്ട് കിട്ടിയ തൃണമൂൽ കോൺഗ്രസ്സിന് 34 സീറ്റും 1.7 ശതമാനം വോട്ട് കിട്ടിയ ബിജു ജനതാദളിന് 20 സീറ്റും 1.9 ശതമാനം വോട്ട് കിട്ടിയ ശിവസേനയ്ക്ക് 18 സീറ്റും സി.പി.ഐ. ക്കും സി.പി.ഐ(എം)-നും കൂടി 12 സീറ്റും ലഭിച്ചു. ഒരു ശതമാനത്തിൽ താഴെയാണ് ഞങ്ങൾക്ക് ലഭിച്ച വോട്ട്.

സി.പി.ഐ. ക്ക് ഒരു സീറ്റ് ലഭിച്ചു. ഇവിടെ വാസ്തവത്തിൽ ജനാധിപത്യ ത്തിന്റെ ധ്വംസനം നടക്കുകയാണ്. ഇലക്ഷൻ റിഫോംസിനെക്കുറിച്ച് നിങ്ങൾ എന്തുകൊണ്ട് ആലോചിക്കുന്നില്ല? ഇവിടെ സി.പി.ഐ. യും സി.പി.ഐ(എം) – കൂടി മത്സരിച്ച സീറ്റുകളുടെ എണ്ണം പരിമിതമാണ്. ഞങ്ങൾക്ക് ലഭിച്ച വോട്ടിംഗ് ശതമാനം വളരെ ചെറുതായിരിക്കാം. ഞങ്ങൾ തകർച്ച നേരിട്ടു വെന്ന് പറയുമ്പോൾ ആ തകർച്ചയെ അംഗീകരിക്കുന്നു. പത്ത് കൊല്ലം ഭരണ ത്തിലിരുന്ന നിങ്ങൾക്ക് ഈ തെരഞ്ഞെടുപ്പിൽ പ്രതിപക്ഷസ്ഥാനം പോലും ലഭിച്ചിട്ടില്ലായെന്ന് പറയുമ്പോൾ ആ തകർച്ച എന്തുകൊണ്ട് നിങ്ങൾ കാണു ന്നില്ല; കേരളത്തിൽ 12 സീറ്റ് കിട്ടിയെന്നതിന്റെ പേരിൽ നിങ്ങളുടെ സാമ്പ ത്തിക നയപരിപാടികളെ ഇപ്പോഴും താലോലിച്ചുകൊണ്ടിരിക്കുകയാണോ? ഇടതുപക്ഷത്തിന് വോട്ട് ചെയ്യണമെന്ന് ആഗ്രഹിച്ച മതന്യൂനപക്ഷ ങ്ങളിൽപ്പെട്ട കുറച്ചുപേർ നിങ്ങൾക്ക് വോട്ട് ചെയ്തു. അതിന് കാരണം ഇടതു പക്ഷ രാഷ്ട്രീയത്തെ എതിർത്തതുകൊണ്ടല്ല. പല സ്ഥലങ്ങളിലും നിങ്ങൾക്ക് അതിന്റെ മെച്ചമുണ്ടായി. കേരളത്തിലെ 20 സീറ്റുകളുമെടുത്ത് പരിശോധി ച്ചാൽ 20 സീറ്റുകളിലും വ്യത്യസ്ഥമായ കാരണങ്ങളുണ്ട്. ഇവിടെ ഉമ്മൻ ചാണ്ടി ട്രെൻഡ് ഉണ്ടായിട്ടില്ല. ഉമ്മൻ ചാണ്ടിക്ക് ഒരു വോട്ടും കിട്ടിയിട്ടില്ല. വീണുകിട്ടിയ വിദ്യ പോലെ നിങ്ങൾക്ക് വ്യാഖ്യാനിക്കാം കഴിഞ്ഞ മൂന്ന് വർഷം കേരളത്തിലെ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേന്ദ്രം ഭരിച്ചിരുന്ന കോൺഗ്രസ്സിനുവേണ്ടി വിടുപണി ചെയ്യുകയും അതിന്റെ 'ബി' ടീമായി പ്രവൃത്തിച്ചുകൊണ്ട് സംസ്ഥാനത്ത് നിരവധി ജനദ്രോഹ നയങ്ങൾ നടപ്പിലാക്കുകയും ചെയ്തു. മോദിപ്പേടിയുടെ പേരിൽ കേരള കോൺഗ്രസ്സി ന്റേയും മുസ്ലീം ലീഗിന്റേയും സഹായത്തോടുകൂടി കേരളത്തിൽ നേടിയെ

ടുത്ത 12 സീറ്റിന്റെ പേരിൽ ഉമ്മൻ ചാണ്ടിക്കും അദ്ദേഹത്തിന്റെ ഗവൺമെന്റിനും വലിയ നേട്ടമുണ്ടായിരിക്കുന്നുവെന്ന നിഗമനത്തിലേയ്ക്ക് എത്തിയാൽ വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ അതിശക്തമായ തിരിച്ചടി നിങ്ങൾക്ക് നേരിടേണ്ടി വരും. ഞാൻ ഒരുകാര്യം കൂടി പറയാം, ഇടതുപക്ഷ പാർട്ടികൾക്ക് തെറ്റ് പറ്റിയിട്ടുണ്ടെങ്കിൽ അത് തിരിച്ചറിയാനും തിരുത്താനും കഴിയുന്ന രാഷ്ട്രീയ ആർജ്ജവം ഞങ്ങൾക്കുണ്ട്. ഇത് കുടുംബവാഴ്ചയല്ല. കമ്മ്യൂണിസ്റ്റ് പാർട്ടികൾ രാഷ്ട്രീയ നിലപാടുകൾക്കനുസരിച്ച് മുന്നോട്ടുപോകുന്നവരാണ്. രാജ്യം ഫാസിസ്റ്റുകൾക്ക് എതിരാണെന്ന വസ്തുതപോലും തിരിച്ചറിയാതെ കമ്മ്യൂണിസ്റ്റുകാർക്കെതിരെ നിങ്ങൾ ചന്ദ്ര ഹാസം മുഴക്കുമ്പോൾ ചരിത്രം നിങ്ങൾക്ക് മറുപടി പറയുമെന്ന് പറഞ്ഞു കൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ ശക്തമായി എതിർക്കുന്നു.

ശ്രീ. വി.റ്റി. ബൽറാം: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്ന കാര്യത്തിലും മെച്ച പ്പെട്ട ക്രമസമാധാനപാലന രംഗത്തും കേരളം ഇന്ത്യയിലെ എല്ലാ സംസ്ഥാന ങ്ങൾക്കും മാതൃകയാണ്. നമ്മുടെ നാട്ടിൽ ഏതെങ്കിലും തരത്തിലുള്ള കുറ്റ കൃത്യങ്ങളുണ്ടാകുമ്പോൾ അത് നല്ല രീതിയിൽ റിപ്പോർട്ട് ചെയ്യുന്ന ഒരു സാഹചര്യമുണ്ട്. നമ്മുടെ നിയമവാഴ്ചയിലുള്ള ഒരു വിശ്വാസം തന്നെ യാണ് അതിനുകാരണം. അതിന്റെ ഭാഗമായി കുറ്റകൃത്യങ്ങൾ അല്ലെങ്കിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകളുടെ എണ്ണത്തിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാ നങ്ങളിൽ നിന്നൊക്കെ ഉയർന്ന ഒരു നിരക്ക് ഇവിടെ കാണാൻ സാധിക്കുമെ ങ്കിലും ഗുരുതരമായ കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ ഇന്ത്യയിലെ ഏത്

സംസ്ഥാനത്തെ വച്ച് നോക്കുമ്പോഴും വളരെ മെച്ചപ്പെട്ട ഒരവസ്ഥ കേരളത്തിൽ കഴിഞ്ഞ കുറെക്കാലങ്ങളായി നമുക്ക് കാണാൻ സാധിക്കുന്നു. ഇത് ഒരു ഗവൺമെന്റിന്റെ മാത്രം മിടുക്ക് കൊണ്ടാണെന്ന് ഞാൻ അവകാശപ്പെടാൻ ആഗ്രഹിക്കുന്നില്ല. നമുക്കത് നിലനിർത്താൻ സാധിച്ചിട്ടുണ്ട്. ആ ഒരു നല്ല ട്രാക്ക് റിക്കോർഡ് അതിനേക്കാൾ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ വേണ്ടി ആഭ്യന്തര വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ നടപടികളും കക്ഷി രാഷ്ട്രീയത്തിനധീതമായി ഭരണ-പ്രതിപക്ഷ വ്യത്യാസങ്ങൾക്കതീതമായി എല്ലാവരും ഒരേ മനസ്സോടുകൂടി പിന്തുണയ്ക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പ്രതിപക്ഷത്തുള്ള സുഹൃത്തുക്കൾ ഈ ധനാഭ്യർത്ഥനകളെ എന്തുകൊണ്ടാണ് എതിർക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. രാഷ്ട്രീയമായ കാരണങ്ങൾ കൊണ്ടുമാത്രം അത്തരത്തിലുള്ള എതിർപ്പുമായി മുന്നോട്ടുപോകാതെ ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ സർവ്വാത്മനാ ഒരു മുൻവിധികളുമില്ലാതെ സ്വീകരിക്കാൻ പ്രതിപക്ഷത്തിരിക്കുന്ന സുഹൃത്തുക്കളടക്കം തയ്യാറാകണമെന്ന അഭ്യർത്ഥന ഞാൻ ഒരിക്കൽക്കൂടി മുന്നോട്ടുവയ്ക്കുകയാണ്. ഓപ്പറേഷൻ കുബേരയെക്കുറിച്ച് ഇവിടെ എല്ലാവരും പറഞ്ഞ സാഹചര്യത്തിൽ ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിലെ സാധാരണക്കാരുടെ ദുരിതാവസ്ഥയെയും അവരുടെ നിർബന്ധിതാവസ്ഥയെയും ചൂഷണം ചെയ്തുകൊണ്ട് തങ്ങളുടെ ലാഭം മാത്രം മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ടി പരിശ്രമിക്കുന്ന ഇത്തരത്തിലുള്ള മാഫിയ ശക്തികളെയും മാഫിയ പ്രവണതകളെയും അതിശക്തമായി അടിച്ചമർത്തുന്നതിനുവേണ്ടിയുള്ള ഓപ്പറേഷൻ കുബേരയുടെ പ്രയോജനം, അത് രാഷ്ട്രീയമായിത്തന്നെ പ്രയോജനമുണ്ടാക്കിയിട്ടുണ്ടെങ്കിൽ അത് കേരളത്തിലെ ആഭ്യ

ന്തര വകുപ്പിനുമാത്രമല്ല ഈ ഗവൺമെന്റിന്റെതന്നെ പ്രതിഛായ ഉയർത്തുന്ന കാര്യത്തിൽ ഏറ്റവും നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുള്ള ഒരു നടപടിയാണ് ഇതെന്ന് കേരളീയ പൊതു സമൂഹം വിലയിരുത്തുകയാണ്. അത്രത്തോളം ആർജ്ജവപൂർണ്ണമായിട്ടുള്ള ഒരു നടപടി. ഈ നാട്ടിലെ നിയമവാഴ്ച എല്ലാറ്റിനും മുകളിലാണ്. Rule of Law എല്ലാറ്റിനും മുകളിലാണെന്നുപറയുന്ന ഒരു വിശ്വാസം സാധാരണക്കാർക്കിടയിൽ ഊട്ടിയുറപ്പിക്കാൻ ആ ഒരു പ്രവർത്തനം കൊണ്ട് സാധിച്ചിട്ടുണ്ട്. ഒരു വക സമ്മർദ്ദത്തിനും വഴിപ്പെടാതെ അതിശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ ആഭ്യന്തര വകുപ്പുമന്ത്രിയുടെ നിശ്ചയദാർഢ്യത്തിന് സാധിക്കുമെന്നുള്ള പ്രതീക്ഷ ഞാനിവിടെ പങ്കുവയ്ക്കുന്നു. അതുപോലെതന്നെ തിരിച്ചറിവില്ലാത്ത പ്രായത്തിൽ സ്കൂളുകളിൽ പോകുന്ന പിഞ്ചുകുഞ്ഞുങ്ങളെ വലവീശിപ്പിടിച്ചുകൊണ്ട് അവരെ മയക്കുമരുന്നിന് അടിമപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിലേയ്ക്ക് കൊണ്ടുപോകുന്ന, ഒരു പക്ഷെ വരും തലമുറയോട് വലിയ പാതകം ചെയ്യുന്ന വലിയ മാഫിയകളെ ഒരിക്കലും നമുക്ക് സഹിക്കാൻ കഴിയില്ല. ഒരിക്കലും നമുക്ക് കണ്ണടച്ച് നിൽക്കാൻ സാധിക്കുകയില്ല. ആ ഒരു മേഖലയിൽ ആർജ്ജവത്തോടുകൂടി ഇടപെട്ടുകൊണ്ട് ക്ലീൻ കാമ്പസ്, സേവ് കാമ്പസ് പദ്ധതിയുമായി മുന്നോട്ടുപോകുന്ന ആഭ്യന്തര വകുപ്പിന്റെ നിശ്ചയദാർഢ്യത്തെ ഞാൻ വീണ്ടും അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. കുറ്റകൃത്യങ്ങളുടെ സ്വഭാവം മാറുകയാണ്. അതിനെക്കുറിച്ച് പലരും ഇവിടെ സൂചിപ്പിച്ചു. സൈബർ കുറ്റകൃത്യങ്ങളുടെ ഒരു കാലഘട്ടത്തിലേയ്ക്ക് നമ്മൾ കടന്നിരിക്കുകയാണ്. സാങ്കേതിക വിദ്യകളൊക്കെ അനുനിമിഷം മാറുകയാണ്. കണ്ണടച്ച് തുറക്കുന്ന വേഗതയിലാണ് ഈ രംഗത്ത്

മാറ്റങ്ങളുണ്ടാകുന്നത്. സർക്കാരിന് ഇതിനെ റെസ്പോണ്ട് ചെയ്യുന്നതിന് ഒരു റെസ്പോൺസീവ് ടൈംമുണ്ട്. പലപ്പോഴും സർക്കാർ അല്ലെങ്കിൽ ഔദ്യോഗിക ഏജൻസികൾ ഇത്തരം കാര്യങ്ങളിലൊക്കെ പുറകോട്ടു നിൽക്കുന്ന ഒരു സാഹചര്യമുണ്ടാകുമ്പോൾ അത് നിയമലംഘനക്കാർക്ക് വലിയ രീതിയിലുള്ള ഒരു അഡ്വാന്റേജായി മാറുകയാണ്. അന്വേഷണ ഏജൻസികളെക്കാൾ മുൻതൂക്കം പലപ്പോഴും കുറ്റവാളികൾക്ക് ലഭിക്കുന്ന ഈ സാഹചര്യത്തെ നമുക്ക് സീരിയസ്സായി എടുക്കേണ്ടതായിട്ടുണ്ട്. ഇതിന് പരിഹാരമായി ആഭ്യന്തര വകുപ്പും പോലീസ് ഡിപ്പാർട്ടുമെന്റും ചേർന്ന് സൈബർ ഡോം പ്രോജക്ട് എന്നുപറയുന്ന ഒരു പ്രോജക്ട് ടെക്നോ പാർക്കിലെ ഐ.ടി. കമ്പനികളുമായൊക്കെ സഹകരിച്ചുകൊണ്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു സമീപനമായി ഞാൻ കാണുകയാണ്. ടെക്നോ പാർക്കിൽ ഇതിന് സ്ഥലം അനുവദിച്ചു. മറ്റ് കാര്യങ്ങളൊക്കെ ആരംഭിച്ചു. ഏതാണ്ട് 2 കോടി രൂപയുടെ ബഡ്ജറ്റ് വിഹിതവും ഇക്കാര്യത്തിനുണ്ട് എന്നുള്ളതും ഗവൺമെന്റ് ഈ കാര്യത്തെ വളരെ സീരിയസായി കാണുന്നു എന്നുള്ളതും പ്രത്യേകമായി അഭിനന്ദനം അർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ലോ ആന്റ് ഓർഡറും ഇൻവെസ്റ്റിഗേഷനും രണ്ടായി വേർതിരിക്കണമെന്നുപറയുന്ന ആശയം വളരെ കാലങ്ങളായി നിലവിലുള്ളതാണ്. പോലീസ് പരിഷ്കരണത്തെക്കുറിച്ചുള്ള പല റിപ്പോർട്ടുകളും ഇക്കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. പലപ്പോഴും ലോ ആന്റ് ഓർഡറിന്റെ കാര്യത്തിൽ അമിതമായ ശ്രദ്ധയും സമയം ചെലവഴിക്കേണ്ടിവരുന്നതുകൊണ്ട് കുറ്റാന്വേഷണ രംഗത്ത് പോലീസിന് വേണ്ടത്ര മുന്നോട്ടുപോകാൻ

സാധിക്കുന്നില്ല. അതുകൊണ്ട് ഇൻവെസ്റ്റിഗേഷൻ രംഗത്തെ കൂടുതൽ ആധു നീകരിക്കുന്നതിനുവേണ്ടി കുറ്റകൃത്യങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ട് അല്ലെ ങ്കിൽ ഹാബിച്ചൽ ഒഫന്റേഴ്സിന്റെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിനു വേണ്ടി കുറ്റവാളികളെ എത്രയുംപെട്ടെന്ന് നിയമത്തിനുമുമ്പിൽ കൊണ്ടു വരുന്നതിനുവേണ്ടി നമ്മുടെ ഇൻവെസ്റ്റിഗേഷൻ രംഗം ആധുനികവൽക്കരി ക്കണമെന്ന് പറയുന്ന ഒരു ആശയം എത്രയോ കാലങ്ങളായി ഇവിടെ നില നിൽക്കുന്നതാണ്. ഈ ഒരു ആശയത്തിൽ സംസ്ഥാന സർക്കാർ പുതിയ തായി ഒരു പദ്ധതി ആരംഭിക്കാൻ ഉദ്ദേശിച്ചുകൊണ്ട് മുന്നോട്ടുപോകുന്നു എന്നറിയുന്നതിൽ വലിയ സന്തോഷമുണ്ട്. ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് ആന്റ് സിസ്റ്റംസ് (സി.സി.ടി.എൻ.എസ്) എന്നുപറയുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാർ 2000 കോടി രൂപ അനുവദിച്ചിരി ക്കുകയാണ്. രാജ്യത്തെ 29–ഓളം സംസ്ഥാനങ്ങളിലുള്ള ഏതാണ്ട് 15000 –ത്തോളം പോലീസ് സ്റ്റേഷനുകളെ മുഴുവൻ ബന്ധപ്പെടുത്തിക്കൊണ്ട് ഇക്കാര്യത്തിൽ വളരെ ശക്തമായ ഒരു ഡേറ്റാ ബെയ്സും ഇൻഫർമേഷൻ സിസ്റ്റവും ക്രിയേറ്റ് ചെയ്തുകൊണ്ട് ക്രൈം ഇൻവെസ്റ്റിഗേഷൻ രംഗത്തും ക്രിമിനൽസ് ഡിക്റ്റഷൻ രംഗത്തും ഇൻഫർമേഷൻ ശേഖരിക്കുന്ന രം ഗത്തും ലഭിക്കുന്ന വിവരങ്ങൾ വ്യത്യസ്ത ഏജൻസികളുമായി പങ്ക് വയ്ക്കുന്ന രംഗത്തുമെല്ലാം സാധാരണക്കാരായ പൗരന്മാരെ പങ്കാളികളാക്കി അവർക്ക് ലഭിക്കേണ്ട സേവനങ്ങൾ സമയബന്ധിതമായി ലഭിക്കുന്ന കാര്യ ത്തിലുമൊക്കെ ആധുനിക വൽക്കരണം വലിയ രീതിയിൽ ഗുണം ചെയ്യുമെ ന്നുള്ളതാണ് എന്റെ അഭിപ്രായം. കേരളത്തിൽ ഇത് പരിമിതമായ രീതി യിൽ മാത്രമെ നടപ്പാക്കിയിട്ടുള്ളൂ. ഇൻവെസ്റ്റിഗേഷൻ രംഗത്ത് നമ്മൾ

ഇതുവരെ കടന്നിട്ടില്ല. അതുപോലെ പ്രോസിക്യൂഷൻ രംഗത്തേയ്ക്ക് നമ്മൾ അതിന്റെ മൊഡ്യൂളുകൾ ഇതുവരെ നടപ്പാക്കിയിട്ടില്ല. നടപ്പാക്കിയത് വച്ചുകൊണ്ടുതന്നെ ഏതാണ്ട് 33000 (മുപ്പത്തിമൂവായിരം) പുതിയ കേസുകൾ ഈ രംഗത്ത് രജിസ്റ്റർ ചെയ്യാനും അതുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകാനും സാധിക്കുന്നു എന്നുള്ളത് പ്രത്യേകമായി എടുത്തുപറയേണ്ട കാര്യമായി തോന്നുകയാണ്. ഇത് ശക്തിപ്പെടുത്തി മുന്നോട്ട് കൊണ്ടുപോയി ഇതിന്റെ പ്രയോജനം ഏറ്റവും സാധാരണക്കാർക്ക് ലഭിക്കുന്ന തരത്തിൽ അവർക്ക് കൂടി ഈ നിയമവാഴ്ച ഉറപ്പുവരുത്തുന്ന രംഗത്ത് പോലീസുമായി സഹകരിക്കുന്ന തരത്തിൽ അവർക്ക് ഒരു ആത്മവിശ്വാസം ജനറേറ്റ് ചെയ്യാൻ നമുക്ക് എങ്ങനെ സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതായിട്ടുണ്ട്. പ്രവാസികൾ വലിയ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്ത ഒരു തീരുമാനമാണ് പോലീസിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന എൻ.ആർ.ഐ. സെൽ. പ്രവാസികൾക്ക് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇരുന്നുകൊണ്ടുതന്നെ അവരുടെ നാട്ടിൽ നടക്കുന്ന അല്ലെങ്കിൽ അവരുടെ കുടുംബവുമായി.......... അവരുടെ കുടുംബത്തെ ആരും നോക്കാൻ ഉണ്ടാകില്ല. കാരണം ഉത്തരവാദിത്തപ്പെട്ട ആളുകളൊക്കെ വിദേശത്തായിരിക്കും. അത്തരത്തിലുള്ള വീടുകളിലെ സാധാരണക്കാരായ സ്ത്രീകൾ വീട്ടമ്മമാർ അനുഭവിക്കുന്ന ധാരാളം ബുദ്ധിമുട്ടുകളുണ്ട്. ആ ബുദ്ധിമുട്ടുകൾക്ക് പരാതി നൽകുന്നതിനുവേണ്ടിയുള്ള എൻ.ആർ.ഐ. സെല്ലും പോലീസ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററും അതുപോലെ ഇ-മെയിലിലൂടെ പരാതി നൽകാനുള്ള സംവിധാനവുമൊക്കെ ഒരുക്കി മുന്നോട്ടുപോകുമ്പോൾ തീർച്ചയായും അതൊരു നല്ല കാര്യമായി ഞാൻ കാണുകയാണ്.

വളരെ പ്രതീക്ഷാ നിർഭരമായിട്ടുള്ള ഒരു തീരുമാനത്തെ ക്കുറിച്ച് ആഭ്യന്തര വകുപ്പുമന്ത്രി പലപ്പോഴും സൂചിപ്പിച്ചിട്ടുണ്ട്. ഒരു പോലീസ് സർവ്വകലാശാല കേരളത്തിൽ ആരംഭിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി ഈ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട ആധുനികമായ അറിവുകൾ പങ്കുവയ്ക്കുന്നതിനുവേണ്ടിയും ഇക്കാര്യത്തിൽ ഗവേഷണം നടത്തുന്നതിനുവേണ്ടിയും ക്രിമിനോളജിയുടെ രംഗത്തും ഫോറൻസിക് സയൻസിന്റെ രംഗത്തുമൊക്കെ കൂടുതൽ ഗവേഷണങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ടിയും ഒരു പോലീസ് സർവ്വകലാശാല എന്ന ആശയം മുന്നോട്ടുവച്ചത് തീർച്ചയായും സ്വാഗതം ചെയ്യപ്പെടേണ്ട കാര്യമാണ്. അതിനുവേണ്ട സ്ഥലം കണ്ടെത്തിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുമായി ബന്ധപ്പെട്ട നിയമനിർമ്മാണം എത്രയും പെട്ടെന്നുതന്നെ നടത്തി ആ പോലീസ് സർവ്വകലാശാല യാഥാർത്ഥ്യമാക്കാൻ ആഭ്യന്തര വകുപ്പിന് സാധിക്കട്ടെയെന്ന് ഞാൻ ആശംസിക്കുകയാണ്. സ്ത്രീ സുരക്ഷയ്ക്കായി 'നിർഭയ കേരളം, സുരക്ഷിത കേരളം' എന്ന പദ്ധതിയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. പോലീസ് സേനയ്ക്കകത്തെ സ്ത്രീകളുടെ പ്രാതിനിധ്യം ഇപ്പോഴും നമ്മൾ ഉദ്ദേശിക്കുന്ന തലത്തിലേയ്ക്ക് വന്നിട്ടില്ല. പത്ത് ശതമാനമെങ്കിലും തുടങ്ങണമെന്ന നിലയിൽ സ്ത്രീകളുടെ പ്രാതിനിധ്യം പോലീസ് സേനയ്ക്കകത്ത് ഉണ്ടാക്കേണ്ടിയിരിക്കുന്നു. അതിനേക്കാൾ എത്രയോ താഴെയാണ് ഇപ്പോഴത്തെ അവസ്ഥ. ഈ ഗവൺമെന്റ് വന്നതിനുശേഷം 60 വനിത എസ്.ഐ.മാരുടെയും 500 സി.പി.ഒ. മാരുടെയുമൊക്കെ തസ്തികയൊക്കെ സൃഷ്ടിച്ച് കുറെ കാര്യങ്ങൾ ചെയ്തുമുന്നോട്ട് പോകുന്നുണ്ട്. ഇത് എത്രയോ വിപുലപ്പെടുത്തേണ്ട ഒരു സാഹചര്യമാണ്. സ്ത്രീകൾക്ക്

ഈ സിസ്റ്റത്തിലൊരു കോൺഫിഡൻസ് ജനിപ്പിക്കുന്നതിനുവേണ്ടി സ്ത്രീ പ്രാതിനിധ്യം ഗണ്യമായി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അതിനുവേണ്ട നടപടികൾ സത്വരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പോലീസിലെ വനിതകളെ നിയമിക്കുന്ന കാര്യത്തിലും അവരുടെ യോഗ്യതയുടെ കാര്യത്തിലുമൊക്കെ പി.എസ്.സി.യുമായി ബന്ധപ്പെട്ട് ചില അവ്യക്തതകളും വേർതിരിവുകളും ഉണ്ടെന്നുള്ള ഒരു ആക്ഷേപം വന്നിട്ടുണ്ട്. പണ്ട് കോൺസ്റ്റബിൾ എന്ന് വിശേഷിപ്പിച്ചിരുന്ന കേഡറിനെ പിന്നീട് സിവിൽ പോലീസ് ഓഫീസർ എന്ന് പുനർ നാമകരണം ചെയ്തുവെങ്കിലും വനിതാ ജീവനക്കാർക്ക് ഇപ്പോഴും കോൺസ്റ്റബിൾ എന്നുള്ള തരത്തിൽത്തന്നെയാണ് അവരെ പി.എസ്.സി. കാണുന്നത്. അവർക്ക് പത്താം ക്ലാസ് മാത്രമാണ് യോഗ്യതയായി നിഷ്കർഷിച്ചിരിക്കുന്നത് എന്നുള്ള വാർത്തകൾ പത്രത്തിൽ കണ്ടു. അത്തരത്തിലുള്ള ഒരു ഡിസ്പാരിറ്റി അല്ലെങ്കിൽ ഒരു ഡിസ്ക്രിമിനേഷൻ ഉണ്ടെങ്കിൽ ഒരു പക്ഷേ അത് ഭാവിയിൽ ഇവരുടെ പ്രൊമോഷൻ സാദ്ധ്യതകളെയൊക്കെ ബാധിക്കുമെന്നുള്ളതുകൊണ്ട് ഇക്കാര്യത്തിലുള്ള അവ്യക്തതകൾ കൂടി നീക്കാൻ ഗവൺമെന്റ് നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനത്തെക്കുറിച്ച് ബഹുമാന്യരായിട്ടുള്ള അംഗങ്ങൾ ഇവിടെ നേരത്തെ സൂചിപ്പിച്ചു. ആ പ്രവർത്തനം വളരെ മാതൃകാപരമാണ്. ഒറ്റവാക്കിൽ വിശേഷിപ്പിച്ചാൽ ഇത്രത്തോളം നമ്മുടെ ചെറുപ്പക്കാരെയും വിദ്യാർത്ഥികളെയും നേർവഴിക്ക് നടത്തുന്ന കാര്യത്തിലും അവരുടെ വ്യക്തിത്വ രൂപീകരണത്തിന്റെ രംഗത്തുമൊക്കെ നല്ല ഗുണപരമായ ഒരവസ്ഥ സൃഷ്ടിക്കുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി എല്ലാ സ്കൂളുകളിലേയ്ക്കുമായി വ്യാപിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനമെടുത്താൽ അത് ഏറ്റവും കൂടുതൽ സ്വാഗതം ചെയ്യു

പ്പെടുമെന്ന് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സാധാരക്കാരായിട്ടുള്ള പോലീസുദ്യോഗസ്ഥരുടെയും പോലീസ് സേനയുടെയുമൊക്കെ ആധുനിക വൽക്കരണത്തെക്കുറിച്ച് പറയുമ്പോൾ പോലീസിന്റെ ഭാഗത്തു നിന്നുവരുന്ന ഏത് നിസ്സാരപ്പെട്ട വീഴ്ചയും ഒരുപക്ഷേ ഭരണകൂടത്തെത്തന്നെ ഇളക്കിമറിക്കുന്ന തരത്തിൽ വലിയ രാഷ്ട്രീയ കൊടുങ്കാറ്റുകൾക്ക് തുടക്കം കുറിക്കുമ്പോൾ സാധാരണക്കാരായിട്ടുള്ള പോലീസുദ്യോഗസ്ഥരുടെ കാര്യം വലിയ കഷ്ടമാണ്. അവരെക്കുറിച്ച് നമുക്ക് ആലോചിക്കേണ്ട കാര്യമുണ്ട്.

പോലീസ് ഉദ്യോഗസ്ഥരുടെ എട്ടാം ശമ്പള കമ്മീഷൻ വളരെ നല്ല ഒരു ആനുകൂല്യം താഴെക്കിടയിലുള്ള ഉദ്യോഗസ്ഥർക്ക് നൽകി. പക്ഷെ ഒൻപതാം ശമ്പള കമ്മീഷനെക്കുറിച്ച് പോലീസ് ഉദ്യോഗസ്ഥൻമാർക്കിടയിൽ യാതൊരു മതിപ്പുമില്ല. അവർ വലിയ നിരാശയിലാണ്. അതുകൊണ്ടു ഈ വരുന്ന പത്താം ശമ്പള കമ്മീഷനെ വളരെ പ്രതീക്ഷയോടുകൂടിയാണ് സാധാരണക്കാരായിട്ടുള്ള പോലീസുകാർ നോക്കിക്കാണുന്നത്. അവരുടെ ദീർഘനാളായിട്ടുള്ള ഒരുപാട് കാര്യങ്ങൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പരിഹരിച്ചിട്ടുണ്ടെന്ന് ഞാനിവിടെ എടുത്തുപറയാനാഗ്രഹിക്കുകയാണ്. അവരുടെ ട്രയിനിംഗ് പരിധി സർവ്വീസിന്റെ ഭാഗമായി കണ്ടുകൊണ്ട് അവർക്ക് അഡീഷണൽ ഇൻക്രിമെന്റ് കൊടുക്കുന്നു, യൂണിഫോം അലവൻസ് ഇരട്ടിയാക്കുന്നു എന്നിങ്ങനെ സാധാരണക്കാരായ പോലീസുകാർക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ഗുണകരമാകുന്ന തരത്തിലുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടെന്ന് പറയുമ്പോൾതന്നെ അവരുടെ ഇനിയും പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടിയുള്ള പ്രത്യേകമായ ശ്രദ്ധ, പോലീസുകാരോട് മനുഷ്യത്വപരമായി ഇടപെടുന്ന ആഭ്യന്തര

വകുപ്പുമന്ത്രിയുടെ പ്രത്യേക താല്പര്യത്തിന്റെ അടിസ്ഥാനത്തിലുണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വലിയ സമ്മർദ്ദത്തിനടിമപ്പെട്ടാണ് ഇവർ പ്രവർത്തനവുമായിട്ട് മുന്നോട്ടുപോകുന്നത്. ഇതിനെ ഒരു പ്രൊഫഷണൽ ഫോഴ്സായി കാണാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. അത്തരത്തിലുള്ള ഒരു പ്രൊഫഷണൽ ഫോഴ്സിന് നൽകേണ്ട അല്ലെങ്കിൽ സർവ്വീസിന് നൽകേണ്ട എല്ലാ വിധ മാന്യമായ സേവനവേതനവ്യവസ്ഥകളും സാധാരണക്കാരായിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് അനുവദിച്ചുകൊണ്ട് അവർക്ക് നാലാമതൊരു ഗ്രേഡ്, അതുപോലെ അവരുടെ കാറ്റഗറിയിൽ ജോലിക്കു ചേരുന്ന മറ്റു വകുപ്പുകളിലൊക്കെ ഉദ്യോഗസ്ഥന്മാർ നാലും അഞ്ചും ഗ്രേഡ് വാങ്ങി മെച്ചപ്പെട്ട സാമ്പത്തികസ്ഥിതിയോടുകൂടി സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്യുന്ന അവസരമുണ്ടാകുമ്പോൾ ഫോലീസുകാർ മാത്രം ഒരു പരിധി കഴിഞ്ഞാൽ അതേ അവസ്ഥയിൽ തുടരുന്ന, കൂടുതൽ പ്രൊമോഷൻ സാധ്യതകൾ അവർക്ക് നിഷേധിക്കപ്പെടുന്ന ഒരു സാഹചര്യമാണുള്ളത്. അതുകൊണ്ട് അവരുടെ അത്തരത്തിലുള്ള ഡിമാന്റുകളെ അനുഭാവപൂർവ്വം പരിഗണിക്കാൻ ഗവൺമെന്റ് തയ്യാറാകണം എന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ പോലിസ് സ്റ്റേഷനുകൾ എവിടെയാണ് സ്ഥിതി ചെയ്യുന്നത് എന്നുള്ളതിനെക്കുറിച്ച് സൈൻബോർഡുകൾ നോക്കി ആർക്കും ബുദ്ധിമുട്ടേണ്ട കാര്യമില്ല. കേരളത്തിന്റെ ഹൈവേകളിൽ യാത്ര ചെയ്താൽ എവിടെയാണ് പോലീസ് സ്റ്റേഷനുള്ളതെന്ന് ഒരു കിലോമീറ്റർ മുൻപ് നമുക്കറിയാം. ഒരു കിലോമീറ്ററിനുമുൻപ് റോഡിന്റെ അപ്പുറവും ഇപ്പുറവുമായി 100 കണക്കിന് പിടിച്ചെടുത്ത വാഹനങ്ങൾ ഗതാഗതത്തിന് തടസ്സമാകുന്നതരത്തിൽ പാർക്ക് ചെയ്തിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ തൃത്താലയിലെ പോലീസ് സ്റ്റേഷനിൽ മൂന്ന് അടുക്ക് ആയിട്ടാണ് വാഹനങ്ങൾ വച്ചിരിക്കുന്നത്. ആദ്യം ഒരു ലെയർ വാഹനം, അതിന്റെ മുകളിൽ ക്രെയിൻ ഉപയോഗിച്ചാണ് അടുത്ത ലെയർ വാഹനം, അതിന്റെയും മുകളിൽ ഓട്ടോറിക്ഷായൊക്കെ കയറ്റിവച്ചിരിക്കുന്നത്.

പോലീസ് സ്റ്റേഷനിൽ നിൽക്കാൻ സ്ഥലമില്ല. പോലീസ് സ്റ്റേഷനിൽ ജീപ്പിടാൻ സ്ഥലമില്ല. അതുകൊണ്ട് പോലിസ് സ്റ്റേഷനിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ സമയബന്ധിമായി ലേലം ചെയ്ത് വിൽക്കാൻ എസ്.പി.മാരോട് നിർദ്ദേശം നൽകി കളക്ടർമാരുമായി ആലോചിച്ച് അതിനൊരു മെക്കാനിസമുണ്ടാക്കണം. അതിനൊരു മെക്കാനിസം ഉണ്ടാകുന്നില്ല. ഞങ്ങൾ ഡി.ഡി.സി.യിൽ നിരന്തരം ഈ ആവശ്യം ഉന്നയിക്കുകയാണ്. പക്ഷെ അതിന് പരിഹാരമാകുന്നില്ല. ഗവൺമെന്റ് തന്നെ നേരിട്ട് ഇടപെട്ട് ആഭ്യന്തരവകുപ്പിന്റെ നേതൃത്വത്തിൽ മറ്റു വകുപ്പുകളുമായി സംയോജിച്ചുകൊണ്ട് ഇതിനൊരു പരിഹാരമുണ്ടാക്കണം എന്നഭ്യർത്ഥിക്കുകയാണ്. തൃത്താല പോലീസ് സ്റ്റേഷനെക്കുറിച്ച് പറഞ്ഞപ്പോൾ സ്വാഭാവികമായി തന്നെ പറയട്ടെ അതൊരു ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പണ്ട് ദുരിതാശ്വാസത്തിനുവേണ്ടി അതിന്റെ റസ്ക്യൂ ബിൽഡിംഗായിട്ട് കെട്ടിയ ചോർച്ചയുള്ള ഇടിഞ്ഞുപൊളിഞ്ഞു വീണുകൊണ്ടിരിക്കുന്ന ഒരു കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനെ നല്ല മാതൃകാപരമായിട്ടുള്ള പോലീസ് സ്റ്റേഷനായി പ്രവർത്തിക്കാനുളള കെട്ടിടം അനുവദിക്കാനുള്ള ഫണ്ട് കൂടി ബഹുമാന്യനായ ആഭ്യന്തരവകുപ്പുമന്ത്രി ഇടപെട്ട് നീക്കിവയ്ക്കണമെന്നഭ്യർത്ഥിക്കുകയാണ്. കുറ്റകൃത്യങ്ങളെക്കുറിച്ചും കുറ്റവാളികളെക്കുറിച്ചുമുള്ള സങ്കല്പങ്ങൾ മാറിമറിയുകയാണ്. നമ്മുടെ ജയിലിലുള്ള മുഴുവൻ ആളുകളും കൊടി സുനിമാരോ ഗോവിന്ദചാമികളോ ആണെന്ന് നമ്മൾ കരുതരുത്. കുറ്റവാളികളെ ശിക്ഷിക്കുക അവരോട് പ്രതികാരം ചെയ്യുക എന്നതല്ല നമ്മുടെ ശിക്ഷാനടപടികൾ കൊണ്ടുദ്ദേശിക്കുന്നത്. റെട്രിബ്യൂഷനല്ല നമ്മൾ ആഗ്രഹിക്കുന്നത്. മറിച്ച് അവരെ റീഹാബിലിറ്റേറ്റ് ചെയ്ത് അവരെ നല്ല പൗരന്മാരായി സമൂഹത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ സാധിക്കുമോ എന്നുള്ളതാണ് ജയിലിലടയ്ക്കുക എന്ന സങ്കല്പംകൊണ്ട് ആധുനിക കാലത്ത് നമ്മൾ മനസ്സിലാക്കുന്നത്. ഒരു കുറ്റവാളി എങ്ങനെ രൂപപ്പെടുന്നു എന്നതിനെക്കുറിച്ചുപോലും സാമൂഹ്യശാസ്ത്രപരമായും മന:ശാസ്ത്രപരമാ

യിട്ടുമുള്ള ഒരുപാട് പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. വ്യക്തിപരമായി മാത്രമല്ല ഒരു കുറ്റവാളിയുടെ രൂപീകരണത്തെ നമ്മൾ കാണേണ്ടത്. സാമൂഹ്യപരമായിട്ടുള്ള പല കാരണങ്ങളുണ്ട്. ഒരു വ്യക്തി ഒരു പ്രത്യേക സാഹചര്യത്തിൽ കുറ്റകൃത്യം ചെയ്യുമ്പോൾ അതിന് പുറകിൽ പ്രവർത്തിക്കുന്ന സാമൂഹ്യപരമായ കാരണങ്ങളുണ്ട്. റേപ്പിനുപോലും അത്തരത്തിലുള്ള കാരണങ്ങളുണ്ടെന്ന് പറയപ്പെടുന്നു. ഉത്തർപ്രദേശിലും മറ്റും ഈയിടെയായിട്ട് റിപ്പോർട്ട് ചെയ്യപ്പെടുന്ന റേപ്പിന് സാമൂഹ്യപരമായിട്ടുള്ള കാരണങ്ങളുണ്ട്. നമ്മുടെ ജാതിവ്യവസ്ഥയിലധിഷ്ഠിതമായിട്ടുള്ള അങ്ങേയറ്റത്തെ ഹിംസാവാസന ഒരു തരം അനിമൽ ഇൻസ്റ്റിംഗ്റ്റ് അതാണ് പലതരം കുറ്റവാളികളെയും ഉല്പാദിപ്പിക്കുന്നതെന്ന് മനസ്സിലാക്കിക്കൊണ്ട് ഇത്തരത്തിലുള്ള കാര്യങ്ങളെ കറക്റ്റ് ചെയ്യാനുള്ള റിഹാബിലിറ്റേഷൻ സെന്ററുകളായി ജയിലുകളെ മാറ്റാൻ സാധിക്കുമോയെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. നല്ല മാതൃകകളുണ്ട്. നോർവെ പോലുള്ള രാജ്യങ്ങൾ ഈ രീതിയിലാണ് അവർ ജയിലുകളെ വിഭാവനം ചെയ്യുന്നത് . ആ രിതിയിലാണ് അവർ മുന്നോട്ടുപോകുന്നത്. നമ്മൾ മനസ്സിലാക്കേണ്ടത് കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ ഏറ്റവും കുറവ് കാണപ്പെടുന്നതും അത്തരത്തിലുള്ള രാജ്യങ്ങളിലാണ്. അതുകൊണ്ട് തന്നെ ജയിൽ റീഫോംസ് എന്നു പറയുന്ന ആശയത്തെ കുറച്ചുകൂടി പുഷ് ചെയ്യാൻ നമുക്ക് സാധിക്കേണ്ടതാണ്. ജയിലുകളിൽ സി.സി.ടി.വി. ഏർപ്പടുത്തി സുരക്ഷ വർദ്ധിപ്പിക്കാൻവേണ്ടി നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം ജയിലധികാരികൾക്ക് ആധുനികമായ മന:ശാസ്ത്രപരിശീലനം കൂടി നൽകാൻ സാധിക്കേണ്ടതുണ്ട് എന്നുകൂടി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ക്ലീൻ കാമ്പസ് സെയ്ഫ് കാമ്പസിന്റെ ഭാഗമായി സ്കൂളുകളെ ലഹരിവിമുക്തമാക്കിയതുപോലെ നേരത്തെ ശ്രീ. ജോസഫ് വാഴക്കൻ സൂചിപ്പിച്ചതുപോലെ നമ്മുടെ ജയിലുകളെ ലഹരിവിമുക്തമാക്കാനും, ജയിലുകളിലെ തടവുപുള്ളികൾക്ക് ഒത്താശ ചെയ്തുകൊണ്ട് അവർക്ക് ഇത്തരത്തിലുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്ന

ഉദ്യോഗസ്ഥർ ആരെങ്കിലുമുണ്ടെങ്കിൽ അവരെ മാതൃകാപരമായി ശിക്ഷിച്ചുകൊണ്ട് മുന്നോട്ട് പോകാൻ, ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറാകാതെ മുന്നോട്ടുപോകാൻ ആഭ്യന്തരവകുപ്പിന് സാധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ രാജ്യത്ത് ഇന്ന ഫാസിസം യാഥാർത്ഥ്യമായിരിക്കുകയാണ്. ഇന്നത്തെ ഗവൺ മെന്റിനെ ഒറ്റ വാചകത്തിൽ വിശേഷിപ്പിക്കാൻ സാധിക്കുമെങ്കിൽ നമുക്ക് പറയാൻ സാധിക്കും, It is a democratically elected Fascist Government എന്നാണ് . തെരഞ്ഞെടുക്കപ്പെട്ട ഒരു ജനാധിപത്യപ്രക്രിയയിലൂടെയാണ് കടന്നുവന്നിരിക്കുന്ന ത്. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ ഫാസിസത്തിലേക്ക് നയിക്കുന്നുവെന്ന് ഇതി നുമുൻപ് പലരും ആശങ്കപ്പെട്ടപ്പോൾ അതൊന്നുമുണ്ടാവില്ല എന്ന പ്രതീക്ഷയുടെ അടിസ്ഥാനത്തിലാണ് വികസനത്തിന്റെ ഒരു മന്ത്രം ഉയർത്തിക്കൊണ്ടാണ് ശ്രീ. നരേന്ദ്രമോഡി അധികാരത്തിൽ വന്നത്. അദ്ദേഹം അധികാരത്തിൽ വന്നതിനു ശേഷം ആരും അദ്ദേഹത്തെ വിമർശിക്കാൻ പാടില്ലായെന്നുള്ള സാഹചര്യം ഇവിടെ ക്രിയേറ്റ് ചെയ്യപ്പെടുകയാണ്. ശ്രീ. നരേന്ദ്രമോഡിക്ക് ഒരുപക്ഷെ സ്ഥാന ക്കയറ്റം ലഭിച്ചിട്ടുണ്ടാകാം. അദ്ദേഹം ഗുജറാത്തിന്റെ മുഖ്യമന്ത്രിസ്ഥാനത്തു നിന്ന് ഇൻഡ്യൻ പ്രധാനമന്ത്രി സ്ഥാനത്തേയ്ക്ക് വളർന്നിട്ടുണ്ടാകാം. പക്ഷെ ഇൻഡ്യ മാറിയിട്ടില്ല. ഇൻഡ്യ ഇപ്പോഴും ജനാധിപത്യരാജ്യമായി തുടരുകയാണ്. ഒരു ജനാ ധിപത്യരാജ്യത്ത് പ്രധാനമന്ത്രിയടക്കമുള്ള രാഷ്ട്രീയനേതാക്കൻമാരെ ആശയപര മായി നയപരമായി കാര്യങ്ങൾ വരുമ്പോൾ വിമർശിക്കാനുള്ള പൗരന്റെ പ്രാഥമിക മായ ജനാധിപത്യ അവകാശത്തെ നിരോധിക്കാൻ അടിച്ചമർത്താൻ ആരും ശ്രമി ച്ചാലും അതിന് കേരളത്തിലെ പോലീസ് കൂട്ടു നിൽക്കരുതെന്നാണ് എനിക്ക് പറ യാനുള്ളത്. ശ്രീ. രാജേഷ് ചോദിക്കാൻ വന്ന ചോദ്യം എന്റെ മനസ്സിലുണ്ട്. ചില കോളേജുകളിൽ കോളേജ് മാഗസിനുകളിൽ കുട്ടികൾ അവരുടെ സ്വതന്ത്രമായ ആശയപ്രകാശനത്തിന് തടയിടാൻ ഒരു ഭരണകൂടത്തിനും അവകാശമില്ല. അത്തര ത്തിലുള്ള ആശയപ്രകാശനത്തിന്റെ പേരിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്കെതിരെ

കേസെടുക്കുന്ന സമീപനം ശരിയല്ലായെന്നുള്ളത് തന്നെയാണ് എന്റെ അഭിപ്രായം. ഇവിടെ നിയമവാഴ്ചയിൽ വിശ്വാസം ജനിപ്പിക്കുന്ന തരത്തിൽ രാഷ്ട്രീയ കൊലപാതകങ്ങളെ ഏറ്റവും ശക്തമായ രീതിയിൽ നേരിട്ടുകൊണ്ട് മാതൃകാപരമായ രീതിയിൽ ഈ ഭരണസംവിധാനത്തെ പോലീസ് സംവിധാനത്തെ മുന്നോട്ടു കൊണ്ടു പോകാൻ കഴിഞ്ഞതിന് ഉദാഹരണങ്ങൾ ഇവിടയുണ്ട്. ടി.പി. ചന്ദ്രശേഖരന്റെ വധത്തെതുടർന്ന് കേരളത്തിൽ അക്രമരാഷ്ട്രീയത്തിനെതിരെ അതിശക്തമായ ഒരു ജനവികാരമുണ്ടായി. ആ ജനവികാരത്തെ പൂർണ്ണമായി ഉൾക്കൊള്ളുന്ന തരത്തിലാണ് പോലീസ് വകുപ്പ് അതിന്റെ അന്വേഷണവുമായി മുന്നോട്ട് പോയതെന്നുള്ള കാര്യം നമുക്കറിയാം. അന്നത്തെ ആഭ്യന്തരവകുപ്പുമന്ത്രിയെയും ശ്രീ. തിരുവഞ്ചൂര രാധാകൃഷ്ണനേയും പ്രത്യേകം അഭിനന്ദിക്കുന്നു. കേരളത്തിൽ ആദ്യമായിട്ടാണ് രാഷ്ട്രീയ കൊലപാതകത്തിൽ ഗൂഢാലോചന കുറ്റം തെളിയിക്കപ്പെടാൻ നമുക്ക് സാധിക്കുന്നത്. സാധാരണ ക്രിമിനൽ കൃത്യം നടത്തിയ കൊലപാതകികൾക്ക് മാത്രമല്ല കൊലപാതകത്തിന് ഗൂഢാലോചന നടത്തിയ ക്രിമിനൽ കോൺസ്പിറൻസി നടത്തിയ ആളുകൾക്ക് പോലും അവരെ നിയമത്തിനുമുന്നിൽ കൊണ്ടവന്നുകൊണ്ട് കോടതിയുടെ പ്രശംസ പിടിച്ചുപറ്റുന്ന തരത്തിൽ മുന്നോട്ടു കൊണ്ടുപോയി പ്രതികൾക്ക് ശിക്ഷ വാങ്ങിക്കൊടുക്കാൻ സാധിച്ചുവെന്നുള്ളത് കേരളത്തിലെ പോലീസ് ഡിപ്പാർട്ട്മെന്റിന് പ്രതേകമായ അഭിനന്ദനത്തിന് അർഹതയുള്ള കാര്യമായി തോന്നുകയാണ്. ഇക്കാര്യത്തിൽ ഇനിയും കുറച്ച് വമ്പൻ സ്രാവുകൾ പുറത്തുണ്ട് എന്ന ആക്ഷേപമുണ്ട്. ഈ അന്വേഷണം പൂർണ്ണമല്ല. ഇനിയും കുറെ ആളുകൾ പുറത്തുണ്ട് എന്നു പറയുന്ന അനുഭവം എന്നു പറയുന്ന ഒരു വാദം അപ്പുറത്തുണ്ടാകുമ്പോൾ അതിനെതിരെ കണ്ണടയ്ക്കാൻ നമുക്ക് സാധിക്കുകയില്ല. അതുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ സിബി.ഐ. അന്വേഷണമെന്ന് പറയുന്ന ആവശ്യം, ടി.പി. യുടെ ബഹുമാന്യയായ വിധവ ശ്രീമതി കെ.കെ. രമ അടക്കമുള്ള

ആളുകൾ ഉന്നയിച്ചിട്ടുള്ള ആവശ്യം എന്തുതരത്തിലുള്ള സാങ്കേതിക തടസ്സമുണ്ടെങ്കിലും സി.ബി.ഐ. യുടെ ഭാഗത്തു നിന്നോ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നോ ഇക്കാര്യത്തിൽ അനുകൂല നിലപാട് ഉണ്ടാകുമെന്ന് പ്രതീക്ഷയില്ലെങ്കിൽപോലും അക്കാര്യത്തിൽ കേരളത്തിലെ സംസ്ഥാന സർക്കാർ ഈയൊരു ജനവികാരം മാനിച്ചുകൊണ്ട് ടി.പി. വധക്കേസിൽ സി.ബി.ഐ. അന്വേഷണം ഉറപ്പുവരുത്താനുള്ള നടപടികളുമായി മുന്നോട്ടുപോകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്.

ശ്രീമതി കെ. കെ. ലതിക: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നാട്ടിൽ ക്രമസമാധാനവും ജനങ്ങൾക്ക് സ്വൈരജീവിതവും ഉറപ്പുവരുത്തേണ്ട പോലീസിനെ രാഷ്ട്രീയ പ്രതിയോഗികളെ അടിച്ചമർത്താൻ വേണ്ടിയാണ് ഉപയോഗിച്ചിട്ടുള്ളത്. മാത്രവുമല്ല അവരെ ഇവിടെ പ്രശംസിക്കുന്നതും കേട്ടു. എന്നാൽ നാഷണൽ ക്രൈം റിക്കോർഡ് ബ്യൂറോയുടെ കണക്ക് അനുസരിച്ച്, കേരള ടോപ്പ് **ക്രൈം റൈറ്റ് ലിസ്റ്റ്** ഇൻ ഇൻഡ്യ-യിൽ പറയുന്നത്, After being the most literature state in the country Kerala is now named the state which the record is the highest rate of crimes under the Indian Penal Code. ഇന്ത്യൻ സാക്ഷരതയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമായ കേരളം ഇന്ന് എല്ലാ ക്രൈമിലും മുന്നിൽ നിൽക്കുന്നു എന്നാണ് പറയുന്നത്. പിന്നെ എങ്ങനെയാണ് ഇതിന് പണം അനുവദിക്കുക. മുൻ ആഭ്യന്തരവകുപ്പുമന്ത്രി മാറിയതിനുശേഷം മാറ്റം വന്നുവെന്ന് പറയാൻ കഴിയുമോ? കിഡ്നാപ്പിംഗിന്റെ കാര്യ

ത്തിലും, റേപ്പിന്റെ കാര്യത്തിലും, പെൺകുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന കാര്യത്തിലും വലിയ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. അതിലൊന്നും വലിയ മാറ്റമുണ്ടാക്കാൻ സാധിച്ചിട്ടില്ല. പുറമേ ഒരുപാട് കാര്യങ്ങളിൽ പുകഴ്ത്തുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ പോലീസെടുക്കേണ്ട നടപടിയിൽ ഒരു മാറ്റവുമുണ്ടായിട്ടില്ല. എന്റെ നാട്ടിലെ പോലീസ് ഹെൽമറ്റ് വേട്ട കാര്യമായി നടത്താറുണ്ട്. എല്ലാ സ്ഥലങ്ങളിലും അങ്ങനെ നടത്താറുണ്ടോയെന്ന് എനിക്കറിയില്ല. ക്രിമിനലുകളെ ഏതെങ്കിലും കേസ്സിൽപ്പെടുത്തി പിടിക്കുന്നതുപോലുള്ള കാര്യങ്ങളൊന്നും നാട്ടിൽ പോലീസ് ചെയ്യാറില്ല. ഹെൽമറ്റ് വേട്ടയ്ക്കിറങ്ങി ഗവൺമെന്റിനുവേണ്ടി പണം പിരിക്കാനുള്ള സംവിധാനം ചെയ്യുന്നതല്ലാതെ ക്രിമിനലുകളെ ഇല്ലാതാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളൊന്നും പോലീസ് നടത്തുന്നില്ല. അടുത്ത കാലത്തുള്ള കേസ്സിന്റെ കണക്കുകൾ പരിശോധിച്ചാൽ നമുക്കത് ബോധ്യമാകും. വളരെ ചുരുങ്ങിയ സമയമായതുകൊണ്ട് എല്ലാകണക്കും ഞാനിവിടെ ഉദ്ധരിക്കുന്നില്ല. ഈ നാട്ടിലെ പോലീസ് ഇപ്പോൾ എടുക്കുന്ന സമീപനമെന്താണ്? വിധ്വംസകപ്രവർത്തനം നടത്തുന്ന സരിതാ നായരേയും ബിജുരാധാകൃഷ്ണനേയും പോലുള്ളവരെ സംരക്ഷിക്കുന്നതിന് ഊർജ്ജം ചെലവാക്കുന്ന ഒരു വകുപ്പായിട്ടാണ് ഇത് മാറിയിട്ടുള്ളത്. കഴിഞ്ഞ കുറച്ചുകാലത്തെ പോലീസ് നടപടികളൊന്നും മറന്നുപോകാൻ നമുക്കാവില്ല. പണാപഹരണത്തിലുൾപ്പെട്ട് കുറ്റകൃത്യങ്ങൾ ചെയ്ത മുൻ പി.ആർ.ഡി. ഡയറക്ടർ ഫിറോസിന് എല്ലാ സഹായവും ചെയ്ത പോലീസ് ഇവിടത്തെ പ്രതിപക്ഷാംഗങ്ങളോടെടുത്ത സമീപനമെന്താണെന്ന് നമുക്ക് ഓർമ്മയുണ്ടാകുന്നത് നല്ലതാണ്. എസ്.എഫ്.ഐ. സമരത്തിൽ പങ്കെടുത്ത ശ്രീ. രാജേഷിന്റെ കൈ തല്ലിയൊടിച്ചു. ഒരു നടപടിയും ആ പോലീസിനുനേരെയെടുക്കാൻ അന്നത്തെ ആഭ്യന്തരവകുപ്പുമന്ത്രി തയ്യാറായില്ല. അതി

നുശേഷം ഒരു എം.എൽ.എ–യെ ക്രിമിനൽ കേസിൽപ്പെടുത്താൻവേണ്ടി ഇല്ലാത്ത കഥയുണ്ടാക്കി. ഇല്ലാത്ത കഥകൾ എൽ.ഡി.എഫ്–ന്റെ എം.എൽ.എ –മാർക്കെതിരായും എൽ.ഡി.എഫ് നേതാക്കൻമാർക്കെതിരായും മാത്രമേ എടുക്കുന്നുള്ളൂ. നീതി ഒരുപോലെയാണെങ്കിൽ ഈ സഭയിൽത്തന്നെയിരിക്കുന്ന ഒരാൾക്കെതിരായി കൊലക്കേസിൽ എഫ്.ഐ.ആർ. വന്നിട്ടുണ്ട്. പക്ഷേ അവരെ പ്രതിസ്ഥാനത്തുനിന്നും മാറ്റുന്ന അവസ്ഥയാണ് ഉണ്ടായിട്ടുളളത്. ഈ സഭയിൽത്തന്നെയിരിക്കുന്ന അൾക്കെതിരായി ഒരു സ്ത്രീ പറഞ്ഞത് ഞാൻ ഒരാളെക്കുറിച്ച് പറഞ്ഞപ്പോൾ ഇതാണ് അവസ്ഥയെങ്കിൽ ഇനി ബാക്കിയുളള ആളുകളെക്കുറിച്ച് പറഞ്ഞാൽ എന്തായിരിക്കും നാട്ടിലെയവസ്ഥയെന്നാണ്. അവരുടെ വായ് ഇപ്പോൾ ഏകദേശം മൂടിക്കെട്ടിയിരിക്കുകയാണെന്നുതോന്നുന്നു. ഏതായാലും ഒരാൾക്കെതിരായി പറഞ്ഞപ്പോഴുളള അവസ്ഥയിതാണ്. ഇവിടെ ഒരു കൊലപാതകത്തിനെക്കുറിച്ചുമാത്രമേ ഈ സഭയിലെ അംഗങ്ങൾക്ക് വേവലാതിയുളളൂ. **മധു ഈച്ചരത്തിനെ** കൊല്ലുമ്പോൾ അതിന്റെ പിന്നിൽ ഗൂഢാലോചനയുണ്ടായിരുന്നില്ലേ; ആ ഗൂഢാലോചനയെക്കുറിച്ച് എന്തുകൊണ്ടാണ് ആലോചിക്കാത്തത്; അതിനെക്കുറിച്ച് ഇവർക്കാർക്കും വേവലാതിയില്ലാത്തതെന്തുകൊണ്ടാണ്; ആ വെട്ടിന്റെ എണ്ണത്തെക്കുറിച്ച് ആരും പറയാത്തതെന്താണ്? **ലാൽജിയുടെ** കൊലപാതകത്തുനുശേഷം അദ്ദേഹത്തിന്റെ ഭാര്യയേയും കുട്ടികളേയും ആരും തിരിഞ്ഞുനോക്കുന്നില്ലായെന്ന് പത്രങ്ങളിൽ കാണുന്നു. അതിന്റെ സ്ഥിതി എന്താണെന്ന് നമുക്കറിയില്ല. പക്ഷേ അതിനെക്കുറിച്ച് ഇവിടുളളവർക്ക് ഒരു വേവലാതിയുമില്ല. എസ്.എഫ്.ഐ–യുടേയും ഡി.വൈ.എഫ്.ഐ–യുടേയും ഒരുപാട് ചെറുപ്പക്കാരെ വെട്ടിനുറുക്കിയിട്ട് അതിന്റെ പിന്നിൽ നടന്ന ഗൂഢാലോചന മാത്രമല്ല നേരിട്ട് പങ്കെടുത്ത ആളുകളെപ്പോലും അറസ്റ്റുചെയ്യാനും പ്രതിയാക്കാനും

തയ്യാറാകാത്തൊരു സ്ഥിതിയാണുണ്ടായത്. കേരളത്തെ സംബന്ധിച്ചിട ത്തോളം എല്ലാ ക്രിമിനൽ കേസ്സുകളും ഒരുപോലെ കൈകാര്യം ചെയ്യുന്നു വെന്ന് പറയാൻ കഴിയുമോ? ഇവിടെ ഇടതുപക്ഷത്തിന്റെ തകർച്ചയെക്കുറിച്ച് വല്ലാത്ത വേവലാതിയാണ്. ഇടതുപക്ഷത്തിന് തകർച്ചയൊന്നും വന്നിട്ടില്ലായെ ന്നുള്ളത് ഇടതുപക്ഷത്തിന്റെ വോട്ടെടുത്ത് പരിശോധിച്ചാൽ മനസ്സിലാകും. ബംഗാളിനെക്കുറിച്ച് പറയുന്ന ആളുകളുണ്ട്. **അർത്ഥഫാസ്റ്റ്** ഭീകര വാഴ്ചപോലെ കൊന്നൊടുക്കിയ ഒരു കാലത്താണ് ഫീനിക്സ് പക്ഷിയെ പ്പോലെ ബംഗാളിൽ അന്ന് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഉയർന്നുവന്നിട്ടുള്ളത്. ഇപ്പോഴും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനെതിരായി അതേ രൂപത്തിൽ **അർത്ഥ ഫാസ്റ്റ്** ഭീകരവാഴ്ചപോലെ പാർട്ടിയാഫീസുകൾക്കെതിരെയും അതുപോലെ പാർട്ടി പ്രവർത്തകരെ കൊല്ലുകയും ചെയ്യുന്ന പ്രവർത്തനമാണ് നടക്കുന്നത്. എന്നിട്ടും അവിടെയുള്ള സഖാക്കളും ആ നാടും കമ്മ്യൂണിസ്റ്റ് പ്രസ്ഥാ നത്തെ തള്ളിക്കളഞ്ഞിട്ടില്ലെന്ന് തെരഞ്ഞെടുപ്പിന്റെ വോട്ട് പരിശോധിച്ചുകഴി ഞ്ഞാൽ കാണാൻ സാധിക്കും. ഇങ്ങനെ ഊറ്റം കൊള്ളുന്ന കോൺഗ്രസ്സിന് എത്ര കൊല്ലത്തെ പാരമ്പര്യമാണുള്ളത്. കോൺഗ്രസ്സുകാർ പറയുന്നത് കമ്മ്യൂ ണിസ്റ്റുകാരാകെ തകർന്നുപോയെന്നാണ്. കമ്മ്യൂണിസ്റ്റുപാർട്ടി തകർന്നാൽ എന്തായിരിക്കും അവസ്ഥയെന്ന് നമുക്കും അവർക്കും കൃത്യമായറിയാം. കോൺഗ്രസ്സിന് പാർലമെന്റിലേയ്ക്ക് പോകാൻ ഒരു ബസ്സിൽ കൊള്ളാനുള്ള ആളില്ലാത്തപ്പോൾ നമ്മളെ ആക്ഷേപിക്കേണ്ട ആവശ്യമില്ലല്ലോ. ഇവിടത്തെ വിജയം ജനാധിപത്യത്തിന്റെ അടിത്തറയുടെ വിജയമൊന്നുമല്ല എന്നുള്ളത് വളരെ കൃത്യമായി എല്ലാവർക്കുമറിയാം. എങ്ങനെയാണോ ശ്രീ.നരേന്ദ്ര മോദി പണവും മറ്റെല്ലാ സംവിധാനങ്ങളും ഉപയോഗിച്ചത് ആ രൂപത്തിലുള്ള വലിയ സമ്മർദ്ദവും പ്രവർത്തനവും അതുപോലെ രാഷ്ട്രീയ എതിരാളികളെ

പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്തുകയുമൊക്കെ ചെയ്തിട്ടും ഇടതുപക്ഷത്തിന് അതിന്റെ സീറ്റ് ഇരട്ടിയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. സിനിമാതാരങ്ങളെ മത്സരിപ്പിച്ച പാർട്ടിയാണെന്ന് പറഞ്ഞു. ഞങ്ങൾ സിനിമാതാരങ്ങളും സ്പോർട്സ് താരങ്ങളും മോശമാണന്ന് കണക്കാക്കുന്ന ആളുകളല്ല. അവർ സമൂഹത്തിന്റെ ഭാഗമാണ്. ഞങ്ങൾ മത്സരിപ്പിച്ചതിന് വേവലാതി വേണ്ട. തോറ്റതിന്റെ വേവലാതിയുണ്ടെങ്കിലതു പറഞ്ഞാൽ മതി. ഇവിടെ നിങ്ങളെടുക്കുന്ന സമീപനമെന്താണ്. സ്ത്രീപീഡനത്തിന്റെ കഥകൾ ഒരുപാട് പറഞ്ഞിട്ടുണ്ട്. നമ്മുടെ ചരിത്രത്തിലെവിടെയെങ്കിലും ഒരു രാഷ്ട്രീയപാർട്ടിയുടെ ഓഫീസ് അടിച്ചുവാരാൻ കൊടുവാളും പിന്നാമ്പുറത്ത് വച്ച് പോകേണ്ട അവസ്ഥയുണ്ടോ. കോൺഗ്രസ്സിന്റെ ആഫീസ് അടിച്ചുവാരാൻ കൊടുവാള് പിന്നാമ്പുറത്ത് വയ്ക്കാതെ വരാൻ സ്ത്രീകൾ തയ്യാറാകില്ല. പുരുഷൻമാർ അടിച്ചുവാരുന്നതിൽ പ്രശ്നമൊന്നുമില്ല. അടിച്ചുവാരേണ്ട അവസ്ഥയിലേയ്ക്ക് എത്തിയത് എങ്ങനെയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ആഭ്യന്തരവകുപ്പ് കൈയിലെടുത്ത് ഭരിച്ച് ഭരിച്ച് ഈയൊരവസ്ഥയാക്കിയിട്ടുണ്ട്. ഈ വകുപ്പിന് ഒരുപാട് പണം കൊടുക്കേണ്ട ആവശ്യമില്ല. കഴിഞ്ഞ ആഭ്യന്തരവകുപ്പ് മന്ത്രിയുടെ സമയത്ത് ശ്രീ. ആർ. രാജേഷിനേയും ശ്രീ. റ്റി. വി. രാജേഷിനെയും കേസ്സിൽ കുടുക്കുകയും രണ്ടു വനിതാ എം.എൽ.എ.മാരെ വലിച്ചിഴക്കുന്ന അവസ്ഥയുമുണ്ടായിട്ടുണ്ട്. മാത്രവുമല്ല, ശ്രീ.വി.എസ്.അച്ചുതാനന്ദൻ നേതൃത്വം നൽകിയ ഒരു സമരത്തിനുനേരെ ഗ്രനേഡ് എറിയുകയും ശ്രീ. വി. എസ്. അച്ചുതാനന്ദനെയും ശ്രീ.സി. ദിവാകരനെയും ഇവിടത്തെ നേതാക്കൻമാർ ആശുപത്രിയിൽ കൊണ്ടുപോകേണ്ട അവസ്ഥയും വന്നു. ഇന്ന് നിയമസഭയിൽ അംഗങ്ങളായിട്ടുള്ള ശ്രീ. സി.കൃഷ്ണന്റേയും ശ്രീ. കെ. കെ. നാരായണന്റേയും പേരിൽ കേസെടുത്തു. സാമൂഹിക പ്രവർത്തകരെന്ന

നിലയ്ക്കും രാഷ്ട്രീയ പ്രവർത്തകരെന്ന നിലയ്ക്കും നമ്മൾ പ്രശ്നമുണ്ടാകുന്നിടത്ത് പോകാറുണ്ട്. എം.എൽ.എ. എന്നുപറഞ്ഞാൽ നിയമസഭയിൽ നിയമനിർമ്മാണം നടത്തുന്ന ചീഫ് സെക്രട്ടറിയുടെ മുകളിൽ പദവിയുള്ള ആളുകളെ പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി അവരുടെ മൊഴിയെടുത്ത് കേസിൽ പ്രതിയാക്കുന്ന അവസ്ഥ എവിടത്തെ ന്യായമാണ്. അത് ശരിയാണോ? നിങ്ങൾ നീതിയാണ് നടത്തുന്നതെന്നു പറയാൻ നിങ്ങൾക്കെന്ത് ആർജ്ജവമാണുള്ളത്. ഇതിന്റെ പേര് നീതിയെന്നാണോ? അല്ലെങ്കിൽ നീതി ചില ആളുകൾക്ക് മാത്രമുള്ളതാണെന്നല്ലേ ഇതിന്റെയൊരവസ്ഥ. എന്റെ മണ്ഡലമായ ആലഞ്ചേരിയിലൊരു പോലീസ് സ്റ്റേഷൻ വേണമെന്ന് ഞാൻ പറഞ്ഞിരുന്നു. ഇപ്പോൾ പറയുന്നില്ല. കാരണം പോലീസ് സ്റ്റേഷൻ വരുന്ന സ്ഥലം കേന്ദ്രീകരിച്ച് മദ്യ മാഫിയകളും മണൽ മാഫിയകളുമെല്ലാം വളർന്നു വരുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. പോലീസ് എന്നു പറയുന്നത് നമ്മുടെ സ്വൈരജീവിതം ഉറപ്പുവരുത്തുന്നതിനാണെങ്കിൽ അങ്ങനെയില്ലാത്ത ഒരു സ്ഥിതിവിശേഷമാണ് കേരളത്തിൽ ഇന്നുള്ളത്. കഴിഞ്ഞകാലത്തെ നീതിയെക്കുറിച്ചൊന്നും നിങ്ങളാരും പറയരുത്. മുൻആഭ്യന്തരവകുപ്പുമന്ത്രിയെ ഇവിടെ പുകഴ്ത്തുന്നത് കേട്ടു. കഴിഞ്ഞ ഒന്നരകൊല്ലം എന്റെ വ്യക്തിജീവിതത്തിൽ പ്രയാസമനുഭവിക്കേണ്ട ഒരു സ്ഥിതിയാണുണ്ടായിട്ടുള്ളത്. എനിക്കു മാത്രമല്ല എന്റെ ഭർത്താവിനെ അതുപോലെ എന്റെ കുട്ടിയേയും 'കാപ്പ' നിയമത്തിൽ ഉൾപ്പെടുത്തി. അതിൽനിന്നൊക്കെ എനിക്കു കിട്ടിയ നീതിയെത്രയാണ്? ഹൈക്കോടതിയിൽ പോയിട്ടാണ് എനിക്ക് നീതി ലഭിച്ചത്. ഹൈക്കോടതിയുടെ വിധി പ്രസ്താവനയിൽ അതിലുണ്ടായിട്ടുള്ള നീതിരാഹിത്യത്തെക്കുറിച്ച് വളരെ കൃത്യമായിത്തന്നെ പറഞ്ഞിട്ടുണ്ട്. ഇത് എന്റെ മകനുനേരെ

മാത്രമല്ല, എന്റെ നാട്ടിലെ സി.പി.എം–ന്റെ ബ്രാഞ്ച് സെക്രട്ടറിയും ഡി.വൈ.എഫ്.ഐ–യുടെ ബ്ലോക്ക് ജോയിന്റ് സെക്രട്ടറിയുമായ സുനീഷ് എന്നുപേരുള്ള ഒരു ചെറുപ്പക്കാരനുനേരെയുമുണ്ടായി. ഇത്തരം അഞ്ച് ആളുകൾക്കെതിരായി അവിടെ 'കാപ്പ' ചുമത്തി. അടിയന്തരപ്രമേയം അവതരിപ്പിച്ച ശ്രീ. ഇ. പി.ജയരാജൻ ഇവിടെ പറയുകയുണ്ടായി, സാമൂഹ്യപ്രവർത്തനം നടത്തുന്ന ആളുകൾ എതെങ്കിലും അടിപിടി കേസ്സിലുൾപ്പെട്ടാൽ ആ പ്രവർത്തകന്റെ പേരിലാണ് കേസെടുക്കുക. അതേസമയം മദ്യം, മണൽ, മരം മുതലായവ കടത്തുന്ന ആളുകളുടെ പേരിലൊന്നും 'കാപ്പ' ചുമത്തുന്നില്ല. ഈ ചെറുപ്പക്കാരുടെ പേരിൽ 'കാപ്പ' നിയമം ഉപയോഗിച്ച് അവരെ നാടുകടത്തുക എന്നുപറയുന്നത് എന്ത് നീതിയുടെ അടിസ്ഥാനത്തിലാണ്. ഇവിടെ ബോംബ് എറിഞ്ഞവർക്കും ഫോറസ്റ്റ് ഓഫീസ് കത്തിച്ചവർക്കുമെതിരെയൊന്നും 'കാപ്പ'യില്ല. രാഷ്ട്രീയപ്രവർത്തനം നടത്തിയതിന്റെ പേരിൽ ബഹുമാന്യനായ ആഭ്യന്തരവകുപ്പുമന്ത്രിയും ഒരുപാട് കേസ്സിലൊക്കെ പ്രതിയായിട്ടുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. രാഷ്ട്രീയപ്രവർത്തനം നടത്തുന്ന ആളുകളൊക്കെ കേസിൽ പ്രതിയാകാൻ സ്വാഭാവികമായും സാധ്യതയുണ്ട്. കേസിൽ പ്രതിയായതിന്റെ എണ്ണം മാത്രം നോക്കിയിട്ടാണോ 'കാപ്പ' ചുമത്തുന്നത്. അതുപോലെ രാഷ്ട്രീയപ്രവർത്തനം നടത്തുന്ന ഡി.വൈ.എഫ്.ഐ, എസ്.എഫ്.ഐ, എ.ഐ.എസ്.എഫ് എന്നീ ആളുകൾക്കെതിരായിട്ടല്ലേ 308 എടുക്കുന്നത്. ആ നയം ശരിയാണോ? എനിക്ക് ദൈവവിശ്വാസമുണ്ടായിരുന്നില്ല. പക്ഷേ പിന്നീടുണ്ടായ സംഭവങ്ങൾക്കുശേഷം ദൈവമുണ്ടെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. കാരണം ആ പ്രവർത്തനം നടത്തിയ മന്ത്രി പിന്നീട്

ശാലുമേനോന്റെ വീട്ടിൽ പോയി കരിക്ക് കുടിച്ചു. അതിനുശേഷം നമ്മുടെ നാട്ടിലെ കരിക്കിനു വിലകുറയുകയും നാളികേരത്തിന് വിലകൂടുകയും ചെയ്യുന്നൊരവസ്ഥയുണ്ടായി. **ആലഞ്ചേരി**യിൽ പോലീസ് സ്റ്റേഷൻ കിട്ടാതിരുന്നത് ഭാഗ്യമാണെന്നാണ് ഞാനിപ്പോൾ കരുതുന്നത്. പോലീസ് സ്റ്റേഷനോട് ചേർന്ന് ഒരുപാട് കുറ്റകൃത്യങ്ങൾ നടക്കുകയും പോലീസ് അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നൊരു സ്ഥിതിവിശേഷമുണ്ട്. അതുമാറണം.

അതുപോലെ പോലീസ് സ്റ്റേഷനുകളിൽ ജനപ്രതിനിധികളെക്കാൾ സ്ഥാനം ഇത്തരത്തിലുള്ള ആളുകൾക്കാണ് കിട്ടുന്നത്. ഞാൻ ഒരു സ്ഥലത്ത് കല്യാണത്തിന് പോയപ്പോൾ അവിടത്തെ എം.എൽ.എ.യെക്കുറിച്ച് വളരെ മോശമായ രീതിയിൽ സംസാരിക്കുന്നത് കേട്ടു. എന്താണെന്ന് ഞാൻ ചോദിച്ചപ്പോൾ, പോലിസ് പിടിച്ചുകൊണ്ടുപോയ ഒരു പ്ലസ് ടു വിദ്യാർത്ഥിയെ എം.എൽ.എ. പറഞ്ഞിട്ട് വിട്ടില്ല, പിന്നെ ആര് പറഞ്ഞിട്ടാണ് വിട്ടയച്ചതെന്ന് ഞാൻ ചോദിച്ചപ്പോൾ, അവിടത്തെ ഒരു പിമ്പ് പറഞ്ഞിട്ടാണ് ആ കുട്ടിയെ വിട്ടയച്ചതെന്ന് അവർ പറഞ്ഞു. അപ്പോൾ പോലീസ് സ്റ്റേഷനുകളിൽ ആർക്കാണ് കൂടുതൽ സ്വാധീനമുള്ളത്? ബഹുഭൂരിപക്ഷം പോലീസ് സ്റ്റേഷനുകളിൽ മാഫിയയ്ക്കും പിമ്പുകൾക്കുമാണ് സ്വാധീനമുള്ളത്. എല്ലാ പോലീസ് ഓഫീസർമാരും അങ്ങനെയാണെന്നുള്ള വിശ്വാസമൊന്നും എനിക്കില്ല. വേലി തന്നെ വിളവുതിന്നുന്ന ഒരു സ്ഥിതിയുണ്ട്. നമ്മൾ കണ്ടില്ലേ, ഒരു എസ്.പി. കൈകൂലി വാങ്ങിയിട്ട് അദ്ദേഹത്തിനെതിരെ എന്ത് നടപടിയാണുണ്ടായത്? എസ്.പി.യെ വേറൊരു ലാവണത്തിൽ പ്രതിഷ്ഠിക്കുക മാത്രമാണ് ചെയ്തത്. അയാളുടെ പേരിൽ ഉള്ള വാലാണോ അല്ലെങ്കിൽ അയാൾ കഴിഞ്ഞ കാലത്ത് രാഷ്ട്രീയ വേട്ട നടത്തിയതിന്റെ ഭാഗമായി

ട്ടാണോ ആ രീതിയിൽ സംരക്ഷിക്കാനാവശ്യമായ ഒരു സ്ഥിതി ഉണ്ടാക്കിയത്. ഈ ഒരു അവസ്ഥയാണെങ്കിൽ പണ്ടത്തെ ആഭ്യന്തരവകുപ്പുമന്ത്രിയുടെ അവസ്ഥ തന്നെ ഈ ആഭ്യന്തരവകുപ്പുമന്ത്രിക്കും ഉണ്ടാകും. ശ്രീ. മോൻസ് ജോസഫ് നേരത്തെ വളരെ പ്രകീർത്തിച്ച് സംസാരിക്കുന്നത് കേട്ടു. ഞങ്ങളൊക്കെ ഒന്നിച്ച് ഒരു കമ്മിറ്റിയിലുള്ളതാണ്. പലപ്പോഴും മറുപടി കിട്ടാത്ത ഒരുപാട് പ്രശ്നങ്ങൾ ഞങ്ങളുടെ കമ്മിറ്റിക്ക് മുൻപിൽ വരാറുണ്ട്. അതിൽ ഏറ്റവും കൂടുതൽ മറുപടി ലഭിക്കാനുള്ളത് പോലീസ് വകുപ്പിൽ നിന്നാണ്. ഇരകളുടെ ഭാഗത്ത് ഒരിക്കലും പോലീസ് നിൽക്കാറില്ല. 85 ശതമാനം കേസുകളിലും ഇരകളുടെ ഭാഗത്തല്ല പോലീസ് നിൽക്കുന്നത്. ഇരകൾ എന്നുപറഞ്ഞാൽ സാമ്പത്തികശേഷി തീരെക്കുറഞ്ഞ ആളുകളായിരിക്കും. എപ്പോഴും സാമ്പത്തിക ശേഷിയുള്ള ആളുകളുടെ ഭാഗത്താണ് പോലീസ് നിൽക്കാറുള്ളത്. അതിന്റെ ഭാഗമായി സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയിൽ നിരവധി പെറ്റീഷനുകൾ വരാറുണ്ട്. വകുപ്പിൽനിന്ന് അത്തരം പെറ്റീഷനുകൾക്ക് മറുപടി ലഭിക്കാറില്ല. ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തിയാൽ മാത്രമേ മറുപടി കിട്ടൂ എന്ന ഒരവസ്ഥയാണുള്ളത്. നമ്മുടെ സംസ്ക്കാരത്തിനുതന്നെ വെല്ലുവിളിയായി നിൽക്കുന്ന ഇത്തരം അവസ്ഥയെ ക്രിയാത്മകമായി എങ്ങനെയാണ് തടയേണ്ടതെന്ന് പരിശോധിക്കേണ്ടതായിട്ടുണ്ട്. പലപ്പോഴും നമുക്ക് ഇവിടെ ബിൽ അവതരിപ്പിച്ചുകൊണ്ട് ഇത് തടയാനാവശ്യമായ ഒരു സമീപനം ഉണ്ടാകേണ്ടതുണ്ട്. ഇന്ത്യാ രാജ്യത്ത് സ്ത്രീകൾക്കെതിരായി നടക്കുന്ന പീഡനങ്ങൾ, ആകെ നോക്കിക്കഴിഞ്ഞാലും ആ രീതിയിലല്ലെങ്കിലും, നമ്മുടെ സംസ്ഥാനത്തും സ്ത്രീ പീഡനങ്ങളും പ്രശ്നങ്ങളും ഉണ്ടാകുകയാണ്. പുരാണങ്ങളിലും

ഇതിഹാസങ്ങളിലുമുള്ള ആരുടെയെങ്കിലും പേരുവച്ച്, ഓപ്പറേഷൻ ദുശ്ശാസന എന്നോ മറ്റോ പേരിട്ട് സ്ത്രീകൾക്കെതിരായി പീഡനം നടത്തുന്നവർക്കെതിരായി കർശനമായ നടപടിയെടുക്കാനും തയ്യാറാകണം. എങ്ങനെയാണ് ഇത് തിരുത്തുക? അതുപോലെ നമ്മുടെ സമൂഹത്തിൽ ബാലപീഡനം വളർന്നുകൊണ്ടിരിക്കുകയാണ്. ബാലപീഡനം നടന്നുകഴിഞ്ഞാൽ അതിനെതിരായി കൃത്യമായി നടപടിയെടുക്കാൻ കഴിയാത്ത സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. അതുകൊണ്ട് ബാലപീഡനത്തിനെതിരായും സ്ത്രീ പീഡനങ്ങൾക്കെതിരായും ഏറ്റവും ശക്തമായ രൂപത്തിൽ എങ്ങനെയാണ് അതിനെ അമർച്ച ചെയ്യാൻ സാധിക്കുകയെന്ന് ചിന്തിക്കണം. അതിനെ ഓപ്പറേഷൻ ദുശ്ശാസന എന്ന പേരാണെങ്കിൽ അങ്ങനെയൊരു പേരിട്ട് സ്ത്രീകൾക്കെതിരായി നടക്കുന്ന ഇത്തരം കുറ്റകൃത്യങ്ങൾ തടയാൻ വേണ്ടിയുള്ള ഒരു സ്ഥിതിവിശേഷം ഉണ്ടാക്കണം. ജയിലുകൾ എന്തിനാണ്? കേരളത്തിലെ ജയിലുകൾ ആളുകളെ സംസ്ക്കരിച്ചെടുക്കാൻ വേണ്ടിയുള്ളതല്ലേ? അല്ലാതെ പല്ലിന് പല്ല്, കണ്ണിന് കണ്ണ്, മൂക്കിന് മൂക്ക് എന്നുപറയുന്ന അറേബ്യൻ നാടുകളെ പോലെ വെട്ടി കൊന്നിട്ടോ അടിച്ചിട്ടോ മാറ്റുന്ന ഒരു സ്ഥിതിയാണോ വേണ്ടത്. ആധുനിക രീതിയിലുള്ള ഒരു സംവിധാനത്തിലൂടെ സംസ്ക്കരിച്ചെടുക്കാനുള്ള ഒരിടമാണ് ജയിലുകൾ. ആ ജയിലുകൾക്ക് ആവശ്യമായ രൂപത്തിലുള്ള ജീവനക്കാരെ നൽകാനും ആ ജയിലുകളെ പരിഷ്ക്കരിക്കുന്ന രൂപത്തിലാക്കി മാറ്റാനും നടപടി വേണ്ടേ? ഇതിന്റെ ഭാഗമായിട്ടല്ലേ മുൻ ഡി.ജി.പി. അലക്സാണ്ടർ ജേക്കബ് ജയിലുകളിൽ ഭക്ഷണ സാധനങ്ങൾ ഉല്പാദിപ്പിക്കുകയും വിൽപ്പന ആരംഭിക്കുകയും ചെയ്തത്. ആളുകളെ മറ്റ് ചിന്തയിൽ നിന്നും മാറ്റി നല്ല പ്രവർത്തികളിലേക്ക് കേന്ദ്രീകരിപ്പിക്കുന്ന ഒരു സ്ഥിതി ഉണ്ടായപ്പോൾ ആ മഹനീയ സംഭാവനയെ നമ്മൾ അംഗീകരിക്കണ്ടേ?

കുറ്റവാളികളെ പീഡിപ്പിക്കുന്ന കേന്ദ്രങ്ങളായി ജയിലുകളെ മാറ്ററുത്. കുറ്റവാളികളുടെ മനസ്സ് മാറ്റിയെടുക്കുന്ന കേന്ദ്രങ്ങളായിട്ടാണ് ജയിലുകളെ മാറ്റേണ്ടത്. ഈ നിയമത്തിന്റെ പേര് 'കേരള പ്രിസണും സംശുദ്ധീകരണ സന്മാർഗീകരണ സേവനങ്ങളും നിർവ്വഹണവും നിയമവും' എന്നാണ്. ആ നിയമം വിവക്ഷ ചെയ്തതുപോലെത്തന്നെ ആ രീതിയിലുള്ള ഒരിടമാക്കി അതിനെ മാറ്റുന്ന ഒരു സ്ഥിതിവിശേഷമാണ് ഉണ്ടാകേണ്ടത്. ആരെ അമർച്ച ചെയ്യാൻ വേണ്ടിയാണോ കാപ്പ ഉൾപ്പെടെയുള്ള നിയമങ്ങൾ കൊണ്ടുവന്നത് ആ രീതിയിലല്ലാതെ രാഷ്ട്രീയ പ്രതിയോഗികളെ അമർച്ച ചെയ്യാൻ ഉപയോഗിക്കുകയാണെങ്കിൽ ആ നിയമം നമുക്ക് പ്രയോഗിക്കാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് മാറും. അതുകൊണ്ട് ഇത്തരം നിയമങ്ങൾ ഉപയോഗി ക്കുമ്പോൾ ആഭ്യന്തര വകുപ്പുമന്ത്രി അതിനനുസരിച്ചുള്ള രീതിയിൽ അതിനോടുള്ള സമീപനം സ്വീകരിക്കണം. ഈ നാട്ടിൽ കൊള്ളപ്പലിശ ക്കാരും സ്ത്രീ പീഡനക്കാരും കള്ളക്കടത്തുകാരും വിവിധ മാഫിയകളും.....

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം അധീഷണലായി 6 മിനിട്ട് കഴിഞ്ഞു.

ശ്രീമതി കെ. കെ ലതിക: ..........കൊടും ക്രിമിനലുകൾക്കെതിരെ പ്രയോഗിക്കാൻ സംസ്ഥാന നിയമസഭ കൊണ്ടുവന്ന ഒരു നിയമത്തെ പോലീസ് ദുരുപയോഗം ചെയ്യുമ്പോൾ അത് തടയാൻ കഴിയുന്ന ഒരു സ്ഥിതി ഉണ്ടാകണം. പോലീസ് പിടിക്കുന്ന ചെറിയ മക്കളെ കോടതി റിമാൻഡ് ചെയ്യുമ്പോൾ ഇവരെ താമസിപ്പിക്കാനുതകുന്ന ജയിലും ഇവർക്ക് ആവശ്യ മായ...... നേരത്തെ ഇവിടെ സൂചിപ്പിച്ചു, ടി പി. ബിനീഷ്, ഒരു ചെറുപ്പക്കാ രന്റെ രണ്ടു കൈയും ഒടിഞ്ഞിട്ടാണ്.... തലയ്ക്ക് അടിക്കുമ്പോൾ തടുത്തതു

കൊണ്ടാണ് അല്ലെങ്കിൽ ഈ രൂപത്തിലല്ല......... നമ്മുടെ വിദ്യാർത്ഥികൾക്കെതിരായി, സമരം നടത്തുന്ന ആളുകൾ ഇവിടെ ഇരിക്കുന്ന മുഴുവൻ ആളുകളും രാഷ്ട്രീയ പ്രവർത്തനത്തിലൂടെ എം.എൽ.എ.മാരും മന്ത്രിമാരുമായി വന്നവരാണ്. അതുകൊണ്ടുതന്നെ രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന വിദ്യാർത്ഥികളിൽ സംശുദ്ധീകരണം നടത്താൻ കഴിയുകയില്ല. ഏതെങ്കിലും തരത്തിൽ ക്യാംപസുകളും സംശുദ്ധീകരിക്കാൻ കഴിയില്ല. രാഷ്ട്രീയ പ്രവർത്തനം കൊണ്ടുതന്നെയാണ് ക്യാംപസും സംശുദ്ധീകരിക്കാൻ കഴിയുന്നത്. ക്യാംപസിൽ രാഷ്ട്രീയ പ്രവർത്തനം ഇല്ലെങ്കിൽ അവിടെ തീവ്രവാദവും മറ്റ് വിഘടനവാദവുമാണ് കടന്നുവരിക. രാഷ്ട്രീയ പ്രവർത്തനത്തെ തടയിടുന്ന രൂപത്തിലേയ്ക്കുള്ള മൃഗീയ മർദ്ദനങ്ങൾ പുതിയ കാലത്തിന്റെ പ്രത്യേകതയാണ്. ആ മർദ്ദനങ്ങളും മർദ്ദനമുറകളും ഉപയോഗിക്കുന്നത് കൃത്യമായിട്ടുതന്നെ തടയുന്ന ഒരു സ്ഥിതിവിശേഷമുണ്ടായിരിക്കണം. ഇത്തരം സ്ഥിതിവിശേഷം ഇന്ന് നിലനിൽക്കാത്തതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഒരു സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ക്രമസമാധാന പരിപാലനമെന്നുള്ളത് ഏറെ പ്രധാനമാണ്. ഇന്ന് കേരളത്തിലെ ആഭ്യന്തര വകുപ്പ് ഈ കാര്യത്തിലേറെ മുന്നിലാണ്. ആക്ഷേപങ്ങൾക്ക് ഇടകൊടുക്കാതെ പോലീസിനെ കാര്യക്ഷമമായി മുന്നോട്ട് നയിക്കുന്നതിൽ ആഭ്യന്തര വകുപ്പും വകുപ്പുമന്ത്രിയും വിജയിച്ചിട്ടുണ്ടെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഇന്ന് ഇന്ത്യയിലെ പല സംസ്ഥാനങ്ങളും ഈ വിഷയത്തിൽ ഏറെ പഴി കേൾക്കുകയാണ്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ – ബലാത്സംഗ

ങ്ങൾ, കൊലപാതകങ്ങൾ – ഇതിന്റെയൊക്കെ പേരിൽ ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനമായ ഉത്തർപ്രദേശിൽ നിയമവാഴ്ച തകർന്നിരിക്കുന്നു. ആ ഗവൺമെന്റിനെ പിരിച്ചുവിടണമെന്നുമുള്ള ആക്ഷേപങ്ങൾ ഇന്ന് ഇന്ത്യൻ രാഷ്ട്രീയത്തിൽ ഉയർന്നുകൊണ്ടിരിക്കുകയാണ്. പല സംസ്ഥാനങ്ങളും അത്തരത്തിലുള്ള വിമർശനങ്ങൾക്ക് വിധേയമായിരിക്കുന്നുവെന്നാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഇവിടെ ക്രൈം റിക്കോർഡ് ബ്യൂറോയുടെ കണക്ക് സൂചിപ്പിക്കുകയുണ്ടായി. എത്രകണ്ട് ക്രൈമുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നുവെന്നത് അത് പോലീസിന്റെ കാര്യക്ഷമതയെയാണ് കാണിക്കുന്നത്. രാജ്യത്ത് അരക്ഷിതാവസ്ഥയോ മറ്റ് പ്രശ്നങ്ങളോ ഉണ്ടാകുമ്പോൾ പോലീസ് കേസെടുക്കാതെ വന്നാൽ കേസിന്റെ എണ്ണം കുറയും, അപ്പോൾ നാഷണൽ ക്രൈം റിക്കോർഡ് ബ്യൂറോയിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണവും കുറവായിരിക്കും. അതുനോക്കി സംസ്ഥാനത്തെ വിലയിരുത്താൻ സാധിക്കില്ല. അതുപോലെ ഡൽഹിയിൽ മൂന്ന് തവണ മുഖ്യമന്ത്രിയായ വളരെ പ്രഗത്ഭയായ ശ്രീമതി ഷീല ദീക്ഷിത്, നാലാമതും ആ ഗവൺമെന്റ് വരുമായിരുന്നു. ഒരു പെൺകുട്ടിയെ ക്രൂരമായി പീഡിപ്പിക്കപ്പെട്ടതുമായി ബന്ധപ്പെട്ടുണ്ടായ സെന്റിമെന്റ്സാണ് ആ ഗവൺമെന്റിനെതിരെ, അവർക്കെതിരെയുള്ള വികാരമായി മാറിയത്. ഗവൺമെന്റുകളെ സംബന്ധിച്ചിടത്തോളം പോലീസിന്റെ കാര്യക്ഷമതയും ക്രമസമാധാനപാലനവും പ്രധാനപ്പെട്ടതാണ്. കേരളത്തിലെ ആഭ്യന്തരവകുപ്പ് ജനപക്ഷത്തുനിന്നുകൊണ്ട് നിരവധി നടപടികളുമായി മുന്നോട്ടുപോകുകയാണ്. നമ്മുടെ ആഭ്യന്തര വകുപ്പുമന്ത്രി മാഫിയകൾക്കും ഗുണ്ടകൾക്കുമെതിരെ ശക്തമായ നടപടികളാണ് സ്വീകരിക്കുന്നത്. അതിനെ ചെറുതാക്കി കാണുന്നതിൽ അർത്ഥമില്ല. ഓപ്പറേഷൻ കുബേര ശ്രദ്ധേയമായ നടപടിയാണ്. കേരളത്തിലെ

ഗ്രാമ–നഗര വ്യത്യാസമില്ലാതെ കൊള്ളപലിശക്കാരും വട്ടിപ്പലിശക്കാരും ഭീകരതാണ്ഡവമാടുമ്പോൾ അവരെ പിടിച്ചുകെട്ടാനുള്ള ആർജവത്തോടു കൂടിയ നീക്കമാണ് ഓപ്പറേഷൻ കുബേര. മണ്ണന്തലയിലെ ശിവജി നഗറിലെ മനോഹരൻ ആശാരിയുടെ കുടുംബം കൂട്ടത്തോടെ ആത്മഹത്യ ചെയ്തു. ഒരു കുടുംബത്തിലെ 5 പേരാണ് അന്ന് ആത്മഹത്യ ചെയ്തത്. ഈ ഒരു ദാരുണമായ സംഭവമാണ് ഓപ്പറേഷൻ കുബേര ശക്തിപ്പെടുത്താൻ ആഭ്യന്തര വകുപ്പിനേയും മന്ത്രിയേയും പ്രേരിപ്പിച്ചത്. മനസ്സലിവുള്ള മന്ത്രിയുടെ കാര്യ ക്ഷമമായ ഇടപെടലായി ഞാൻ ഇതിനെ കാണുന്നു. ഒരു സംഭവമുണ്ടാകു മ്പോൾ അതിൽനിന്ന് പാഠമുൾക്കൊണ്ട് അതിൽ ഇടപെടാൻ ഒരു വകുപ്പിന് സാധിക്കണം. ആഭ്യന്തര വകുപ്പെടുത്ത നടപടികൾക്ക് ഫലം കാണുന്നുണ്ട്. കൊള്ളപ്പലിശക്കാർ പലരും അഴിക്കുള്ളിലാവുകയും പലിശ സ്ഥാപനങ്ങൾ പലതും പൂട്ടുകയും ചെയ്തു. ആഭ്യന്തരവകുപ്പ് ഈ വിഷയത്തിൽ സധൈര്യം മുന്നോട്ടുപോകണമെന്നാണ് എന്റെ നിർദ്ദേശം. അമിത പലിശ ഈടാക്കുന്നവർക്കെതിരെ ശിക്ഷ നൽകുന്ന പുതിയ നിയമവും കഴിഞ്ഞ നിയമസഭയിൽ പാസാക്കി. അതോടൊപ്പംതന്നെ നാല് കേസിൽ പ്രതികളാ യാൽ കാപ്പ–യിൽ ഉൾപ്പെടുത്തുമെന്നുള്ള നിയമഭേദഗതിക്കുവേണ്ടി ആഭ്യന്തര വകുപ്പ് ശ്രമിക്കുന്നുവെന്നത് ഏറെ സ്വാഗതാർഹമാണ്. ഇങ്ങനെ യുള്ള 4 കേസുകളിൽ പ്രതികളായാൽ ഗുണ്ടാ ആക്ടിൽ കരുതൽ തടങ്ക ലിൽപ്പെടാൻ സാദ്ധ്യതയുണ്ട് എന്നുള്ള വിവരം കള്ളപ്പലിശക്കാർക്കും കൊള്ളപ്പലിശക്കാർക്കും ഒരു പേടി സ്വപ്നമാകും. ഈ നിയമംകൊണ്ട് നമ്മുടെ സാമൂഹ്യജീവിതത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കും. പുതിയ ലോകത്തിനും കാലത്തിനുമനുസരിച്ച് നമ്മുടെ പോലീസ് സേനയെ ഇനിയും കാര്യക്ഷമമാക്കണം. കാലം ഒരുപാട് മാറി, രാജ്യത്ത് ഒരുപാട്

പുരോഗതികളുണ്ടായി. ശാസ്ത്ര സാങ്കേതിക പുരോഗതികൾകൊണ്ട് ലോകത്തിന്റെ തന്നെ സ്വഭാവം മാറി. കഴിഞ്ഞ 20 വർഷത്തിനിടയിലുണ്ടായ മാറ്റങ്ങൾ, അതിനുമുമ്പുള്ള 100 കൊല്ലങ്ങളിലുണ്ടായ മാറ്റങ്ങളേക്കാൾ കൂടുതലാണ് എന്നാണ് പറയപ്പെടുന്നത്. ദ്രുതഗതിയിലുള്ള പരിഷ്ക്കാരങ്ങൾ പോലീസ് സേനയിലുമുണ്ടാകണം. പരിഷ്ക്കാരങ്ങൾ വളരെ പതുക്കെ കടന്നുവരുന്ന മേഖലയാണ് പോലീസ് വകുപ്പ്. 'ട്രൗസർ മാറ്റി പാന്റാക്കാൻ സമരം ചെയ്തൊരു പോലീസേ' എന്ന് ഞങ്ങളുടെ കുട്ടിക്കാലത്ത് പോലീസിനെതിരെ മുദ്രാവാക്യം വിളിക്കുമ്പോൾ പറയാറുണ്ട്. പോലീസിന്റെ ഹാഫ് ട്രൗസർ മാറ്റി ഫുൾ ട്രൗസറാക്കാൻ ഒരുപാട് വർഷങ്ങളെടുത്തു. ലോകത്തും, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ഈ പരിഷ്ക്കാരങ്ങൾ വന്ന് എത്രയോ വർഷങ്ങൾ കഴിഞ്ഞിട്ടാണ് നമ്മുടെ ഹാഫ് ട്രൗസറുകാർ ഫുൾ ട്രൗസറുകാരായത്. ഒച്ചിന്റെ വേഗത്തിലാണ് പോലീസ് സേനയിലേയ്ക്ക് പരിഷ്ക്കാരങ്ങൾ കടന്നുവരുന്നതെന്നുള്ളതിന്റെ ഉദാഹരണമായിട്ടാണ് ഞാൻ ഇത് ചൂണ്ടിക്കാണിച്ചത്. ഇവിടെ ശ്രീ വി.റ്റി. ബൽറാമും മറ്റുപലരും ചൂണ്ടിക്കാണിച്ചതും നമ്മൾ മുമ്പ് ചർച്ചകളിൽ പറഞ്ഞിട്ടുള്ള ഒരു വിഷയമാണ്, പോലീസ് സേനയിലെ ലാ ആന്റ് ഓർഡറും ഇൻവെസ്റ്റിഗേഷനും രണ്ട് വകുപ്പാക്കണം. അങ്ങനെയാക്കിയാൽ രണ്ടും കാര്യക്ഷമമാകുമെന്നുള്ള നിർദ്ദേശം പറയാറുണ്ട്. ഇതുവരെ അതിന് ഒരു നടപടിയും ഉണ്ടായില്ല. ഈ ചർച്ചയിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് വളരെ വിനയത്തോടെ സൂചിപ്പിക്കാനുള്ളത് അതിനുള്ള നടപടികൾക്ക് തുടക്കം കുറിക്കണം എന്നാണ്. ഇവിടെ പോലീസ് സ്റ്റേഷന്റെ ലാ ആന്റ് ഓർഡറും, വണ്ടി നോക്കാൻ പോകുന്നതും, അവിടുത്തെ പ്രധാനപ്പെട്ട കേസുകൾ

അന്വേഷിക്കുന്നതുമൊക്കെ ഒരേ ടീമാണ്. അതുകൊണ്ടുതന്നെ രണ്ടും കാര്യക്ഷമമല്ല. രണ്ടിനും അതിന്റേതായ പോരായ്മകളുണ്ട്. നേരെമറിച്ച് രണ്ടും രണ്ടു വിംഗ് ആക്കിയാൽ കേസന്വേഷണങ്ങളൊക്കെ വളരെ കാര്യ ക്ഷമമായി നടപ്പാക്കാൻ സാധിക്കും. പോലീസ് വകുപ്പിന്റെ മുമ്പിൽ വയ്ക്കാനുള്ള മറ്റൊരു നിർദ്ദേശം ഡിവൈ.എസ്.പി. ഓഫീസ് തലത്തിലെ ങ്കിലും ഒരു പ്രോസിക്യൂഷൻ വിംഗ് വേണം. പോലീസ് കേസുകളിൽ 85%–വും കോടതിയിൽ എത്തുമ്പോൾ തള്ളിപ്പോകും, കാരണം അതിന് ഒരുപാട് ലൂപ്ഹോൾസ് ഉണ്ടാകും ഒരു ക്രിമിനൽ വക്കീലിനെ സംബന്ധിച്ചിട ത്തോളം പോലീസുണ്ടാക്കിയ ചാർജ്ഷീറ്റിന്റെ പോരായ്മകൾ മാത്രം കോടതിയുടെ മുമ്പിൽ ചൂണ്ടിക്കാണിച്ചാൽ മതി. അങ്ങനെ വരുമ്പോൾ 85% കേസുകളിലും പ്രതികളെ വെറുതെ വിടുകയാണ് ചെയ്യുന്നത്. അതുകൊണ്ട് അന്വേഷണത്തിലേയും കേസ് ഡയറി തയ്യാറാക്കുന്നതിലേയും പാളിച്ചകൾ തിരുത്തി ചാർജ്ഷീറ്റ് കോടതിയിൽ സമർപ്പിക്കുവാൻ ഇത്തരം ഒരു വിംഗ് ഉണ്ടായാൽ സാധിക്കും. ജയിലുകളിൽ ഇപ്പോൾ പല പരിഷ്ക്കാരങ്ങളും നടക്കുന്നുണ്ട്. അത് സ്വാഗതാർഹമാണ്. ഇവിടെ ചൂണ്ടികാണിക്കപ്പെട്ടതു പ്പോലെ എല്ലാവരും കൃത്യമായ ഉദേശ്യത്തോടുകൂടി കുറ്റം ചെയ്ത കുറ്റവാളി കളല്ല. സാഹചര്യങ്ങൾ കുറ്റവാളികളാക്കുന്നവരുണ്ടാകും. ജയിൽ ജീവിത ത്തിനുശേഷം മാനസിക പരിവർത്തനംവന്ന് അവരിൽ പുറത്തിറങ്ങി മാന്യമായി ജീവിക്കണമെന്ന ബോധം വളർത്തിയെടുക്കുമ്പോൾ അതിനുള്ള സാഹചര്യങ്ങൾ കൂടി ഒരുക്കിക്കൊടുക്കണം. ഇന്ന് തടവുകാർക്കുള്ള സ്വയം തൊഴിൽ പദ്ധതി എന്നൊരു പ്രഖ്യാപനം ജയിൽ വകുപ്പിന്റെ ഭാഗത്തുനിന്നും കേട്ടു. അത് സ്വാഗതാർഹമാണ്. കൃഷി, പാചകം, ഹെയർ കട്ടിംഗ്,

ബ്യൂട്ടീഷ്യൻ തുടങ്ങിയ കോഴ്സുകളാണ് ഇവരെ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. അതൊരു നല്ല നീക്കമാണ്. ജയിലിൽനിന്ന് പുറത്തിറങ്ങുമ്പോൾ സമൂഹത്തിൽ മാന്യമായി ജീവിക്കാൻ ഒരു അവസരമുണ്ടാക്കുന്നുവെന്നത് നല്ല കാര്യമാണ്. അതുപോലെതന്നെ ഇന്ന് പരിസ്ഥിതി സംബന്ധിച്ച് വലിയ അവബോധമുണ്ടാക്കുന്ന ഒരു കാലമാണ്. നമ്മുടെ ജയിലുകളിൽ രണ്ടായിരം മഴക്കുഴികൾ നിർമ്മിക്കാൻ തീരുമാനിച്ചു. അതുവഴി ജയിലിലുള്ള വെള്ളത്തിന്റെ പ്രശ്നങ്ങൾ തീർക്കാൻ കഴിയുമെന്നുള്ളത് സ്വാഗതാർഹമായിട്ടുള്ള ഒരു കാര്യമാണ്. ഇത്തരം പരിഷ്ക്കാരങ്ങൾ ജയിലിൽ പോലീസ് വകുപ്പിന് ഉണ്ടാക്കാൻ സാധിക്കും. ഒരു തെരഞ്ഞെടുപ്പിനുശേഷമാണ് ഈ സഭാസമ്മേളനം വീണ്ടും ചേരുന്നത്. തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് സഭ ചേർന്നപ്പോൾ പ്രതിപക്ഷത്തുനിന്ന് എന്തെല്ലാം അട്ടഹാസങ്ങളും എന്തെല്ലാം വെല്ലുവിളികളുമൊക്കെയായിരുന്നു. ഇപ്പോൾ സഭ സമ്മേളിക്കുമ്പോൾ വലിയ തോതിലുള്ള ബഹളമൊന്നും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും കാണാൻ സാധിക്കുന്നില്ല. കേരളത്തിൽ യു.ഡി.എഫ്. നേടിയ വിജയം ഉമ്മൻചാണ്ടി സർക്കാരിനുള്ള അംഗീകാരമാണ് അതിൽ യാതൊരു തർക്കവുമില്ല. ഇന്ത്യയിലുടനീളം കേന്ദ്രസർക്കാരിനെതിരായി വളരെ വലിയ വികാരങ്ങളുണ്ടായപ്പോൾ കേരളത്തിൽ അത് ഇല്ലാതെപോയത് യു.ഡി.എഫ്. സർക്കാരിന്റെ നന്മകളിൽ കേരള ജനതയ്ക്കുള്ള വിശ്വാസം തന്നെയാണ്, അതിൽ യാതൊരു തർക്കവുമില്ല. അതിനെ ചെറുതാക്കിക്കാണിക്കാൻ എന്റെ സ്നേഹിതൻ ശ്രീ. വി. എസ്. സുനിൽ കുമാർ ഒരുപാട് ശ്രമിക്കുകയുണ്ടായി. ഇപ്പോൾ സി.പി.ഐ.(എം)-ന്റെ സ്ഥിതിയെന്താണ്? ദേശീയതലത്തിൽ ഞങ്ങളുടെ പാർട്ടിയുടെ പകുതിയേയുള്ളൂ. ഞങ്ങൾക്ക് കിട്ടിയ സീറ്റിന്റെ പകുതിയാണ് ശ്രീ. സുനിൽകുമാറിന്റെ പാർട്ടിക്ക് കിട്ടിയിട്ടുള്ളത്. ഇടതുപക്ഷ

പ്രസ്ഥാനത്തിന് വലിയ അപജയമുണ്ടായ ഒരു തെരഞ്ഞെടുപ്പാണ് ഇത്. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. തെരഞ്ഞെടുപ്പിനുമുമ്പ് നിങ്ങൾ എന്തൊക്കെ പറഞ്ഞു. ഇവിടെ കോൺഗ്രസ്സുമല്ല ബി.ജെ.പിയുമല്ല ഭരണത്തിൽ വരുന്നത്. ദേശീയതലത്തിൽ ഞങ്ങളുടെ മൂന്നാം മുന്നണി വരുമെന്ന് പറഞ്ഞു. ഞങ്ങളന്നേ പറഞ്ഞു, അതൊന്നും വരാൻ പോകുന്ന കാര്യമല്ല. രാഷ്ട്രീയ യാഥാർത്ഥ്യബോധമില്ലാത്ത സംസാരമല്ലേയത്. എവിടെ യാണ് മൂന്നാം മുന്നണിയുള്ളത്. പിന്നെ പറഞ്ഞു; ഇവിടെ 2004 ആവർത്തി ക്കുമെന്ന്. 2004 ആവർത്തിച്ചില്ലെന്നുമാത്രമല്ല ഇടുതുപക്ഷങ്ങൾക്ക് വളരെ ദയനീയമായ തോൽവിയുണ്ടായി. തെരഞ്ഞെടുപ്പ് കഴിഞ്ഞ് നിങ്ങൾ രക്ഷപ്പെട്ടോ? ഇപ്പോൾ ഏറ്റവും വലിയ പ്രശ്നം സി.പി.എം.-ന്റെ പക്ഷത്താണ്. ഇവിടെ ഒരു വിവാദം നടക്കുകയാണ്. ഇവിടെ ഒരു ക്രമപ്രശ്നംപോലും ഉന്നയിക്കപ്പെട്ടു. നമ്മുടെ മുൻ വിദ്യാഭ്യാസവകുപ്പുമന്ത്രി ശ്രീ. എം. എ. ബേബി ധാർമ്മികത ഉയർത്തിപ്പിടിച്ച് രാജിവയ്ക്കണമോ വേണ്ടയോ എന്നുള്ള ചർച്ച നടക്കുകയാണ്. ഒരാൾ, താൻ ധാർമ്മികത ഉയർത്തിപ്പിടിക്കുന്നുവെന്ന് പറഞ്ഞാൽ പാർട്ടി ഒന്നടങ്കം പറയുകയാണ് നിങ്ങ ളങ്ങനെ ഉയർത്തിപ്പിടിക്കണ്ട എന്ന്. എന്റെ വ്യക്തിപരമായ അഭിപ്രായം, അതൊരു ശരിയായ നടപടിയാണെന്ന് എനിക്ക് തോന്നുന്നില്ല. തന്റെ നിയോജകമണ്ഡലത്തിൽ, താൻ മത്സരിച്ച പാർലമെന്റ് മണ്ഡലത്തിൽ വോട്ടു കുറഞ്ഞപ്പോൾ അതിന്റെ ധാർമ്മിക ഉത്തരവാദിത്തം ഏറ്റെടുത്ത് രാജിവയ്ക്കുന്നുവെന്ന് പറയുമ്പോൾ അയാളോട് പാർട്ടിയിലെയെല്ലാപേരും പറയുകയാണ്; നിങ്ങളങ്ങനെ ഉത്തരവാദിത്തം ഏറ്റെടുത്ത് ധാർമ്മികത കാണിക്കണ്ട.

<u>ശ്രീ. എ. കെ. ബാലൻ</u>: ഈ ധാർമ്മികത ബഹുമാനപ്പെട്ട ഷംസുദ്ദീന് ഉണ്ടെങ്കിൽ കഴിഞ്ഞ പ്രാവശ്യം 15,000 വോട്ടിന് ജയിച്ചതാണല്ലോ മണ്ണാർക്കാട് ഇപ്രാവശ്യം 239 വോട്ടല്ലേ ലീഡുള്ളൂ. ശ്രീ വീരേന്ദ്ര കുമാറിനെ വെറുതെ നശിപ്പിച്ച് കയ്യിൽകൊടുത്തു. ഈ ധാർമ്മികത നിങ്ങൾക്കുണ്ടെങ്കിൽ ഇവിടുന്ന് ഇപ്പോൾ രാജിവയ്ക്കാൻ തയ്യാറാണോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> ബാലേട്ടൻ ഇത്ര ബാലിശമായ സംഗതികൾ ചോദിക്കരുത്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കൂടെ നിൽക്കുന്ന, യു.ഡി. എഫ്.-ന്റെ കൂടെ നിൽക്കുന്ന 80 അസംബ്ലി നിയോജക മണ്ഡലത്തിൽ മണ്ണാർക്കാട് നിയോജക മണ്ഡലവുമുണ്ട്. മണ്ണാർക്കാട് നിയോജകമണ്ഡലം പുറകിലല്ല എന്ന കാര്യം മനസ്സിലാക്കണം. ഇവിടെ ജയിച്ച ഒരു മെമ്പറാണ് ഇത്രയേറെ വോട്ടുകൾക്ക് തോറ്റുകൊടുത്തത്. പിന്നെ വേറൊരു കാര്യം മനസ്സിലാക്കാനുള്ളത് പാലക്കാട് പാർലമെന്റ് മണ്ഡലത്തിൽ ഞാനായിരുന്നില്ല സ്ഥാനാർത്ഥി. ഞാൻ സ്ഥാനാർത്ഥിയാവുകയും നിങ്ങളീ പറഞ്ഞ രീതിയിൽ മണ്ണാർക്കാട് കുറേയൊക്കെ ചെയ്യുകയാണെങ്കിൽ നമുക്ക് വേണമെങ്കിൽ പരിശോധിക്കാം. ഞങ്ങൾക്ക് നിങ്ങളുടെ തോൽവിയിൽ വലിയ സന്തോഷമൊന്നുമില്ല. സി.പി.ഐ.(എം)-നെ കുരുക്കുന്ന ഒരു പ്രശ്നം നിങ്ങൾ ബേബി സഖാവിനെ രാജിവയ്ക്കാൻ അനുവദിച്ചാൽ പി.ബി.-യിൽ നിന്ന് വിരമിക്കാൻ അനുവാദം ചോദിച്ച് സഖാവ് സീതാറാം യെച്ചൂരിയുടെ നേതൃത്ത്വത്തിലുള്ള 5 പി.ബി. അംഗങ്ങൾ നിൽക്കുകയാണ് ഇത് ഏതെങ്കിലും ഒരു പാർട്ടിയുടെ ചരിത്രത്തിലുണ്ടോ? പാർട്ടിയുടെ സമുന്നത ബോഡിയിൽനിന്ന് ഒഴിഞ്ഞുപോകാൻ ഞങ്ങളെ സമ്മതിക്കണം, വിരമിക്കാൻ ഞങ്ങളെ സമ്മതിക്കണമെന്ന് പോളിറ്റ് ബ്യൂറോ അംഗം സഖാവ് യച്ചൂരിയുടെ

നേതൃത്വത്തിലുള്ള പകുതിയാളുകൾ ചോദിച്ചിട്ടുണ്ട്. അങ്ങനെ അനുവാദം കൊടുത്താൽ പോളിറ്റ് ബ്യൂറോയിൽ പിന്നെ ആളുണ്ടാവുകയില്ല എന്നാണ് പറയുന്നത്. പകുതി പി.ബി.ക്കാർക്കും പിരിയണമെന്നാണ് ഇപ്പോൾ കേൾക്കുന്ന വാർത്ത. ഇത് എന്ത് ദയനീയമായ അവസ്ഥയാണ്.

തകർച്ചയിൽനിന്നും തകർച്ചയിലേക്ക് സി.പി.എം. ജൈത്രയാത്ര നടത്തുമ്പോഴും നിങ്ങൾ വീണ്ടും രാഷ്ട്രീയ നെറികേടുകൾ കാട്ടിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ തെരഞ്ഞെടുപ്പ് വന്നപ്പോൾ നിങ്ങളുടെ സ്ഥാനാർത്ഥികളിൽ പലർക്കും പേയ്മെന്റ് സീറ്റുകൾ ആണെന്നുള്ള കൃത്യമായ ആക്ഷേപമുണ്ട്. സാധാരണ നമുക്കറിയാം ഡി.വൈ.എഫ്.ഐ. സ്നേഹിതന്മാർ കഴിഞ്ഞ ടേമിൽ ശതകോടീശ്വരന്മാർ വാഴുന്ന ഇന്ത്യൻ പാർലമെന്റിൽ മനംനൊന്തിട്ടാണ് എന്നുപറഞ്ഞാണ് നിങ്ങളുടെ പ്രസംഗം തുടങ്ങുന്നത്. കോടീശ്വരന്മാർ രാഷ്ട്രീയത്തിലേക്ക് വരുന്നു. തീർച്ചയായും അത് അത്ര നല്ല ലക്ഷണമല്ല. അവർ തെരഞ്ഞെടുപ്പുകൾക്ക് കോടികൾ വാരി വിതറുക, എന്തിനാണ്; അവർ ബിസിനസുകാരാണ്. കോടികൾ വിതരണം ചെയ്യുന്നത് എന്തിനാണ്, കോടികൾ കൊയ്യാനാണ്. ഈ തെരഞ്ഞെടുപ്പിൽ ഈ പറഞ്ഞ പരാമർശങ്ങളോട് ശതകോടീശ്വരന്മാർ ഇന്ത്യൻ പാർലമെന്റിൽ വാഴുന്നതിൽ വലിയ മാനസിക വിഭ്രാന്തി സി.പി.എം.-ന് ഉണ്ടായിരുന്നുവെങ്കിൽ ഈ തെരഞ്ഞെടുപ്പിൽ അത് കാണേണ്ടതല്ലേ? എത്ര കാശുകാർക്ക് നിങ്ങൾ നിങ്ങളുടെ പല സീറ്റുകളും തീറെഴുതിക്കൊടുത്തു. ഞാൻ ചോദിക്കട്ടെ, പൊന്നാനിയിൽ ആരാണ് മൽസരിച്ചത്. പൊന്നാനിയിൽ നിങ്ങൾ ഒരു കോടീശ്വരനെ സ്ഥാനാർത്ഥിയാക്കി. അവിടെ കോടികൾ ഒഴുക്കി. ലീഗിനെ ഒന്ന് പരാജയപ്പെടുത്താൻ നിങ്ങൾ പൊന്നാനിയിൽ

കോടികൾ ഒഴുക്കി. യോഗ്യത എന്തായിരുന്നു, കാശുണ്ട് എന്നത് മാത്രമാണ്......(ബഹളം)....വെറുതെ ബഹളം വയ്ക്കരുത്. പറയുന്നത് ഒന്നും വേറൊന്ന് പ്രവർത്തിക്കുന്നതുമായ സമീപനം സി.പി.എം. അവസാനിപ്പിക്കണം. തിരുവനന്തപുരത്ത് ഒരു വിദ്യാഭ്യാസ കച്ചവടക്കാരന് ഒരു സീറ്റ് വിറ്റു എന്നുപറയുന്നത് ഞാൻ മാത്രമല്ല, അപ്പുറത്തിരിക്കുന്ന ശ്രീ. വി. എസ്. സുനിൽ കുമാറാണ് പറഞ്ഞത്. സി.പി.ഐ.യുടെ ഉത്തരവാദിത്തപ്പെട്ട നേതാക്കന്മാർ പറഞ്ഞത് ആ സ്ഥാനാർത്ഥിയെ കണ്ടെത്തിയതിൽ ഞങ്ങൾക്ക് തെറ്റുപറ്റിയിട്ടുണ്ട്. നേതൃത്വത്തിന് തെറ്റുപറ്റിയിട്ടുണ്ട്. ആ സീറ്റ് വിറ്റതാണ് എന്നുപറയേണ്ടിവന്നു. ഈ പറഞ്ഞ ആളുകളൊക്കെ തോറ്റുതൊപ്പിയിട്ടു. ഇവിടെ പണാധിപത്യത്തെ ജനാധിപത്യം തോൽപ്പിക്കുക തന്നെ ചെയ്തു. ഇത്തരത്തിലുള്ള രാഷ്ട്രീയത്തിലെ ദുഷിച്ച പ്രവണതകൾക്ക് നിങ്ങൾ കൂട്ടു നിൽക്കുന്നുവെന്നത് ഖേദകരമാണ്. ഞങ്ങൾ മുമ്പ് 200 സീറ്റിൽ നിന്നിട്ടില്ലല്ലോ; ലീഗ് പഴയകാലത്ത് രണ്ട് സീറ്റിലാണ് നിന്നത്. ഞങ്ങൾക്ക് നൂറ് ശതമാനം വിജയമുണ്ട് എന്നത് അപ്പുറത്ത് ഇരിക്കുന്ന ആളുകൾ മനസ്സിലാക്കണം. മൽസരിച്ച മുഴുവൻ സീറ്റിലും ഞങ്ങൾ വിജയിച്ചിട്ടുണ്ട്...... (ബഹളം)....അതുകൊണ്ട്........

<u>മി. ചെയർമാൻ</u>: പ്ലീസ്....പ്ലീസ്..ഒരംഗം സംസാരിക്കുമ്പോൾ തടസ്സപ്പെടുത്തരുത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ലീഗിന് ഒരു പോറലുമുണ്ടായിട്ടില്ല. പൊന്നാനിയിൽ നിങ്ങൾ കോടികൾ ഒഴുക്കി ഒരു യുവ കോടീശ്വരനെക്കൊണ്ടുവന്ന് ആളുകൾക്ക് പണം കൊടുത്ത് വോട്ട് തട്ടാൻ ശ്രമിച്ചിട്ടും പൊന്നാനിയുൾപ്പെടെ ലീഗ് മൽസരിച്ച

സീറ്റുകൾ, കേരളത്തിൽ നിങ്ങൾ കാണേണ്ട ഒരു കാര്യം ഈ തെരഞ്ഞെടുപ്പിൽ കേരളത്തിൽ ഒരു റെക്കോർഡ് മുസ്ലീം ലീഗ് പാർട്ടിക്ക് ഉണ്ടാക്കാൻ സാധിച്ചു. മലപ്പുറത്ത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി രണ്ടുലക്ഷത്തോളം വോട്ടുകളുടെ ഭൂരിപക്ഷത്തിന് ഒരു സ്ഥാനാർത്ഥി ജയിക്കുന്നത് മുസ്ലീം ലീഗിന്റെ കോണി ചിഹ്നത്തിലാണ് എന്ന കാര്യം നിങ്ങൾ വിസ്മരിക്കരുത്. അതുകൊണ്ട് ഈ തെരഞ്ഞെടുപ്പിൽ ലീഗിന് യാതൊരു പ്രയാസവുമുണ്ടായിട്ടില്ല. ഈ തെരഞ്ഞെടുപ്പിനുമുമ്പുതന്നെ ഞങ്ങൾ പറഞ്ഞ കാര്യങ്ങൾ യാഥാർത്ഥ്യമായില്ലേ; മൂന്നാം മുന്നണി വരാൻ പോകുന്നില്ല, ഇടതുപക്ഷത്തിന്, സി.പി.എം.-ന് ദേശീയ അംഗീകാരംപോലും നഷ്ടമാകാൻ പോകുകയാണ്. നമുക്ക് രണ്ടുപേർക്കും നഷ്ടപ്പെട്ടാൽ ഇവിടെ ഫാസിസമാണ് വരാൻ പോകുന്നത്. ഇതൊക്കെ ചെറിയ ഒരു പാർട്ടിയാണെങ്കിലും ഇന്ത്യൻ രാഷ്ട്രീയത്തിൽ.......

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: പൊന്നാനിയിലെ കോടീശ്വരനെക്കുറിച്ച് പറയുന്നുണ്ടല്ലോ, പൊന്നാനിയിലെ കോൺഗ്രസ്സുകാർ നിങ്ങൾക്ക് വോട്ട് ചെയ്തുവെന്ന് ലീഗിന് ഉറപ്പുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: നമ്മൾ ഇവിടെ ചർച്ച ചെയ്യുന്ന വിഷയം ഈ സ്ഥാനാർത്ഥിയെ കൊണ്ടുനടന്നത് ബഹുമാനപ്പെട്ട പി. ശ്രീരാമകൃഷ്ണനും കെ.ടി. ജലീലുമൊക്കെയാണ്. ഒരു സാധാരണ പശ്ചാത്തലത്തിൽനിന്ന് രാഷ്ട്രീയ പ്രവർത്തനം നടത്തിയപ്പോൾ, ശ്രീ. പി. ശ്രീരാമകൃഷ്ണനൊക്കെ എസ്.എഫ്.ഐ.യിൽ നിന്നും ഡിവൈ.എഫ്.വൈ.യിൽ നിന്നും വന്നതാണ്. നിങ്ങൾ ഒന്നും ഇത് ചെയ്യാൻ പാടില്ലായിരുന്നു. ഇതിന് കൂട്ടുനിൽക്കാൻ പാടില്ലായിരുന്നു. ഒരു യുവ കോടീശ്വരൻ സ്ഥാനാർത്ഥി മോഹവുമായി വന്നാൽ അയാളെയും കൊണ്ടുനടക്കുക എന്നത് നിങ്ങൾ ചെയ്തത് ഏറ്റവും

വലിയ തെറ്റായിപ്പോയി എന്നപക്ഷക്കാരാണ് ഞങ്ങൾ. നമ്മളൊക്കെ അതിനെതിരെ പോരാടണം. രാഷ്ട്രീയത്തിൽ പണക്കാർ വന്നിട്ട് സീറ്റുകൾ അടിച്ചുമാറ്റുന്ന പ്രവണതകൾക്കെതിരായി അതിശക്തമായ രോഷമുയരണം. ഇനിയും തെരഞ്ഞെടുപ്പുകൾ രാജ്യത്ത് വരാനുണ്ട്. നിങ്ങൾ ഇങ്ങനെ ഒരു പണി ചെയ്യുമ്പോൾ മറുപക്ഷത്തും ഒരുപക്ഷേ അതിനെ പ്രതിരോധിക്കാൻ മറ്റൊരു പണക്കാരനെ ഇറക്കേണ്ട സ്ഥിതി വരരുത്, അത് രാഷ്ട്രീയത്തിന് നല്ലതല്ല എന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ദീർഘമായി മറ്റുവിഷയങ്ങളിലേക്കൊന്നും കടക്കുന്നില്ല. ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ എളിയവാക്കുകൾ ഉപസംഹരിക്കുകയാണ്.

ശ്രീ. എളമരം കരീം: സർ, ഞാൻ ഈ ധനാഭ്യർത്ഥകളെ എതിർക്കുന്നു. കേരളത്തിൽ വളരെ സംഭ്രമജനകമായ വിധത്തിൽ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നുവെന്നതാണ് നമ്മുടെ മുമ്പിൽ വരുന്ന കണക്കുകളും വിവരങ്ങളും സൂചിപ്പിക്കുന്നത്. കുറ്റകൃത്യങ്ങൾ തടയുന്നതിന് നിർഭയമായും നിഷ്പക്ഷമായും നിയമപരമായും പ്രവർത്തിക്കാൻ പോലീസിന് സ്വാതന്ത്ര്യമുണ്ടാകണം. അവിടെ രാഷ്ട്രീയ നേതൃത്വം ഭരണഘടനാനുസൃതമായ നേതൃത്വം മാത്രമേ ആകാവൂ. അതിലപ്പുറത്തേക്ക് ഭരണത്തിന് നേതൃത്വം കൊടുക്കുന്ന രാഷ്ട്രീയ നേതൃത്വം പോലീസിന്റെമേൽ അന്യായമായ സ്വാധീനം ചെലുത്തിയാൽ നിയമപരമായി പ്രവർത്തിക്കാൻ പലരും അശക്തരാവും. നിയമപരമായി തങ്ങൾക്ക് ചുമതലപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കാൻ രാഷ്ട്രീയ സമ്മർദ്ദം ഉണ്ടായാലും തന്റേടത്തോടെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർ നമ്മുടെ പോലീസിൽ ഇപ്പോഴുമുണ്ട്. പക്ഷേ എല്ലാവർക്കും അങ്ങനെ

കഴിഞ്ഞുവെന്നുവരില്ല. ഈ പ്രശ്നമാണ് ഗവൺമെന്റ് ഗൗരവമായി കാണേണ്ടത്. ഇക്കാര്യത്തിൽ യു.ഡി.എഫ്. സർക്കാരിന്റെ റെക്കോർഡ് വളരെ മോശമാണ് എന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. നമ്മുടെ സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നുവെന്നതിന്റെ കണക്കുകൾ കേരളാ പോലീസിന്റെ വെബ്സൈറ്റിൽ നിന്നുതന്നെയാണ് ഞാൻ ശേഖരിച്ചിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ മാത്രം പറയാം. മർഡർ കേസുകൾ നമ്മുടെ സംസ്ഥാനത്ത് 2008-ൽ 362 ആയിരുന്നു. 2009-ൽ 343 ആയി. 2012-ൽ 374-ഉം 2014-ൽ 372-ഉം ആയി. അറ്റംപ്റ്റ് റ്റു കമ്മിറ്റ് മർഡർ 2008-ൽ 434, 2009-ൽ 408, 2012-ൽ 497, 2013-ൽ 603. ഈ ഗ്രാഫ് ഒട്ടും ആശ്വാസകരമല്ല. റേപ്പിനെ സംബന്ധിച്ച് 2008-ൽ 568, 2009-ൽ 568, 2012-ൽ 1019, 2011 ഏപ്രിൽ ഒന്നുമുതൽ നിങ്ങൾക്കറിയാം 1132. അത് വലിയ ആശ്വാസമുണ്ടാക്കുന്ന നമ്പരല്ല. അതുകൂടി പറയിപ്പിക്കണമെന്ന് നിങ്ങൾക്ക് വലിയ വാശിയുണ്ടായിരുന്നു. 2013-ൽ 1221, Riots 2008-ൽ 8057, 2009-ൽ 8086. 2012-ൽ 10,938, 2013-ൽ 10,042, sexual harassment 2008-ൽ 258, 2012-ൽ 498, 2013-ൽ 404, ടോട്ടൽ കോഗ്നിസിബിൾ ക്രൈംസ് കേരളത്തിൽ 2008-ൽ 1,10,620, 2009-ൽ 1,18,369, 2012-ൽ 1,58,989, 2013-ൽ 1,76,334. ഈ ഗ്രാഫ് എങ്ങനെയാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. 2014 മാർച്ചുവരെയുള്ള കണക്ക് 51,426 ആണ്. ഈ റേറ്റിലാണ് പോകുന്നതെങ്കിൽ റെക്കോർഡ് ഭേദിക്കും. ഒട്ടും അഭിമാനകരമല്ല. ഇതെല്ലാം മറുപടി പറയാൻ വരുന്ന ഇന്നത്തെ ആഭ്യന്തരവകുപ്പുമന്ത്രിയുടെ മാത്രം ചുമലിൽ

കെട്ടിയേൽപ്പിക്കാൻ ഞാൻ ശ്രമിക്കുന്നില്ല. ഈ ഗവൺമെന്റിന്റെ കാലത്തെ കുറ്റകൃത്യങ്ങളെ സംബന്ധിച്ചാണ് പറയുന്നത്. മറ്റ് കുറ്റകൃത്യങ്ങൾ – ഗാംബ്ലിംഗ് ആക്റ്റ് അനുസരിച്ച് ചാർജ് ചെയ്യപ്പെട്ട കേസുകൾ –2008–ൽ 1975, 2012–ൽ 4496, 2013–ൽ 4394, അബ്കാരി ആക്റ്റ് പ്രകാരമുള്ള കേസുകൾ 10,176 വർദ്ധിച്ച് 52,252. എല്ലാ കേസുകളും പിടിക്കുന്നതുകൊണ്ടായിരിക്കുമെന്ന് എക്സൈസ് വകുപ്പുമന്ത്രി ചിലപ്പോൾ പറഞ്ഞേക്കാം. പിടിക്കപ്പെടാൻ മാത്രം അബ്കാരി കുറ്റകൃത്യം നടക്കുന്നതുകൊണ്ടാണല്ലോ പിടിക്കുന്നത്. വെറുതെ പിടിക്കാൻ കഴിയില്ല ല്ലോ. അടുത്ത വർഷം 48,000. കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾ – റേപ്പ് കേസ് – 2008–ൽ 215, 2012–ൽ 455, 2013–ൽ 637. കൊച്ചുകുട്ടികൾക്കെ തിരായ അദർ ക്രൈംസ് എഗെയിൻസ് ചിൽഡ്രൻ– 2008–ൽ 183, 2009–ൽ 206, 2012–ൽ 664, 2013–ൽ 1024. ഇങ്ങനെ പോകുന്നു. സ്ത്രീകൾക്കെതി രായ കുറ്റകൃത്യങ്ങൾ 2013 നവംബർ വരെ പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് കേരളത്തിൽ സ്ത്രീകൾക്കെതിരായി നടന്ന കുറ്റകൃത്യങ്ങൾ 12,689 ആണ്. ഇത് പോലീസ് ചാർജ് ചെയ്ത കേസുകളാണ്. അല്ലാതെ റിപ്പോർട്ട് ചെയ്യപ്പെ ടാത്ത കേസുകൾ വേറെയുമുണ്ടാകാം. ഇങ്ങനെ പോകുന്നു കുറ്റകൃത്യങ്ങ ളുടെ ലിസ്റ്റ്. ഇത് നമ്മുടെ സ്റ്റേറ്റിന് ഒട്ടും അഭിമാനകരമല്ല. പോലീസിനെ രാഷ്ട്രീയവൽക്കരിക്കുകയാണ്. അതിൽ നിന്ന് മാറി യാത്ര ചെയ്യാൻ ആഭ്യ ന്തരവകുപ്പുമന്ത്രി ധൈര്യം കാണിക്കണം. പോലീസ് അസോസിയേഷൻ പച്ചയായ രാഷ്ട്രീയപ്രവർത്തനം നടത്തുന്ന രീതിയിലേക്ക് മാറിപ്പോയിരി ക്കുന്നു. പോലീസ് അസോസിയേഷന്റെ തെരഞ്ഞെടുപ്പുവരുമ്പോൾ ഓരോ

യൂണിറ്റും ജയിക്കാൻ വേണ്ടി കോൺഗ്രസ് അനുകൂല സംഘടനാ പ്രവർത്തകർ നൽകുന്ന ലിസ്റ്റ് അനുസരിച്ച് ട്രാൻസ്ഫർ ചെയ്തു കൊടുക്കുന്ന ജോലി പോലീസ് ഉദ്യോഗസ്ഥന്മാർ നിർവ്വഹിക്കുകയാണ്. അവർ പച്ചയായ രാഷ്ട്രീയ പ്രചരണം നടത്തുകയാണ്.

നിഷ്പക്ഷമായും നിർഭയമായും അന്വേഷണം നടത്താൻ പോലീസ് ഉദ്യോഗസ്ഥൻമാർക്ക് കഴിയില്ല എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണം, റിട്ടയേർഡ് പോലീസ് സൂപ്രണ്ട് ശ്രീ. സി. എം. പ്രദീപ് കുമാർ പത്രസമ്മേളനം നടത്തി പറഞ്ഞൊരു കാര്യം, മാറാട് കേസ് സംബന്ധിച്ച് അന്വേഷിക്കാൻ 2010–ൽ ക്രൈം ബ്രാഞ്ച് എസ്. പി. ആയിരുന്ന അദ്ദേഹത്തെ അന്നത്തെ ഗവൺമെന്റ് ചുമതലപ്പെടുത്തിയിരുന്നു. സി. ബി. ഐ. അന്വേഷണം നടത്താതെ വിദേശബന്ധവും ഗൂഢാലോചനയും പുറത്തുകൊണ്ടുവരാനാകില്ലെന്ന് ഡി. ജി. പി. വിൻസൻ. എം. പോളിന് റിപ്പോർട്ട് നൽകിയ മൂന്നാം ദിവസംതന്നെ മാറ്റിയെന്നാണ്. ശ്രീ. പ്രദീപ് കുമാർ പറഞ്ഞത് ഗൗരവതരമാണെന്നും കൂടുതൽ കാര്യങ്ങളുണ്ടെങ്കിൽ വെളിപ്പെടുത്തട്ടെ എന്നുള്ള മട്ടിലാണ് മുഖ്യമന്ത്രി പ്രതികരിച്ചത്. ഏത് നിലയിലാണ് ഒരു ഉദ്യോഗസ്ഥന് നിർഭയമായി ജോലി ചെയ്യാൻ സാധിക്കുക? അദ്ദേഹം സർവ്വീസിലിരിക്കുമ്പോൾതന്നെ ഇക്കാര്യം പുറത്തു വന്നതാണ്, നിയമസഭയിൽ ഞങ്ങൾ ഉന്നയിച്ചതാണിത്. തന്റെ ഔദ്യോഗിക ജീവിതകാലത്ത് ഇതേ ശ്രീ. സി. എം. പ്രദീപ് കുമാർ മറ്റൊരു വേദിയിൽ പത്രസമ്മേളനത്തിൽ പറഞ്ഞൊരു കാര്യം അതിനേക്കാൾ ഞെട്ടിപ്പിക്കുന്നതായിരുന്നു, പാക്ക് ഭീകരൻ മുഹമ്മദ് ഫഹദുമായി ബന്ധമുള്ള യൂത്ത് കോൺഗ്രസ് നേതാവിനെതിരായ അന്വേഷണം

ഒതുക്കാൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ആവശ്യപ്പെട്ടു എന്നുള്ള കാര്യം. തീവ്രവാദ കേസിൽ മുഖ്യമന്ത്രി ഇടപെട്ടതടക്കം ഗുരുതരമായ ആരോപണങ്ങളാണ് മുൻ എസ്. പി. ശ്രീ. പ്രദീപ് കുമാർ വെളിപ്പെടുത്തിയത്. മാറാട് കൂട്ടക്കൊലയുടെ ഗൂഢാലോചന അന്വേഷിച്ച പ്രത്യേക സംഘത്തലവൻകൂടിയാണ് ശ്രീ. പ്രദീപ് കുമാർ. ഫഹദുമായി ബന്ധമുള്ളത് യൂത്ത് കോൺഗ്രസ് കോഴിക്കോട് ലോക്സഭാ മണ്ഡലം പ്രസിഡന്റായിരുന്ന ആദം മുൻസി ഇപ്പോൾ യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയാണ്. ഇത് വെളിപ്പെടുത്തിയിട്ടും ഒരു നടപടിയും ഇതിന്റെമേൽ ഗവൺമെന്റ് സ്വീകരിച്ചില്ല എന്നാണ് അദ്ദേഹം ആരോപിക്കുന്നത്. അടുത്ത ദിവസംതന്നെ അദ്ദേഹം അവിടെയുള്ള സെമിനാറിലും പ്രസംഗിച്ചു. സർക്കാരിന് ഭൂഷണമാണോ ഇത്തരം കാര്യങ്ങൾ? ടി. പി. ചന്ദ്രശേഖരൻ കൊലക്കേസ് പോലീസ് ചാർജ്ജ് ചെയ്തു. അതിന്റെ പഴയ കഥയിലേക്കൊന്നും ഞാൻ പോകുന്നില്ല. കോടതി വിചാരണ നടത്തി, വിധി പ്രസ്താവന നടത്തി. തുടർന്ന് പരാതിയുള്ളവർക്ക് അപ്പീൽ നടപടികളിലേക്ക് പോകാവുന്നതാണ്. അതിനിടയിൽ തെരഞ്ഞെടുപ്പിന് ഏതാനും ആഴ്ചകൾക്കുമുമ്പ് ശ്രീമതി കെ. കെ. രമയുടെ ഒരു പരാതി ആഭ്യന്തര വകുപ്പുമന്ത്രിക്ക് കിട്ടിയതായും നൽകിയതായുമൊക്കെ പത്രവാർത്ത വന്നു. അവർ പരാതി കൊടുക്കാൻ പുറപ്പെടുന്നതും പരാതി കൊടുക്കുന്നതും  പത്രക്കാരെ അറിയിച്ചിട്ടാണ്. ആ പരാതിയെക്കുറിച്ച് അന്വേഷിക്കാൻ ഉത്തരമേഖലാ എ.ഡി. ജി. പി.– യുടെ നേതൃത്വത്തിൽ ഒരു സംഘത്തെ ഗവൺമെന്റ് നിയോഗിച്ചു. ആ സംഘം അന്വേഷണം നടത്തി. അന്വേഷണമെന്ന് പറഞ്ഞാൽ, എന്താണോ ഗവൺമെന്റ് ആഗ്രഹിച്ചത് ആ ആഗ്രഹിച്ച വിധത്തിലുള്ള ഒരു റിപ്പോർട്ട് ഈ ഉന്നത പോലീസ് സംഘം ഗവൺമെന്റിന് നൽകുകയും അതിനെ അടിസ്ഥാനപ്പെടുത്തി സി. ബി. ഐ.

അന്വേഷണത്തിന് ഗവൺമെന്റ് റഫർ ചെയ്യുകയും ചെയ്തു. എത്രമാത്രമാണ് പോലീസിനെ രാഷ്ട്രീയമായി ഉപയോഗിക്കുന്നതെന്നുള്ളതിന് ഇതിനും വലിയ തെളിവ് ആവശ്യമുണ്ടോ? ഇങ്ങനെയാണോ ഒരു ഗവൺമെന്റ് ചെയ്യേണ്ടത്? രാഷ്ട്രീയമായ വിരോധവും അഭിപ്രായവ്യത്യാസവും നമ്മൾ തമ്മിലൊക്കെയുണ്ടാകും. പക്ഷേ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് നിഷ്പക്ഷവും നീതിപൂർവ്വകവുമാകണ്ടേ? എല്ലാവരോടും നീതിപൂർവ്വകമായാണ് പോലീസ് പ്രവർത്തിക്കുന്നതെന്ന് ബോധ്യംവരുന്നതും അതിനുള്ള സ്വാതന്ത്ര്യം അവർക്ക് നൽകുന്നതുമാണ് പ്രശ്നം. ഇത് എത്ര വിവാദങ്ങൾക്കിരയായി? അങ്ങനെയൊരു സി. ബി. ഐ. അന്വേഷണം നടക്കുകയോ നടക്കാതിരിക്കുകയോ ചെയ്യുന്നത് അതിന്റെ വഴിക്കുവരട്ടെ. ഞാനതിന്റെ മറ്റു വശത്തേക്കല്ല പോകുന്നത്. ഇത് ഭൂഷണമാണോ? ഈ വിധത്തിലാണ് നിയമപാലനമെങ്കിൽ, ആഭ്യന്തര വകുപ്പ് അല്ലെങ്കിൽ പോലീസ് വകുപ്പ് ഇങ്ങനെയാണ് പ്രവർത്തിക്കേണ്ടതെന്ന് മാതൃക കാണിച്ചാൽ, നാളെ ഇതിന്റെ പ്രത്യാഘാതം എന്തെല്ലാമായിരിക്കും? മുഖ്യമന്ത്രിയെ കല്ലെറിഞ്ഞു എന്ന പേരിൽ എം. എൽ. എ-മാർക്കെതിരെ കേസെടുത്തു. മുഖ്യമന്ത്രിയെ കല്ലെറിഞ്ഞ നടപടിയെ ഞാനൊട്ടും ന്യായീകരിക്കുന്നില്ല. അതിന് ഉത്തരവാദികളായവരെ കണ്ടുപിടിക്കേണ്ടതാണ്. ഇവിടെ ഇരിക്കുന്ന ശ്രീ. കെ. കെ. നാരായണൻ മുഖ്യമന്ത്രിയെ കല്ലെറിഞ്ഞു എന്ന് വിശ്വക്കുന്നവർ എത്ര പേരുണ്ട്? രണ്ടാമത്തെയാൾ ശ്രീ. സി. കൃഷ്ണൻ. അദ്ദേഹം ഈ അടുത്തകാലത്ത് പരിക്കുപറ്റി നാല് മാസം കിടപ്പിലായിരുന്നു. കണ്ണൂരിൽനിന്നും വരുന്ന എം. എൽ. എ. ആയ ശ്രീ. സണ്ണി ജോസഫ് ഇവിടിരിക്കുന്നുണ്ടല്ലോ, രാഷ്ട്രീയമായി അങ്ങോട്ടുമിങ്ങോട്ടും നല്ല വാഗ്വാദം നടത്തുന്ന ആളുകളാണ്. ശ്രീ. സണ്ണി ജോസഫിന് പറയാൻ പറ്റുമോ ശ്രീ. കെ. കെ. നാരായണൻ അങ്ങനെ കല്ലെറിയാൻ

പോകുന്ന ആളാണെന്ന്? വേറെ ആരെക്കുറിച്ചും പറഞ്ഞോളു, എന്നെക്കുറിച്ചും പറഞ്ഞാലും കുഴപ്പമില്ല. രണ്ടാളുടെ പേരിൽ ആ കേസിൽ പ്രതി ചേർക്കാൻ പോലീസ് ശ്രമിച്ചതിന് എന്ത് ന്യായമാണുള്ളത്? സെക്രട്ടേറിയറ്റിന്റെ മുമ്പിൽ സമരത്തിന് പോയാൽ പൊതുവഴി തടസ്സപ്പെടുത്തിയെന്നൊക്കെ പറഞ്ഞിട്ട് കേസെടുക്കുന്നുണ്ട്. ഇത് അതല്ലല്ലോ സംഭവം. ഈ രണ്ട് എം. എൽ. എ.–മാർ ആ ജാഥയിലുണ്ടായിരുന്നു എന്ന കാരണത്താൽ അവരെ ആ കേസിൽ പ്രതികളാക്കുന്നത് എത്രമാത്രം അന്യായമാണ്. എം. എൽ. എ.–മാർക്ക് മർദ്ദനമേറ്റ സംഭവമുണ്ടായി. ഇവിടെ ചിലയാളുകൾ പറഞ്ഞു... ശ്രീ. റ്റി. വി. രാജേഷ് ഇവിടെ ഇരിക്കുന്നുണ്ട്. ആ പ്രശ്നത്തോട് നമ്മളെടുത്ത നിലപാടെന്താണ്? അന്യായമായി പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാരെ മാതൃകാപരമായി ശിക്ഷിക്കുന്നില്ലെങ്കിൽ ഇതുപോലെ ചെയ്യാൻ അതൊരു പ്രേരണയായി മാറും. അത് നാളെ നേതൃത്വം കൊടുക്കുന്നവരുടെ കഴുത്തിൽത്തന്നെ ചുറ്റിപ്പിടിക്കും. ഒരിക്കലും അതിന് അംഗീകാരം കൊടുക്കരുത്. പോലീസിന്റെ മനോവീര്യം തകർക്കണമെന്നല്ല ഞാൻ പറഞ്ഞത്. ആ സേനയുടെ മനോവീര്യം നിലനിർത്തണം. പക്ഷേ അതിൽ കുറ്റകൃത്യത്തെ ഒരു കാരണവശാലും ന്യായീകരിക്കാൻ പാടില്ല. എസ്. എഫ്. ഐ. സംസ്ഥാന സെക്രട്ടറി ശ്രീ. ബിജീഷിന്റെ കൈ രണ്ടും ഒരു സമരത്തിനിടയിൽ അടിച്ചൊടിച്ചു. ഒരു ജനാധിപത്യ രാജ്യത്തെ ഒരു പ്രമുഖ സംഘടനയുടെ സംസ്ഥാന സെക്രട്ടറിയാണ് അദ്ദേഹം. ജനാധിപത്യത്തോടുള്ള ബഹുമാനത്തിന്റെ അടിസ്ഥാനത്തിൽ ആ സംഭവത്തിൽ നേരിട്ട് ഉദ്യോഗസ്ഥൻമാർക്ക് ആർക്കെങ്കിലും പങ്കുണ്ടോ, അതിൽ അന്യായമായ വല്ല ബലപ്രയോഗവും നടന്നിട്ടുണ്ടോ എന്ന് അന്വേഷിക്കാനുള്ള നടപടി ആഭ്യന്തര വകുപ്പ് എടുത്തിട്ടുണ്ടോ? ഉടനെ സസ്പെന്റ് ചെയ്തു. നിങ്ങൾ എന്തെങ്കിലും

ചെയ്തില്ല എന്ന് ഞാൻ പറയുന്നില്ല. എന്തെങ്കിലും അന്യായമായ ബലപ്രയോഗത്തിലേക്ക് പോയിട്ടുണ്ടോ, ആ സാഹചര്യം ഒഴിവാക്കാൻ കഴിയുന്നതായിരുന്നോ എന്ന നിലയിൽ അന്വേഷിക്കണ്ടേ? ലാത്തിച്ചാർജും വെടിവെപ്പുമായി എത്രകാലം മുന്നോട്ടുപോകാൻ സാധിക്കും? ഫേസ് ബുക്കിൽ പോസ്റ്റിംഗ് ഇട്ടിട്ടുണ്ട് എന്ന കാരണത്താൽ പലരുടെയും പേരിൽ നടപടി വരുന്നു. പോലീസ് അസോസിയേഷന്റെ ഔദ്യോഗിക നേതൃത്വത്തിന് ഇഷ്ടമില്ലാത്ത നിരവധി ആളുകൾക്കെതിരെ നടപടി വന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ശ്രീ. ആർ. സുകു ഫേസ് ബുക്കിൽ ഒരു പോസ്റ്റിംഗ് ഇട്ടതിന്റെ പേരിൽ സസ്പെന്റ് ചെയ്യപ്പെട്ടു. തിരിച്ചെടുത്തോയെന്ന് എനിക്കറിയില്ല. വളരെ ഗുരുതരമായി ഒരു മോട്ടോർ വെഹിക്കിൾ ആക്സിഡന്റിൽപ്പെട്ട് ദീർഘകാലം അനങ്ങാൻ വയ്യാതെ കിടന്നൊരു ഉദ്യോഗസ്ഥനാണ് അദ്ദേഹം. ശ്രീ. നരേന്ദ്ര മോദിക്കെതിരായി ഫേസ്ബുക്കിൽ പോസ്റ്റിംഗിട്ട നാഗ്പൂരിലെ ഒരു എഞ്ചിനീയറുടെ പേരിലുള്ള നടപടിയെക്കുറിച്ച് നമ്മൾ ഇരുകൂട്ടരും സംസാരിക്കുന്നുണ്ടല്ലോ. എന്തു ന്യായമാണ് നമുക്ക് പറയാനുള്ളത്; ഇതെന്ത് ജനാധിപത്യമാണ്; അഭിപ്രായ സ്വാതന്ത്ര്യമില്ലേ; ഒരാൾക്ക് തന്റെ അഭിപ്രായം പ്രകടിപ്പിക്കാൻ സോഷ്യൽ മീഡിയ ഉപയോഗിക്കുന്നതിനെ എങ്ങനെയാണ് എതിർക്കുന്നത്; ഈ രീതിയിലാണോ അധികാരത്തെ വിനിയോഗിക്കേണ്ടത്? കോളേജ് മാഗസിന്റെ പേരിൽ കേസെടുത്തു. ഇൻഡ്യയുടെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയെ ഏതെല്ലാം വിധത്തിൽ ചിത്രീകരിച്ചുകൊണ്ടുള്ള മാഗസിനുകളും പത്രങ്ങളും ഈ രാജ്യത്ത് വന്നിട്ടുണ്ട്. ആരെങ്കിലും കേസെടുത്തിട്ടുണ്ടായിരുന്നോ? കേരളത്തിൽ ദീർഘകാലം മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരന്റെ ഏതെല്ലാം വിധം ചിത്രീകരിച്ച കാർട്ടൂണുകളും അഭിപ്രായങ്ങളും വാക്കുകളും ഉണ്ടായി

രുന്നു. കേസെടുത്തിട്ടുണ്ടായിരുന്നോ? ശ്രീ. നരേന്ദ്ര മോദി ചെയ്യുന്ന അതേ രീതിയിലുള്ള കാര്യം നമ്മുടെ കേരളത്തിൽ നടത്തുക എന്ന് പറഞ്ഞാൽ അത് എത്രമാത്രം തെറ്റാണ്. മാത്രവുമല്ല ശ്രീ. നരേന്ദ്ര മോദി പ്രധാനമന്ത്രിയാകുന്ന തിനു മുമ്പാണ് ഈ മാഗസിനും അതിന്റെ ചിത്രവും തയ്യാറാക്കിയിരുന്നത്. പ്രധാനമന്ത്രിയാകുന്നതിനുമുമ്പുള്ള ശ്രീ. നരേന്ദ മോദി വംശഹത്യയ്ക്ക് നേതൃത്വം കൊടുത്ത ആളാണെന്നുള്ള കാര്യത്തിൽ കോൺഗ്രസിന് അഭിപ്രായ വ്യത്യാസമുണ്ടോ? പിന്നെ അദ്ദേഹത്തെ ഏത് രീതിയിലാണ് ചിത്രീകരിക്കേണ്ടത്? ചില പ്രദേശങ്ങളിൽ പോലീസ് കൈക്കൊള്ളുന്ന നിലപാടുകളെ സംബന്ധിച്ച് ഗൗരവമായി ആഭ്യന്തര വകുപ്പുമന്ത്രി പരിശോധി ക്കണം. കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ നാദാപുരം പോലീസ് അവിടെ തികച്ചും നിയമവിരുദ്ധമായ നിലയിൽ മുസ്ലീം ചെറുപ്പാക്കാരുടെ പേരിൽ കേസെടുക്കുന്നു എന്നുള്ള പരാതിയുണ്ട്. മുസ്ലീം ചെറുപ്പക്കാരുടെ പേരിൽ ഏത് കേസ് അന്യായം വന്നാലും വർഗ്ഗീയ സ്പർദ്ധയുണ്ടാക്കാൻ ശ്രമിക്കുന്നു എന്നുപറഞ്ഞ് ചാർജ് ചെയ്തിട്ട് ജാമ്യം കിട്ടാത്ത വകുപ്പുപയോ ഗിച്ച് അവരെ കേസിൽ പ്രതികളാക്കുകയാണ്. ഗൾഫിൽ പോകാൻ വിസ കിട്ടി തയ്യാറെടുത്ത് നിൽക്കുന്ന നിരവധി ആളുകൾക്ക് യാത്ര മുടങ്ങി. ലീവിൽ വന്നവരുടെ യാത്രയും ജോലിയും മുടങ്ങി. 100 കണക്കിന് കേസുക ളാണ് നാദാപുരം പോലീസ് സ്റ്റേഷനിൽ എടുത്തിരിക്കുന്നത്. മുസ്ലീം ലീഗ് സുഹൃത്തുക്കൾ അതെന്തുകൊണ്ടാണ് ഇവിടെ ഉന്നയിക്കാതിരുന്നതെന്ന് എനിക്കറിയില്ല. സംഭവത്തെക്കുറിച്ച് അവർക്കറിയാവുന്നതാണ്. ഇതിന്റെ പേരിൽ അവിടെ വലിയ പ്രതിഷേധം ഉണ്ടായി. ഇത്തരം ആളുകളുടെ വീട്ടിൽ ചെന്ന് ഭീഷണിപ്പെടുത്തി പാരിതോഷികങ്ങൾ പറ്റുന്ന പോലീസുകാരുണ്ട്.

അവിടെയുള്ള എല്ലാരും അങ്ങനെയാണെന്ന് ഞാൻ പറയുന്നില്ല. ഇതൊരു കൃഷിയാക്കിയിരിക്കുകയാണവർ. ഒരു വിഭാഗത്തെ ഒന്നടങ്കം കേസിൽ പ്രതികളാക്കുന്ന നടപടി പരിശോധിക്കണമെന്ന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയോട് ഞാൻ ആവശ്യപ്പെടുകയാണ്. ഇല്ലെങ്കിൽ അത് ഗുരുതരമായ പ്രശ്നമായി മാറും. ഒരുവർഷംമുൻപ് കോഴിക്കോട് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലെ സർക്കാർ ഭൂമിയിൽനിന്ന് മരം വെട്ടിയ ഒരു കേസുണ്ടായി. നാട്ടുകാർ മരം തടഞ്ഞ് നടക്കാവ് പോലീസ് തൊണ്ടി സാധനം കസ്റ്റഡിയിലെടുത്ത് ഇന്നും പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലുണ്ട്. കേസെടുക്കാൻ പോലീസ് തയ്യാറായില്ല. കേസ് എടുക്കാൻ വേണ്ടി ആവശ്യപ്പെട്ടപ്പോൾ സിവിൽ സ്റ്റേഷൻ കോമ്പൗണ്ട് സർക്കാർ ഭൂമിയാണെന്നുള്ളതിന് എന്താണ് തെളിവെന്നാണ് നടക്കാവ് പോലീസ് വില്ലേജ് ഓഫീസറോട് ചോദിച്ചത്. കേരളത്തിൽ നടക്കുന്നതാണിത്. ഇതെന്ത് പോലീസ് സ്റ്റേഷനാണ്?

കോഴിക്കോട് ജില്ലാ കളക്ടറായിരുന്ന ശ്രീ. മോഹൻ കുമാർ വനസംരക്ഷണ നിയമപ്രകാരം കേസെടുക്കേണ്ടതാണെന്ന് പത്രസമ്മേളനത്തിൽ പറഞ്ഞു. അത്രയ്ക്കും വലിയ പ്രക്ഷോഭം വന്നതാണ്. ഇന്നേവരേ ഒരു കേസ് എടുത്തില്ല. മലാപ്പറമ്പ് സ്കൂളിൽ ഇലക്ഷൻ ആവശ്യത്തിനായി കളക്ടർ ഏറ്റെടുത്തത്തെങ്കിലും പോളിംഗ് കഴിഞ്ഞ അന്നുരാത്രി ജെ.സി.ബി.ഉപയോഗിച്ച് ആ സ്കൂൾ ഇടിച്ചുപൊളിച്ചു. സർക്കാരിന്റെ കസ്റ്റഡിയിലിരിക്കവേയാണ് ഇങ്ങനെ ചെയ്തത്. അത് വലിയ പ്രക്ഷോഭമായതിനെത്തുടർന്ന് സ്കൂൾ വീണ്ടും തുറന്നു. ഗവൺമെന്റ് ആ ഓർഡർ പിൻവലിച്ചു. അതൊക്കെ നല്ലകാര്യംതന്നെ പക്ഷേ, ആ മാനേജറുടെ പേരിൽ കേസ്സെടുത്തെങ്കിലും

അയാൾക്ക് മുൻകൂർ ജാമ്യം ലഭിക്കാൻ വേണ്ടി ഒന്നരമാസം അറസ്റ്റ് നടത്താതെ സഹായിച്ചുകൊടുത്തു. അദ്ദേഹത്തിന്റെ അനുജൻ പോലീസിന് സറണ്ടർ ചെയ്തു. അറസ്റ്റ് ചെയ്തതായി റിക്കോർഡുണ്ടാക്കി അദ്ദേഹത്തിന് ജാമ്യം കിട്ടിയതിനുശേഷം മറ്റേയാൾ ഹാജരാവുകയും ഒരു കേസിലെ രണ്ടു പ്രതികളിൽ ഒരാൾക്ക് ജാമ്യം കിട്ടിയെന്നതിന്റെ പേരിൽ ജാമ്യം കിട്ടാനുള്ള സൗകര്യമുണ്ടാക്കിക്കൊടുക്കുകയും ചെയ്തു. ഒരു ജില്ലയിലെ മുഴുവൻ രാഷ്ട്രീയ പാർട്ടികളും ജനപ്രതിനിധികളും ഒരുമിച്ച് നിന്നുയർത്തിയ പ്രക്ഷോഭത്തിൽപോലും കോഴിക്കോട് പോലീസ് എന്തിനാണ് റൗഡിസം കാണിച്ച ആളിനെ സഹായിച്ചത്. ഈ വിധത്തിലുള്ള നടപടികൾ പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത് കർശനമായി തടയണം. അതിനാവശ്യമായ നടപടികളിലേക്ക് പോകുന്നില്ലെങ്കിൽ കേരളത്തിൽ കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ കഴിയില്ല. ഓപ്പറേഷൻ കുബേര പൊതുവിൽ നല്ല ഉദ്ദേശത്തോടുകൂടിയാണ് എങ്കിൽ അമിതമായ പലിശ വാങ്ങുന്നവരെ അമർച്ച ചെയ്യാൻ വേണ്ടി കേരള നിയമസഭ പാസ്സാക്കിയ നിയമം നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നത് എത്രയും സ്വാഗതാർഹമാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ട ഒരുകാര്യമുണ്ട്. ഓപ്പറേഷൻ കുബേരയുടെ പേരിൽ ഭരണസ്വാധീനമുള്ള ചില ആളുകൾ കുബേരന്മാരാവാൻ ശ്രമിക്കുന്നുണ്ട്. അത് കർശനമായി തടയണം. ചെറിയ ഇടപാടുകൾ നടത്തുന്ന ആളുകളെ സ്വകാര്യമായി കണ്ട് അവർക്ക് കാശ് കൊടുക്കാനുള്ളവരോട് ചില്ലറ വാങ്ങി പോക്കറ്റിലിട്ടിട്ട് ഇവൻതന്നെ ആധാരം തിരിച്ച് വാങ്ങിക്കൊടുക്കുകയാണ്. ഇങ്ങനെയൊരു പരാതി ആലപ്പുഴയിൽനിന്ന് വന്നിട്ടുണ്ട്. അതിനിടകൊടുക്കരുത്. ഇതിനെതിരെ കർശനമായ നടപടി എടുക്കേണ്ടതുണ്ട്. അങ്ങ് സ്വീകരിക്കുന്ന നടപടികൾക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണി വിമർശനമുന്നയിക്കുന്നത് തെറ്റിൽനിന്ന് പിന്തിരിയാനാ

ണ്. എന്നാൽ ഒരുകാര്യം അങ്ങ് മനസ്സിലാക്കേണ്ടതുണ്ട്. ഇന്നത്തെ ഈ ചർച്ച വരുന്നദിവസം തന്നെ കേരളത്തിലെ ഒരു പ്രമുഖ പത്രം ആഭ്യന്തര വകുപ്പിനെക്കുറിച്ച് ഒരു ഖണ്ഡശ ലേഖനം തുടങ്ങിവച്ചതിന്റെ പിന്നിലുള്ള ഉദ്ദേശമെന്താണെന്ന് കൂടി അങ്ങ് മനസ്സിലാക്കുന്നത് നന്നായിരിക്കും. അത് ആരെ ലക്ഷ്യവച്ചാണെന്നും എന്തിനെ ലക്ഷ്യം വച്ചാണെന്നും. അതുകൊണ്ട് പ്രതിപക്ഷം ഇക്കാര്യങ്ങൾ ഉന്നയിക്കുന്നത് നിയമവാഴ്ച സംരക്ഷിക്കപ്പെടണ മെന്ന ലക്ഷ്യം വച്ചുകൊണ്ടാണ്. രാഷ്ട്രീയ പ്രശ്നത്തെക്കുറിച്ച് കൂടുതൽ ഞാൻ പറയുന്നില്ല. ദേശീയ രാഷ്ട്രീയത്തിൽ കോൺഗ്രസ്സ് തോറ്റു, ഇടതുപ ക്ഷത്തിന് പരാചയമുണ്ടായി. കോർപ്പറേറ്റുകളുടെ വിജയമാണ് ബി.ജെ.പി.ക്കു ണ്ടായത്. ബി.ജെ.പി.യുടെ വർഗ്ഗീയതയ്ക്കുമേൽ ഉണ്ടായ വിജയമാണെന്ന് ഞാൻ കണക്കാക്കുന്നില്ല. വർഗ്ഗീയത അവർ പ്രചരിപ്പിച്ചുവെന്നും യു.പി.യിൽ അവർ വർഗ്ഗീയ കാർഡിറക്കിയെന്നുള്ളതൊക്കെ ശരിയാണ്. പക്ഷേ, വിക സനം അതുപോലെ സദ്ഭരണം എന്ന മുദ്രാവാക്യത്തെ അടിസ്ഥാനപ്പെടുത്തി കോർപ്പറേറ്റുകൾ നടത്തിയ പ്രചരണമാണ് ബി.ജെ.പി.ക്ക് വിജയമുണ്ടാക്കി ക്കൊടുത്തത്. ശ്രീ. രാഹുൽ ഗാന്ധിയും ശ്രീ. നരേന്ദ്ര മോദിയും തമ്മിലാണ് മത്സരമെന്ന പ്രചാരവേല വൻകിട കോർപ്പറേറ്റ് മാധ്യമങ്ങളിലൂടെ തുടർച്ച യായി നടത്തിയതുകൊണ്ടാണ് ഇടതുപക്ഷങ്ങളുൾപ്പെടെ ചില പാർട്ടികൾക്ക് പരാചയമുണ്ടായത്. ആം ആദ്മി പാർട്ടി ഡൽഹിയിൽ ജയിച്ച് രണ്ടുമാസം കഴിഞ്ഞപ്പോൾ പരാജയപ്പെട്ടില്ലേ? തെരഞ്ഞെടുപ്പ് പ്രചാരവേലയുടെ ശക്തി അതായിരുന്നു. എത്ര ആയിരം കോടി രൂപയാണ് അവർ ചെലവഴിച്ചത്. അതിന്റെ നേട്ടം കോർപ്പറേറ്റുകൾക്കുണ്ടായി. ഒന്നര മാസംകൊണ്ട് ഷെയർമാർക്കറ്റിലുണ്ടായ നേട്ടം 1.5 ട്രില്ല്യൺ ഡോളേസാണ്. ഏകദേശം 90

ലക്ഷം കോടി രൂപ വരും. അവർ മുടക്കിയതിന്റെ 100 ഇരട്ടി അവർക്കുകിട്ടിക ഴിഞ്ഞു. കേരളത്തിൽ യു.ഡി.എഫ്.–ന് 12 സീറ്റും എൽ.ഡി.എഫ്.–ന് 8 സീറ്റു മായത് ദേശീയ രാഷ്ട്രീയത്തിന്റെ സാഹചര്യത്തിൽത്തന്നെയാണ്. ഇത് യു. ഡി.എഫ്.–ന്റെ നയങ്ങൾക്കുള്ള അംഗീകാരമായി ഒരിക്കലും കണക്കാക്കരുത്. ഒരു തെരഞ്ഞെടുപ്പിലെ തോൽവിയും വിജയവും ചരിത്രത്തിന്റെ അന്ത്യമ ല്ലെന്ന് പഴയ കാലത്തേയ്ക്ക് തിരിഞ്ഞുനോക്കിയിട്ട് എല്ലാവരും മനസ്സിലാക്കു ന്നത് നന്നായിരിക്കും. 1957–ൽ ആദ്യമായി തെരഞ്ഞെടുപ്പിലൂടെ കേരളത്തിൽ അധികാരത്തിൽവന്ന കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ചരിത്രപ്രധാനമായ ചില തീരുമാനങ്ങളെടുത്ത ശേഷം പിരിച്ചുവിടപ്പെട്ടു. എന്നാൽ ആ ഗവൺമെന്റിന് 1960–ലെ തെരഞ്ഞെടുപ്പിൽ തിരിച്ചുവരാൻ സാധിച്ചില്ല. തെരഞ്ഞെടുപ്പ് നില കൊള്ളുന്നത്, ആ സാഹചര്യത്തിൽ രൂപം കൊള്ളുന്ന പല പ്രശ്നങ്ങളെയും അടിസ്ഥാനപ്പെടുത്തിയാണ്. 1977–ൽ തോറ്റ ഇന്ദിരാഗാന്ധി 1980–ൽ തിരിച്ചുവ ന്നില്ലേ. 1984–ൽ 404 സീറ്റിൽ ജയില്ല രാജീവ് ഗാന്ധിക്ക് അടുത്ത തെരഞ്ഞെ ടുപ്പിൽ പരാജയം സംഭവിച്ചില്ലേ. ഇതൊക്കെ ഇന്ത്യാരാജ്യത്ത് കണ്ടതാണ്. 1980–ൽ ശ്രീ. എ.കെ. ആന്റണി ഉൾപ്പെടെ ഇടതുപക്ഷ ജനാധിപത്യമു ന്നണിയിൽ വന്ന് 1982–ല തിരിച്ചുപോയ ശ്രീ. ആന്റണി പറഞ്ഞത് 100 കൊല്ല ത്തേക്ക് ഇനി എൽ.ഡി.എഫ്. അധികാരത്തിൽ വരില്ലെന്ന്. 1987 ആയപ്പോൾ കാലം മാറിയില്ലേ? ഇത്തരം സ്ഥിതിഗതികൾ അങ്ങോട്ടുമിങ്ങോട്ടും വരും. 2009–ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് പരാജയമുണ്ടായി. 2010–ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിലും ഞങ്ങൾ തോറ്റു. പക്ഷെ 2011–ൽ വിജയത്തിന്റെ അടുത്തുവരെ എത്തിയില്ലേ; അരശതമാനം വ്യത്യാസത്തി

ലല്ലേ എൽ.ഡിഎഫ്.–ഉം യു.ഡി.എഫ്.–ഉം തമ്മിലുണ്ടായിരുന്നത്. ഈ തെരഞ്ഞെടുപ്പ് വിജയവും പരാജയവും ഏതെങ്കിലുമൊരു രാഷ്ട്രീയ നേതാവിന്റെ പ്രസംഗത്തിലെ ഏതെങ്കിലുമൊരു വാക്കിനെ അടിസ്ഥാനപ്പെടുത്തിയാണെന്ന് ചില ആളുകൾ വിലയിരുത്തുന്നതു കാണുമ്പോൾ, ഇത്ര ലളിതവത്കരിച്ചാണോ ആളുകൾ പ്രശ്നത്തെ കാണുന്നത്. പാവപ്പെട്ട തൊഴിലാളികളുടെയും കർഷകരുടെയും ഇടയിൽനിന്ന് ഉയർന്നുവരുന്ന രാഷ്ട്രീയ നേതാക്കന്മാർ വലിയ സർവ്വകലാശാലകളിലെ ബിരുദം നേടിയ ഭാഷാ പണ്ഡിതന്മാരായിട്ടല്ല വരുന്നത്. അവർ ഗ്രാമ്യഭാഷയിൽ പ്രശ്നങ്ങൾ അവതരിപ്പിക്കക്കുന്നു. ചെയ്യുന്ന നാറിത്തരത്തെക്കാൾ വലുതല്ല, അത് നാറിത്തരമാണെന്ന് പറയുന്നത്. അത് ചെയ്തതാണ് പ്രശ്നം. വിജയംകൊണ്ട് ഒരാളുടെയും ഇത്തരം നാറിത്തരം മഹത്താവുന്നില്ല. അങ്ങനെയാണെങ്കിൽ ശ്രീ. നരേന്ദ്ര മോദി ജയിച്ചുവെന്നുള്ളതുകൊണ്ട് അദ്ദേഹം മഹാനാണെന്ന് പറയുമോ? ബി.ജെ.പി. ജയിച്ചതുകൊണ്ട് ബി.ജെ.പി.യുടെ നയം ശരിയാണെന്ന് പറയാൻ പറ്റുമോ? തോൽവിയിലും ഓരോരുത്തരും ഉയർത്തിപ്പിടിക്കുന്ന ആദർശത്തിന് അതിന്റേതായ വിലയുണ്ട്. തോൽക്കുന്നതും ജയിക്കുന്നതും ആ പ്രത്യേക സാഹചര്യത്തിന്റെ ഉൽപ്പന്നമാണ്. അതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ എഴുതി തള്ളാൻ സാധിക്കുമോ? ബീഹാറിൽ പപ്പു യാദവ് ജയിച്ചു. സി.പി.ഐ(എം)–ന്റെ എം.എൽ.എ. ആയിരുന്ന അജിത് സർക്കാരിനെ കൊലപ്പെടുത്തിയ കേസിൽ കൊലയാളിയായി ജയിൽശിക്ഷയ്ക്ക് ജീവപര്യന്തം ശിക്ഷയ്ക്ക് വിധിക്കപ്പെട്ട ആളായിരുന്നു. അയാൾ തെരഞ്ഞെടുപ്പിൽ ജയിച്ചു. ഫൂലൻദേവിയും പപ്പുയാദവിന്റെ ഭാര്യയും ജയിച്ചു. അതുകൊണ്ട് അവരൊക്കെ മഹാന്മാരാകുന്നുണ്ടോ? രാഷ്ട്രീയമായി അങ്ങേയറ്റത്തെ വഞ്ചനകൾ കാണിച്ചതിനുശേഷം ആ വഞ്ചനയെ ചൂണ്ടിക്കാ

ണിച്ചുകൊണ്ട് ഇതു വഞ്ചനയാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കഴിയുന്ന ഏറ്റവും ശക്തമായൊരു വാക്കുപയോഗിച്ചതിന്റെ പേരിലാണ് എൽ. ഡി.എഫ്. തോറ്റനെന്നൊക്കെ പറയുന്നത് ശുദ്ധഅസംബന്ധമാണ്. ഇവിടെ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ദേശീയതലത്തിൽ കോൺഗ്രസ്സിനും ബി.ജെ.പി.ക്കും ബദലായ ഒരു മൂന്നാം ബദൽ സൃഷ്ടിക്കു മെന്ന് ഞങ്ങൾ പറഞ്ഞത് ജനങ്ങൾക്ക് വിശ്വാസയോഗ്യമായ നിലയിൽ അവ തരിപ്പിക്കാൻ കഴിഞ്ഞില്ല.

ശ്രീ. ബെന്നി ബെഹനാൻ: സർ, ശ്രീ. എൻ. കെ. പ്രേമചന്ദ്രനെക്കുറിച്ച് ശ്രീ. പിണറായി വിജയൻ നടത്തിയ അഭിപ്രായ പ്രകടനത്തെ ഞങ്ങൾ മാത്രമ ല്ല, പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഉൾപ്പെടെയുള്ളവർ വിമർശിക്കുകയുണ്ടായി. സി.പി.ഐ(എം) കൊല്ലം ജില്ലാ കമ്മിറ്റി പറഞ്ഞു. ഞങ്ങൾ മാത്രമല്ല, സംസാരം സംസാരത്തിന്റെ മാനദണ്ഡമാണെന്ന് പറഞ്ഞ സ്ഥാനാർത്ഥി ശ്രീ. എം. എ. ബേബി ഉൾപ്പെടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുൾപ്പെടെ  ബഹുമാനപ്പെട്ട സി.പി.ഐ.(എം) നേതാക്കന്മാർ ഉൾപ്പെടെ ഇക്കാര്യം ആവർത്തിച്ച് പറഞ്ഞതാണ്. അങ്ങ് അതിനെ ന്യായീകരിക്കുക യാണോ?

ശ്രീ. എളമരം കരീം: സർ, ഒരാളും ശ്രീ. പിണറായി വിജയന്റെ പ്രസംഗ മാണ് തെരഞ്ഞെടുപ്പിന് പരാജയത്തിന് കാരണമെന്ന് വിലയിരുത്തുകയോ പറയുകയോ ചെയ്തിട്ടില്ല. ശ്രീ. എം. എ. ബേബിയോ മറ്റാരെങ്കിലുമോ ഏതെ ങ്കിലും ചടങ്ങിൽ നടത്തുന്ന പ്രസംഗത്തെ സന്ദർഭത്തിൽനിന്നും അടർത്തിയെ ടുത്ത് ഇതുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഉദാഹരിക്കുന്നത് ശരിയല്ല. ഇവി ടത്തെ ചില മാധ്യമങ്ങൾ വളരെ ബോധപൂർവ്വം അവരുടെ അജണ്ട, അവരുടെ വാക്കുകൾ നമ്മുടെ വായിൽ വച്ചുതരികയാണ്. ഇതുകൊണ്ടൊന്നും രാഷ്ട്രീ

യമായ വഞ്ചന കാണിക്കുന്ന ആളുകൾ മഹാന്മാരാകുന്നില്ലെന്ന വസ്തുത കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും. അതുകൊണ്ട് പീലാത്തോസിന്റെ കോടതി ചിലപ്പോൾ നമ്മുടെ മുമ്പിൽ അനുഭവമായി വരുന്നുണ്ടെങ്കിലും അത് ന്യായീകരിക്കാൻ ആരും ശ്രമിക്കരുത് എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇവിടെ ശ്രീ. എളമരം കരീമും അതിനുമുമ്പ് ശ്രീ. വി. എസ്. സുനിൽകുമാറുമെല്ലാം ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം 20 –ൽ എട്ട് സീറ്റ് മാത്രം നേടി പരാജയപ്പെട്ടതിന് ശ്രീ. നരേന്ദ്ര മോദിയാണ് കാരണക്കാരനെന്ന് വിലയിരുത്തുകയുണ്ടായി. നിങ്ങൾ ഒരു വസ്തുത മനസ്സിലാക്കണം. 2009–നുശേഷമുള്ള ഒരു തെരഞ്ഞെടുപ്പിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി വിജയിച്ചിട്ടില്ല. 2009–ൽ നിങ്ങൾ തോൽക്കുമ്പോൾ ഇവിടെ ശ്രീ. നരേന്ദ്ര മോദി ഉണ്ടായിരുന്നോ; 2009–ൽ ആലപ്പുഴയിലും കണ്ണൂരിലും എറണാകുളത്തും നിങ്ങൾ തോറ്റപ്പോൾ ശ്രീ. നരേന്ദ്ര മോദി ഉണ്ടായിരുന്നോ; 2010–ൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ തോറ്റപ്പോഴും 2011–ൽ നിയമസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിലും അതിനുശേഷം പിറവത്തും നെയ്യാറ്റിൻകരയിലും ഇടതുപക്ഷജനാധിപത്യ മുന്നണി തോറ്റപ്പോൾ ശ്രീ. നരേന്ദ്ര മോദി ഉണ്ടായിരുന്നോ: അപ്പോൾ 2009–നുശേഷം കേരളത്തിൽ തെരഞ്ഞെടുപ്പ് വിജയിക്കാനുള്ള ശേഷി നഷ്ടപ്പെട്ട ഒരു പാർട്ടിയായി, ഒരു മുന്നണിയായി ഇടതുപക്ഷ ജനാധിപത്യമുന്നണി മാറിയെന്ന് വസ്തുതാപരമായി വിലയിരുത്തൽ നടത്തുന്നതിനുപകരം ശ്രീ. നരേന്ദ്ര മോദിയിൽ ചാരി, മോദി പേടിയിൽ ചാരി രക്ഷപ്പെടാനാണ് നിങ്ങൾ നോക്കുന്നതെങ്കിൽ ഞങ്ങൾക്ക് അത് നല്ലതാണ്.

നിങ്ങൾ ശരിവാത്തതിന്റെ ഗുണം എപ്പോഴും കിട്ടുന്നത് ഞങ്ങൾക്കായതുകൊണ്ട്.........................

ശ്രീ. ബെന്നി ബെഹനാൻ: സർ, അങ്ങയുടെ സ്ഥാനം ഉയർന്നു. അങ്ങ് ഇന്ന് കേരളാ പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയുടെ ജനറൽ സെക്രട്ടറിയായ വിവരം അറിഞ്ഞിട്ടുണ്ടോ? എ.ഐ.സി.സി. പ്രസിഡന്റ് അങ്ങയെ കെ.പി.സി. സി. ജനറൽ സെക്രട്ടറിയായി അനൗൺസ് ചെയ്തതിന്റെ സന്തോഷം ഞങ്ങ ളെല്ലാം പങ്കുവയ്ക്കുന്നു.

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, ഒരു സംഘടനാ പ്രവർത്തകൻ എന്ന നിലയിൽ സംഘടനയിൽ ഉത്തരവാദിത്വം കിട്ടുന്നത് എപ്പോഴും സന്തോഷകര മായ കാര്യമാണ്. അതിൽ എനിക്ക് സന്തോഷമുണ്ട്. ആ സന്തോഷം ഞാൻ എന്റെ മുഴുവൻ നേതാക്കന്മാരെയും അറിയിക്കുകയാണ്. ഭരണകൂടത്തിന്റെ മർദ്ദന ഉപകരണമെന്ന നിലയിൽനിന്നും ജനങ്ങൾക്ക് പ്രതീക്ഷയും പ്രത്യാശയും നൽകുന്ന ഒരു കേന്ദ്രമായി ഇന്ന് ആഭ്യന്തര വകുപ്പ് മാറിയി ട്ടുണ്ട്. ഭരണകൂടത്തിന്റെ മർദ്ദന ഉപകരണമെന്ന നിലയിലല്ല ഇന്ന് പോലീ സിനെ ജനങ്ങൾ കാണുന്നത്. ജനങ്ങൾക്ക് പ്രത്യാശയും പ്രതീക്ഷയും നൽകുന്ന കേന്ദ്രമായി ഇന്ന് പോലീസ് സ്റ്റേഷനുകൾ മാറിയിട്ടുണ്ട്. നമ്മുടെ പോലീസ് സംവിധാനങ്ങളെക്കുറിച്ച്, ഇപ്പോഴും ആ കൊളോണിയൽ mind set മാറിയിട്ടില്ല, ജനങ്ങളുടെ താൽപ്പര്യങ്ങളെ ഉയർത്തിപ്പിടിക്കാൻ വിജയിച്ചി ട്ടില്ല തുടങ്ങിയ വിമർശനങ്ങളുണ്ടായിട്ടുണ്ട്. സ്വാതന്ത്ര്യാനന്തരം റിവേറോ കമ്മിറ്റി, പത്മനാഭയ്യാ കമ്മിറ്റി, മളീമഠ് കമ്മിറ്റി, സോളിസൊറാബ്ജി കമ്മിറ്റി, ജസ്റ്റിസ് വർമ്മാ കമ്മിറ്റി ഇങ്ങനെയുള്ള നിരവധി കമ്മിറ്റികൾ പോലീസ്

മോഡേണൈസേഷനെക്കുറിച്ചുള്ള അവരുടെ നിരവധിയായുള്ള റിപ്പോർട്ടുകളെല്ലാം പുറത്തിറക്കുമ്പോൾ പറയുന്നത്, ജനാഭിമുഖ്യമുള്ള ജനസേവനത്തിന്റേതായ ഒരു മുഖമുണ്ടാകണം. 'ഓപ്പറേഷൻ കുബേര'-യുടെ കാര്യത്തിൽ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല കാണിച്ച പ്രത്യേക താൽപ്പര്യം, നിശ്ചയദാർഢ്യത്തെ ഞാൻ അഭിനന്ദിക്കുകയാണ്. കൊള്ളപ്പലിശക്കാരെ ഉന്മൂലനം ചെയ്യാനായി ഖലീഫ ഉമർ ഒരു പ്രത്യേക സൈന്യത്തെ ഒരുക്കിയിട്ടുണ്ടായിരുന്നു. ഈ സർക്കാരിന്റെ 'ഓപ്പറേഷൻ കുബേര' ആ ചരിത്രകാലത്തെ അനുസ്മരിപ്പിക്കുന്നുവെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ആ തീരുമാനത്തിന് ജനങ്ങളുടെ പിന്തുണയുണ്ട്. ആഭ്യന്തര വകുപ്പിന്റെ ഡിമാന്റിൽ കാര്യമായ ഒരു വിമർശനം പ്രതിപക്ഷത്തുനിന്നുപോലുമുണ്ടായില്ല. അവർ ദേശീയരാഷ്ട്രീയത്തിലേക്ക് കടന്നുസഞ്ചരിച്ചത് ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റേയും ശ്രീ. രമേശ് ചെന്നിത്തലയുടേയും നേതൃത്വത്തിൽ ആഭ്യന്തര വകുപ്പ് ഈ സംസ്ഥാനത്ത് നേടിയെടുത്ത നേട്ടങ്ങളെക്കുറിച്ചുള്ള ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ്. രണ്ടാമതായി പറയാനുള്ളത്, 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' എന്നതിനെക്കുറിച്ചാണ്. ലഹരി നമ്മുടെ ക്യാമ്പസ്സുകളിൽ വ്യാപരിക്കുകയാണ്. ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ളവർ സബ്മിഷനിൽക്കൂടിയും അല്ലാതെയുമെല്ലാം അക്കാര്യം നിയമസഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നു. എന്റെ സുഹൃത്ത് ശ്രീ. ഹൈബി ഈഡൻ 'ഇടുക്കി ഗോൾഡ്' എന്ന സിനിമയുടെ കാര്യം ഇവിടെ പറഞ്ഞു. ഞാൻ ഈ നിയമസഭയിൽ രഞ്ജിത്തിന്റെ 'സ്പിരിറ്റ്' എന്ന സിനിമയെ വിനോദ നികുതിയിൽനിന്ന് ഒഴിവാക്കണമെന്ന്

പറഞ്ഞു. ഡോ. എം. കെ. മുനീർ അന്ന് നിയമസഭയിൽ വച്ചുതന്നെ അതിന്റെ വിനോദ നികുതി ഒഴിവാക്കി. പക്ഷേ അതിനെക്കുറിച്ച് ഞാൻ എന്റെ ഒരു സുഹൃത്തിനോട് ചോദിച്ചപ്പോൾ 'സ്പിരിറ്റ്' മദ്യപാനത്തിനെതിരായിട്ടുള്ള ഒരു സിനിമയാണെന്ന് പറഞ്ഞു. പക്ഷേ മറ്റൊരാൾ എന്നോട് ചോദിക്കുകയാണ്. നിങ്ങൾ എന്തിനാണ് സബ്മിഷൻ ഉന്നയിച്ചത്? 'സ്പിരിറ്റ്' എന്ന സിനിമയിലെ മോഹൻലാലിന്റെ കഥാപാത്രത്തെ കണ്ടപ്പോഴാണ് അതിരാവിലെ കട്ടൻ കാപ്പിയോടൊപ്പം കള്ള് കുടിക്കാൻ കഴിയുമെന്നുള്ളത് എനിക്ക് മനസ്സിലായതെന്നാണ്. അതുവരെ ഇക്കാര്യം എനിക്കറിയില്ലായിരുന്നു. ഒരു സിനിമയെ ഏതെല്ലാം രൂപത്തിലാണ് ആളുകൾ സ്വീകരിക്കുന്നത്, അതിന്റെ സ്വാധീനം എങ്ങനെയൊക്കെയാണ് ആളുകൾ ഉൾക്കൊള്ളുന്നതെന്നത്. നമ്മുടെ ക്യാമ്പസ്സുകളിൽ ലഹരി, കഞ്ചാവ് തുടങ്ങിയവയുടെ വ്യാപനമുണ്ടാകുന്നു. മാധ്യമങ്ങൾ അത് ഉയർത്തിക്കൊണ്ടുവന്നതുകൊണ്ടാണ് 'ക്ലീൻ ക്യാമ്പസ്സ് സേഫ് ക്യാമ്പസ്സ്' എന്ന പുതിയ പദ്ധതി ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഇവിടെ നടപ്പിലാക്കാൻ പോകുന്നത്. ആ പദ്ധതിക്കും ഈ സഭയുടെ പൂർണ്ണമായ പിന്തുണയുണ്ട്. ഒരു തട്ടിപ്പുകാരനും ഇന്ന് കേരളത്തിൽനിന്ന് രക്ഷപ്പെടാൻ കഴിയില്ല. നിങ്ങളുടെ കാലത്ത് സ്വൈരവിഹാരം നടത്തിയ തട്ടിപ്പുകാരെല്ലാം ഇരുമ്പഴികൾക്കുള്ളിലായതും അവർക്കെതിരെ കേസ്സുകൾ ചുമത്തിയതും ഈ ഗവൺമെന്റ് വന്നപ്പോഴാണ്. ബണ്ടിചോർ ആയാലും ബിട്ടിമൊഹന്തി ആയാലും കേരളത്തിൽ എത്തിയാൽ രക്ഷയില്ലെന്നുള്ളത്, ഈ സംസ്ഥാനത്തെ ആഭ്യന്തര വകുപ്പിനും പോലീസിനും കിട്ടുന്ന ഒരു അംഗീകാരമായി ഞാൻ കാണുകയാണ്. ധാരാളം നല്ല കാര്യങ്ങൾ ചെയ്തു. മിലിറ്ററിയുടെ മാതൃകയിലുള്ള പോലീസ്

ക്യാന്റീൻ എത്രയോ കാലമായുള്ള സേനയുടെ ആവശ്യമാണ്. ഈ ഗവൺമെന്റ് അത് യാഥാർത്ഥ്യമാക്കി. ശബരിമലയിലെ സൗജന്യ മെസ്സും രണ്ടായിരത്തി അഞ്ഞൂറോളം തസ്തിക അപ്ഗ്രഡേഷനും ഈ ഗവൺമെന്റ് യാഥാർത്ഥ്യമാക്കി. നാലാം ഗ്രേഡ് അനുവദിച്ചു. ജനമൈത്രി പോലീസിംഗിന്റെ ഭാഗമായി, ജനമൈത്രി പോലീസ് സംവിധാനത്തെ ശക്തി പ്പെടുത്തുന്നതിനുവേണ്ടി 248 ജനമൈത്രി പോലീസ് സ്റ്റേഷനുകൾക്കുവേണ്ടി 740 പുതിയ പോസ്റ്റുകൾ അനുവദിച്ചുകൊടുത്തു. അങ്ങനെ നിർഭയമായി സാധാരണക്കാരന് പോലീസ് സ്റ്റേഷനിൽ കയറിച്ചെല്ലാനുള്ള ഒരു അന്ത രീക്ഷം ഈ സംസ്ഥാനത്ത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ്, ആഭ്യന്തര വകുപ്പ് നടപ്പിലാക്കുകയാണ്. പീപ്പിൾ-പോലീസ് റേഷ്യോയാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം. നമ്മുടെ സേനയുടെ എണ്ണം വർദ്ധിപ്പിക്കണം. ഞാൻ ചെങ്ങന്നൂർ എം.എൽ.എ. ആണ്. ശബരിമല തീർത്ഥാടനകാലത്ത് അവിടെ യുള്ള പോലീസ് സേനയ്ക്ക് പലപ്പോഴും തിരക്ക് നിയന്ത്രിക്കാൻ കഴിയുന്നില്ല, ട്രാഫിക് നിയന്ത്രിക്കാൻ കഴിയുന്നില്ല, ലാ ആന്റ് ഓർഡർ നടത്താൻ കഴിയു ന്നില്ല, ക്രൈം ഇൻവെസ്റ്റിഗേഷൻ നടത്താൻ കഴിയുന്നില്ല. ഇപ്പോൾ ഗ്ലോബൽ ആവറേജ് തന്നെ ഒരു ലക്ഷത്തിന് 270 ആണ്. ഇൻഡ്യൻ ആവറേജ് ഒരു ലക്ഷത്തിന് 120 ആണ്. ഈ സാഹചര്യത്തിൽ പീപ്പിൾ-പോലീസ് റേഷ്യോ വർദ്ധിപ്പിക്കാനുള്ള നടപടിയുണ്ടാകണം. യു.പി.എ. ഗവൺമെന്റിന്റെ ഒടുവി ലത്തെ നയപ്രഖ്യാപനത്തിലും ബഡ്ജറ്റിലും വനിതാ പോലീസ് സ്റ്റേഷനു കളെക്കുറിച്ച് പറഞ്ഞിരുന്നു. രാജ്യത്തെ ആദ്യത്തെ വനിതാ ബാങ്ക് യു.പി.എ. ഗവൺമെന്റാണ് കൊണ്ടുവന്നത്. അതുപോലെ വനിതാ പോലീസ് സ്റ്റേഷന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് മാതൃക കാണിക്കണമെന്ന അഭിപ്രായമാണ്

എനിക്കുള്ളത്. പല ജയിലുകളിൽനിന്നും ആശാസ്യകരമല്ലാത്ത വാർത്തകൾ വരുന്നുണ്ട്. ടി.പി. വധക്കേസ്സിലെ പ്രതികൾ സിം കാർഡും ഫോണും ഉപയോഗിച്ചതടക്കമുള്ള കാര്യങ്ങൾ ഉദാഹരണമായി പറയാം. ജയിലിലെ ജീവനക്കാരുടെ എണ്ണത്തിലും പോലീസിന്റെ കാര്യംപോലെതന്നെ ഒരു മാറ്റമുണ്ടാകണം. രാത്രിയിൽ മൂന്ന് വാർഡന്മാർവരെയുള്ള ജയിലുകളുണ്ട്. ജയിൽപ്പുള്ളികളുടെ എണ്ണംവച്ച് നോക്കുമ്പോൾ ഈ മൂന്നുപേർക്ക് മാത്രമായി ഇത്രയും ജയിൽപ്പുള്ളികളെ സംരക്ഷിക്കാനോ അവരുടെ കാര്യങ്ങൾ നോക്കാനോ കഴിയില്ല. ഉദയഭാനു കമ്മിഷൻ റിപ്പോർട്ട് 3:10 ആണ്. ജയിലുകളുടെ കാര്യത്തിൽ 1:6 അനുപാതത്തിലെങ്കിലും ജയിൽ വാർഡന്മാരുടെ തസ്തികയുണ്ടാക്കാനുള്ള നടപടി അടിയന്തരമായി ഉണ്ടാകണം. ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ ലാ ആന്റ് ഓർഡറും ഇൻവെസ്റ്റിഗേഷനും രണ്ടാക്കണം. ഞാൻ നേരത്തെ സൂചിപ്പിച്ച പോലീസ് റിഫോംസ് കമ്മീഷനുകൾ എല്ലാംതന്നെ ആ കാര്യം ഇവിടെ സൂചിപ്പിച്ചു. ഒരു കേസ് വന്നുകഴിഞ്ഞാൽത്തന്നെ എഫ്.ഐ.ആർ., തെളിവ് ശേഖരണം, evidence-ന്റെ ഭാഗമായിട്ടുള്ള റിക്കവറി, സാക്ഷികളെ കണ്ടെത്തൽ, പ്രോസിക്യൂഷൻ സ്റ്റോറിയുണ്ടാക്കൽ, ചാർജ്ജ്, കോടതിയിലെ ട്രയൽ.....ഇങ്ങനെ എഫ്.ഐ.ആർ. മുതൽ വിധി വരുന്നതുവരെ ഇൻവെസ്റ്റിഗേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ഇതിന്റെ പിന്നാലെ പോകും, പോയേ മതിയാകൂ. അതേസമയംതന്നെ അവർ ലാ ആന്റ് ഓർഡർ നോക്കണം, പള്ളിപ്പെരുന്നാളിന് പോകണം, അമ്പലത്തിലെ ഉത്സവത്തിന് പോകണം, പൈലറ്റ്, എസ്കോർട്ട് ഇങ്ങനെയുള്ള പല കാര്യങ്ങൾക്കും പോകണം. അതുകൊണ്ട് ലാ ആന്റ് ഓർഡറും ഇൻവെസ്റ്റിഗേഷനും രണ്ടാക്കണമെന്നുള്ള പോലീസ് റിഫോംസ് കമ്മീഷനുകളുടെ

യെല്ലാം നിർദ്ദേശം ഈ സംസ്ഥാനത്ത് കൃത്യമായി നടപ്പാക്കണമെന്നൊരു നിർദ്ദേശംകൂടി ഞാൻ വയ്ക്കുകയാണ്. ഇവിടെ ആദം മുൻസിയെ സംബന്ധിച്ച് ശ്രീ. എളമരം കരീം പറഞ്ഞത് അദ്ദേഹത്തിനെതിരെ മത്സരിച്ച സ്ഥാനാർത്ഥിയായതുകൊണ്ടുള്ള വിരോധംകൊണ്ടാണെന്ന് ഞാൻ കരുതുന്നില്ല. എങ്കിൽപ്പോലും ദൗർഭാഗ്യകരമായിപ്പോയി. ആ പോലീസ് ഉദ്യോഗസ്ഥനെതിരെ ആദം മുൻസി ഒരു പരാതി കൊടുത്തു. ശ്രീ. രാഹുൽഗാന്ധി കോഴിക്കോട് സന്ദർശനം നടത്തിയപ്പോൾ അദ്ദേഹം വയർലെസ്സിൽക്കൂടി രാഹുൽഗാന്ധിക്കെതിരെ വളരെ അശ്ലീലംകലർന്ന ഒരു പരാമർശം നടത്തി. അതിന്റെ പേരിൽ ആദം മുൻസി പരാതി കൊടുത്തു. ആ വൈരാഗ്യം തീർക്കാൻവേണ്ടി ഈ പോലീസ് ഉദ്യോഗസ്ഥൻ, എളമരം കരീം ഒരു യോഗത്തിൽ പോയി പറഞ്ഞുവെന്ന് പറഞ്ഞു. വിശ്വഹിന്ദു പരിഷത്തിന്റെ യോഗത്തിൽ പോയി യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയെ വർഗ്ഗീയവാദിയെന്ന് ഒരു മുൻ പോലീസ് ഉദ്യോഗസ്ഥൻ അധിക്ഷേപിക്കുമ്പോൾ 'വിശ്വഹിന്ദു പരിഷത്ത്' എന്നുപറയാതെ ഒരു സംഘടനയെ എന്തിനാണ് മറച്ചുപിടിക്കുന്നത്. വർഗ്ഗീയതയ്ക്കെതിരെയാണല്ലോ നമ്മുടെ മുഴുവൻ ആശങ്കയും. അങ്ങനെയാണെങ്കിൽ വിശ്വഹിന്ദു പരിഷത്തിന്റെ പേര് പറയാൻ എളമരം കരീമിനെന്താണ് പേടി? ആ പേടിയാണ് നിങ്ങളെ ഇവിടെ കൊണ്ടെത്തിച്ചതെന്ന സത്യം നിങ്ങൾ മനസ്സിലാക്കണം. ഇവിടെ ധാരാളം കാര്യങ്ങൾ അദ്ദേഹം പറയുകയുണ്ടായി. ഇവിടെ ധാരാളം ആളുകൾ രാഷ്ട്രീയം സംസാരിച്ചു. നിങ്ങളുടെ ലോക്സഭയിലെ പരാജയത്തിന്റെ കാരണം നിങ്ങൾ ശരിയായി വിലയിരുത്തുമ്പോൾ അല്ലെങ്കിൽ വിലയിരുത്തി.... കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ വളരെ പ്രഗത്ഭരായ പ്രാവീ

ണ്യമുള്ള ജനങ്ങൾക്കിടയിൽ പ്രവർത്തിച്ച നേതാക്കന്മാരാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുതൽ ഇങ്ങോട്ടുള്ള എല്ലാ നേതാക്കന്മാരും. അവരെ ഉപദേശിക്കാൻ ഞാൻ ആളല്ല. ഞാൻ അതിന് എത്രയോ പിറകിലുള്ള ആളാണ്. പക്ഷേ ഒരു രാഷ്ട്രീയ വിദ്യാർത്ഥി എന്ന നിലയിൽ സത്യം നിങ്ങൾ തിരിച്ചറിയണ്ടേ? ശാസ്ത്രസാഹിത്യപരിഷത്തിനെതിരെ നേടിയ ഒരു കോടതി കേസിന്റെ വിജയം തൃശ്ശൂർ പ്രസ്സ് ക്ലബ്ബിൽ പത്രസമ്മേളനം നടത്തി പറയാൻ പോയ എം. എൻ. വിജയന്റെ അവസാനത്തെ പത്രസമ്മേളനത്തിലെ അവസാനത്തെ വാചകം അവസാനിപ്പിച്ചത് ഇങ്ങനെയാണ് – 'വിശ്വാസ്യത വിൽക്കരുത്. നിങ്ങൾക്ക് പറ്റിയ പരാജയം, നിങ്ങൾ വിശ്വാസ്യത വിറ്റതാണ്. അതിനുള്ള ഉത്തമ ഉദാഹരണമാണ് ടി.പി. ചന്ദ്രശേഖരന്റെ കൊലപാതകം. ജസ്റ്റിസ് നാരായണ പിഷാരടിയുടെ ജഡ്ജ്മെന്റ് തുടങ്ങുന്നത് ഇങ്ങനെയാണ് Intolerance itself a form of violence and an obstacle to the growth of a true democratic spirit. അസഹിഷ്ണുത, ജനാധിപത്യവിരുദ്ധത ഇവയിൽ അസഹിഷ്ണുതയാണ് ടി.പി. ചന്ദ്രശേഖരനെ കൊല്ലുന്നതിലേക്ക് നിങ്ങളെ കൊണ്ടെത്തിച്ചത്. നിങ്ങൾക്ക് ആ കൊലപാതകത്തിൽ പങ്കില്ലെന്ന് പറഞ്ഞു. ശ്രീ. എളമരം കരീം തന്നെ വടകര പോലീസ് സ്റ്റേഷനുമുന്നിൽ ഒരു തൊപ്പിവച്ചുകൊണ്ട് പ്രസംഗിച്ചു – 'ഞങ്ങൾ കൊല്ലുന്നവരല്ല, ഞങ്ങൾ ഒരു പിടി മണ്ണുപോലും വാരിയിടുന്നവരല്ല.' നിങ്ങളുടെ പാർട്ടിയിലെ നേതാക്കന്മാർ പ്രതികളായില്ലേ; അവരെ പിടിച്ചില്ലേ? നിങ്ങൾ മാറിമാറി പലതും പറഞ്ഞു. എൻ.ഡി.എഫ്. ആണെന്ന് പറഞ്ഞു, ശ്രീ സെൽവരാജാണെന്ന് പറഞ്ഞു, ശ്രീ പി.സി. ജോർജാണെന്ന് പറഞ്ഞു. നിങ്ങൾ ആരെയൊക്കെ പ്രതി

യാക്കി. വടകരയിലെ വിവാദ വ്യവസായി, ബോംബെക്കാരൻ കുപ്പിവെള്ള കമ്പനിക്കെതിരെ ചന്ദ്രശേഖരൻ നടത്തിയ സമരത്തിനോടുള്ള പ്രതിഷേധം തീർത്തതാണെന്ന് പറഞ്ഞു. നിങ്ങൾ പറഞ്ഞ കള്ളമെല്ലാം പൊളിഞ്ഞില്ലേ; ഒടുവിലെന്തായി? ഒടുവിൽ നിങ്ങളുടെ പാർട്ടി അന്വേഷണം നടത്തി. ആ അന്വേഷണത്തിൽ നിങ്ങളുടെ പാർട്ടിയിലെ രാമചന്ദ്രന് പങ്കുണ്ടെന്ന് കണ്ടെത്തി. അയാളെ നിങ്ങൾ പാർട്ടിയിൽനിന്ന് പുറത്താക്കി. 'ഞങ്ങൾ തിരിച്ചറിയുന്നു, സുതാര്യമാകാൻ തീരുമാനിക്കുന്നു, പാർട്ടിയുടെ തീരുമാന ങ്ങൾ വെബ്സൈറ്റിൽ ഇടുമെന്ന്' സഖാവ് എസ്.ആർ.പി. പറഞ്ഞു. ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു, വെല്ലുവിളിയല്ല, വെല്ലുവിളി ജനാധിപത്യവിരു ദ്ധമാണ്. പോളിറ്റ് ബ്യൂറോയുടെ നേതാക്കന്മാരിൽ ഒരാളെങ്കിലും ഇവിടെയു ണ്ടല്ലോ? ഒരു പോളിറ്റ് ബ്യൂറോ അംഗം വെളിയിലാണെങ്കിൽപ്പോലും ഒരു പോളിറ്റ് ബ്യൂറോ അംഗം അകത്തുണ്ടല്ലോ? വിനീതമായി ഞാൻ ചോദി ക്കുന്നു, നിങ്ങളുടെ ആ അന്വേഷണ റിപ്പോർട്ട് വെബ്സൈറ്റിൽ ഇടാൻ തയ്യാ റുണ്ടോ? പോലീസിനെ വെല്ലുവിളിച്ച് പോലീസിനേക്കാൾ സത്യം കണ്ടെ ത്തുന്ന ഏജൻസിയാണ് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയെന്നുപറഞ്ഞ് നിങ്ങൾ നടത്തിയ അന്വേഷണം ആരാണ് അന്വേഷിച്ചത്; ആരായിരുന്നു നിങ്ങളുടെ സംഘത്തലവൻ; ആരൊക്കെയുണ്ടായിരുന്നു? സഖാവ് എസ്. ആർ.പി. പറഞ്ഞതുപോലെ ടി.പി. ചന്ദ്രശേഖരന്റെ കൊലപാതക അന്വേഷണ റിപ്പോർട്ട് വെബ്സൈറ്റിലിടാൻ നിങ്ങൾ തയ്യാറുണ്ടോ? അപ്പോൾ അവിടം മുതൽ സുതാര്യമാകണം.

സഖാവ് വി. എസ്. അച്ചുതാനന്ദൻ ഇവിടെയുണ്ടല്ലോ. അദ്ദേഹത്തിന്റെ സി.സി. പ്രസംഗം...... ഞാൻ സി.സി.-യിലുള്ള ആളല്ല. പത്രത്തിൽക്കൂടി മാത്രമേ അറിയാൻ കഴിയുകയുള്ളൂ. റിപ്പോർട്ട് ചെയ്തു. അദ്ദേഹം പറഞ്ഞു, രാമചന്ദ്രൻ മാത്രമല്ല...... കുഞ്ഞനന്ദന്റെ കാര്യത്തിൽ ജഡ്ജ്മെന്റിൽ എന്താണ് പറഞ്ഞത്? Regarding the circumstances, which indicate that Kunjanandan, A13 was one of the conspirators. It needs mention that immediately after the murder of T. P. Chandrasekharan, he made himself not available. Absence of the accused after the occurrence should be considered as an important and vital circumstance against him. എന്നാണ് പറഞ്ഞത്. ഇയാൾ മൊബൈൽ ഫോൺ സ്വിച്ച് ഓഫാക്കി. ഈ 15 ദിവസം ഇയാളുടെ ഫോണിലേയ്ക്ക് ഒരു ഇൻകമിംഗ് കോൾപോലും വന്നില്ല. അയാൾ പ്രതിയാണ്. അയാളെ ശിക്ഷിച്ചിട്ടുണ്ട്. കുഞ്ഞനന്ദനെ നിങ്ങൾ പാർട്ടിയിൽനിന്നും പുറത്താക്കുമോ? അപ്പോൾ നിങ്ങൾ അതിന് തയ്യാറല്ല. അതാണ് കാര്യം. നിങ്ങൾ കള്ളം പറഞ്ഞുകൊണ്ടേയിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ നേരെ കല്ലേറിഞ്ഞതിനെക്കുറിച്ച് സഖാവ് എളമരം കരീം പറഞ്ഞു. രണ്ട് എം.എൽ.എ.-മാരുടെ കാര്യവും പറഞ്ഞു. നിങ്ങൾ അപ്പോൾ എന്താണ് പറഞ്ഞത്? മുഖ്യമന്ത്രിയെ കല്ലേറിഞ്ഞത് സുധാകരന്റെ ഗുണ്ടകളാണെന്നും മധുരജോഷി എന്നയാളാണ് ഇതിന്റെ പിന്നിലെന്നും പിറ്റേ ദിവസം നിങ്ങളുടെ പാർട്ടി നേതാവ് സഹദേവൻ പത്രസമ്മേളനം നടത്തി പറഞ്ഞു. മധുരജോഷിയുടെ മൊബൈൽ ടവർ ലൊക്കേഷൻ പിടിക്കണമെന്ന് പറഞ്ഞു. മധുരജോഷിയെ പിടിക്കാൻ ഇവിടെയിരിക്കുന്ന

പോലീസ് ഉദ്യോഗസ്ഥർ വിചാരിച്ചാൽ നടക്കുമോ; ഒരു രോമത്തിൽ തൊടാൻ പറ്റുമോ; എന്താണ് കാര്യം? കാരണം രണ്ടുവർഷംമുമ്പ് മരിച്ചുപോയി. മരിച്ചു പോയ ആളുടെ മൊബൈൽ ടവർ ലൊക്കേഷൻ എവിടെപ്പോയി പിടിക്കാനാണ്? ഒരു ദിവസം ഞാൻ കൈരളി ടി.വി. കാണുമ്പോൾ ഒരു ചിത്രം കാണിക്കുകയാണ്. മുഖ്യമന്ത്രിയെ കല്ലെറിഞ്ഞ കേസ്സിലെ പ്രതിയെക്കുറിച്ച് നിർണ്ണായക വിവരം കിട്ടിയിരിക്കുന്നു. ഒരാൾ കല്ലെറിയുന്ന പടം, സേതുരാമയ്യർ സി.ബി.ഐ.-യിൽ മമ്മൂട്ടി വരുമ്പോഴുള്ള മ്യൂസിക്കൊക്കെയിട്ട് മുഖ്യമന്ത്രിയെ കല്ലെറിഞ്ഞ കേസിലെ പ്രതി കുഞ്ഞുമുഹമ്മദ് പിടിയിലെന്ന് കാണിക്കുകയാണ്. കൈരളിയിൽ കാണിക്കുമ്പോൾ കുഞ്ഞുമുഹമ്മദിന്റെ പുറകുവശം ബ്ലാങ്കാണ്. പിറ്റേ ദിവസം ഈ ചിത്രം പത്രത്തിൽവന്നു. അപ്പോൾ കല്ലെറിയുന്ന കുഞ്ഞുമുഹമ്മദ് എന്നയാളുടെ പുറകിൽ ഭാരത് സേവക് സമാജ് എന്നൊരു ബോർഡുണ്ട്. കൈരളിയിൽ അതില്ല. മറ്റ് പത്രങ്ങളിൽ വന്നപ്പോൾ ഭാരത് സേവക് സമാജുണ്ട്. മുഖ്യമന്ത്രിയെ കല്ലെറിയുന്ന സംഭവത്തിനുമുമ്പ് ഞങ്ങളുടെ പാർട്ടി സമ്മേളനത്തിനുവന്ന പ്രവർത്തകരെ കൊണ്ടുവന്ന വാഹനത്തിനിടയിൽ ഡി.വൈ.എഫ്.ഐ.-ക്കാരുമായി സംഘർഷമുണ്ടായി. ഒരു യൂത്ത് കോൺഗ്രസ്സുകാരന്റെ ബൈക്ക് കത്തിച്ചു. ഡി.വൈ.എഫ്.ഐ.-ക്കാർ കല്ലെറിഞ്ഞപ്പോൾ തിരിഞ്ഞുനിന്ന് കല്ലെറിഞ്ഞ കുഞ്ഞുമുഹമ്മദിന്റെ പടം കാണിച്ചിട്ടാണ് ഇങ്ങനെ പറയുന്നത്. ഞാൻ അന്വേഷിച്ചു. നിങ്ങൾ പറയുന്നത് ശരിയാണെങ്കിൽ കുഞ്ഞുമുഹമ്മദിനെ ഇവിടെ നിർത്തേണ്ട ആളല്ല. കുഞ്ഞുമുഹമ്മദിനെ അടുത്ത ഒളിമ്പിക്സിന് വിടണം.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ......ഡി.വൈ.എഫ്.ഐ. പ്രവർത്തകർക്കെതിരെ യൂത്ത് കോൺഗ്രസ്സുകാരനായ കുഞ്ഞുമുഹമ്മദ്

കല്ലെറിഞ്ഞുവെന്നാണ് പറഞ്ഞിട്ടുള്ളത്. അയാൾക്കെതിരെ കേസ് എടുത്തിട്ടുണ്ടോ; കേസ്സെടുക്കാൻ തയ്യാറാണോ?

മി. സ്പീക്കർ: അതിൽ എന്ത് പോയിന്റാണുള്ളത്? ശ്രീ. ആർ. രാജേഷ്, അത് പ്രസംഗമല്ലേ, അതിൽ പോയിന്റ് ഓഫ് ഓർഡറൊന്നുമില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇവർ പറയുന്നത് ശരിയാണെങ്കിൽ കുഞ്ഞുമുഹമ്മദിനെ ഇവിടെ നിർത്തേണ്ട ആളല്ല. കുഞ്ഞുമുഹമ്മദിനെ അടുത്ത ഒളിമ്പിക്സിന് വിടണം. കാരണം, ഭാരത് സേവക് സമാജിൽനിന്ന്, കുഞ്ഞുമുഹമ്മദ് എറിഞ്ഞ സ്ഥലത്തുനിന്ന് മുഖ്യമന്ത്രിക്ക് ഏറുകൊണ്ട സ്ഥലംവരെ ഒരു കിലോമീറ്റർ ദൂരമുണ്ട്. ഈ ഒരു കിലോമീറ്റർ ദൂരം കല്ലെറിയാൻ ശേഷിയുള്ള ഒരാളെ വെറുതെ പാഴാക്കാൻ പറ്റുമോ? അയാളെ ഒളിമ്പിക്സിനയച്ച് ഇന്ത്യക്കൊരു സ്വർണ്ണമെഡലുണ്ടാക്കണം. ഈ കുഞ്ഞുമുഹമ്മദ് കല്ലെറിഞ്ഞ് ഒരു മണിക്കൂർ കഴിഞ്ഞാണ് ശ്രീ. ഉമ്മൻ ചാണ്ടി യുടെ നെഞ്ചത്ത് കല്ലുകൊണ്ടതെന്നാണ് ഒന്നുകൂടി അന്വേഷിച്ചപ്പോൾ മനസ്സിലായത്. അപ്പോൾ ഒരു കിലോമീറ്റർ ദൂരത്തേയ്ക്ക് കല്ലെറിയാൻ മാത്രമല്ല ആ കല്ല് ഏതാണ്ട് ഒരു മണിക്കൂർ അന്തരീക്ഷത്തിൽ നിർത്താൻ ശേഷിയുള്ള വിശുദ്ധമായ, ദിവ്യമായ കഴിവുള്ള ആളാണ് ഈ കുഞ്ഞുമുഹമ്മദ്. നീ പൊന്നപ്പനല്ലെടാ, തങ്കപ്പനാണെന്ന് ജനാർദ്ദനൻ ഒരു സിനിമയിൽ പറഞ്ഞതുപോലെ നീ കുഞ്ഞുമുഹമ്മദല്ല, ഒരു വലിയ മുഹമ്മദാണെന്നാണ് നമുക്ക് മനസ്സിലാകുന്നത്. ഒരു പുതിയ കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. ദൃശ്യമാധ്യമങ്ങളുണ്ട്. പത്രമാധ്യമങ്ങൾ വളരെ സെൻസിറ്റീവാണ്. അവർ പിന്നാലെ നടക്കുകയാണ്. കാര്യങ്ങൾ അറിയാൻ ദേശാഭിമാനിപത്രത്തെമാത്രം ആശ്രയിക്കുന്നത് കമ്മ്യൂണിസ്റ്റുകാർപോലും ഉപേക്ഷിച്ച കാലത്ത്, സോഷ്യൽ മീഡിയ

സജീവമായ കാലത്ത് ഇത്തരം കളളങ്ങൾ പറഞ്ഞുകൊണ്ട്, അതാവർത്തിച്ചു കൊണ്ട് ഒരു പരിഷ്കൃത സമൂഹത്തിൽ, ഒരു പുരോഗമന സമൂഹത്തിൽ, ഒരു പ്രതിബദ്ധ സമൂഹത്തിൽ നിലനിൽക്കാൻ കഴിയുമെന്നുളളത് നിങ്ങളുടെ മിഥ്യാധാരണയാണ്. അതിന് മോദിയാണ്, മോദി പേടിയാണ്, ന്യൂനപക്ഷ കേന്ദ്രീകരണമാണ് എന്നൊക്കെപ്പറഞ്ഞ് ആശ്വസിക്കാമെങ്കിൽ അങ്ങ് ആശ്വസിച്ചാൽ മതി. സഖാവ് പിണറായി വിജയന്റെ പ്രസംഗത്തെക്കുറിച്ച് ഞാൻ വിമർശിക്കുന്നില്ല. എബ്രഹാം ലിങ്കന്റെ Gettysburg പ്രസംഗം, സി. കേശവന്റെ കോഴഞ്ചേരി പ്രസംഗം, നെഹ്രുവിന്റെ 'Tryst with destiny'- മനോഹരമായ പ്രസംഗം, മാർട്ടിൻ ലൂഥർകിംഗിന്റെ പ്രസംഗം എന്നിവരുടെ ചരിത്ര പ്രസംഗങ്ങളുടെ പട്ടികയിലേയ്ക്ക് സഖാവ് എം. എ. ബേബിയുടെ കതിരൂർ പ്രസംഗവും എത്തിയിരിക്കുകയാണ്. ഒരാളുടെ സംസാരം അയാളുടെ സംസ്ക്കാരത്തെ അടയാളപ്പെടുത്തുവെന്നാണ് കതിരൂർ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞത്. ആ കതിരൂരിൽനിന്ന് പിണറായിയിലേയ്ക്ക് കേവലം മൂന്നുകിലോമീറ്റർ മാത്രമാണെന്നുളളത് ഏറെ ശ്രദ്ധേയമായ കാര്യമാണ്. അതുകൊണ്ട് നിങ്ങൾ പാഠം പഠിക്കണോ വേണ്ടയോ എന്നുളളത് പറയാൻ ഞാൻ ആളല്ല. പഠിക്കാം, പഠിക്കാതിരിക്കാം. സ്ത്രീകൾക്കെതിരെയുളള ചൂഷണങ്ങളെക്കുറിച്ചും പീഡനങ്ങളെക്കുറിച്ചുമെല്ലാം അപ്പുറത്തും ഇപ്പുറത്തുമുളള എം.എൽ.എ.-മാർ ഇവിടെ പറയുകയുണ്ടായി. കേരളത്തിലെ ഒരു വസ്ത്ര നിർമ്മാണ കമ്പനിയായ കിറ്റെക്സിൽ സ്ത്രീകളെ കൊണ്ടുവന്ന് നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് വ്യാപകമായ ആക്ഷേപവും ആരോപണവും ഉണ്ടായിട്ടുണ്ട്. പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തു

നിന്നുമുള്ള അംഗങ്ങൾ അതുസംബന്ധിച്ച് പരാതി തന്നിട്ടുണ്ട്. അതിനെ സംബന്ധിച്ച് സമഗ്രമായ ഒരന്വേഷണം ആ കാര്യത്തിൽ നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ശ്രീ. രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിലുള്ള ആഭ്യന്തര വകുപ്പ്, പോലീസിനെ സംബന്ധിച്ചുള്ള കാഴ്ചപ്പാടുകളേയും സങ്കൽപ്പങ്ങളേയും മാറ്റിമറിച്ചുകൊണ്ട് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നടക്കുന്ന ഞെട്ടിപ്പിക്കുന്ന, കേൾക്കാൻ ആഗ്രഹിക്കാത്ത വാർത്തകളുടെ കാലത്ത് വളരെ പോസിറ്റീവായി പ്രവർത്തിക്കുന്ന ഒരു പോലീസ് സംവിധാനം കൂടുതൽ മെച്ചപ്പെട്ട നിലയിൽ മുന്നോട്ട് കൊണ്ടു പോകാനുള്ള പൊതുസമൂഹത്തിന്റെ പിന്തുണയാണ് ഈ സഭയിൽനിന്നും അങ്ങേയ്ക്ക് ലഭിച്ചതെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ഡിമാന്റുകളെ അനുകൂലിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിലെ യു.ഡി.എഫ്. ഭരണത്തിൽ ഭരണസ്ഥിരതയുണ്ടായിയെന്നാണ് ഇന്നലെ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൊതുഭരണത്തിന്റെ ചർച്ചയ്ക്ക് മറുപടി പറഞ്ഞത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൂന്നാമത്തെ ആളാണ് ആഭ്യന്തര വകുപ്പിനുവേണ്ടിയുള്ള ധനാഭ്യർത്ഥനയുമായി നിമയസഭയിൽ പ്രത്യക്ഷപ്പെടുന്നത് എന്നത് ഭരണസ്ഥിരത കേരളത്തിലില്ലായെന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. നാലുവർഷം തികയുന്നതിനുമുമ്പ് മൂന്ന് ആഭ്യന്തര വകുപ്പുമന്ത്രിമാരെ കാണേണ്ടിവന്ന സംസ്ഥാനത്ത് ഭരണസ്ഥിരയുണ്ടെന്ന് മുഖ്യമന്ത്രിക്കല്ലാതെ ആർക്കാണ് പറയാൻ സാധിക്കുന്നത്? ഇവിടെ ലോക്സഭാ തെരഞ്ഞെടുപ്പിനുമുമ്പ് ഒരു മന്ത്രിസഭാ

പുന:സംഘടന നടന്നതുകൊണ്ട് നമ്മുടെ ബഹുമാന്യനായ രമേശ് ചെന്നിത്തലയ്ക്ക് ആഭ്യന്തര വകുപ്പ് കിട്ടി. ലോക്സഭാ തെരഞ്ഞെടുപ്പിന് ശേഷമായിരുന്നു ഇങ്ങനെയൊരു നിർദ്ദേശമെങ്കിൽ ഹൈക്കമാന്റിന്റെ നിർദ്ദേശം ശ്രീ. ഉമ്മൻ ചാണ്ടി അംഗീകരിക്കുമായിരുന്നോ? അപ്പുറത്തുനിന്ന് ശ്രീ. ജോസഫ് വാഴക്കൻ മുതൽ ശ്രീ. പി. സി. വിഷ്ണുനാഥ് വരെയുള്ളവർ സംസാരിച്ചപ്പോൾ അവർക്ക് ഏറ്റവും വലിയ സന്തോഷം എന്താണ്? കഴിഞ്ഞ പാർലമെന്റിൽ കോൺഗ്രസ്സിനുണ്ടായിരുന്ന സീറ്റ് 206 ആണ്. ഇപ്പോൾ കോൺഗ്രസ്സിന്റെ സീറ്റ് 44 ആണ്. ഇതിൽ അവർ സന്തോഷിക്കുകയാണ്. സീറ്റ് കുറഞ്ഞതോടുകൂടി കോൺഗ്രസ്സിന് കേന്ദ്രത്തിൽ ഹൈക്കമാന്റില്ലാതായി. ഇപ്പോൾ കേരളത്തിൽ കോൺഗ്രസ്സിന്റെ ഹൈക്കമാന്റ് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയാണ്. അതുകൊണ്ടാണ് ഇനിയും മന്ത്രിസഭ പുന:സംഘടിപ്പിക്കുമെന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത്. അതിന് ഹൈക്കമാന്റിന്റെ അംഗീകാരം ഇനി വേണ്ട. ഇതുകാരണം ഇനിയടുത്ത നിയമസഭയിൽ ശ്രീ. രമേശ് ചെന്നിത്തല ആയിരിക്കുമോ അല്ലെങ്കിൽ വേറൊൾ ആയിരിക്കുമോ അടുത്ത ധനാഭ്യർത്ഥനയുമായി സഭയെ സമീപിക്കാൻ പോകുന്നത്? ഇവിടെ മന്ത്രിമാർക്കെല്ലാംതന്നെ സ്ഥാനചലനം വരാൻ പോകുന്നുവെന്നുള്ള അന്തരീക്ഷത്തിലാണ് ഈ ചർച്ച നടക്കുന്നത്. ഇവിടെ ഒരു മന്ത്രിയും സ്ഥിരമല്ല. മുഖ്യമന്ത്രി മാത്രമേ സ്ഥിരമുള്ളൂ എന്നാണ് ഇവിടെ വന്നിരിക്കുന്നത്. അതുകൊണ്ട് ഭരണസ്ഥിരതയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പറഞ്ഞത് ശരിയല്ല. അദ്ദേഹം മറ്റൊന്നുകൂടി ഇന്നലെ പറഞ്ഞു. ഞങ്ങൾക്ക് രണ്ടാളുടെ ഭൂരിപക്ഷം മാത്രമേ ഉണ്ടായിട്ടുള്ളൂ, ഇപ്പോൾ ഞങ്ങൾ 75 ആയില്ലേ, നിങ്ങൾ 65 അല്ലേയുള്ളൂവെന്ന് അദ്ദേഹം

ചോദിച്ചു. ഇവർ 71 ആയി നിൽക്കുന്ന കാലത്ത് ഞങ്ങൾ ആരുടെയും കാലുമാറ്റം സംഘടിപ്പിക്കാൻ തീരുമാനിച്ചില്ല.

യെദ്യൂരപ്പ കർണ്ണാടകയിൽ മുഖ്യമന്ത്രിയായപ്പോൾ ചെയ്ത അതേ പണിതന്നെയാണ് ഇവിടെയും ചെയ്തത്. കാലുമാറ്റം നടത്തി, ചാക്കിട്ട് പിടിച്ച് ഭൂരിപക്ഷം ഉണ്ടാക്കിയതിനുശേഷം ഭരണസ്ഥിരത ഉണ്ടായെന്ന് ഇവിടെ അവകാശപ്പെടുന്നു. ഭരണസ്ഥിരതയുടെ പേരിൽ ഇവിടെ ക്രമസമാധാന രംഗത്ത് ഉണ്ടായ സ്ഥിതിയെന്താണ്? യു.ഡി.എഫ്.-നെ അനുകൂലിക്കുന്ന പത്രമായ മലയാള മനോരമ കോൺഗ്രസ്സിന്റെ മുഖപത്രം പോലെയാണ്. ഈ പത്രത്തിൽ ജി. വിനോദിന്റെ ഒരു ലേഖന പരമ്പര ഇന്നുമുതൽ ആരംഭിച്ചിട്ടുണ്ട്. അതിലെ എല്ലാ കാര്യങ്ങളും ഞാനിവിടെ പറയാൻ ഉദ്ദേശിക്കുന്നില്ല. ഒന്നുരണ്ട് കാര്യങ്ങൾ പറയണമെന്ന് ഉദ്ദേശിക്കുകയാണ്. പത്തനംതിട്ട എസ്.പി.-യുടെ കസേര തെറിച്ചത് ഒരു ഇന്റലിജൻസ് റിപ്പോർട്ടിന്റെ പേരിലാണെങ്കിൽ ഇവിടെയുള്ള പല എസ്.പി.-മാരുടെയും കസേര തെറിക്കണമായിരുന്നു. പക്ഷേ, രാഷ്ട്രീയക്കാരുടെ സ്വാധീനത്താൽ അവർക്കുവേണ്ടിമാത്രം ഇവരെല്ലാം നാടിന്റെ ക്രമസമാധാനം കാക്കുന്നു. കേരളത്തിന്റെ അതിർത്തി ജില്ലയിൽ നിന്നുമാറിയ ഒരു എസ്.പി. -യെ സർക്കാർ നിയമിച്ചത് അതിലും വരുമാനമുള്ള ഒരു ജില്ലയിലേയ്ക്കാണ്. പിരിവ് വ്യാപകമെന്ന് പറഞ്ഞാണ് അവിടെനിന്നും മാറ്റിയത്. അയാളെ തന്ത്രപ്രധാന തസ്തികകളിൽ ഇരുത്തരുതെന്ന് ഇന്റലിജന്റ്സ് റിപ്പോർട്ടുണ്ടായിരിക്കുന്നു. എസ്.ഐ.-മാർ പിടികൂടുന്ന ക്വാറി ലോറികൾ വിട്ടയയ്ക്കുന്നതാണ് ഇദ്ദേഹത്തിന്റെ പ്രധാന ജോലി. ഒരു എസ്.പി.

–യെക്കുറിച്ച് മലയാള മനോരമയുടെ വിശകലനമാണ് ഇത്. സിറ്റി പോലീസ് കമ്മീഷണറായിരുന്ന ഒരു ഉദ്യോഗസ്ഥൻ ഇപ്പോൾ കേന്ദ്ര ഡെപ്യൂട്ടേഷനിലാണ്. ഇദ്ദേഹത്തിന്റെ സഹോദരന്റെ വിവാഹത്തിന് ഫയാസ്, ഫയാസിനെ ഇപ്പോൾ എല്ലാവർക്കുമറിയാവുന്നതാണ്. ബീഹാറിൽ പോയതും ഇന്റലിജൻസ് വിംഗ് സർക്കാരിനെ അറിയിച്ചിരുന്നു. മറ്റൊരു ഉത്തരേന്ത്യക്കാരനായ എസ്.പി.–യുടെ ഫയാസ് ബന്ധവും സേനയിൽ പാട്ടാണ്. ഇതും മലയാള മനോരമയിൽ വന്ന വാർത്തയാണ്. മറ്റൊന്ന്, ഐസ്ക്രീം കേസ്സിലെ ആരോപണ വിധേയൻ പ്രധാന കസേരയിൽ ക്രമസമാധാനം നിയന്ത്രിക്കുന്നു. ഇതാരാണെന്ന് ഞങ്ങൾക്ക് മനസ്സിലായിട്ടില്ല. മലയാള മനോരമയാണ് ഈ ആരോപണം ഉന്നയിച്ചിരിക്കുന്നത്. ഗുണ്ടാസംഘത്തെ ഉപയോഗിച്ച് ഒരു കുടുംബത്തെ വീട്ടിൽ നിന്ന് ആട്ടിയിറക്കിയ കോൺസ്റ്റബിളിന്റെ സസ്പെൻഷൻ സർക്കാർ പിൻവലിച്ചത് ഏതാനും നാൾ മുമ്പായിരുന്നു. ഇത് നോക്കാനൊരു സമിതിയുണ്ടായിരുന്നു. ആ സമിതി നോക്കുകുത്തിയായിമാറി. തലസ്ഥാനത്ത് അറിയപ്പെടുന്ന ബ്ലേഡ് പലിശക്കാരനാണ് ഈ പോലീസുകാരൻ. ഈ നടപടി പുന:പരിശോധിക്കാൻ തിരുവനന്തപുരം റേയ്ഞ്ച് ഐ.ജി.–യോട് ഡി.ജി.പി. ആവശ്യപ്പെട്ടിരിക്കുകയാണ് – മലയാളമനോരമ. അവസാനം പറയുന്നത്, പല പോലീസുകാരുടെയും കൈക്കൂലി പണം മീറ്റർ പലിശയ്ക്ക് നൽകുന്നത് ഗുണ്ടകളാണ്. ‘ഓപ്പറേഷൻ കുബേര’ കണ്ണാടിയിൽ നോക്കി നടത്തേണ്ട ഉദ്യോഗസ്ഥരാണ് സേനയിലെ പലരും. ഇത് മലയാളമനോരമ ഈ പോലീസ് വകുപ്പിന് കൊടുത്തിരിക്കുന്ന ഒരു മംഗളപത്രമാണ്. ഇത് ദേശാഭിമാനി പത്രമല്ല എഴുതിയത്. ഈ ഗവൺമെന്റിന് ഒരിക്കലും എതിർക്കാൻ തയ്യാറാകാത്ത

ഒരു പത്രത്തിനുതന്നെ ഈ ഗവൺമെന്റിനെ വിമർശിക്കേണ്ടിവന്നത് എന്തു കൊണ്ടാണ്? വളരെ നല്ല പോലീസ് ഓഫീസർമാരുള്ള ഒരു സേനയാണ് കേരള പോലീസ്. രാജ്യത്തിനുതന്നെ അഭിമാനിക്കാൻ സാധിക്കുന്ന ഒട്ടേറെ ഉദ്യോഗസ്ഥർമാർ കേരള പോലീസിലുണ്ട്. അത്തരം ഉദ്യോഗസ്ഥരുള്ള സമർത്ഥമായൊരു സേനയാണ് കേരള പോലീസ്. ജയിൽ ഡി.ജി.പി. ആയിരുന്ന ഡോ. അലക്സാണ്ടർ ജേക്കബ് എവിടെയാണ്? അദ്ദേഹത്തെ പോലീസിന്റെ പ്രധാനപ്പെട്ട തസ്തികകളിൽനിന്ന് മാറ്റിനിർത്തിയിരിക്കുകയാണ്. ശ്രീ. ഋഷിരാജ് സിംഗ് പ്രധാനപ്പെട്ട ഒരു പോലീസ് ഓഫീസറാണ്. അദ്ദേഹം ഇന്ന് എവിടെയാണ്? അദ്ദേഹത്തെപറ്റി കഴിഞ്ഞ ദിവസം വാർത്ത വന്നതാണ്. ഇങ്ങനെയുള്ള പോലീസ് ഉദ്യോഗസ്ഥന്മാർക്ക് കേരളാ പോലീസിൽ രക്ഷയില്ല. രാഹുൽ ആർ. നായർമാർക്കാണ് ഇപ്പോൾ കേരള പോലീസിൽ സ്ഥാനമുള്ളത്. എല്ലാ പത്രങ്ങളിലും വാർത്ത വന്നതാണ്, ക്വാറി ഉടമയുടെ കയ്യിൽനിന്നും 20 ലക്ഷം രൂപ കൈക്കൂലി വാങ്ങിയ ആൾ തുക എണ്ണി നോക്കിയപ്പോൾ 17 ലക്ഷമേ കാണുന്നുള്ളൂ. കുറവ് വന്ന മൂന്നു ലക്ഷം തിരിച്ച് ചോദിച്ചപ്പോൾ അയാൾ പരാതിയുമായി ചെന്നു. ഈ പരാതിയുടെ അടിസ്ഥാനത്തിൽ ഇന്റലിജൻസ് സേനയുടെ ഉയർന്ന ഉദ്യോഗസ്ഥന്മാരും വിജിലൻസും പരിശോധിക്കുന്നു, അന്വേഷിച്ച് റിപ്പോർട്ടും കൊടുക്കുന്നു. ഡി.ജി.പി.-യും ഹോം സെക്രട്ടറിയും ചീഫ് സെക്രട്ടറിയും ഇദ്ദേഹത്തെ സസ്പെന്റ് ചെയ്യാൻ നിർദ്ദേശിക്കുന്നു. പക്ഷേ, രാഹുൽ ആർ. നായർക്ക് സസ്പെൻഷനില്ല. എം.എസ്.പി. കമാൻഡന്റായി സ്ഥലം മാറ്റുകയാണ് ചെയ്തത്. എന്താണ് ഇതിന് കാരണം? ഒരു സാധാരണ പോലീസുകാരനോ ഒരു എസ്.ഐ.-യോ ആണ് ഈ കുറ്റം ചെയ്തതെങ്കിൽ

സ്ഥലമാറ്റമാണോ കൊടുക്കുന്നത്? ഇങ്ങനെ ഒരു കുറ്റം ചെയ്ത ഓഫീസർക്ക് ഇവിടെ വിഹരിക്കാമെന്നുവന്നാൽ പിന്നെ ആരാണ് കൈകൂലി വാങ്ങാതിരിക്കുന്നത്? 17 ലക്ഷം രൂപ കൈക്കൂലി വാങ്ങിയിട്ടും സ്ഥലംമാറ്റം മാത്രമാണ് കൊടുക്കുന്നത്. വിജിലൻസിനെക്കൊണ്ട് എന്താണ് കേസ് എടുപ്പിക്കാത്തത്? വിജിലൻസ് കേസ്സെടുക്കണമെന്ന് പറഞ്ഞത് തൃശൂരിലെ വിജിലൻസ് കോടതിയാണ്. ഈ ഗവൺമെന്റിനോ ആഭ്യന്തര വകുപ്പുമന്ത്രിക്കോ മുഖ്യമന്ത്രിക്കോ ഈ കേസ് വിജിലൻസിന് കൈമാറണമെന്ന് തോന്നിയില്ല. എന്തുകൊണ്ട് തോന്നിയില്ല? ഇപ്പോൾ പോലീസ് സേനയിൽ ഇത്തരത്തിലുള്ള ആളുകളെ വച്ചുകൊണ്ട് ഭരണം നടത്തുകയാണ് ഇവിടെ ചെയ്യുന്നത്. ഏറ്റവും നല്ല ഓഫീസർമാരെ മൂലയിൽ ഇരുത്തിയതിനുശേഷം ഏറാൻമൂളികളായ കുറെ ആളുകളെവച്ച് ഭരണം നടത്തുകയാണ് ചെയ്യുന്നത്. ഈ ഉദ്യോഗസ്ഥരെ ഉപയോഗിച്ചുകൊണ്ട് കേരളത്തിൽ പ്രതിപക്ഷത്തെ വേട്ടയാടുകയാണ്. ഇടതുപക്ഷ പ്രസ്ഥാനത്തെ തകർക്കുകയാണ്. ഇതിനുവേണ്ടി കൂട്ടുനിൽക്കുന്ന പോലീസ് ഉദ്യോഗസ്ഥന്മാർക്ക് ഇവിടെ എന്തും ചെയ്യാമെന്നുള്ള ഒരവസ്ഥ വന്നിരിക്കുകയാണ്. അതല്ലേ ഈ രാഹുൽ ആർ. നായരുടെ അനുഭവം. കണ്ണൂരിൽ അദ്ദേഹത്തെ ഉപയോഗിച്ചുകൊണ്ട് ഇടതുപക്ഷ പ്രവർത്തകന്മാരെ വേട്ടയാടി. എന്തെല്ലാം കാട്ടിക്കൂട്ടി. എത്ര ആളുകൾക്കെതിരായി കേസ്സെടുത്തു? അങ്ങനെയുള്ളവർ ഭരണകക്ഷി ഗുഡ് ബുക്കിലേയ്ക്ക് വന്നു. അതുപയോഗിച്ചുകൊണ്ട് തുട്ടു വാങ്ങാൻ തുടങ്ങി. കേരള പോലീസിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതിന്റെ ഒരു സാമ്പിളാണ് ഈ സംഭവമെന്ന് നാം മനസ്സിലാക്കണം. പോലീസിനെ ഉപയോഗിച്ചുകൊണ്ട് ഇവിടെ ചെയ്യുന്നത് കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യലല്ല. എൽ.ഡി.എഫ്.-ന്റെ ഒന്നര ലക്ഷം പ്രവർത്തകർമാർക്കെതിരായാണ് ഇവിടെ കള്ളകേസ്സുണ്ടാക്കി

യിരിക്കുന്നത്. മൂന്ന് കൊല്ലത്തിനടയിൽ 30,000 പ്രവർത്തകരെ ജയിലിലടച്ചു. അഞ്ഞൂറിൽപ്പരം എൽ.ഡി.എഫ്. പ്രവർത്തകർക്കെതിരെ കാപ്പ നിയമം ഉപയോഗിച്ചു. എന്നാൽ ഒരു ബ്ലേഡ് പലിശകാരനെതിരായോ ഒരു ബ്ലേഡ് കുബേരയ്ക്കെതിരായോ എന്തെങ്കിലും പ്രയോഗിക്കാൻ നിങ്ങൾക്ക് സാധിച്ചോ? അതിന് നിയമമൊന്നും ഭേദഗതി ചെയ്യേണ്ട ആവശ്യമില്ലല്ലോ. ഇത് കാപ്പ നിയമത്തിലുണ്ടായിരുന്നിട്ടും എന്തുകൊണ്ട് ചെയ്തില്ല? കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞത് കുറ്റകൃത്യങ്ങൾ ചെയ്യുന്ന ഗുണ്ടകളെയാണ് ജയിലിൽ വയ്ക്കേണ്ടതെന്നാണ്. പാലക്കാട് ജില്ലാ പഞ്ചായത്ത് മെമ്പർ ജയദേവൻ മാഷ് ഒരു ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യപകനാണ്. അയാൾ എന്തു ഗുണ്ടയാണ്? ഇങ്ങനെയുള്ള ഇടതുപക്ഷ പ്രവർത്തകരെ ജയിലിൽവച്ച് ഇടിച്ച് ഭേദ്യംചെയ്ത് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തെ തകർക്കാൻ പോലീസ് വകുപ്പിലെ ഒരു വിഭാഗം ഉദ്യോഗസ്ഥന്മാരെ ഉപയോഗി ക്കുന്നതാണ് ഇവിടെ ക്രമസമാധാന പാലനത്തിന് സംഭവിച്ചിരിക്കുന്ന ഏറ്റവും അപകടകരമായ അവസ്ഥ. ഗവൺമെന്റിനെ അനുകൂലിക്കുന്ന ഒരു കൂട്ടം ഓഫീസർമാരും ഗവൺമെന്റിനെ എതിർക്കുന്നവരും എന്ന് മുദ്രകുത്തി ക്കൊണ്ട് രണ്ടായി തരംതിരിച്ച് പോലീസ്സേനയെ ഇന്ന് ഭിന്നിപ്പിച്ചിരിക്കുകയാ ണ്. അതിന്റെ ഫലമായി പോലീസുകാരുടെ സഹകരണ സംഘങ്ങൾ പോലും പിടിച്ചെടുക്കാൻ വഴിവിട്ട് ഇടപെടുന്ന സ്ഥിതിവിശേഷമാണ് ഇപ്പോൾ കേരളത്തിലുണ്ടായിരിക്കുന്നത്. എപ്പോഴെങ്കിലും കേരളത്തിലെ പോലീസ് സഹകരണ സംഘത്തിൽ ഇലക്ഷൻ കാലത്ത് പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടോ? ഇത് ചെയ്തത് ഈ ഗവൺമെന്റാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസിനെ സമ്പൂർണ്ണമായി രാഷ്ട്രീയവൽക്കരിച്ചതിന്റെ

ദുരന്തമാണ് ഇന്ന് കേരളം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വമില്ലാത്ത സ്റ്റേറ്റായി മാറിയിരിക്കുകയാണ് കേരളം. കണക്കുകളൊക്കെ ഇവിടെ പറഞ്ഞുകഴിഞ്ഞു. ഏറ്റവും കൂടുതൽ അതിക്രമങ്ങൾ നടക്കുന്നത് സ്ത്രീകൾക്കെതിരെയാണ്. മൂന്നു വർഷത്തിനിടയിൽ 38,480 അതിക്രമങ്ങൾ സ്ത്രീകൾക്കെതിരായി നടന്നിട്ടുണ്ട്. 337 സ്ത്രീകൾ കേരളത്തിൽ കൊലചെയ്യപ്പെട്ടു. 4411 ബലാത്സംഗങ്ങളാണ് യ.ഡി.എഫ്. ഭരണത്തിൽ ഉണ്ടായിട്ടുള്ളത്. കോൺഗ്രസ് ഓഫീസിൽ ജോലിക്കുപോകുന്ന സ്ത്രീ കൊലചെയ്യപ്പെട്ടു. കോൺഗ്രസ്സ് ഓഫീസിൽ ജോലിക്കുപോയ സ്ത്രീക്കുപോലും ഇവിടെ സുരക്ഷിതത്വമില്ല. ഇവിടെ സ്ത്രീകളെ ബലാത്സംഗം ചെയ്ത് കൊല്ലുകയാണ്. സ്ത്രീക്ക് എവിടെയാണ് സുരക്ഷ? നിർഭയ പദ്ധതി എവിടെ പോയി? വളരെയധികം കൊട്ടിഘോഷിച്ച പദ്ധതിയാണ് നിർഭയ. അങ്ങനെ നിർഭയ പദ്ധതി പ്രഖ്യാപിച്ച നമ്മുടെ രാജ്യത്താണ് കോൺഗ്രസ് ഓഫീസിൽ ഒരു സ്ത്രീയെ ബലാത്സംഗം ചെയ്ത് കൊന്ന സംഭവമുണ്ടായത്. 2162 പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ പീഡിപ്പിക്കപ്പെട്ട സ്റ്റേറ്റാണ് കേരളം. ഇതാണോ നിർഭയ? കേരളത്തിൽ 78 പിഞ്ചു കുഞ്ഞുങ്ങളാണ് പീഡനത്തിന് ഇരയായത്. ഇതാണോ സുരക്ഷിതമായ കേരളം? നിർഭയ പദ്ധതിയൊക്കെ കടലാസിൽ ഒഴുകിയില്ലേ? ട്രെയിനിൽ യാത്ര ചെയ്യാൻ സ്ത്രീകൾക്ക് സാധിക്കുന്നുണ്ടോ? ട്രെയിനിൽ യാത്ര ചെയ്ത 124 സ്ത്രീകൾ പീഡനത്തിന് വിധേയരായി. നമ്മുടെ തലസ്ഥാനനഗരിയായ തിരുവനന്തപുരത്ത്, ശ്രീ. രമേശ് ചെന്നിത്തലയുടെ മൂക്കിനുതാഴെ ഒരു യുവതിയെ ഓട്ടോറിക്ഷയിൽ കൊണ്ടുപോയി ബലാത്സംഗം ചെയ്തില്ലേ? കണ്ണൂരിലെ ചെറുപുഴയിൽ ഒരു

കായിക താരത്തെ വാഹനത്തിനകത്തുവച്ച് പീഡിപ്പിച്ചുവെന്നുള്ള പരാതിയുണ്ടായില്ലേ? നമ്മുടെ നാട്ടിൽ സ്ത്രീകൾക്ക് സ്വൈര്യമായി നടക്കാൻ സാധിക്കാത്ത സാഹചര്യമാണ്, ഇതാണോ ക്രമസമാധാനപാലന ത്തിന് നിങ്ങൾ നേടിയ വിജയം? മറ്റൊരു ദുർബ്ബല വിഭാഗമാണ് പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗം.

പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയാണ് കേരളത്തിൽ ഏറ്റവും കൂടുതൽ ആക്രമണം നടക്കുന്നത്. 2838 അതിക്രമങ്ങൾ ഈ വിഭാഗ ത്തിനെതിരെയുണ്ടായി. ആദിവാസികൾക്കെതിരെ 389 അതിക്രമങ്ങളുണ്ടായി. ആദിവാസി വിഭാഗത്തിൽപ്പെട്ട 27 പേരാണിവിടെ കൊലചെയ്യപ്പെട്ടത്. മീനാക്ഷിപുരത്ത് മണിമേഘല എന്ന ആദിവാസി പെൺകുട്ടി ക്രൂരമായ പീഡനത്തിന് വിധേയയായി മരണപ്പെട്ടു. പതിനൊന്ന് വയസ്സ് പ്രായമുള്ള പെൺകുട്ടിയെ ബലാത്സംഗം ചെയ്ത കേസ്സിലെ പ്രതി ഒരു കോൺഗ്രസ്സു കാരനാണ്. ബീഹാറിലും ഉത്തർപ്രദേശിലും മാത്രമല്ല കേരളത്തിലും ഇത്തരം സംഭവങ്ങൾ നടക്കുന്നുണ്ട്. ഉമ്മൻ ചാണ്ടി ഭരിക്കുന്ന കേരളത്തിൽ ഇത്തരം സംഭവങ്ങൾ നടക്കുന്നത് അഭിമാനമാണോ; ശ്രീ. രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുന്ന ഈ കേരളത്തിന് അഭിമാനമാണോ; നിങ്ങൾക്ക് ലോക്സഭയിൽ സീറ്റ് ലഭിച്ചു എന്നുകരുതി ഈ പ്രശ്നങ്ങളൊന്നും കാണാതിരുന്നാൽ ശരിയാകുമോ; അപ്പോൾ ക്രമസമാധാന പാലനം എവിടെയെത്തി? രാഷ്ട്രീയ കൊലപാതകങ്ങൾ– ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 20 രാഷ്ട്രീയ കൊലപാതകങ്ങൾ ഉണ്ടായി. അപ്പുറത്തുനിന്നും പറഞ്ഞു, ടി. പി.

ചന്ദ്രശേഖരൻ വധത്തിൽ ഗവൺമെന്റ് നടപടി സ്വീകരിച്ചപ്പോൾ രാഷ്ട്രീയ കൊലപാതകങ്ങളില്ലാതായിയെന്ന്. ഈ ഗവൺമെന്റ് വന്നപ്പോൾ എട്ടാമത്തെ രാഷ്ട്രീയ കൊലപാതകമായിരുന്നു ടി. പി. ചന്ദ്രശേഖരന്റെ കൊലപാതകം. അതിനുശേഷം 12 കൊലപാതകങ്ങൾ നടന്നു. രാഷ്ട്രീയ കൊലപാതകങ്ങൾ ഇല്ലാതായോ; ഈ കൊലപാതകത്തിന് ഇരയായവർ സി.പി.ഐ(എം.)–കാർ മാത്രമല്ല. കോൺഗ്രസ്സിന്റെ രണ്ട് പ്രവർത്തകർ കൊല ചെയ്യപ്പെട്ടില്ലേ; തൃശ്ശൂരിൽ മധു ഈച്ചിറത്ത്, ലാൽജി ഇവർ രണ്ടുപേരും മാർക്സിസ്റ്റുക ളാണോ; ഇവർ അക്രമകാരികളാണോ; സ്വന്തം കുടുംബാംഗങ്ങളുടെ മുന്നിലിട്ടല്ലേ ഇവരെ കൊന്നത്; കോൺഗ്രസ്സുകാരല്ലേ ഈ കൊലപാതകം നടത്തിയത്; എന്നിട്ട് മാർക്സിസ്റ്റ് അക്രമം എന്നു പറയുന്നു. മാർക്സിസ്റ്റ് അക്രമമാണോ ഇവിടെ നടക്കുന്നത്; കോൺഗ്രസ്സ് ഓഫീസിൽ സ്ത്രീയെ കൊല്ലുക, രണ്ട് കോൺഗ്രസ്സുകാരെ കോൺഗ്രസ്സുകാർതന്നെ കൊന്നത് കേരളത്തിലല്ലേ; എന്നിട്ട് സമാധാനം, ഇരട്ടക്കൊലപാതകം,......അരീക്കോട് രണ്ടാളുകളെ കൊന്നു. എഫ്.ഐ.ആർ.–ലെ ആറാം പ്രതി ഒരു ലീഗ് എം. എൽ.എ. ആണ്. ഇതുവരെ പിടിച്ചോ; ഇതാണോ ക്രമസമാധാനപാലനം? ഏകപക്ഷീയമായി പോലീസ് പ്രശ്നങ്ങളെ കൈകാര്യം ചെയ്യുകയാണ്. ഭരണകക്ഷിക്കാർക്ക് എന്തും ചെയ്യാം, നിയമം കയ്യിലെടുക്കാം. ഇവിടെ ചോദിക്കാനും പറയാനും ആളില്ല. പ്രതിപക്ഷത്തിനെതിരായി പോലീസിനെ തിരിച്ചുവിട്ട് ഭരണകക്ഷിക്കാർക്ക് എന്തും ചെയ്യാനുള്ള അവസരം ചെയ്തുകൊടുക്കലാണോ പോലീസിന്റെ പ്രവർത്തനരീതി; നമ്മുടെ സംസ്ഥാനത്ത് ആദ്യമായി ഒരു ബിഷപ്പിനെതിരായി ബോംബേറുണ്ടായത് ഈ ഭരണത്തിലല്ലേ; ഇടുക്കിയിലെ ബിഷപ്പ് ബോംബേറിന് വിധേയനായില്ലേ;

ആ സംഭവത്തിന്റെ പേരിൽ ആളെ അറസ്റ്റുചെയ്തു. പ്രതി കോൺഗ്രസ്സുകാരനാണ്. ബോംബെറിഞ്ഞ കേസ്സിൽ എക്സ്പ്ലോസീവ് സബ്സ്റ്റൻസസ് ആക്ട് പ്രയോഗിക്കാതെ എങ്ങനെ കേസ്സെടുത്തു; ഈ പ്രതികളുടെ പേരിൽ എന്തുകൊണ്ട് സ്ഫോടക വസ്തു ഉപയോഗിച്ചതിന്റെ പേരിൽ കേസ്സെടുത്തില്ല? ആ വകുപ്പ് ചുമത്തി കേസ്സെടുത്താൽ ജാമ്യം കിട്ടാൻ പ്രയാസമാണ്. അതുകൊണ്ട് സ്റ്റേഷനിൽനിന്നും ജാമ്യം കൊടുക്കാൻ കഴിയുന്ന വകുപ്പുചേർത്ത് കേസ്സെടുത്തു. നമ്മുടെ രാജ്യത്ത് ഭരണകക്ഷിക്കാർക്ക് എന്തും ചെയ്യാമോ; ഒരു ബിഷപ്പിനെ ആക്രമിക്കുന്ന സംഭവം ഈ സംസ്ഥാനത്തുണ്ടായത് ആദ്യമായിട്ടല്ലേ; അദ്ദേഹത്തെ വധിക്കാൻ ശ്രമിച്ചതല്ലേ; എന്തുകൊണ്ട് ആ വകുപ്പ് ചേർത്തില്ല. കേരള കോൺഗ്രസ്സിന്റെ സംസ്ഥാന സെക്രട്ടേറിയറ്റംഗം, പ്രമുഖനായ ഒരു പ്ലാന്റർ ജോസഫ് ജെ. ഞാവള്ളി വീട്ടുമുറ്റത്ത് കൊലചെയ്യപ്പെട്ടു. കേരള കോൺഗ്രസ്സിന്റെ സംസ്ഥാന സെക്രട്ടേറിയറ്റ് മെമ്പർക്ക് അയാളുടെ വീട്ടിൽ സുരക്ഷിതത്വം കൊടുക്കാൻ സാധിക്കാത്ത ഈ ഗവൺമെന്റിനെയാണോ നിയമം പാലിക്കുന്ന ഗവൺമെന്റ്, ക്രമസമാധാനം പാലിക്കുന്ന ഗവൺമെന്റ് എന്ന് അപ്പുറത്തുള്ളവർ ഉദ്ഘോഷിച്ചുകൊണ്ടിരിക്കുന്നത്? വീട്ടിൽ കിടക്കുന്ന ആളുകൾക്ക് രക്ഷയില്ല, കൊല്ലത്ത് ഏഴുകോണിൽ ഒരു ഡി.വൈ.എഫ്.ഐ. പ്രവർത്തകനും കാർപെന്ററുമായ ശ്രീരാജ് അയാളുടെ അച്ഛനോടൊപ്പം ജോലിചെയ്തുകൊണ്ടിരിക്കുമ്പോൾ വീട്ടിൽ കയറി ആക്രമിച്ച് മൃഗീയമായി വെട്ടിക്കൊന്നു. അത് കൊലപാതകമല്ലേ; ആർ.എസ്.എസ്–കാരാണ് അത് ചെയ്തത്. ഈ ഗവൺമെന്റ് ആ പ്രതികളെ സംരക്ഷിക്കുന്നതെന്തിനാണ്; ഇത്തരത്തിലുള്ള സംഭവ പരമ്പരകൾ കേരളത്തിൽ അരങ്ങേറിക്കൊണ്ടിരിക്കുകയല്ലേ; ആറ്റിങ്ങലിൽ ഓമന എന്ന സ്ത്രീയേയും കൊച്ചുമകളേയും

പട്ടാപ്പകൽ വീടുകയറി ആക്രമിച്ച സംഭവമുണ്ടായില്ലേ; കൊച്ചിയിൽ മാല പൊട്ടിക്കാനുള്ള ശ്രമത്തിനിടയിൽ വീട്ടമ്മയായ സിന്ധുവിനെ എട്ട് വയസ്സുള്ള കുട്ടിയുടെ മുന്നിലിട്ട് കുത്തിക്കൊന്ന സംഭവം ഈ കേരളത്തിലല്ലേ നടന്നത്; സ്ത്രീകൾക്ക് സ്വന്തം വീട്ടിൽ ഭയമില്ലാതെ ജീവിക്കാൻ സാധിക്കാത്ത അവസ്ഥ കേരളത്തിലുണ്ടായില്ലേ; മനുഷ്യന്റെ ജീവനും സ്വത്തിനും സുരക്ഷിതത്വമില്ലാത്ത സ്റ്റേറ്റായി കേരളം മാറിയിരിക്കുന്നു. ഭീതിജനകമായ അന്തരീക്ഷമാണ് കേരളത്തിൽ. തിരുവനന്തപുരത്ത് നടന്ന സംഭവം അങ്ങേയ്ക്കുതന്നെ അറിയാമല്ലോ. തിരുവനന്തപുരം കാട്ടാൽ ഭദ്രകാളി ക്ഷേത്രത്തിൽ വൻകവർച്ച നടന്നു. അങ്ങവിടെ പോയി എന്ന് ഞാൻ പത്രത്തിൽ വായിച്ചു. 50 പവനിലധികം നഷ്ടപ്പെട്ടു. ഡെപ്യൂട്ടി സ്പീക്കറും അവിടെ പോയിരുന്നു. തിരുമുടിയിൽ ചാർത്തിയിരുന്ന സ്വർണ്ണക്കുമിളകളാണ് കൊണ്ടുപോയത്. അത് വായിച്ചപ്പോൾ ശ്രദ്ധേയമായി തോന്നിയത് തിരുവനന്തപുരത്തെ റൂറൽ എസ്. പി. ശ്രീ. വി. രാജ്പാൽ മീണ കള്ളൻമാരെ എങ്ങനെ പിടിക്കാം എന്നതിനെക്കുറിച്ച് പോലീസ് സ്റ്റേഷനിൽ ക്ലാസെടുത്തു; അദ്ദേഹം അവിടെനിന്നുപോയ ഉടനെതന്നെ കള്ളന്മാർ ക്ഷേത്രത്തിൽ കയറി. പോലീസ് സ്റ്റേഷന്റെ തൊട്ടപ്പുറത്താണ് ഈ ക്ഷേത്രം. പോലീസ് സ്റ്റേഷന്റെ തൊട്ടടുത്തുള്ള ക്ഷേത്രത്തിനുപോലും സുരക്ഷിതത്വമില്ലാത്ത അവസ്ഥ എന്തുകൊണ്ട് കേരളത്തിൽ വന്നു; തിരുവനന്തപുരത്തുനിന്നാണ് ശ്രീ. രാജു എന്ന കലക്ടറുടെ മാല മോഷ്ടിക്കപ്പെട്ടത്. ബാലരാമപുരം പോലീസ് സ്റ്റേഷന്റെ അടുത്തുള്ള ജ്വല്ലറിയിൽനിന്ന് സ്വർണ്ണം കവർച്ച ചെയ്യപ്പെട്ടു. നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പിന്റെ സമയത്ത് അവിടേയ്ക്കുപോകുന്ന സന്ദർഭത്തിലാണ്

ഞാൻ വാർത്ത കേട്ടത്. ഇതുവരെ പ്രതിയെ പിടിച്ചിട്ടില്ല. ശ്രീകാര്യത്ത് ഗുണ്ടകൾ നടത്തിയ ആക്രമണത്തിന്റെ കാര്യം പത്രത്തിൽ വായിച്ചു. വായനശാലയിൽ ആക്രമണം നടത്തി. നരുവാമൂട് എന്ന സ്ഥലത്ത് കുറെ ആളുകൾ മദ്യപിച്ച് ബഹളമുണ്ടാക്കി. മദ്യപാനമാണല്ലോ സർവ്വ കുഴപ്പങ്ങളുമുണ്ടാക്കുന്നത്. മദ്യപാനികളില്ലാത്ത സമൂഹത്തിനാണല്ലോ നമ്മൾ ശ്രമിക്കുന്നത്. മദ്യപിച്ച് കുഴപ്പമുണ്ടാക്കിയവരെ പോലീസ് പിടിച്ച് സ്റ്റേഷനിൽ കൊണ്ടുപോയി. അവിടെ കുറെപേർ കുഴപ്പമുണ്ടാക്കി. അവസാനം അവരെ പിടിച്ചുകൊണ്ടുപോയ പോലീസുകാർ കുഴപ്പത്തിലാ യില്ലേ; ആ പോലീസുകാർക്ക് അവരെ സൂക്ഷിക്കാനായില്ല. മന്ത്രി പദവിയുള്ള ഡെപ്യൂട്ടി സ്പീക്കർ പോയി ഇറക്കിക്കൊണ്ടുപോയാൽ പിന്നെ പോലീസുകാർക്ക് എന്ത് ചെയ്യാൻ കഴിയും; ഇതാണ് കേരളത്തിന്റെ അവസ്ഥ. ഡെപ്യൂട്ടി സ്പീക്കർ സംസാരിച്ചോളൂ. എന്താണ് വസ്തുത എന്നറിയണ്ടേ?

<u>മി. സ്പീക്കർ</u>: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, സഭയ്ക്കുള്ളിൽ സംസാരിക്കാൻ അവകാശമില്ലാത്ത ഒരാളാണ് ഡെപ്യൂട്ടി സ്പീക്കർ.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, രേഖയിൽനിന്നും നീക്കം ചെയ്യണമെങ്കിൽ നീക്കം ചെയ്യാം. പറഞ്ഞത് ശരിയല്ല എന്ന് ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞത്കൂടി എഴുതിവച്ചോളൂ. ഞാൻ പത്രത്തിൽ കണ്ടതാണ്. പത്ത്രിൽ വായിച്ചതാണ് ഞാൻ പറഞ്ഞത്. കൊല്ലത്ത് എൻ. കെ പ്രേമചന്ദ്രൻ എം.പി.-യുടെ വീടിനുനേർക്ക് ആക്രമണം നടന്നു. എന്തുകൊണ്ടാണ് ഇതു വരെ പ്രതികളെ പിടിക്കാത്തത്; മാർക്സിസ്റ്റ് പാർട്ടി മറുപടി പറയണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. രണ്ടുകൊല്ലം മുമ്പ് മുഖ്യമന്ത്രിയുടെ വീടിനുനേർക്ക് കല്ലേറു നടന്നു. ആ പ്രതിയെ ഇതുവരെ പിടിച്ചോ; അപ്പുറത്തുള്ളവരായി

രിക്കും പ്രതികൾ എന്നുള്ളതുകൊണ്ടല്ലേ പിടിക്കാത്തത്; ശ്രീ. എൻ. കെ. പ്രേമചന്ദ്രന്റെ വീടിനു നേരെ ആക്രമണം നടന്ന കേസ്സിലെ പ്രതിയെ പിടിക്കാത്തത് കള്ളി വെളിച്ചത്താകുമെന്നതുകൊണ്ടല്ലേ; ഒരു സമാധാനവുമില്ലാത്ത സ്റ്റേറ്റായി മാറിയതാണോ കേരളത്തിലെ ക്രമസമാധാന രംഗത്തുണ്ടായ നേട്ടം. എനിക്ക് സമയം കുറവായതിനാൽ കൂടുതൽ പറയുന്നില്ല. ഒരു കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്താം. ഒരു മാഗസിനിൽ ഒരു ചിത്രം പ്രസിദ്ധീകരിച്ചതിന്റെ പേരിൽ 7 വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയുംപേരിൽ കേസ്സെടുത്തു. ഇതിനെതിരെ ശ്രീ. വി. റ്റി. ബൽറാം സ്വീകരിച്ച നിലപാടിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഭരണപക്ഷത്ത് അപൂർവ്വമായിട്ടുള്ള ഇത്തരം ശബ്ദങ്ങൾ ഇപ്പോഴുമുണ്ട് എന്നുള്ളത് നമുക്ക് ആശ്വാസം നല്കുന്ന കാര്യമാണ്. മുമ്പ് ശ്രീ. എ. കെ. ആന്റണിയെപ്പോലെയുള്ളവർ ചില അഭിപ്രായങ്ങൾ പറയുമായിരുന്നു. അദ്ദേഹമിത് വിട്ടു. ആ സ്ഥാനത്ത് ശ്രീ. വി. റ്റി. ബൽറാമിനെപ്പോലെയുള്ള ആളുകൾ കടന്നുവരുന്നത് സ്വാഗതാർഹമാണ്. അദ്ദേഹം അത് തെറ്റാണെന്ന് പറഞ്ഞു. ഒരു മാഗസിനിൽ 'നെഗറ്റീവ് ഫെയ്സസ്' എന്ന തലക്കെട്ടിൽ ശ്രീ. നരേന്ദ്ര മോദിയുടെ പടം നല്കി എന്നതാണ് കുറ്റം. അതിന്റെ പേരിൽ പ്രിൻസിപ്പലിന്റേയും സ്റ്റാഫിന്റേയും പേരിൽ കേസ്സെടുത്തു. ആഭ്യന്തര വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ശ്രീ. രമേശ് ചെന്നിത്തല ഇടപെട്ട് ആ കേസ് പിൻവലിക്കണം. നരേന്ദ്ര മോദിയുടെ ഭരണം നടത്താൻ കേരളത്തിലെ പോലീസിനെ അനുവദിക്കരുത്. നാഗ്പൂരിലെ ഒരു ഐ.റ്റി. എഞ്ചിനീയർ 'വാട്ട്സ് അപ്–'ൽ ഒരഭിപ്രായം പോസ്റ്റ് ചെയ്തതിന്റെ പേരിൽ ആർ.എസ്. എസ്.–കാർ അദ്ദേഹത്തെ കൊലപ്പെടുത്തി. ഒരഭിപ്രായം പ്രടിപ്പിച്ചതിന്റെ

പേരിൽ ആളെ കൊല്ലുന്ന, രാജ്യത്ത് അഭിപ്രായ പ്രകടന സ്വാതന്ത്ര്യമില്ലെങ്കിൽ നമ്മുടെ നാട് എവിടെയാണ് ചെന്നെത്താൻ പോകുന്നത്; അഭിപ്രായം പറയാനും വിമർശിക്കാനുമുള്ള സ്വാതന്ത്ര്യത്തിനുനേരെയുള്ള കടന്നാക്രമണമാണിത്. കേരളം ഭരിക്കുന്നത് നരേന്ദ്ര മോദിയുടെ പോലീസാകാൻ പാടില്ല. ശ്രീ. ഉമ്മൻ ചാണ്ടിയുടെ പോലീസായിരിക്കണം.

ആ തലത്തിൽ വ്യത്യസ്ഥമായ നിലപാടുകൾ സ്വീകരിച്ചവരെ കർശന മായി കൈകാര്യം ചെയ്യാൻ ഗവൺമെന്റിന് കഴിയണം. ഒരു കാര്യം കൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ. കണ്ണൂർ ജില്ലയിൽ പൊയ്‌ലൂരിൽ രണ്ട് മുസ്ലീം കുടുംബങ്ങൾക്ക് അവരുടെ വീട്ടിൽ താമസിക്കാൻ കഴിയുന്നില്ല. ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്ന ദിവസം ആർ.എസ്.എസ്. കാർ പോയി പറഞ്ഞത്, നിങ്ങൾ ഈ വീട് വിട്ടുപോകണമെന്നാണ്. അവരെ ആ പ്രദേശത്തുനിന്ന് ഓടിച്ചു. ഞാൻ ആ പ്രദേശം സന്ദർശിച്ചിരുന്നു. അവിടെ ആർ. എസ്.എസ്. കാർ മാത്രമുള്ള ഒരു പ്രദേശമാണ്. ഒറ്റപ്പെട്ട ഈ രണ്ടു മുസ്ലീം കുടുംബങ്ങൾ മാത്രമാണ്. ഞാൻ ഇക്കാര്യം ആഭ്യന്തര വകുപ്പു മന്ത്രിയോട് നേരിട്ട് പറഞ്ഞു, സബ്മിഷൻ ഉന്നയിച്ചു. അവർ വരാൻ തയ്യാറാ ണെങ്കിൽ പോലീസ് സംരക്ഷണം കൊടുക്കാമെന്ന് മന്ത്രി പറഞ്ഞു. ഇതുവരെ ഒരു പോലീസ് ഓഫീസറും ആ കുടുംബവുമായി ബന്ധപ്പെട്ടിട്ടില്ല. കേരള ത്തിൽ ഇത്തരത്തിലുള്ള തുരുത്തുകൾ ഉണ്ടാക്കാൻ അനുവദിച്ചു കൊടു ത്താൽ മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് സുരക്ഷിതത്വം ആര് കൊടുക്കും? അതുകൊണ്ട് ഇത്തരം പ്രശ്നങ്ങൾ ഗൗരവമായി ഇടപെടാൻ ഈ ഗവൺമെന്റിന് സാധിക്കണം. ഞാൻ പ്രസംഗം ചുരുക്കുകയാണ്. കമ്മ്യൂണിറ്റി പോലീസ്– ഇന്നത്തെ നിലയിൽ പോയാൽ അത് തകരും. കമ്മ്യൂണിറ്റി

പോലീസിൽ ബീറ്റ് ഓഫീസർമാർ ഇന്ന് പല സ്ഥലത്തുമില്ല. എന്റെ മണ്ഡലമായ തലശ്ശേരിയിൽ ബീറ്റ് ഓഫീസർമാരുടെ പരിപാടിയൊന്നും നടക്കുന്നില്ല. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് – അതിന് കൂടുതൽ പൈസ കൊടുക്കണം. ഏറ്റവും നല്ല പദ്ധതിയാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്. നമ്മുടെ വിദ്യാർത്ഥികളെ മുഴുവൻ അതിൽ അംഗങ്ങളാക്കുന്ന വിധത്തിൽ ആവശ്യമായ ബഡ്ജറ്റ് സപ്പോർട്ട് കൊടുത്തുകൊണ്ട് വികസിപ്പിക്കണം. ഇവിടെ അവസാനമായി ഒന്നുരണ്ടുകാര്യങ്ങൾ  കൂടി പറഞ്ഞ് പ്രസംഗം അവസാനിപ്പിക്കുകയാണ്. അപ്പുറത്തിരിക്കുന്ന ആളുകളെല്ലാം പാർലമെന്റ് ഇലക്ഷനിൽ ഞങ്ങൾ തോറ്റുപോയി എന്നു പറഞ്ഞു.  ഞങ്ങൾ തോറ്റിട്ടുണ്ട്. കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് നാല് സീറ്റായിരുന്നു. ഇത്തവണ ഞങ്ങൾക്ക് 8 സീറ്റായി. ആ 8 സീറ്റ് കിട്ടിയത് ഞങ്ങൾ ഒരു നേട്ടമായിട്ടാണ് കാണുന്നത്. പക്ഷെ അതിനേക്കാൾ കൂടുതൽ ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. ആ പ്രതീക്ഷക്കനുസരിച്ച് ജനങ്ങൾ ഞങ്ങൾക്ക് വോട്ട് നൽകിയില്ല. ഇതിൽ ഞങ്ങൾ നിരാശരല്ല. ഇലക്ഷൻ വരുമ്പോൾ ചില തെരഞ്ഞെടുപ്പിൽ തോൽക്കുകയും ചിലപ്പോൾ ജയിക്കുകയും ചെയ്യും. ഇലക്ഷനിൽ തോൽക്കുക എന്നുള്ളത് ഞങ്ങളെ സംബന്ധിച്ചിടത്തോളം ആദ്യത്തെ ഒരു സംഭവവുമല്ല. 1977–ൽ ഇന്ത്യയിൽ മുഴുവൻ കോൺഗ്രസ്സ് തോറ്റു. അന്ന് കേരളത്തിൽ ഞങ്ങളും തോറ്റു. അന്ന് കേരളത്തിൽ ഞങ്ങൾക്ക് ഒരു സീറ്റു പോലും കിട്ടിയില്ല. 1977–ലെ തെരഞ്ഞെടുപ്പിൽ ഒരു പാർലമെന്റ് സീറ്റിൽ പോലും സി.പി.ഐ(എം). വിജയിച്ചില്ല. അന്ന് ഞങ്ങൾ നിരാശരാവുകയല്ല ചെയ്തത്. ആ ശക്തമായ മുന്നണി നിൽക്കുന്ന കാലത്ത് ഞങ്ങൾ അതിനെതിരായി പ്രവർത്തിച്ചു. 1979 ഏപ്രിൽ മാസം നാല് അസംബ്ലി സീറ്റുകളിൽ

ഉപതെരഞ്ഞടുപ്പ് വന്നു. ആ നാല് സീറ്റിലും ഞങ്ങൾ ജയിച്ചു. അന്നത്തെ ഭരണമുന്നണി തോറ്റു. ആ ഉപതെരഞ്ഞെടുപ്പിന്റെ ഫലം കേരള രാഷ്ട്രീയത്തിൽ മാറ്റങ്ങളുണ്ടാക്കി. അന്ന് ഭരണമുന്നണിയിൽ നിന്നിരുന്ന കേരള കോൺഗ്രസ്സ് (എം) ഞങ്ങളുടെ കൂടെ വന്നു. അപ്പുറത്തുണ്ടായിരുന്ന കോൺഗ്രസ്സിന്റെ ഒരു വിഭാഗമായിരുന്ന ആന്റണി കോൺഗ്രസ്സ് ഞങ്ങളുടെ കൂടെ വന്നു; ശ്രീ. ഉമ്മൻ ചാണ്ടി ഉൾപ്പെടെ വന്നു. അങ്ങ് അന്നും അപ്പുറത്തായിരുന്നു. അന്ന് രാഷ്ട്രീയ മാറ്റമുണ്ടായി. 1977-നുശേഷം 1980-ൽ സഖാവ് ഇ.കെ. നായനാരുടെ നേതൃത്വത്തിൽ ഒരു ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നു. 1977-ലെ സ്ഥിതി ഈ കേരളത്തിൽ 5 കൊല്ലം നിന്നില്ല എന്ന് നിങ്ങൾ ഓർക്കണം. 1984-ൽ ഞങ്ങൾക്ക് വലിയ തിരിച്ചടിയേറ്റു. അന്ന് ഇന്ത്യയിൽ മുഴുവൻ കോൺഗ്രസ്സ് ജയിച്ചു. അന്ന് 404 സീറ്റ് കോൺഗ്രസ്സ് നേടി. ആ തെരഞ്ഞെടുപ്പിൽ സി.പി.ഐ(എം)-ന് ഒരു സീറ്റ് - ശ്രീ. കെ. സുരേഷ് കുറുപ്പ് കോട്ടയത്തുനിന്നും; വടകരയിൽനിന്ന് ഉണ്ണികൃഷ്ണനും; മാവേലിക്കരയിൽ നിന്ന് തമ്പാൻ തോമസും ജയിച്ചു. അങ്ങനെ എൽ.ഡി. എഫ്.-ന് മൂന്ന് സീറ്റ് ലഭിച്ചു. എല്ലാവരും ഞങ്ങളെ ഇല്ലാതാക്കാൻ ശ്രമിച്ചു. പക്ഷെ അഖിലേന്ത്യാ മുസ്ലീം ലീഗുമായുള്ള ബന്ധംപോലും ഞങ്ങൾ വിച്ഛേദിച്ചു. ഞങ്ങൾ രാഷ്ട്രീയമായി പ്രവർത്തിച്ചു. 1987-ൽ ഞങ്ങൾ കേരളത്തിൽ വീണ്ടും അധികാരത്തിൽ വന്നു. അതുകൊണ്ട് രാഷ്ട്രീയ രംഗത്തുവന്ന തിരിച്ചടികൾ ഞങ്ങൾ സൂക്ഷ്മമായി വിലയിരുത്തും. ഇതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾക്ക് തെറ്റുപറ്റിയിട്ടുണ്ടോ എന്ന് ഞങ്ങൾ പരിശോധിക്കും. 1977 -നുശേഷം സി.പി.ഐ. (എം) സ്വീകരിച്ചുവരുന്ന എല്ലാ രാഷ്ട്രീയ

നിലപാടുകളും പുനഃപരിശോധനയ്ക്ക് വിധേയമാക്കും. ഞങ്ങൾക്ക് തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ ഞങ്ങൾ ആ തെറ്റ് തിരുത്തും. ജനങ്ങളിൽനിന്ന് പഠിക്കേണ്ടതുണ്ടെങ്കിൽ അത് അവരിൽനിന്നും പഠിക്കും. അങ്ങനെ കൂടുതൽ ശക്തിയാർജ്ജിക്കാനുളള പരിശ്രമങ്ങൾ ഞങ്ങൾ നടത്തും. രാഷ്ട്രീയ അടവുനയങ്ങൾ സ്വീകരിച്ചുകൊണ്ട് എല്ലാ കാലത്തും പ്രതിസന്ധികളെ അതിജീവിച്ച് മുന്നോട്ടുപോയ കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനം ഈ വെല്ലുവിളിയെയും അതിജീവിക്കും. കേരള രാഷ്ട്രീയം മാറ്റും. ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം അതിശക്തമായ രീതിയിൽ കേരളത്തിൽ മുന്നോട്ടു പോകും. ഈ ആത്മവിശ്വാസത്തോടുകൂടി പ്രവർത്തിക്കുന്ന ഞങ്ങളെ കാപ്പാ നിയമം ഉപയോഗിച്ചുകൊണ്ടും പോലീസിനെ ഉപയോഗിച്ചുകൊണ്ടും അടിച്ചമർത്താമെന്ന് കരുതരുത്. അതുകൊണ്ട് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുകയാണ്.

<u>ശ്രീ. പി.കെ. ബഷീർ:</u> സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ എന്നെക്കുറിച്ച് പരാമർശിക്കുകയുണ്ടായി.

<u>മി. സ്പീക്കർ</u>: ...........ബഹളം........... (മൈക്ക് ഓഫ്.....) ഇവിടെ പ്രസംഗിച്ചപ്പോൾ പരാമർശമുണ്ടായി. പക്ഷെ അദ്ദേഹം ആരുടേയും പേര് പറഞ്ഞില്ല. ശ്രീ. പി.കെ. ബഷീർ, അദ്ദേഹം പേര് പറഞ്ഞില്ല, പിന്നെ ഞാനാണെന്നുംപറഞ്ഞ് എന്തിനാണ് എഴുന്നേൽക്കുന്നത്.

<u>ശ്രീ. പി.കെ. ബഷീർ</u>: സർ, രണ്ടുകൊല്ലമായി ഈ കേസ് എന്നെ നിഴൽപോലെ പിന്തുടരുന്നു. ഞാൻ ഇതുവരെ അതിനൊരു എക്സ്പ്ലനേ

ഷനും കൊടുത്തിട്ടില്ല. ഞാൻ ഈ സഭയിലെ ഒരു മെമ്പറാണ്. ഒരു പ്രാവശ്യം പ്രസംഗിച്ചപ്പോൾ പ്രതിപക്ഷനേതാവ് എന്നെ ക്രിമിനൽ എന്ന് പറഞ്ഞു. ബഹുമാനപ്പെട്ട സ്പീക്കർ അത് അന്ന് സഭാരേഖയിൽ നിന്നും നീക്കം ചെയ്തു. അതുകഴിഞ്ഞ് നിരന്തരമായി പ്രതിപക്ഷത്തെ ആളുകൾ ഞാൻ ഒരു കൊലക്കേസ്സിലെ പ്രതിയാണെന്ന് പറയുന്നു. 2012-ൽ കുനിയിൽ ഒരു ഇരട്ട ക്കൊലപാതകം നടന്നു. അതിലൊരാൾ സ്റ്റേറ്റ്മെന്റ് കൊടുത്തതിൽ ആറാം പ്രതിയായി എന്റെ പേരിൽ എഫ്.ഐ.ആർ. ഇട്ടു. ആ കേസ്സിൽ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ അഡ്മിനിസ്ട്രേഷൻ ഐ.ജി. ആയിരുന്ന തൃശ്ശൂർ ഐ.ജി. ശ്രീ. ഗോപിനാഥൻ ഐ.പി.എസ്. -നെ അന്വേഷ ണത്തലവനായി നിയമിച്ചുകൊണ്ട് ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയമിച്ചു. ആ കേസ് അന്വേഷിച്ചതിന്റെ കുറ്റപ്പത്രം കൊടുത്തു. ആ കേസ്സു മായി എനിക്ക് യാതൊരു ബന്ധവുമില്ല എന്നുപറഞ്ഞ് പോലീസ് കോടതി യിൽ അന്വേഷണ റിപ്പോർട്ടു കൊടുത്തു. അതിന്റെ കുറ്റപ്പത്രം കൊടുത്തു. ഇത്തരം പരാമർശങ്ങൾ മുൻ ആഭ്യന്തര വകുപ്പുമന്ത്രിയും പ്രതിപക്ഷ ഉപനേ താവും സി.പി.എം. പോളിറ്റ് ബ്യൂറോ അംഗവുമായ ശ്രീ. കോടിയേരി ബാല കൃഷ്ണൻ അവർകളിൽ നിന്നും ഞാൻ പ്രതീക്ഷിച്ചില്ല. അതുകൊണ്ട് ഇത് സഭാരേഖയിൽനിന്നും നീക്കം ചെയ്യണം. ഞാൻ ആ കേസിൽ പ്രതിയല്ല. ഞാൻ ആ കേസിൽ നിരപരാധിയാണ്.

മി. സ്പീക്കർ: അത് നോക്കാം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ 16 അംഗങ്ങളാണ് ഈ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചത്.

അവർ മുന്നോട്ടു വച്ച എല്ലാ ക്രിയാത്മകമായ നിർദ്ദേശങ്ങളേയും ഞാൻ സ്വാഗതം ചെയ്യുകയാണ്. ഇന്ന് കേരളത്തിൽ മികച്ച ക്രമസമാധാന നില യാണുള്ളത്. ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം നൽകുക എന്നുള്ളത് ഗവൺമെന്റിന്റെ പ്രാഥമികമായ ഉത്തരവാദിത്തമാണ്. നിയമ വാഴ്ച ഉറപ്പുവരുത്താനും പോലീസ് സേനയെ വിശ്വാസത്തിലെടുക്കാനും അവരുടെ ആത്മവീര്യം നിലനിർത്തിക്കൊണ്ട് സംസ്ഥാനത്തെ സാധാ രണക്കാരും പാവപ്പെട്ടവരുമായ ജനങ്ങൾക്ക് നീതി നിഷേധിക്കാതിരിക്കാനും നിയമത്തിന്റെ മുമ്പിൽ കുറ്റവാളികളെ കൊണ്ടുവരാനുമുള്ള ഏറ്റവും പ്രധാന പ്പെട്ട ദൗത്യമാണ് പോലീസ് സേന നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യ യിലെ പോലീസ് സേനയിൽ തന്നെ കേരള പോലീസ് മികച്ച പ്രകടനമാണ് കാഴ്ചവച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ അന്യസംസ്ഥാനത്തെ പോലീസ് സേനയിൽ നിന്ന് കേരള പോലീസ് വ്യത്യസ്ഥമാണ്. കുറ്റാന്വേഷണ കാര്യത്തി ലാണെങ്കിലും കുറ്റമുണ്ടാകാതിരിക്കാനുള്ള നടപടികൾക്കാണെങ്കിലുമെല്ലാം കേരള പോലീസ് എന്നും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. ആഭ്യന്തര വകു പ്പുമന്ത്രിയെന്നുള്ള നിലയിൽ കേരളത്തിൽ ജനപക്ഷത്തുനിൽക്കുന്ന ഒരു പോലീസിനെയാണ് ഞാൻ വിഭാവനം ചെയ്യുന്നത്. അക്രമം ചെയ്യുന്ന വരെയും കൊലപാതകം നടത്തുന്നവരെയും സാമൂഹ്യവിരുദ്ധരെയും സാമൂ ഹ്യവിരുദ്ധശക്തികളെയും ശക്തമായി നിയന്ത്രിക്കുന്നതിനോടൊപ്പം തന്നെ കേരളത്തിലെ ജനങ്ങളുടെ താൽപ്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രവർത്തി ക്കുന്ന ഒരു പോലീസ് സേനയെയാണ് ഞാൻ വിഷലൈസ് ചെയ്യുന്നത്. പോലീസ് സ്റ്റേഷനിൽ എത്തുന്നവരോട് മാന്യമായി പെരുമാറണമെന്നാണ് ജനുവരി ഒന്നാം തീയതി ഞാൻ ചാർജ്ജെടുത്ത ശേഷം ആദ്യം കൊടുത്ത നിർദ്ദേശം. പൊതുപ്രവർത്തകർക്കും വിവിധ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട

ആളുകൾക്കും ഒരു രാഷ്ട്രീയവുമില്ലാത്ത സാധാരണക്കാരായ ജനങ്ങൾക്കും പോലീസ് സ്റ്റേഷനിൽ പോകേണ്ടതായി വരും; അവരോടെല്ലാം മാന്യമായി പെരുമാറണമെന്നും അവരുടെ പരാതികൾ സശ്രദ്ധം കേൾക്കണമെന്നും ന്യായത്തിന്റെയും നീതിയുടെയും നിയമത്തിന്റെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കണമെന്നുമുള്ള നിർദ്ദേശമാണ് കൊടുത്തിട്ടുളളത്. പൊതുപ്രവർത്തകന്മാർക്ക് പോലീസ് സ്റ്റേഷനിൽ അയിത്തം കൽപ്പിക്കേണ്ട കാര്യമില്ല. ഏത് പാർട്ടിയിൽപ്പെട്ടവരാണെങ്കിലും ന്യായവും നീതിയും നീതിപൂർവ്വവുമായ കാര്യമാണെങ്കിൽ അവർ പറയുന്ന കാര്യങ്ങൾ കേൾക്കാൻ പോലീസ് ബാദ്ധ്യസ്ഥരാണ്. നിർഭയമായി ജനങ്ങൾക്ക് ജീവിക്കാനുള്ള അന്തരീക്ഷമുണ്ടാക്കുക എന്നുള്ളതിനാണ് ഈ ഗവൺമെന്റ് ഏറ്റവും പരമപ്രാധാന്യം നൽകുന്നത്.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ജനമൈത്രി പോലീസ് ആരംഭിച്ചത്. കമ്മ്യൂണിറ്റി പോലീസ് ഇന്ത്യക്ക് വെളിയിലും നല്ല രീതിയിലുള്ള അപ്രീസിയേഷനുണ്ടാക്കിയിട്ടുള്ള ഒന്നാണ്. ഗിരിവർഗ്ഗ മേഖലയിലെ 50 പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെ 248 പോലീസ് സ്റ്റേഷനുകളിലാണ് ജനമൈത്രി പോലീസ് പ്രവർത്തിക്കുന്നത്. ജനസേവന കേന്ദ്രം മുഖേന കേരളത്തിലെ ഏത് പോലീസ് സ്റ്റേഷനിലും പരാതി നൽകാനുള്ള സംവിധാനം നിലവിലുണ്ട്. നമ്മുടെ നാട്ടിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ ഫലപ്രദമായി തടയുക എന്ന ലക്ഷ്യത്തോടെയാണ് ‘നിർഭയകേരളം സുരക്ഷിതകേരളം’ എന്ന ഒരു പുതിയ പദ്ധതി ആരംഭിച്ചിട്ടുള്ളത്. എറണാകു

ളത്ത് പൈലറ്റ് പ്രോജക്ടായി ജൂലൈ ഒന്നാം തീയതി ഈ പദ്ധതി ആരംഭിക്കുകയാണ്. ഇതിന് ട്രെയിനിംഗും മറ്റ് കാര്യങ്ങളും വേണ്ടിവന്നതുകൊണ്ടാണ് അല്പം വൈകിയത്. കുട്ടികൾക്കും സ്ത്രീകൾക്കുമെതിരെയുണ്ടാകുന്ന പല വിധത്തിലുള്ള അക്രമങ്ങളും ചൂഷണവും തടയുവാനും നിർഭയമായി സ്ത്രീകൾക്ക് ജീവിക്കാനുമുള്ള അന്തരീക്ഷമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ഫലപ്രദമായ ഒരു നടപടിയായി 'നിർഭയകേരളം സുരക്ഷിതകേരളം' പദ്ധതിയെ മാറ്റുക എന്നതാണ് നമ്മൾ ആഗ്രഹിക്കുന്നത്. ക്രമസമാധാന രംഗത്ത് കേരളം ഒന്നാം സ്ഥാനത്താണ്. കുറ്റകൃത്യങ്ങൾ കണ്ടെത്തി കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനുള്ള തീവ്രമായ ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. കുറ്റാന്വേഷണവും ക്രമസമാധാന പാലനവും രണ്ടാക്കണമെന്നുള്ള നിർദ്ദേശം നേരത്തെയുള്ളതാണ്. പക്ഷേ അതിനാവശ്യമായ പോലീസ് ഫോഴ്സ് ഇല്ലാത്തതുകൊണ്ടാണ് അങ്ങനെ ചെയ്യാതിരുന്നത്. എന്നാൽ കുറ്റാന്വേഷണവും ക്രമസമാധാന പാലനവും രണ്ടാക്കി തിരിച്ചുകൊണ്ട് ഈ വർഷം പരീക്ഷണാർത്ഥം കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആധുനിക പരിശീലനം നേടിയ കമാൻഡോകളെ ഉൾപ്പെടുത്തിക്കൊണ്ട് തണ്ടർ ബോൾട്ട് എന്ന ഭീകരവിരുദ്ധ സുരക്ഷാ വിഭാഗം ആരംഭിച്ചിട്ടുണ്ട്. മാവോയിസ്റ്റുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനും തടയുവാനും ഇവരെ ഉപയോഗിക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ മാവേലിക്കരയിൽ പാലമേൽ പഞ്ചായത്തിൽ ഒരു കമാൻഡോ പരിശീലന കേന്ദ്രം ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ജൂലൈ മാസത്തിൽ അതിന്റെ തറക്കല്ലിടാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ദുരന്തങ്ങളുണ്ടാകുമ്പോൾ രക്ഷാപ്രവർത്തനങ്ങൾക്കായി 150 അംഗങ്ങളുള്ള

സംസ്ഥാന ദുരന്ത നിവാരണ സേന രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. പൊതുസ്വകാര്യ മേഖലാ സ്ഥാപനങ്ങൾക്ക് പ്രതിഫല വ്യവസ്ഥയിൽ സുര ക്ഷിതത്വം നൽകുന്നതിന് സംസ്ഥാന വ്യവസായ സുരക്ഷാ സേനയുടെ പ്രവർത്തനം ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് സ്വിഫ്റ്റ് ആക്ഷൻ ടീം– അടിയന്തര സാഹചര്യം നേരിടാനുള്ള ദ്രുതകർമ്മ സേന രൂപീകരിച്ച് അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ തടയാനായി 9 ജില്ലകളിൽ ഇലക്ട്രോണിക് ബീപ് സിസ്റ്റം ഏർപ്പെടുത്തു കയും പോലീസിന്റെ അന്വേഷണം ഡിജിറ്റലൈസ് ചെയ്യുന്നതിനായി ഓട്ടോ മാറ്റർ ഫിംഗർ പ്രിന്റ് ഐഡന്റിഫിക്കേഷൻ സിസ്റ്റം, ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് സിസ്റ്റം, വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ ചെയ്തുവരികയുമാണ്. സമൂഹത്തിൽ കുറ്റകൃത്യങ്ങൾ തടയാ നായി പോലീസ് പബ്ലിക് പങ്കാളിത്തം ഉറപ്പുവരുത്താൻ 70 സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്ററും ആരംഭിക്കാൻ തീരുമാനിച്ചി ട്ടുണ്ട്. ആന്റി നക്സൽ പ്രവർത്തനങ്ങളെപ്പറ്റി നിരവധി മെമ്പർമാർ ഇവിടെ പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ അഞ്ച് ജില്ലകളിൽ മാവോയിസ്റ്റ് സാന്നിധ്യം പോലീസിന്റെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. കേരളം, തമിഴ്നാട്, കർണ്ണാടകം എന്നീ സംസ്ഥാനങ്ങൾ യോജിച്ചുനിന്നുകൊണ്ടാണ് ആന്റി നക്സൽ ഓപ്പറേഷൻ നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ ബഹുമാന പ്പെട്ട മെമ്പർ ശ്രീ. സി.കെ. നാണു ചൂണ്ടിക്കാണിച്ചതുപോലെ ദ്വിമുഖമായ പ്രവർത്തനമാണ് നടക്കുന്നത്. ഒന്ന്, ആദിവാസിമേഖലയിലെ വികസന പ്രവർത്തനങ്ങൾ ശക്തമാക്കുകയും മറ്റൊന്ന്, തീവ്രവാദ പ്രവർത്തനങ്ങളെ നേരിടാൻവേണ്ടിയുള്ള പോലീസ് നടപടി ശക്തമാക്കുകയുമാണ്. ഇതുവരെ

ഫലപ്രദമായ നിലയിൽ മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്. കണ്ണൂർ ഐ.ജി. യുടെ നേതൃത്വത്തിൽ ഒരു ടീം പ്രവർത്തിക്കുന്നുണ്ട്. അത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ശരിയല്ല. ഇക്കാര്യത്തിൽ ആശങ്കയുടെ യാതൊരു ആവശ്യവുമില്ല. മാവോയിസ്റ്റ് പ്രവർത്തനങ്ങൾ ഫലപ്രദമായി തടയാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റിനെപ്പറ്റി ശ്രീ. കോടിയേരി ബാലകൃഷ്ണനുൾപ്പെടെയുള്ള അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ സ്കൂളുകളിലും എസ്.പി.സി. യുടെ പ്രവർത്തനം ആരംഭിക്കാനും ഇതിനുവേണ്ടി പ്രത്യേകമായ ഒരു ഡയറക്ടറേറ്റ് ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ 325 സ്കൂളുകളിലാണ് ഇത് നടപ്പാക്കുന്നത്. പ്രത്യേകമായി എസ്.പി.സി. ഡയറക്ടറേറ്റ് ആരംഭിക്കാനും ഇതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു സോഷ്യൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ പഠനം നടത്താനും തീരുമാനിച്ചിട്ടുണ്ട്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസുള്ള സ്കൂളുകളിലും അൺഎയ്ഡഡ് സ്കൂളുകളിലും സ്വകാര്യ സ്കൂളുകളിലും അവരുടെ ചെലവിൽ മുന്നോട്ടുവരുന്നവർക്ക് എസ്.പി.സി. യുടെ സൗകര്യം ചെയ്തുകൊടുക്കുന്നതാണ്. ഗവൺമെന്റ് സ്കൂളുകളിൽ മാത്രം ഗവൺമെന്റ് ചെലവിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ കടൽ കടന്ന് വരുന്ന പല തരത്തിലുള്ള തീവ്രവാദ പ്രവർത്തനങ്ങൾ, സുരക്ഷാ നടപടികൾ ശക്തമാക്കേണ്ടതിന്റെ ആവശ്യകത ഇവയെല്ലാം കണക്കിലെടുത്ത് സംസ്ഥാനത്ത് 10 പുതിയ തീരദേശ പോലീസ് സ്റ്റേഷൻ

സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും മുതിർന്ന പൗരൻമാരുടെ സുരക്ഷയ്ക്കായി സീനിയർ സിറ്റിസൺസ് സർവീസ് ബ്യൂറോ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടിക വർഗ്ഗ കോളനികളിലും എസ്.എം.എസ്. യൂണിറ്റുകളിലും പോലീസിംഗ് ശക്തിപ്പെടുത്തുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എല്ലാ പോലീസ് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി ഫയൽ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്. സേവനാവകാശ നിയമം നടപ്പിലാക്കിയപ്പോൾ പോലീസ് വകുപ്പിൽ 14 സേവനങ്ങൾ ഇതിന്റെ പരിധിയിൽ കൊണ്ടുവരികയുണ്ടായി. ട്രൈബൽ ഏരിയയുടെ വികസനത്തിന് സ്പെഷ്യൽ നോഡൽ ഓഫീസറെ നിയമിക്കുകയും ആ മേഖലയിലുണ്ടാകുന്ന കുറ്റകൃത്യങ്ങൾ തടയുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായുള്ള നടപടികൾ ശക്തിപ്പെടുത്തുന്നതോടൊപ്പംതന്നെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരുകാര്യം ഇന്ന് അടിയന്തരപ്രമേയത്തിലൂടെ ശ്രീ. ഇ.പി. ജയരാജൻ ചൂണ്ടിക്കാണിച്ച ട്രാഫിക് പ്രശ്നങ്ങളാണ്. കേരളത്തിൽ വർദ്ധിച്ചുവരുന്ന ട്രാഫിക് അപകടങ്ങൾ തടയാനായി ഗവൺമെന്റ് ട്രാഫിക് പോലീസിനുവേണ്ടി 'സ്മൈൽ' എന്ന പുതിയ ഒരു പദ്ധതി തയ്യാറാക്കുകയാണ്. അപകടമുണ്ടാകുമ്പോൾ അപകടത്തിൽപ്പെട്ട ആളുകളെ സംരക്ഷിക്കാൻവേണ്ടിയുള്ള ഒരു പുതിയ പദ്ധതിയാണിത്. പോലീസിനാവശ്യമായ എക്വിപ്മെന്റുകൾ നൽകാനും അവരെ പരിചരിക്കാനും അടിയന്തരമായി അവർക്ക് നൽകേണ്ട പരിചരണം ..................

ശ്രീ. സി. ദിവാകരൻ: സർ, ‘സ്മൈൽ’ എന്നത് മനോഹരമായ പേരാണ്. അത് അപകടമുണ്ടായാൽ രക്ഷപ്പെടാനാണ്. കേരളത്തിലെ ഏറ്റവും വീക്ക് ആയിട്ടുള്ള വകുപ്പ് ട്രാഫിക് വകുപ്പാണ്. അപകടമുണ്ടാകുന്ന നിരവധി സ്ഥലങ്ങളിലും ട്രാഫിക് യൂണിറ്റ് ഇല്ല. ട്രാഫിക് യൂണിറ്റുണ്ടാക്കാനുള്ള നടപടിയെടുക്കണം, ‘സ്മൈൽ’ പദ്ധതി പിന്നെ മതി.

ശ്രീ. രമേശ് ചെന്നിത്തല: സർ, കരുനാഗപ്പള്ളിയിൽ ഒരു ട്രാഫിക് പോലീസ് സ്റ്റേഷന്റെ പ്രൊപ്പോസൽ ഉള്ളതാണ്. അത് നടപ്പാക്കുമെന്ന് അങ്ങേയ്ക്ക് ഞാൻ ഉറപ്പുനൽകുകയാണ്. നിയമവിരുദ്ധമായ വ്യാജരേഖകളുണ്ടാക്കി സ്ത്രീകൾ ഉൾപ്പെടെയുള്ളവരെ മറുനാടുകളിലേയ്ക്ക് കടത്തിക്കൊണ്ടുപോയി ചൂഷണം നടത്തുന്നത് തടയാൻ ആവശ്യമായ നടപടികൾ സാമൂഹ്യ നീതി വകുപ്പുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്. ആദ്യപടിയായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കാസർഗോഡ്, കോഴിക്കോട്, കൊച്ചി എന്നിവിടങ്ങളിൽ സെല്ലുകൾ പോലീസ് മേൽനോട്ടത്തിൽ ആരംഭിക്കുന്നതാണ്. ക്രമേണ മറ്റ് ജില്ലകളിൽക്കൂടി ഇത് വ്യാപിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഇന്ന് സുപ്രധാനമായ ഒരു തീരുമാനം ആഭ്യന്തര വകുപ്പ് എടുത്തിട്ടുണ്ട്. സംസ്ഥാനത്ത്, ക്രൈം ബ്രാഞ്ചിനെക്കൊണ്ട് കേസ്സുകൾ അന്വേഷിപ്പിക്കണമെന്ന ആവശ്യം ഉയർന്നുവരുന്നുണ്ട്. ക്രൈം ബ്രാഞ്ചിന് എല്ലാ കേസ്സുകളും ഏറ്റെടുക്കാനുള്ള ബുദ്ധിമുട്ടുണ്ട്. സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന ക്രൈം ബ്രാഞ്ചിൽ കേസ്സുകൾ കെട്ടിക്കിടക്കുകയാണ്. അതുകൊണ്ട് പല കേസ്സുകളും സമയബന്ധിതമായി അന്വേഷിച്ച് നീതിപൂർവ്വമായ തീരുമാന

ങ്ങളിലേക്കെത്താൻ കഴിയാതെവരുന്ന സാഹചര്യത്തിൽ ഇന്ന് ഒരു സുപ്രധാനമായ തീരുമാനമെടുത്ത് ആഭ്യന്തര വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ട്. ജില്ലാതലങ്ങളിൽ ക്രൈം ഡിറ്റാച്ചുമെന്റുകൾ എന്നുള്ളത് ജില്ലാതല ക്രൈം ബ്രാഞ്ചുകളായി അതിനെ രൂപാന്തരപ്പെടുത്തുകയാണ്. The Crime detection unit will be re-designated as District Crime Branch. ഡിസ്ട്രിക്ട് ക്രൈം ബ്രാഞ്ച് ആക്കുകയാണ്. The District Crime Branch will be entrusted with the investigation of sensational cases report from the District or those cases in which allegations have been raised by the parties concerned about investigation carried out by local police stations. ഇതിൽ, The District Crime Branch in a district will be headed by an Assistant Commissioner of Police/a Deputy Superintendent of Police and assisted by 2 Inspectors, **14 Sub Inspectors**, 14 Senior Civil Police Officers and 6 Civil Police Officers including women. Adequate representation of Women Police officers and personnel will be ensured in the above strength for investigation of cases involving women and children.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ക്രൈം ബ്രാഞ്ച് വേണമെന്നുള്ളത് ആവശ്യം തന്നെയാണ്. നമ്മുടെ സംസ്ഥാനത്ത് സി.ബി.ഐ. മോഡലിലുള്ള ക്രൈം ഇൻവെസ്റ്റിഗേഷൻ സംവിധാനം വേണമെന്ന് ബഹുമാനപ്പെട്ട

ഹൈക്കോടതിയിൽ നിന്ന് ഒരു വിധിയുണ്ടായിരുന്നു. അതുംകൂടി പരിഗണി ച്ചുകൊണ്ട് തീരുമാനമെടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല : സർ, അത് ഗവൺമെന്റിന്റെ പരിഗണനയി ലുള്ള കാര്യമാണ്. ഇപ്പോൾ ചെയ്യാൻ ഉദ്ദേശിക്കുന്നത്, അങ്ങേയ്ക്കും അറി യാം, ക്രൈം ബ്രാഞ്ചിൽ കെട്ടിക്കിടക്കുന്ന ധാരാളം കേസ്സുകളിൽ തീരുമാന മെടുക്കാൻ കഴിയുന്നില്ല. ജില്ലാതലത്തിൽ തന്നെ പരിശോധിച്ച് തീർപ്പ് കൽപ്പി ക്കേണ്ട ഗ്രാവിറ്റിയുള്ള കേസ്സുകളുമുണ്ട്. ക്രൈം ഡിറ്റാച്ച്മെന്റ് വലിയ പ്രവർത്തനം ഇല്ലാതിരിക്കുകയാണെന്ന് അങ്ങേയ്ക്കുമറിയാം. അതുകൊണ്ട് ഡിസ്ട്രിക്റ്റ് ക്രൈംബ്രാഞ്ച് എന്നുള്ള നിലയിൽ അതിനെ രൂപപ്പെടുത്തി ക്കൊണ്ട് അത്തരം കേസ്സുകൾ അവിടെ തീർപ്പുകൽപ്പിക്കാനും അവിടെയത് തീരുന്നില്ലെങ്കിൽ വീണ്ടും സ്റ്റേറ്റിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യത്തക്ക നിലയി ലുള്ള ഒരു പുതിയ സംവിധാനം കേരള പോലീസിൽ വരികയാണ്. ജില്ലാ തല ക്രൈംബ്രാഞ്ച് സംവിധാനം ഇതോടുകൂടി ഇന്ന് നിലവിൽ വരികയാണ്. ക്രൈം ബ്രാഞ്ചിൽ വേണ്ടത്ര പ്രോസിക്യൂട്ടേഴ്സ് ഇല്ലാത്തതുകൊണ്ട് പല കേസ്സുകളും ശക്തമായി മുന്നോട്ട് കോണ്ടുപോകാൻ കഴിയുന്നില്ലെന്ന് ശ്രീ. വി.റ്റി. ബൽറാം അദ്ദേഹത്തിന്റെ പ്രസംഗത്തിൻ പറയുകയുണ്ടായി. പരീക്ഷ ണാർത്ഥം തിരുവനന്തപുരം ജില്ലയിൽ പ്രോസിക്യൂട്ടേഴ്സിനെ നിയമിക്കാ നുള്ള തീരുമാനമെടുത്തിട്ടുണ്ട്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഇന്ന് ഉച്ചയ്ക്ക് 12 മണിയോടെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും ‘ഓപ്പറേഷൻ കുബേര’ തുടരാമെന്ന് വിധിയുണ്ടായി. ബ്ലേഡ് മാഫിയയ്ക്ക് എതിരായി ‘ഓപ്പറേഷൻ കുബേര’ തുടരാമെന്നും പോലീസ് നടപടികളുമായി മുന്നോട്ട് പോകാമെന്നും അതിൽ ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് ഇടപെ

ടാൻ ആകില്ലെന്നും ചീഫ് ജസ്റ്റിസ് ഉൾപ്പെട്ട ബഞ്ച് വ്യക്തമാക്കി. സ്ഥാപന ങ്ങളുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നുവെന്ന സ്വകാര്യ ചിട്ടിക്കമ്പനിക ളുടെയും പണമിടപാട് കമ്പനികളുടെയും ഹർജിയിൽ ഇടപെടുന്ന കാര്യ ത്തിൽ ഹൈക്കോടതി വിസമ്മതിച്ചു. തിരുവനന്തപുരത്ത് മുക്കോലയിൽ ഒരു കുടുംബത്തിലെ 5 പേർ ആത്മഹത്യ ചെയ്തതിനെത്തുടർന്നാണ് 'ഓപ്പറേ ഷൻ കുബേര' ആരംഭിച്ചത്. 'ഓപ്പറേഷൻ കുബേര' ആരംഭിച്ചിട്ട് ഏതാണ്ട് ഒരു മാസത്തോളമായി. കേരളത്തിലെ, പൊതുസമൂഹത്തിൽ നിന്നും എല്ലാ രാഷ്ട്രീയ പാർട്ടികളിൽ നിന്നും നല്ല പിന്തുണയാണ് ഈ പദ്ധതിയ്ക്ക് ലഭിച്ചി ട്ടുള്ളത്. ഇന്നുവരെ 10431 റെയ്ഡുകൾ നടത്തി, 1614 കേസ് രജിസ്റ്റർ ചെയ്ത്, 825 പേരെ അറസ്റ്റ് ചെയ്യുകയും 4,27,93,767 രൂപ പോലീസ് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. 'ഓപ്പറേഷൻ കുബേര' തുടങ്ങിയപ്പോൾ ഇത്രയും ഭീകരമാണെന്ന് കരുതിയിരുന്നില്ല. എന്നാൽ ഇത് കേരള സമൂ ഹത്തെ ഏറ്റവും കൂടുതൽ ആഴത്തിൽ ബാധിച്ചിട്ടുള്ള ഒരു വിപത്തായി ബോദ്ധ്യപ്പെട്ടിരിക്കുകയാണ്. ബ്ലേഡ് മാഫിയയുടെ പിടിയിൽപ്പെട്ട് നൂറുകണ ക്കിന് ആളുകൾ വലയുന്നു, നിരവധി ആളുകൾ ആത്മഹത്യ ചെയ്യുന്നു, നിരവധി കുടുംബങ്ങൾ വഴിയാധാരമാകുന്നു, പല ആളുകളും വാടകയ്ക്ക് താമസിക്കുന്നു തുടങ്ങിയ ഭീകരമായ അവസ്ഥ കേരള സമൂഹത്തിലുണ്ട്. ഒരു മാസം 24,000 കോടി രൂപയുടെ പണമിടപാട് നടത്തുന്നുവെന്നുള്ളതാണ് ഇന്റലിജൻസിന് കിട്ടിയിട്ടുള്ള വിവരം. ആ വിവരങ്ങളുടെ അടിസ്ഥാനത്തി ലാണ് 'ഓപ്പറേഷൻ കുബേര' മുന്നോട്ട് പോയത്. പരൽ മീനുകളെ മാത്ര മാണ് പിടിക്കുന്നതെന്ന് ശ്രീ. വി.എസ്. സുനിൽ കുമാർ ഉൾപ്പെടെയുള്ള പല

മെമ്പർമാരും പറഞ്ഞു. ഇതുവരെ പത്രങ്ങളിൽ വരാത്ത ചില റെയ്ഡ് വിവരങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ശ്രീറാം ഫൈനാൻസ്, മാക്മ ഫൈനാൻസ്, മഹീന്ദ്രാ ഫൈനാൻസ്, ഗോകുലം ഫൈനാൻസ്, ഇൻഡസ് ഇൻഡ്യാ ഫൈനാൻസ്, സുന്ദരം ഫൈനാൻസ്, ചോളമണ്ഡലം ഫൈനാൻസ്, കൊശമറ്റം ഫൈനാൻസ്, മുത്തൂറ്റ് ഫിൻകോർപ്പ്, ഹിന്ദുജാ ഫിനാൻസ് ഉൾപ്പെടെ നിരവധി വൻകിട സ്ഥാപനങ്ങളിൽ പരാതിയുടെ അടിസ്ഥാനത്തിൽ റെയ്ഡ് നടത്തിയിട്ടുണ്ട്. ഇനിയും പരാതികൾ വന്നാൽ റെയ്ഡ് ചെയ്യുമെന്ന് പറയാൻ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ല. അനധികൃതമായി പണമിടപാട് നടത്തുന്ന സ്ഥാപനങ്ങൾ, അവർ എത്ര വലിയ ശക്തികളാണെങ്കിലും ജനദ്രോഹ നടപടികളുമായി മുന്നോട്ട് പോവുകയാണെങ്കിൽ പോലീസ് കയ്യുംകെട്ടി നോക്കിനിൽക്കില്ലെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പുനൽകുന്നു.

ശ്രീ. വി.ഡി. സതീശൻ : സർ, നമ്മുടെ സംസ്ഥാനത്ത് Non Banking Financing Company (NBFC) കളുണ്ട്. ഇവരൊന്നും സംസ്ഥാനത്തെ മണി ലെൻഡേഴ്സ് ആക്ടിന്റെ ഫ്രെയിമിൽ നിന്ന് പ്രവർത്തിക്കുന്നവരല്ല. മറ്റ് പ്രൈവറ്റ് ഫിനാൻസുകൾ ലൈസൻസ് ഫീയും സെക്യൂരിറ്റി ഡെപ്പോസിറ്റും അടയ്ക്കുന്നുണ്ട്. ഈടാക്കുന്ന പലിശയ്ക്കും നടത്താൻ കഴിയുന്ന ബിസിനസ്സിനും അവർക്ക് സീലിംഗുണ്ട്. എന്നാൽ Non Banking Financing Company (NBFC) കൾക്ക് ഇതൊന്നും ബാധകമല്ലാതെയും സർക്കാരിന് യാതൊരു വരുമാനമില്ലാതെയുമാണ് നടത്തുന്നത്. ഇഷ്ടംപോലെ പലിശ വാങ്ങി ജനങ്ങളെ ദ്രോഹിക്കുകയാണ്. ഇതുസംബന്ധിച്ച് അവർക്കെതിരെ സംസ്ഥാന ഹൈക്കോടതി വിധിയുണ്ട്. എന്നാൽ അവർ സുപ്രീംകോടതി

യിൽ പോയി സ്റ്റേ വാങ്ങിച്ചു. ഇതുസംബന്ധിച്ച കേസ്സിൽ ഇപ്പോഴും സ്റ്റേ കിടക്കുകയാണ്. മണി ലെൻഡേഴ്സ് ആക്ടിന്റെ പരിധിയിൽ ഇവരെ കൊണ്ടുവരാനുള്ള നിയമപരമായ നടപടിക്രമങ്ങളും ചെറിയ പരൽ മീനു കളെ പിടിക്കുന്നതോടൊപ്പം തെറ്റായി ചെയ്യുന്ന കാര്യങ്ങളിൽ വമ്പന്മാരെ ക്കൂടി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള ശ്രമം അങ്ങയുടെ നേതൃത്വത്തിൽ നടത്തുമോ?

ശ്രീ. പി.സി. ജോർജ് : സർ, കേരളം മുഴുവൻ ഓടി പേരെടുത്ത ബോബി ചെമ്മണ്ണൂർ, 28 കോടി രൂപയാണ് ചെലവഴിച്ചത്. എവിടെനിന്നാണ് ആ പണമുണ്ടായതെന്ന് അന്വേഷിക്കണം. ഞാൻ പരാതി നേരിട്ട് നൽകിയിട്ടു ള്ളതാണ്. അത് അന്വേഷിക്കണമെന്ന് അപേക്ഷിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല : ശ്രീ. വി.ഡി. സതീശൻ ഇവിടെ ചൂണ്ടിക്കാ ണിച്ചത് ശരിയാണ്. 18–11–2009–ൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയുണ്ട്. In view of the fax and features of the case an interim stay granted earlier would continue. 2009 മുതൽ ഇന്ററിം സ്റ്റേ കിടക്കുകയാണ്. 7 വർഷമായി, കേരള മണി ലെൻഡേഴ്സ് ആക്ടിന്റെ പരിധിയിൽ ഈ സ്ഥാപനങ്ങൾ വരില്ലെന്ന് പറഞ്ഞ് അവർ കൊടുത്ത കേസ്സാണ്. ഇതുവരെ ആ സ്റ്റേ വെക്കേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിച്ചില്ല. കഴിഞ്ഞ ദിവസം അഡ്വക്കേറ്റ് ജനറലുമായി സംസാരിക്കുകയും അടിയന്തരമായി സുപ്രീം കോടതിയിൽ ഈ കേസ് മൂവ് ചെയ്യണമെന്നും സ്റ്റേ വെക്കേറ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ഡോ. ടി.എം. തോമസ് ഐസക്</u> : സർ, അങ്ങ് പറഞ്ഞ, മൂത്തൂറ്റ് ഫിൻ കോർപ് അടക്കമുള്ള പേരുകൾ NBFC യിൽ ഉൾപ്പെടുന്നതാണ്. ഏതടിസ്ഥാനത്തിലാണ് ഇപ്പോൾ കേസ് എടുത്തിട്ടുള്ളത്?

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, പരാതിയുടെ അടിസ്ഥാനത്തിലാണ് കേസ് എടുത്തിട്ടുള്ളത്. ഒരു പരാതി കിട്ടിയാൽ അന്വേഷിക്കാനുള്ള അധികാരം പോലീസിനുണ്ട്. ആ അന്വേഷണം ഉപയോഗിച്ചാണ് മുന്നോട്ട് പോകുന്നത്. അവർ അതിനെ ചലഞ്ച് ചെയ്ത് കോടതിയിൽ പോകുന്നുണ്ട്. കോടതി വളരെ ശക്തമായ നിലയിൽ, ഗവൺമെന്റിന്റെ നടപടിയെ പൂർണ്ണമായും അംഗീകരിച്ചുകൊണ്ട് തുടരാമെന്നുള്ള ഹൈക്കോടതി ചീഫ് ജസ്റ്റിസ് ഉൾപ്പെടെയുള്ള ബഞ്ചിന്റെ രണ്ടാമത്തെ അഭിപ്രായമാണ് ഇപ്പോൾ വന്നത്. നേരത്തെയും ഇതുപോലൊരു വിധി വന്നിരുന്നു.

<u>ശ്രീ. പാലോട് രവി</u> : സർ, അങ്ങയുടെ 'ഓപ്പറേഷൻ കുബേര' ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ ഇന്ന് നിലവിലുള്ള മണി ലെൻഡേഴ്സ് ആക്ട് പര്യാപ്തമല്ല. അതുകൊണ്ട് നിശ്ചയമായും അങ്ങ് ഉദ്ദേശിക്കുന്ന രീതിയിൽ ഫലപ്രദമായി നടപ്പിലാക്കാൻ മണി ലെൻഡേഴ്സ് ആക്ടിൽ ആവശ്യമായ വകുപ്പുകൾ ഉൾപ്പെടുത്തി ഭേദഗതി ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി.എസ്. സുനിൽകുമാർ</u> : സർ, അങ്ങ് പറഞ്ഞ സ്ഥാപനങ്ങളിൽ റെയ്ഡ് നടത്തിയെന്നുള്ളത് നല്ല കാര്യമാണ്; അതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു. എന്നാൽ വമ്പന്മാരായതുകൊണ്ട് ആ വാർത്തകളൊന്നും പത്രങ്ങളിൽ വന്നിട്ടില്ല. വാർത്ത പത്രങ്ങളിൽ കൊടുത്താലും വരാൻ പോകുന്നില്ല. മുത്തൂറ്റ് ഫിനാൻസിനെതിരെയോ മണപ്പുറം ഫിനാൻസിനെതിരെയോ ശ്രീ. രമേശ് ചെന്നിത്തലയല്ല, ശ്രീ. നരേന്ദ്ര മോദി വാർത്ത കൊടുത്താലും

പത്രങ്ങളിൽ വരില്ല. കാരണം അവർ ധാരാളം പരസ്യം കൊടുക്കുന്നവരാണ്. പക്ഷേ, അങ്ങ് നടത്തിയ റെയ്ഡിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല : സർ, നിയമത്തിന്റെ പിൻബലമില്ലാതെ ബ്ലാങ്ക് ചെക്കുകളും മുദ്രപ്പത്രങ്ങളും വാങ്ങി വയ്ക്കുക, ആളുകളിൽനിന്നും വെള്ളപേപ്പറിൽ ഒപ്പിട്ട് വാങ്ങുക, പിന്നീട് അവരുടെ സൗകര്യാർത്ഥം പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുക, ആവശ്യാനുസരണമുള്ള പണം വാങ്ങുക തുടങ്ങിയ വലിയ തോതിലുള്ള തട്ടിപ്പുകളാണ് നടന്നുകൊണ്ടിരിക്കുന്നത്.

ഡോ. ടി.എം. തോമസ് ഐസക് : സർ, ഇവർ വാങ്ങുന്ന പലിശയുടെ കാര്യം പ്രധാനപ്പെട്ടതാണ്. മുത്തൂറ്റ് ഫിൻ കോർപ് ഉൾപ്പെടെ അങ്ങ് പറഞ്ഞ സ്ഥാപനങ്ങൾ 16 മുതൽ 26 വരെ ശതമാനത്തിലാണ് പലിശ വാങ്ങുന്നത്. ഞാൻ ഇന്നലെ പഞ്ചായത്തിലെ എല്ലാ എ.ഡി.എസ്.- കളുമായും മീറ്റ് ചെയ്തു. കൃത്യമായ തെളിവുകളുണ്ട്. അങ്ങേയ്ക്ക് മെമ്മോറാണ്ടമായി സമർപ്പിക്കാൻ പോവുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇതിനകത്തുള്ള ഒരു പ്രശ്നമെന്താണെന്നുവച്ചാൽ എൻ.ബി.എഫ്.സി.കളെ സംബന്ധിച്ചിടയ്ക്കുന്നില്ലെന്നുപറഞ്ഞുകൊണ്ടാണ് ഞാൻ ആർ.ബി.ഐ. ഗവർണ്ണർ ശ്രീ. രഘുറാം രാജിന് കത്തയച്ചത്. 'Regulation of excessive interest charged by NBFCs: The Board of each NBFCs (Non Banking Financial Companies) shall adopt an interest rate model, taking into account of relevant factors such as cost of funds, margins and risk premium etc., and determine the rate of

interest to be charged for loans and advances. Rate of interest and approach of the gradation of risks and rational for charging the different rates of interest to different categories of borrowers shall be disclosed to the borrower or customer in the application form and communicated explicitly in the sanctioned letter. മാത്രവുമല്ല, The rates of interest and approach of the gradation shall also be made available in the website of the companies or published in the relevant newspapers. The information published in the website or otherwise published should be updated whenever there is a change in the rate of interest'. റിസർവ്വ് ബാങ്കുതന്നെ പറയുന്നത് Reserve Bank has been receiving several complaints regarding the levy of excessive interest and charges for set off loans and advances by NBFCs' എന്നാണ്. Fair Practice Code എന്നതാണ് ആർ.ബി. ഐ. പറയുന്ന ഏക നിയന്ത്രണം. വേറെയൊരു നിയന്ത്രണവുമില്ല. കമ്പനി കൾക്ക് അവരുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് ചേർന്ന് ഇന്ററസ്റ്റ് ഫിക്സ് ചെയ്യുന്നതിനുള്ള അധികാരമുണ്ട്. ഈ ഇന്ററസ്റ്റ് റേറ്റ് വെബ്സൈറ്റിലും ന്യൂസ് പേപ്പറിലും പബ്ലിഷ് ചെയ്തിരിക്കണം, ഒരു borrower-ക്ക് കൊടു ക്കുന്ന സാങ്ഷൻ ലെറ്ററിൽ ആ വിവരം കാണിച്ചിരിക്കണമെന്നൊക്കെയാണ് ആകെ Fair Practice Code –ൽ പറയുന്നത്. ഇത്രയും കാര്യങ്ങൾപ്പോലും ഇവിടത്തെ എൻ.ബി.എഫ്.സി.കളിൽ നടപ്പാക്കുന്നില്ലെന്നുമാത്രമല്ല Fair Practice Code – നെ അവഗണിച്ചുകൊണ്ടാണ് അവർ മുന്നോട്ടുപോകുന്നത്.

അതുകൊണ്ടാണ് ആർ.ബി.ഐ. ഗവർണ്ണർ ശ്രീ. രഘുറാം രാജിന് ഞാൻ കത്തയച്ചത്. കൂടാതെ, ഞാൻ ആർ.ബി.ഐ. ഗവർണ്ണറെ നേരിട്ടുകാണാനാഗ്രഹിക്കുന്നുണ്ട്. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീ. അരുൺ ജയ്റ്റ്ലിക്കും ഞാൻ കത്തയച്ചിട്ടുണ്ട്. വളരെ സീരിയസായ ഒരു പ്രശ്നമാണിത്. അവർക്കിഷ്ടമുള്ളതുപോലെ പലിശ ചുമത്തി പാവപ്പെട്ടയാളുകളെ കൊള്ളയടിക്കുന്ന ഈ നടപടി ഒരു കാരണവശാലും അംഗീകരിക്കാൻ നിവൃത്തിയില്ല. ഇതിനെതിരെ നിയമപരമായിത്തന്നെ മുന്നോട്ടുപോകുകയെന്നതാണ് ഗവൺമെന്റ് നിലപാട്.

ശ്രീ. ജി. സുധാകരൻ: സർ, നിലവിലുള്ള ചട്ടപ്രകാരം ഇങ്ങനെയുള്ള ക്രമക്കേടുകൾ കാണിക്കുന്നവരെ പിടിക്കുന്നതിന് വളരെ ബുദ്ധിമുട്ടാണെങ്കിലും ചട്ടങ്ങൾ ലംഘിച്ചതായി കണ്ടെത്തിയവരുടെ സ്ഥാപനങ്ങൾ സീസ് ചെയ്ത് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ അങ്ങ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്തെല്ലാം ക്രമക്കേടുകളുടെ അടിസ്ഥാനത്തിലാണ് ഈ നടപടി സ്വീകരിക്കാൻ കഴിയുകയെന്നുള്ളതിനെ സംബന്ധിച്ച് കേസ് ബൈ കേസ് പരിശോധിക്കേണ്ടിവരും.

ഡോ. ടി. എം. തോമസ് ഐസക്: സർ, നമ്മുടെ മണി ലെൻഡിംഗ് ആക്ട് പഴഞ്ചനാണ്. ബാങ്ക് റേറ്റിനെക്കാൾ 2%-ൽ കൂടരുതെന്ന രീതിയിൽ അത് ഇന്ററസ്റ്റ് റേറ്റിനെ കൺട്രോൾ ചെയ്യാൻ ശ്രമിക്കുന്നു. എന്നാൽ, ഇന്ററസ്റ്റ് റേറ്റ് കൺട്രോൾ ചെയ്യാൻ പാടില്ല, അത് ഫെയർ ആയിരിക്കണം, തുറന്നുകാണിക്കണം, ഡീറെഗുലേറ്റ് ചെയ്യണം എന്നതാണ് ശ്രീ. രഘുറാം രാജിന്റെ കാഴ്ചപ്പാട്. അങ്ങ് ഈ സമീപനത്തോട് യോജിക്കുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇന്ററസ്റ്റ് റേറ്റ് റെഗുലറൈസ് ചെയ്യുന്ന നടപടിയോട് വ്യക്തിപരമായി എനിക്ക് യോജിപ്പില്ല. തന്നെയുമല്ല, ന്യൂജനറേഷൻ ബാങ്കുകൾപോലും ഇത്തരത്തിലുള്ള നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് മുന്നോട്ടുപോകുന്നത്. ഞാനിവിടെ ശ്രീ. കെ. എം. മാണി സാറിനെ അഭിനന്ദിക്കുകയാണ്. കേരള നിയമസഭയാണ് ആദ്യമായി 'പ്രൊഹിബിഷൻ ഓഫ് എക്സോർബിറ്റന്റ് ഇന്ററസ്റ്റ് റേറ്റ്' എന്നൊരു നിയമം 2012-ൽ പാസ്സാക്കിയത്. 1958-ലെ മണി ലെൻഡേഴ്സ് ആക്ട് ഇവിടെ നില വിലുണ്ട്. KAAPA നിയമത്തിലെ 3, 15 എന്നീ രണ്ടുവകുപ്പുകളും ഐ. പി.സി.യിലെ വകുപ്പുകളുമനുസരിച്ച് അനധികൃതമായി പണമിടപാട് സ്ഥാപ നങ്ങൾ നടത്തുന്നവരെയും എക്സോർബിറ്റന്റായി ഇന്ററസ്റ്റ് വാങ്ങുന്നവ രെയും ജനങ്ങളെ കൊള്ളയടിക്കുന്നവരെയും നിയന്ത്രിക്കാനുള്ള നിയമം ഇപ്പോൾത്തന്നെ ഇവിടെയുണ്ട്. അതനുസരിച്ചാണ് നമ്മൾ മുന്നോട്ടുപോകു ന്നത്. പക്ഷെ എൻ.ബി.എഫ്.സി.കളുടെ കാര്യത്തിൽ അങ്ങ് പറഞ്ഞത് ശരി യാണ്. കർശനമായി പരിശോധിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നാണ് ആർ.ബി.ഐ. ഗവർണ്ണർ ശ്രീ. രഘുറാം രാജ് എന്റെ കത്തിന് മറുപടി നൽകി യിരിക്കുന്നത്. രണ്ടാഴ്ച കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ പുരോഗതിയൊന്നും കാണാത്തതുകൊണ്ട് ഞാൻ അദ്ദേഹത്തെ നേരിട്ട് കാണാൻ തീരുമാനിച്ചി ട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, 'ഓപ്പറേഷൻ കുബേര'യുമായി ബന്ധപ്പെ ട്ടുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി നടത്തിയ പത്രസമ്മേളനത്തിൽ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ഒരു ബ്ലേഡ് കമ്പനിയാണ് എന്ന രീതിയിൽ ഒരു സന്ദേശം കൊടുത്തിരുന്നു, അത് ശരിയാണോ?

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, അങ്ങനെയല്ല ഞാൻ പറഞ്ഞത്, കെ.എസ്.എഫ്.ഇ. ബ്ലേഡ് കമ്പനിയല്ല, സർക്കാർ സ്ഥാപനമാണ് എന്നാണ് ഒരു ചോദ്യത്തിനുത്തരമായി ഞാൻ പറഞ്ഞത്. കെ.എസ്.എഫ്.ഇ. നല്ലനിലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്, അത് ഒരു ബ്ലേഡ് കമ്പനിയാണെന്ന അഭിപ്രായം എനിക്കില്ല. അതോടൊപ്പംതന്നെ ഈ സഭയുടെ എല്ലാ ഭാഗത്തു നിന്നും 'ഓപ്പറേഷൻ കുബേര'യ്ക്ക് കിട്ടിയ പിന്തുണയ്ക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അതുപോലെതന്നെ, ഏറ്റവും ഗുരുതരമായ മറ്റൊരു പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. വിദ്യാഭ്യാസ, ആരോഗ്യ, ആഭ്യന്തര വകുപ്പുകൾ ചേർന്നുകൊണ്ട് 'ക്ലീൻ ക്യാമ്പസ്, സേഫ് ക്യാമ്പസ്' എന്നൊരു പരിപാടി കഴിഞ്ഞദിവസം മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി തിരുവനന്തപുരം സെന്റ്. മേരീസ് സ്കൂളിൽ ഉത്ഘാടനം ചെയ്യുകയുണ്ടായി. ബ്ലേഡ് മാഫിയയാണ് ഇവിടെ ഏറ്റവും ശക്തമെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. എന്നാൽ അതിനേക്കാൾ ശക്തമാണ് ഇവിടത്തെ മയക്കുമരുന്ന് മാഫിയ. 8399 റെയ്ഡുകൾ നടന്നു, 1465 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബ്ലേഡ് മാഫിയയിൽപ്പെട്ട 800-ഓളം പേരെ അറസ്റ്റ് ചെയ്തപ്പോൾ 1465 പേർക്കെതിരെയാണ് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും വിറ്റതിന് പോലീസ് കോപ്ട ആക്ട് അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിൽ 1391 പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി. നമ്മുടെ വളർന്നുവരുന്ന തലമുറയിൽ മയക്കുമരുന്നിന്റെ സ്വാധീനവും മദ്യത്തിന്റെ സ്വാധീനവും വ്യാപകമാക്കാൻവേണ്ടി വലിയ തലത്തിലുള്ള ഒരു മാഫിയാസംഘം ഇവിടെ പ്രവർത്തിച്ചുവരികയാണ്. അന്തർ

സംസ്ഥാന ബന്ധമുള്ള ഒരു മാഫിയ, വലിയ തോതിൽ ഇവിടെ മയക്കുമരുന്നും കഞ്ചാവും മറ്റ്...

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞത് വളരെ പ്രധാനപ്പെട്ട വിഷയമയാണ്. നമ്മുടെ കോളേജ് വിദ്യാർത്ഥികളെ നിരവധി കുറ്റകൃത്യത്തിലേക്ക് നയിക്കുന്നത് മയക്കുമരുന്നുകളുടെ ഉപയോഗമാണ്. ഇക്കാര്യത്തിൽ പോലീസ് നടപടി മാത്രംപോരാ, രക്ഷിതാക്കൾക്കുൾപ്പെടെ വലിയൊരു ബോധവൽക്കരണ പരിപാടി നടത്താൻ കഴിയണം. കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണറായിരുന്ന ശ്രീ. വിജയന്റെ കാലത്ത് ഒ.ആർ.സി. (Our Responsibility to Children) എന്ന ഒരു പദ്ധതിക്ക് രൂപം കൊടുത്തിരുന്നു. നല്ലൊരു പദ്ധതിയായിരുന്നു, ഇപ്പോഴുണ്ടോയെന്നറിയില്ല. അത്തരത്തിലൊരു പ്രചരണപരിപാടികൂടി ആസൂത്രണം ചെയ്യുന്നത് നന്നായിരിക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, തീർച്ചയായും അക്കാര്യം ആലോചിക്കും.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, ഈ മയക്കുമരുന്ന് മാഫിയയെ പിടികൂടുന്നതിനായി ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന സമീപനം വളരെ നല്ലതാണ്. ഞാനവിടെ നേരത്തെ പറഞ്ഞ ഒരു പ്രധാനപ്പെട്ട പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഞ്ചാവ് കച്ചവടം നടത്തുന്ന ആളുകളെ പിടിക്കുമ്പോൾ അവരുടെ കൈവശമുള്ള കഞ്ചാവ് ഒരു കിലോഗ്രാമിൽ താഴെയാണെങ്കിൽ അപ്പോൾത്തന്നെ അവർക്ക് ജാമ്യം ലഭിക്കും. കാരണം, കേന്ദ്ര നിയമം അനുസരിച്ച് കൈവശം വയ്ക്കാവുന്ന മിനിമം അളവ് എന്ന ഒരു കൺസെപ്റ്റിൽ വരുന്നതാണ്. അങ്ങനെ 999 ഗ്രാം

കഞ്ചാവാണ് ഒരാളിൽനിന്ന് പിടിച്ചതെങ്കിൽ ഒന്നും ചെയ്യാൻ സാധിക്കില്ല, അയാൾക്ക് ജാമ്യം ലഭിക്കും. ഈ നിയമം ഭേദഗതി ചെയ്യേണ്ടതാണ്. നിശ്ചിത അളവിൽ താഴെ കഞ്ചാവ് കൈവശം സൂക്ഷിക്കുന്നത് ഇൻഡ്യയിൽ ജാമ്യം ലഭിക്കാത്ത കുറ്റകൃത്യമല്ല. ഈ നിയമത്തിൽ ഭേദഗതി വരുത്താൻ സംസ്ഥാന ഗവൺമെന്റിന് കഴിയുമോയെന്നുള്ള കാര്യം പരിശോധിക്കാമെന്ന് പറഞ്ഞിരുന്നു, അത് പരിഗണിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇക്കാര്യം തീർച്ചയായും പരിശോധിക്കും. എന്നുമാത്രമല്ല, നമ്മുടെ.....

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഒ.ആർ.സി. എന്ന പദ്ധതി ഇപ്പോൾ സാമൂഹ്യനീതി വകുപ്പും പോലീസും ചേർന്ന് നടത്തിവരികയാണ്. സാമൂഹ്യനീതി വകുപ്പിൽ ഹെഡ് ഉൾപ്പെടുത്തിക്കൊണ്ട് അതിനുവേണ്ടിയുള്ള ഫണ്ട് നീക്കിവച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഏകദേശം 25 സ്കൂളുകൾ തെരെഞ്ഞെടുത്തിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ അങ്ങ് ചൂണ്ടിക്കാണിച്ചത് വളരെ ഫലപ്രദമായ ഒരു കാര്യമാണ്. കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ മലയാള മനോരമയുമായി കൂടിച്ചേർന്ന് 'ഗുരുകുലം' എന്നൊരു പരിപാടി തുടങ്ങിയിട്ടുണ്ട്. ക്ലാസ്സിൽ ഹാജരാകാത്ത കുട്ടികളെ കണ്ടെത്തുക, ഹാജരാകാത്തതിന്റെ കാരണമന്വേഷിക്കുക, അവരെ രക്ഷകർത്താക്കളുമായി ബന്ധപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളാണ് ഈ പദ്ധതിയിലുള്ളത്. ഇത് വളരെ നല്ലൊരുപരിപാടിയാണ്. അതുപോലെതന്നെ അവേഴ്സ് പരിപാടി –

വിദ്യാഭ്യാസ വകുപ്പും ആരോഗ്യ വകുപ്പും ആഭ്യന്തരവകുപ്പും ചേർന്നുകൊണ്ടാണ് ഈ പരിപാടി നടപ്പാക്കുന്നത്. ഇതിന്റെ സംസ്ഥാനതല ഉത്ഘടാനം കഴിഞ്ഞദിവസം നടന്നു. എല്ലാ സ്കൂളുകളിലും 30–ാം തീയതി ഈ പദ്ധതി ആരംഭിക്കുകയാണ്.

ശ്രീ. അബ്ദുറഹിമ്മാൻ രണ്ടത്താണി: സർ, അങ്ങിവിടെ സ്കൂളുകളിൽ നടത്തേണ്ട ബോധവൽക്കരണത്തെക്കുറിച്ചാണ് പറയുന്നത്. സ്റ്റുഡന്റ്സ് പോലീസ് സംവിധാനം നിലവിലുള്ള എല്ലാ വിദ്യാലയങ്ങളിലും പ്രത്യേകമായ അച്ചടക്കം കാണാൻ സാധിക്കുന്നുണ്ട്. കാരണം സ്റ്റുഡന്റ്സ് പോലീസ് വിദ്യാർത്ഥികൾക്കിടയിൽ പോലീസിനെപ്പോലെ അവരുടെ ചുമതല നിർവ്വഹിക്കുന്നുവെന്നുള്ള ഒരു പ്രത്യേകതയുണ്ട്. സ്റ്റുഡന്റ്സ് പോലീസ് സംവിധാനം കേരളത്തിലെ എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, തീർച്ചയായും എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. സ്റ്റുഡന്റ്സ് പോലീസ് ഏറ്റവും നല്ലൊരു പരിപാടിയാണ്, അതിനൊരു സംശയവുമില്ല. വിദ്യാഭ്യാസ വകുപ്പും ആരോഗ്യവകുപ്പും ആഭ്യന്തര വകുപ്പുംകൂടിചേർന്ന് ഈ പരിപാടി വ്യാപകമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന് എല്ലാ എം.എൽ.എ.മാരുടെയും സഹായം ഞാൻ പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്. ഇവിടെ നടന്ന ചർച്ചയിൽ അംഗങ്ങൾ പറഞ്ഞ ചില കാര്യങ്ങൾക്കുകൂടി മറുപടി പറയാനാഗ്രഹിക്കുകയാണ്. ഡി.വൈ.എസ്.പി.മാരുടെ സ്ഥലംമാറ്റത്തിൽ ലക്ഷങ്ങളുടെ ലേലം വിളിയാണെന്ന് ശ്രീ. കെ. കെ. ജയചന്ദ്രൻ പറയുകയുണ്ടായി. ഇവിടെ ഒരു ഡി.വൈ.എസ്.പി.യേയും ഞാൻ സ്ഥലം മാറ്റിയിട്ടില്ല. ഇപ്പോൾ പ്രധാനപ്പെട്ട രണ്ട് ഓപ്പറേ

ഷൻസ് നടക്കുന്നതുകൊണ്ട് ട്രാൻസ്ഫറുകൾ വേണ്ടെന്ന് തീരുമാനിച്ചിരിക്കുകയാണ്. അതിനുവേണ്ടി പ്രത്യേക നോംസ് തയ്യാറാക്കിയിട്ടുണ്ട്. ഏത് പോലീസുകാരൻ എവിടെയിരുന്നാലും അവരെക്കൊണ്ട് ജോലിചെയ്യിപ്പിക്കാൻ എനിക്കും പോലീസ് സംവിധാനത്തിനും അറിയാവുന്നതുകൊണ്ട് പ്രത്യേകിച്ച് ട്രാൻസ്ഫറൊന്നും വേണ്ടെന്നാണ് തീരുമാനിച്ചിട്ടുള്ളത്. അതോടൊപ്പംതന്നെ, എൻ.എ.ഐ.–ക്ക് എത്ര കേസ്സുകൾ റഫർ ചെയ്തിട്ടുണ്ടെന്ന് അങ്ങ് ചോദിച്ചിരുന്നു. കഴിഞ്ഞ 3 വർഷമായി എൻ.എ.ഐ.–ക്ക് കേരളത്തിൽനിന്ന് ഒരു കേസുപോലും റഫർ ചെയ്തിട്ടില്ലായെന്ന് പറയുന്നത് ശരിയല്ല. അതിന്റെ കണക്ക് എന്റെ കൈവശമുണ്ട്. ഈ കാലയളവിൽ 8 കള്ളനോട്ടു കേസുകൾ, 2 തീവ്രവാദ കേസുകൾ, ഇറ്റാലിയൻ നാവികർ പ്രതിയായ കടലിൽ മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊന്ന കേസ് എന്നിങ്ങനെ 11 കേസുകൾ കേരളത്തിൽനിന്നും എൻ.എ.ഐ.–ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഓപ്പറേഷൻ കുബേരയിൽ പോലീസുകാർ വൻതോതിൽ പണംതട്ടുന്നുവെന്നൊരു കാര്യംകൂടി ശ്രീ. കെ. കെ. ജയചന്ദ്രൻ പറഞ്ഞു.

ഇതിന്റെ പ്രവർത്തനം നടത്തുന്ന പോലീസ് ഇന്റലിജൻസിന്റെ നിരീക്ഷണത്തിലാണ്. മറ്റ് പല നിരീക്ഷണ സംവിധാനങ്ങളും ഞങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഏതെങ്കിലുമൊരു പോലീസുകാരൻ പണം വാങ്ങുന്നുണ്ടെന്ന് ആർക്കെങ്കിലും അറിവുണ്ടെങ്കിൽ ദയവായി അറിയിക്കണം. കർശനമായ നടപടി ഈ കാര്യത്തിൽ സ്വീകരിക്കുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പുനല്കുകയാണ്. ജയിലർമാരും കുറ്റവാളികളും തമ്മിൽ ചില അവിഹിത ബന്ധമുണ്ടെന്നുള്ള കാര്യം ശ്രീ. ജോസഫ് വാഴക്കൻ ഇവിടെ പറഞ്ഞു. അതിന് പ്രത്യേക

നിരീക്ഷണ സംവിധാനം ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. അത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എസ്.സി./എസ്.ടി. കേസ്സുകൾ വർദ്ധിക്കുന്നുവെന്ന് ശ്രീ. ജി.എസ്. ജയലാൽ ചൂണ്ടിക്കാണിച്ചു, എസ്.സി./എസ്.ടി. ആക്ട് ആനുസരിച്ച് കർശനമായ നടപടികൾ എടുക്കുന്നുണ്ട്. നിലമ്പൂർ കോൺഗ്രസ് ഓഫീസിൽ നടന്ന കാര്യവും അദ്ദേഹം പറഞ്ഞു. നിലമ്പൂർ കോൺഗ്രസ് ഓഫീസിൽ ദൗർഭാഗ്യകരമായ ഒരു സംഭവമുണ്ടായി. മറ്റ് പല പാർട്ടി ഓഫീസുകളിലും ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്, അത് ആരും അറിയുന്നില്ലെന്നേയുള്ളൂ. ഏതായാലും അവിടെ ഉണ്ടായ സംഭവത്തിൽ ഗവണ്മെന്റ് ശക്തമായ നടപടിയെടുത്തു. ഈ സംഭത്തിൽ ഐ.ജി. അന്വേഷിക്കണമെന്ന് ആദ്യം പ്രതിപക്ഷത്തുനിന്നുമാണ് ആവശ്യപ്പെട്ടത്. ഐ.ജി.യെക്കൊണ്ട് അന്വേഷിപ്പിച്ചു. ഒരു വനിതാ ഐ.ജി. അന്വേഷിക്കണമെന്ന് പിന്നീട് ശ്രീ. പിണറായി വിജയൻ പത്രസമ്മേളനത്തിൽ പറഞ്ഞു. കേരളത്തിൽ വനിതാ ഐ.ജി. ഇല്ലാത്തതുകൊണ്ട് വനിത എ.ഡി.ജി.പി. ഡോ. ബി. സന്ധ്യയെ ചുമതല ഏല്പിച്ചു. ആ കേസിൽ ഇപ്പോൾ കുറ്റപത്രം കൊടുത്തുകഴിഞ്ഞു. ശക്തമായ നടപടികളുമായി മുന്നോട്ടുപോവുകയാണ്. കോൺഗ്രസ് ഓഫീസിൽ നടന്നതായതുകൊണ്ട് കേസ് തേച്ചുമാച്ചുകളയുമെന്ന സംശയം വേണ്ട, അങ്ങനെയൊരു പ്രശ്നമുണ്ടാകില്ല. ശ്രീ. സി.കെ.നാണു പറഞ്ഞ ഒരു കാര്യത്തെക്കുറിച്ച് സൂചിപ്പിക്കാനുള്ളത്, സുപ്രീംകോടതിയുടെ ഉത്തരവുപ്രകാരം ജയിലുകളിലെ പുകവലി പൂർണ്ണമായും നിരോധിക്കാൻ തീരുമാനിച്ചു. പണ്ടൊരിക്കൽ നിരോധിച്ചതാണ്, പക്ഷെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ വന്നപ്പോൾ അത് മാറ്റി. ഞാൻ കുറ്റപ്പെടുത്തുകയല്ല, തടവുപുള്ളികൾക്കുണ്ടായ മാനസിക സംഘർഷങ്ങളൊക്കെ കണക്കിലെടുത്താണ് അന്നത് മാറ്റിയത്. പുകവലി നിരോധനം

കാരണം ബുദ്ധിമുട്ടുണ്ടാകുന്നവരെ ട്രീറ്റ് ചെയ്യാനുള്ള സംവിധാനംകൂടി ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. വ്യക്തമായ ധാരണയുടെ അടിസ്ഥാന ത്തിലായിരക്കണം പോലീസുകാർ കുബേര ഓപ്പറേഷനുമായി മുന്നോട്ടുപോ കേണ്ടതെന്നാണ് ശ്രീ. മോൻസ് ജോസഫ് പറഞ്ഞത്. അങ്ങനെതന്നെയാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. വ്യക്തിപരമായ വിരോധംമൂലം ചിലർ പരാതി കൾ കൊടുക്കാറുണ്ട്, തെറ്റായ ഇൻഫർമേഷൻ കൊടുക്കാറുണ്ട്. അങ്ങനെ യുള്ള കാര്യങ്ങൾ പരിശോധിച്ചശേഷം മാത്രമേ നടപടിയുമായി മുന്നോട്ടു പോകാവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെ തിരായിട്ടുള്ള അതിക്രമങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇക്കാര്യത്തിൽ പരി ഹാരമുണ്ടാക്കാൻ ആഭ്യന്തര വകുപ്പിനെക്കൊണ്ട് ചെയ്യാൻ കഴിയുന്ന പരമാ വധി കാര്യങ്ങൾ ചെയ്യുന്നതാണ്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമ ത്തിനുവേണ്ടിയുള്ള കമ്മിറ്റിയുമായി ചർച്ചചെയ്യാൻ ഞാൻ തയ്യാറാണ്. ശ്രീ. ഹൈബി ഈഡൻ പറഞ്ഞത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്, വൈറ്റ് കോളർ ക്രൈംസ് വർദ്ധിച്ചുവരികയാണ്. ശാസ്ത്രീയമായ തരത്തിലുള്ള ക്രൈമുകളും ന്യൂജനറേഷൻ ക്രൈമുകളും വർദ്ധിച്ചുവരുന്നതിനാൽ ശാസ്ത്രീയമായ കുറ്റാന്വേഷണം ആവശ്യമാണ്. അതിനായി എറണാകുളത്ത് ഒരു സൈബർ പോലിസ് സ്റ്റേഷൻ ഈ വർഷംതന്നെ ആരംഭിക്കാൻ ഗവ ണ്മെന്റ് തീരുമാനിച്ചിട്ടുണ്ട് എന്ന വിവരം ഞാനിവിടെ അറിയിക്കുകയാണ്. ശ്രീ. വി. എസ്. സുനിൽകുമാർ, പത്തനംതിട്ട എസ്.പി. ആയിരുന്ന ശ്രീ. രാഹുൽ നായരുടെ കാര്യം പറഞ്ഞു. അദ്ദേഹത്തെ സംബന്ധിച്ച് ഒരു ഇന്റലി ജൻസ് റിപ്പോർട്ടുവന്നു. അദ്ദേഹത്തെ സസ്പെന്റ് ചെയ്യണമെന്നൊന്നും ചീഫ് സെക്രട്ടറി പറഞ്ഞിട്ടില്ല. പക്ഷെ, നടപടിയെടുക്കണമെന്ന് ഡി.ജി.പി. റിപ്പോർട്ട് നൽകി, സസ്പെന്റ് ചെയ്യണമെന്ന് ഹോം സെക്രട്ടറിയും അഭിപ്രായ

പ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിനെതിരെ ഒരു ഇന്റലിജൻസ് റിപ്പോർട്ട് മാത്രമാണുള്ളത്. നിയമപരമായും ചട്ടപ്രകാരവും കാര്യങ്ങൾ പരിശോധിച്ചപ്പോൾ തല്ക്കാലം സ്ഥലംമാറ്റം നടത്തുന്നതാണ് നല്ലതെന്ന് തോന്നി. ഏറ്റവും നല്ല ട്രാക് റിക്കോർഡുള്ള ഉദ്യോഗസ്ഥനായ ഇന്റലിജൻസ് വിഭാഗം എ.ഡി.ജി.പി. ശ്രീ. വിൻസന്റ് എം. പോളിനെ അന്വേഷണത്തിന് ചുമതലപ്പെടുത്തി. അന്വേഷണം മുന്നോട്ടുപോകുന്നതിനിടയ്ക്കാണ് തൃശ്ശൂർ വിജിലൻസ് കോടതി വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടത്. ഏതായാലും കേസിന്റെ അന്വേഷണം നടക്കുകയാണ്. അതിന്റെ ഫൈൻഡിംഗ്സ് അനുസരിച്ച് ശക്തമായ നടപടിയുണ്ടാകും. അതിലൊന്നും ഒരു സംശയവും വേണ്ട. പക്ഷെ, ഗവണ്മെന്റ് പ്രവർത്തിക്കേണ്ടത് ചട്ടങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ ആയിരിക്കണമെന്നുള്ളതുകൊണ്ടാണ് ഈ നടപടിയെടുത്തത്. അല്ലാതെ മറ്റൊരു പരിഗണനയും ഈ കാര്യത്തിൽ ഉണ്ടായിട്ടില്ല. അതുപോലെ, ശ്രീ. വി. റ്റി ബൽറാം സൈബർ ഡോമിന്റെ കാര്യം പറഞ്ഞു. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്തുതന്നെ സൈബർ ഡോമിനെപ്പറ്റി ഒരാലോചന ഉണ്ടായതാണ്. സൈബർ ഡോമിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകണമെന്ന് ഞാൻതന്നെ ആവശ്യപ്പെട്ടതാണ്. ടെക്നോപാർക്കുകാരുമായി ഇക്കാര്യം സംസാരിച്ചു. 1500 സ്ക്വയർ ഫീറ്റ് സ്ഥലം അവർതന്നെ തന്നിട്ടുണ്ട്. എത്രയുംപെട്ടന്ന് സൈബർ ഡോം തുടങ്ങാനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. കേസ്സിൽപ്പെട്ട വാഹനങ്ങൾ പോലീസ് സ്റ്റേഷനുമുമ്പിൽ വരിവരിയായി കിടക്കുന്നതിനെക്കുറിച്ചാണ് ശ്രീ. വി. റ്റി ബൽറാം പറഞ്ഞ മറ്റൊരു കാര്യം. അത് ശരിയാണ്. എല്ലായിടത്തും അത് പ്രശ്നമാണ്. പക്ഷെ ഈ വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിന് പലതരം

ബുദ്ധിമുട്ടുകളുണ്ട്. എം.എൽ.എ. ആയിരുന്ന കാലത്ത് ഞാനും ഇത് സംബന്ധിച്ച് ആരോപണമുന്നയിച്ചിരുന്നു. പക്ഷെ, അതിന്റെ ഉത്തരവാദിത്വത്തിലേക്ക് വന്നപ്പോഴാണ് എനിക്ക് ഇതിന്റെ ബുദ്ധിമുട്ടുകൾ മനസ്സിലാകുന്നത്. ഇതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായൊരു കമ്മിറ്റിയുണ്ട്. അയ്യായിരത്തോളം വാഹനങ്ങൾ ഇപ്പോൾ ഡിസ്പോസ് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. പല വാഹനങ്ങളും നിയമക്കുരുക്കിൽപ്പെട്ടുകിടക്കുന്നു എന്നതാണ് പ്രശ്നം. ഏതായാലും ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. വിക്റ്റിംസിനെക്കുറിച്ച് ശ്രീമതി കെ. കെ. ലതിക ഇവിടെ പറഞ്ഞു. വിക്റ്റിംസ് കോമ്പൻസേഷൻ കൊടുക്കുന്നതിന് ക്യാബിനറ്റുതന്നെ ഒരു തീരുമാനമെടുത്തിട്ടുണ്ട്. ഒരാൾ മരിച്ചാൽ അവരുടെ കുടുംബത്തിന് 5 ലക്ഷം രൂപവരെ കൊടുക്കത്തക്ക നിലയിൽ ഇരകൾക്കുവേണ്ടിയുള്ള സഹായ പദ്ധതി ഈ ഗവണ്മെന്റ് നടപ്പാക്കിയിട്ടുണ്ട്. ശ്രീ. എളമരം കരീം ചില രാഷ്ട്രീയമായ കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. ഞാൻ അതിനൊന്നും മറുപടി പറയുന്നില്ല. പക്ഷെ ഒരു കാര്യം ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിക്കുകയാണ്. കേസ്സുകളുടെ അന്വേഷണത്തിൽ രാഷ്ട്രീയ ഇടപെടലുകൾ നടത്തരുത് എന്നുതന്നെയാണ് ഈ ഗവണ്മെന്റിന്റെ അഭിപ്രായം. കേസ്സന്വേഷണം അതിന്റേതായ വഴിക്ക് നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിൽ നടക്കണം. കേസ്സുകളിൽ ഇടപെടുക എന്നത് ഗവണ്മെന്റിന്റെ സമീപനമല്ല. എം.എൽ.എ.മാർക്കെതിരായിട്ടുള്ള കേസിനെക്കുറിച്ച് അദ്ദേഹമിവിടെ പറഞ്ഞു. മുഖ്യമന്ത്രിയെ കല്ലെറിഞ്ഞ സംഭവത്തോടനുബന്ധിച്ച് രണ്ട് എം.എൽ.എ.മാരുടെ പേരിൽ കേസ്സെടുത്തിട്ടുണ്ട്. അതേസമയം അവിടെയുണ്ടായിരുന്ന മറ്റ് നേതാക്കൻമാരുടെ ആരുടെയും പേരിൽ കേസ്സെ

ടുത്തിട്ടില്ല. മുമ്പിൽനിന്ന് മാർഗ്ഗ തടസ്സം ഉണ്ടാക്കാൻ ശ്രമിച്ചവരുടെകൂട്ടത്തിൽ അവരുണ്ട് എന്നുള്ളത് വീഡിയോ ദൃശ്യങ്ങളിൽ പതിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് കേസ്സെടുത്തിട്ടുള്ളത്. അവിടെ ശ്രീ. എം. വി. ജയരാജനടക്കമുള്ള നിരവധി നേതാക്കൻമാരുണ്ടായിരുന്നു. അവരുടെ ആരുടെയും പേരിൽ കേസ്സെടുത്തിട്ടില്ല. അൺലാഫുൾ അസംബ്ലി എന്ന നിലയിലാണ് കേസ്സെടുത്തത്. അല്ലാതെ മനഃപൂർവ്വമായി കേസ്സെടുത്തതല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അൺലാഫുൾ അസംബ്ലിയുടെ പേരിലാണെങ്കിൽ അവിടെ പങ്കെടുത്ത എല്ലാവരുടെ പേരിലും കേസ്സെടുക്കേണ്ടതല്ലേ; അവിടെയുണ്ടായിരുന്ന മറ്റു നേതാക്കളുടെ പേരിൽ കേസ്സെടുക്കാതെ സാധുക്കളായ ശ്രീ. സി. കൃഷ്ണന്റെയും ശ്രീ. കെ. കെ. നാരായണന്റെയും പേരിൽ മാത്രം കേസ്സെടുത്തതിൽ എന്ത് യുക്തിയാണുള്ളത്?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഈ രണ്ടുപേരും ആരുടെകൂടെയാണെന്നത് ഇപ്പോൾ മനസ്സിലായി. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ ഒരു കാര്യം, ശ്രീ. നരേന്ദ്ര മോദിയെക്കുറിച്ച് മോശമായി ചിത്രീകരിച്ചതിന് പോലീസ് കേസ്സെടുത്തുവെന്നതാണ്. അത് ഒരിക്കലും ശരിയായ നടപടിയല്ല. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് എന്നും വിലകൽപ്പിക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. രാഷ്ട്രീയ നേതാക്കന്മാരുടെ പേരിൽ കാർട്ടൂണുകളും പല തരത്തിലുള്ള പ്രസിദ്ധീകരണങ്ങളും വരാറുണ്ട്. അതിനെയൊക്കെ തടയാൻ ശ്രമിക്കുന്നതും മാഗസിൻ എഡിറ്ററുടെ പേരിലും എസ്.എഫ്.ഐ. പ്രവർത്തകരുടെ പേരിലും കേസ്സെടുത്ത നടപടിയും ഗവണ്മെന്റ് ആംഗീകരിക്കുന്നില്ല. ഇതുസംബന്ധിച്ച് അന്വേഷിക്കാൻ തൃശ്ശൂർ ഐ.ജി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ശക്തമായ നടപടി ആ കാര്യത്തിലുണ്ടാകും. നാദാപുരത്തെ കാര്യം ശ്രീ.

എളമരം കരീം ഇവിടെ പറഞ്ഞു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും നിരവധിതവണ ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. നാദാപുരം ഒരു സംഘർഷ മേഖലയായിരുന്നു. നിരപരാധികളായ ആളുകളുടെ പേരിൽ വകുപ്പ് 153 അനുസരിച്ച് കേസ് എടുക്കുക, ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിക്കുക തുടങ്ങിയ നടപടിക്രമങ്ങൾ അവിടെ ധാരാളമായി ഉണ്ടാകുന്നു. അത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലിസ് ഉദ്യോഗസ്ഥന്മാരോടുതന്നെ അത് പരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ബോധപൂർവ്വം ആളുകളുടെ പേരിൽ കേസ്സെടുക്കുകയും അവരെ മറ്റ് കാര്യങ്ങൾക്ക് പ്രലോഭിപ്പിക്കുകയുമൊക്കെ ചെയ്യുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുസ്ലീംലീഗിന്റെ മാത്രമല്ല മറ്റു പല നേതാക്കന്മാരും ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയം ഗവൺമെന്റ് ഞങ്ങൾ റിവ്യൂ ചെയ്തുകൊണ്ടിരിക്കുകയാണ്. അനാവശ്യമായി ആരേയും ബുദ്ധിമുട്ടിക്കരുതെന്നും ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിക്കരുതെന്നും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഗൾഫിലുള്ളവർക്ക് വരാൻ കഴിയുന്നില്ല എന്ന കാര്യം ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്നോടു സൂചിപ്പിച്ചു. ഇക്കാര്യം ഓപ്പൺ മൈൻഡോടുകൂടി ഗവണ്മെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. സാജു പോൾ : സർ, ഇവിടെ ശ്രീ. പി.സി. വിഷ്ണുനാഥ് സംസാരിച്ചക്കുമ്പോൾ കിറ്റെക്സ് ഗാർമെന്റ്സിലെ ജീവനക്കാരെ പീഡിപ്പിച്ച ഒരു സംഭവത്തെക്കുറിച്ച് പറയുകയുണ്ടായി. കേരളത്തിലെ മികച്ച വ്യവസായിയായി തെരഞ്ഞെടുക്കപ്പെട്ട എം. സി. ജേക്കബ് ആരംഭിച്ച, പതിനായിരത്തിലേറെപേർക്ക് ജോലി നൽകുന്ന ഒരു സ്ഥാപനമാണത്. അതിനെതിരെ ബോധപൂർവ്വമായ കുറേ നീക്കങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

യഥാർത്ഥത്തിൽ കിറ്റെക്സ് ഗാർമെന്റ്സിലെ വനിതകൾക്കെതിരെ തെറ്റായ പ്രചരണം നടത്തിയതിന് കിഴക്കമ്പലം ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ഏലിയാസ് കാരിപ്പുറം ഉൾപ്പെടെയുള്ളവരുടെ പേരിൽ കേസ്സെടുത്ത തായി പത്രവാർത്തയുണ്ടായിരുന്നു. ഇതിലെ യഥാർത്ഥ വസ്തുതയെന്താ ണെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി പറയുമോ?

(ശ്രീ. രമേശ് ചെന്നിത്തല തുടരും)

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് പരിശോധിക്കാം. ശ്രീ. പി. സി. വിഷ്ണുനാഥിന്റെ പ്രസംഗത്തിൽ പോലീസ് റിഫോംസിനെ സംബന്ധിച്ച് പറഞ്ഞു. കാലാകാലങ്ങളായി പോലീസ് റിഫോംസ് നടപടികൾ കൈക്കൊ ണ്ടുകൊണ്ടിരിക്കുകയാണ്. മാറിയ സാഹചര്യങ്ങൾക്കനുസരിച്ച് പോലീസിൽ വരുത്തേണ്ട ഫലപ്രദവും ദൂരവ്യാപകവും അടിസ്ഥാനപരവുമയ മാറ്റങ്ങൾക്ക് ഗവൺമെന്റ് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുകയാണ്. പോലീസിലെ സ്ത്രീകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് ശ്രീ. പി.സി. വിഷ്ണുനാഥ് ഇവിടെ പറഞ്ഞു. ഗവൺമെന്റിന്റെ ലക്ഷ്യവും അതാണ്. സാമ്പത്തിക പരാധീനത മൂലം ഉദ്ദേശിച്ചത്ര മുന്നോട്ടുപോകുന്നില്ലെങ്കിലും 500 വനിതാ പോലീസുകാ രെയും 60 വനിതാ എസ്.ഐ. മാരെയും റിക്രൂട്ട് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി വനിതകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതാണ്. അവസാനമായി പ്രസംഗിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. അതിൽ അർദ്ധസത്യങ്ങളും അവാസ്തവങ്ങളുമായ കാര്യങ്ങളുണ്ട്. ശ്രീ. അലക്സാണ്ടർ ജേക്കബിന് ഏറ്റവും പ്രധാനപ്പെട്ട ചുമതലതന്നെയാണ് നൽകിയിട്ടുള്ളത്. പോലീസ് മോഡേണൈസേഷനിലെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയാണ്. കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് അഴിമതിരഹിത

മായി നല്ല നിലയിൽ പ്രവർത്തിക്കാൻ വേണ്ടിയാണ് അദ്ദേഹത്തെ കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ നിയോഗിച്ചത്. അദ്ദേഹം അത് നല്ല രീതിയിൽ നിർവ്വഹിക്കുന്നുമുണ്ട്. അതുപോലെതന്നെ ശ്രീ. കോടിയേരി ബാലകട്ടഷ്ണൻ പറഞ്ഞ മറ്റൊരുകാര്യം, ഏറാൻമൂളികളെ മാത്രം വച്ചാണ് ഞങ്ങൾ ഭരിക്കുന്നതെന്നാണ്, ഞങ്ങളങ്ങനെയല്ല ഭരിക്കുന്നത്. അങ്ങയുടെ കാലത്ത് ഡയറക്ടായി എത്ര ഐ.പി.എസ്.കാരെയും എസ്.പി. മാരെയുമാണ് നിയമിച്ചത്? അങ്ങ് പ്രൊമോട്ടികളെയാണ് കൂടുതൽ വച്ചത്. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോഴും ഞാൻ ആ സ്ഥാനത്ത് വന്നപ്പോഴും ഐ.പി.എസ്.-കാരായ young officers-ന് കൂടുതൽ പ്രാധാന്യം കൊടുത്തിട്ടുണ്ട്. അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ അത് ചെയ്തിട്ടില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഐ.പി.എസ്.-കാരിൽ ഏറാൻമൂളികളുണ്ടാവില്ലെന്നാണോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അതല്ല ഞാൻ പറഞ്ഞത്. ഡയറക്ട് ഐ.പി.എസ്.-ഉം അല്ലാത്ത ഐ.പി.എസ്.-ഉം തമ്മിലുള്ള വ്യത്യാസം നമുക്കൊക്കെ അറിയാവുന്നതാണല്ലോ. പോലീസിനെ രാഷ്ട്രീയവത്ക്കരിക്കാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. പോലീസ് അസോസിയേഷൻ തെരഞ്ഞെടുപ്പ് നടക്കാറുണ്ട്. ഒരുകൂട്ടർ ജയിക്കാറും മറ്റൊരു കൂട്ടർ തോൽക്കാറുമുണ്ട്. ജയിക്കുന്നവരും തോൽക്കുന്നവരും തമ്മിൽ വ്യത്യാസം ഉണ്ടാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. എല്ലാവരെയും ഒരുപോലെതന്നെ കാണണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതിൽ യാതൊരു വ്യത്യാസവും വരുത്താൻ ആഗ്രഹിക്കുന്നില്ല. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാന

ത്തിൽ കേരളത്തിലെ ജയിലുകളിൽ ഫലപ്രദമായ തരത്തിലുള്ള പരിഷ്ക്കരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ജയിലിൽ വരുന്ന ആളുകൾ കുറ്റവാളികളാണെങ്കിലും അവരുടെ പൗരാവകാശം, ക്ഷേമം എന്നിവ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയിൽപ്പെട്ടതാണ്. നമ്മുടെ ജയിലിൽ വൻതോതിലുള്ള വികസനപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ പുരസ്ക്കാരമായി ലഭിച്ച 154 കോടി രൂപയുടെ വികസനപ്രവർത്തനങ്ങളാണ് മുഖ്യമായും നടപ്പാക്കുന്നത്. പുതിയ ജയിലുകൾ സ്ഥാപിക്കുക, നിലവിലുള്ള ജയിലുകളുടെ ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് നടപടികൾ. തീവ്രവാദവും മൗലികവാദവും തടയുന്നതിനായി മറ്റു സംസ്ഥാനങ്ങളിലെപ്പോലെ അതീവസുരക്ഷാ ജയിൽ കേരളത്തിലും അത്യാവശ്യമാണ്. അതിന്റെ ഭാഗമായി തൃശ്ശൂരിലെ വിയ്യൂരിൽ 20 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന അതീവ സുരക്ഷാ ജയിലിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. മലപ്പുറം ജില്ലയിലെ തവനൂരിൽ സെൻട്രൽ ജയിൽ നിർമ്മിക്കാൻ പത്ത് കോടി രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. മൊത്തം 17.66 കോടി രൂപയാണ് നിർമ്മാണച്ചെലവ് ഉദ്ദേശിക്കുന്നത്. 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് അനുസരിച്ച് ജയിലുകളുടെ നവീകരണം, തടവുകാരുടെ ക്ഷേമം എന്നിവയ്ക്കായി കൂടുതൽ തുക വിനിയോഗിക്കുന്നതാണ്. ജയിലിൽ തടവുപുള്ളികളുടെ എണ്ണം വളരെ കൂടുതലാണ്. കൂടുതൽ റിമാൻഡ് തടവുകാരും ശിക്ഷിക്കപ്പെട്ട തടവുകാരുമുണ്ട്. മാനേജ് ചെയ്യാൻ കഴിയാത്ത സ്ഥിതിയാണ് പല ജയിലുകളിലുമുള്ളത്. അതുകൊണ്ട് കൂടുതൽ ജയിലുകൾ സ്ഥാപിക്കാനും......

ശ്രീ. ജി. സുധാകരൻ: സർ, ആലപ്പുഴ ജയിലിന് സ്ഥലം തരുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് നമ്മൾ തമ്മിൽ സംസാരിച്ചതാണ്. റവന്യൂ വകുപ്പിൽനിന്ന് സ്ഥലം വാങ്ങി അവിടെ ജയിൽ തുടങ്ങാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ജയിലുകളിൽ ആളുകളുടെ എണ്ണം വളരെ കൂടുതലാണ്. മുൻപ് ജീവപര്യന്തം എന്നത് 14 വർഷമായിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതി പറയുന്നത് ജീവപര്യന്തമെന്നു പറഞ്ഞാൽ ജീവിതകാലം മുഴുവൻ ജയിലിൽ കിടക്കണമെന്നാണ്. എല്ലാ ഗവൺമെന്റുകളും തടവുകാരുടെ ജയിലിനകത്തെ പെരുമാറ്റം പരിശോധിച്ച് സൽസ്വഭാവികളായ ആളുകളെ വിട്ടയച്ചിട്ടുണ്ട്. ഗവർണർക്കാണ് അതിന് അധികാരം. ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്തും ശ്രീ. എ. കെ. ആന്റണിയുടെ കാലത്തും അങ്ങനെ ചെയ്തിട്ടുണ്ട്. ഞങ്ങളുടെ കാലത്തും ചെയ്തിട്ടുണ്ട്. ഞങ്ങളുടെ കാലത്ത് എട്ട് വർഷം പൂർത്തീകരിച്ചവരെ പരിശോധിച്ചുകൊണ്ട് വിട്ടയച്ചിട്ടുണ്ട്. അങ്ങനെയെന്തെങ്കിലും പരിശോധന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, 14 വർഷം പൂർത്തിയാക്കിയവരെ വിട്ടയയ്ക്കാനുള്ള പ്രോസസ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ജയിൽ ഉപദേശക സമിതികൾകൂടി അവരാണ് ഇക്കാര്യം സർക്കാരിലേക്ക് റെക്കമെൻഡ് ചെയ്യേണ്ടത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ജയിലുകളിൽ തടവുകാരെ സന്ദർശിക്കാൻ വരുന്ന കുടുംബാംഗങ്ങൾക്ക് കാത്തിരിക്കാനുള്ള സജ്ജീകരണങ്ങൾ ഒരു സ്ഥലത്തുമില്ല. ഇത് പൊതുവായി ആലോചിച്ച് അതിന് സൗകര്യമുണ്ടാക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, തീർച്ചയായും അതിനെപ്പറ്റി ആലോചിക്കാം. ജില്ലാ ജയിൽ മുട്ടം, തൊടുപുഴ, ജില്ലാ ജയിൽ പാലക്കാട്, സ്പെഷ്യൽ സബ്ജയിൽ ഇരിങ്ങാലക്കുട എന്നീ ജയിലുകളെ സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ എല്ലാം പൂർത്തിയായിട്ടുണ്ട്. ഉടൻ തന്നെ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

ശ്രീ. സി. കെ. നാണു: സർ, വടകര റൂറൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് പരിശോധിക്കാം. തടവുകാരുടെ ക്ഷേമത്തിനായി ടെലിവിഷൻ സെറ്റ്, എഫ്.എം. റേഡിയോ, പബ്ലിക് അഡ്രസ് സിസ്റ്റം, ജനറേറ്റർ, കംപ്യൂട്ടർ ലാബുകൾ ഉൾപ്പെടെയുള്ള ധാരാളം ആധുനിക സൗകര്യങ്ങൾ ജയിലിലേക്ക് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. റീഹാബിലിറ്റേഷൻ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജയിലിൽ വരുന്ന ആളുകൾ മുഴുവൻ കുഴപ്പക്കാരാണെന്ന നിലപാട് ഗവൺമെന്റിനില്ല. അവരുടെ മനുഷ്യാവകാശങ്ങൾ ഉറപ്പുവരുത്തുകയും ഭാവിയിൽ അവർക്ക് നല്ല പൗരൻമാരായി ജീവിക്കത്തക്ക നിലയിലുള്ള കറക്ഷൻ ഏർപ്പെടുത്തുക എന്നതും ഗവൺമെന്റിന്റെ നയമാണ്. കുറ്റകൃത്യങ്ങളില്ലാത്ത കേരളം വാർത്തെടുക്കുകയെന്നതാണ് യു.ഡി.എഫ് ഗവൺമെന്റിന്റെ സമീപനം. അതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു. സംസ്ഥാനത്തെ സാമൂഹ്യവിരുദ്ധർ, ഗുണ്ടകൾ, നിയമം ലംഘിക്കുന്നവർ എന്നിവരെ ശക്തമായിത്തന്നെ നേരിടും. അവരെ അടിച്ചമർത്തിക്കൊണ്ട് ജനങ്ങൾക്ക് സ്വൈരജീവിതം ഉറപ്പുവരുത്തുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്. ഈ ഡിമാന്റുകൾ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: വിശദമായ ചർച്ചയായിരുന്നു. രണ്ടര മണിക്കൂറാണ് അംഗങ്ങൾക്കുള്ളത്. പക്ഷെ ഇന്ന് നാല് മണിക്കൂർ പതിനഞ്ച് മിനിട്ട് എല്ലാ വരും സംസാരിച്ചു. എന്നിട്ടും തൃപ്തിയായിട്ടില്ല. എന്താണ് ശ്രീ. രാജേന്ദ്രൻ?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, മൂന്നാർ ഒരു വിനോദസഞ്ചാര കേന്ദ്രമാണ്. വി.ഐ.പി.കൾ എപ്പോഴുമുള്ളതാണ്. ഒരു സ്പെഷ്യൽ എസ്കോർട്ട് യൂണിറ്റ് വേണമെന്നതാണ് എന്റെ ആവശ്യം.

മി. സ്പീക്കർ: വിനോദസഞ്ചാര കേന്ദ്രത്തിൽ വി.ഐ.പി.കൾ മാത്രമല്ല, സാധാരണക്കാരും വരുന്നുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, മൂന്നാർ ഒരു പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രമാണ്. ടൂറിസ്റ്റ് പോലീസുകളുടെ സാന്നിദ്ധ്യം അവിടെ കൂടുതലായുണ്ടാക്കാം.

മി. സ്പീക്കർ: സർവ്വശ്രീ. എം. ചന്ദ്രൻ, കെ. കെ. ജയചന്ദ്രൻ, കോടിയേരി ബാലകൃഷ്ണൻ, കെ. രാധാകൃഷ്ണൻ, ബാബു എം. പാലിശ്ശേരി, കെ. ദാസൻ, ബി. ഡി. ദേവസ്സി, കോലിയക്കോട് എൻ. കൃഷ്ണൻ നായർ, സി. കൃഷ്ണൻ, കെ. കുഞ്ഞിരാമൻ (ഉദുമ), കെ. കെ. നാരായണൻ, ഇ. കെ. വിജയൻ, സി. ദിവാകരൻ, ജി. എസ്. ജയലാൽ, വി. എസ്. സുനിൽ കുമാർ, തോമസ് ചാണ്ടി, കെ. വി. അബ്ദുൾ ഖാദർ, പുരുഷൻ കടലുണ്ടി, സി. കെ. സദാശിവൻ, ബി. സത്യൻ, കെ. വി. വിജയദാസ്, രാജു എബ്രഹാം, ഇ. പി. ജയരാജൻ, ഡോ. ടി. എം. തോമസ് ഐസക്, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതിമാരായ പി. അയിഷാ പോറ്റി, കെ. കെ. ലതിക എന്നീ ബഹുമാനപ്പെട്ട

അംഗങ്ങൾ പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുവോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ: 72

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ

7. ശ്രീ. റ്റി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. കുമാരി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ
29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
31. ശ്രീ. കോവൂർ കുഞ്ഞുമോൻ
32. ശ്രീ. റ്റി. യു. കുരുവിള
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി

36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാടി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. റ്റി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. രമേശ് ചെന്നിത്തല
52. ശ്രീ. പാലോട് രവി
53. ശ്രീ. റോഷി അഗസ്റ്റിൻ
54. ശ്രീ. വി. പി. സജീന്ദ്രൻ
55. ശ്രീ. എൻ. ശക്തൻ
56. ശ്രീ. വി. ഡി സതീശൻ
57. ശ്രീ. ഷാഫി പറമ്പിൽ
58. ശ്രീ. കെ. എം. ഷാജി
59. ശ്രീ. എൻ. ഷംസുദ്ദീൻ
60. ശ്രീ. ആർ. സെൽവരാജ്
61. ശ്രീ. ഷിബു ബേബി ജോൺ
62. ശ്രീ. കെ. ശിവദാസൻ നായർ
63. ശ്രീ. വി. എസ്. ശിവകുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്

66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ</u>: 59

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. എം. ഹംസ
18. ശ്രീമതി ജമീലാ പ്രകാശം
19. ശ്രീ. ജെയിംസ് മാത്യു
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. കെ. കെ. ജയചന്ദ്രൻ

22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. എളമരം കരീം
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
27. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
28. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
29. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
30. ശ്രീമതി കെ. കെ. ലതിക
31. ശ്രീ. മാത്യു റ്റി. തോമസ്
32. ശ്രീ. സി. കെ. നാണു
33. ശ്രീ. കെ. കെ. നാരായണൻ
34. ശ്രീ. എ. പ്രദീപ്കുമാർ
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. കെ. രാധാകൃഷ്ണൻ
37. ശ്രീ. എസ്. രാജേന്ദ്രൻ
38. ശ്രീ. ആർ. രാജേഷ്
39. ശ്രീ. റ്റി. വി. രാജേഷ്
40. ശ്രീ. കെ. രാജു
41. ശ്രീ. രാജു എബ്രഹാം
42. ശ്രീ. മുല്ലക്കര രത്നാകരൻ
43. പ്രൊഫ. സി. രവീന്ദ്രനാഥ്
44. ശ്രീ. സി. കെ. സദാശിവൻ
45. ശ്രീ. സാജു പോൾ
46. ശ്രീമതി കെ. എസ്. സലീഖ
47. ശ്രീ. എസ്. ശർമ്മ
48. ശ്രീ. വി. ശശി
49. ശ്രീ. എ. കെ. ശശീന്ദ്രൻ
50. ശ്രീ. ബി. സത്യൻ
51. ശ്രീ. വി. ശിവൻകുട്ടി

52. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
53. ശ്രീ. ജി. സുധാകരൻ
54. ശ്രീ. വി. എസ്. സുനിൽകുമാർ
55. ശ്രീ. പി. തിലോത്തമൻ
56. ശ്രീ. തോമസ് ചാണ്ടി
57. ഡോ. ടി. എം. തോമസ് ഐസക്
58. ശ്രീ. ഇ. കെ. വിജയൻ
59. ശ്രീ. കെ. വി. വിജയദാസ്

അനുകൂലിക്കുന്നവർ : 72

പ്രതികൂലിക്കുന്നവർ : 59

നിക്ഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ്, ഡോ. ടി. എം. തോമസ് ഐസക്, സർവ്വശ്രീ സി. കെ. സദാശിവൻ, ശ്രീ. ബി. സത്യൻ,പുരുഷൻ കടലുണ്ടി, സി. ദിവാകരൻ, വി. എസ്. സുനിൽ കുമാർ, ജി. എസ്. ജയലാൽ, ഇ. കെ. വിജയൻ, ശ്രീ. തോമസ് ചാണ്ടി, കെ. വി. വിജയദാസ്, കെ. രാധാകൃഷ്ണൻ, കെ. കെ. നാരായണൻ, കെ. കെ. ജയചന്ദ്രൻ, ഇ. പി. ജയരാജൻ, കോടിയേരി ബാലകൃഷ്ണൻ, കോലിയക്കോട് എൻ. കൃഷ്ണൻ നായർ, സി. കൃഷ്ണൻ, കെ. കുഞ്ഞമ്മത് മാസ്റ്റർ, കെ. കുഞ്ഞിരാമൻ (ഉദുമ), ബി. ഡി. ദേവസ്സി, കെ. ദാസൻ, ശ്രീ. എം. ചന്ദ്രൻ, ബാബു എം. പാലിശ്ശേരി, കെ. വി. അബ്ദുൾ ഖാദർ, ശ്രീമതിമാരായ കെ. എസ്. സലീഖ, കെ. കെ. ലതിക, പി. അയിഷാ പോറ്റി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യ വിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ: 72

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി

9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. കുമാരി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ
29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
31. ശ്രീ. കോവൂർ കുഞ്ഞുമോൻ
32. ശ്രീ. റ്റി. യു. കുരുവിള
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ

38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. റ്റി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. രമേശ് ചെന്നിത്തല
52. ശ്രീ. പാലോട് രവി
53. ശ്രീ. റോഷി അഗസ്റ്റിൻ
54. ശ്രീ. വി. പി. സജീന്ദ്രൻ
55. ശ്രീ. എൻ. ശക്തൻ
56. ശ്രീ. വി. ഡി സതീശൻ
57. ശ്രീ. ഷാഫി പറമ്പിൽ
58. ശ്രീ. കെ. എം. ഷാജി
59. ശ്രീ. എൻ. ഷംസുദ്ദീൻ
60. ശ്രീ. ആർ. സെൽവരാജ്
61. ശ്രീ. ഷിബു ബേബി ജോൺ
62. ശ്രീ. കെ. ശിവദാസൻ നായർ
63. ശ്രീ. വി. എസ്. ശിവകുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള

68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ</u>: 59

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. എം. ഹംസ
18. ശ്രീമതി ജമീലാ പ്രകാശം
19. ശ്രീ. ജെയിംസ് മാത്യു
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. കെ. കെ. ജയചന്ദ്രൻ
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ. പി. ജയരാജൻ

24. ശ്രീ. എളമരം കരീം
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
27. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
28. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
29. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
30. ശ്രീമതി കെ. കെ. ലതിക
31. ശ്രീ. മാത്യു റ്റി. തോമസ്
32. ശ്രീ. സി. കെ. നാണു
33. ശ്രീ. കെ. കെ. നാരായണൻ
34. ശ്രീ. എ. പ്രദീപ്കുമാർ
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. കെ. രാധാകൃഷ്ണൻ
37. ശ്രീ. എസ്. രാജേന്ദ്രൻ
38. ശ്രീ. ആർ. രാജേഷ്
39. ശ്രീ. റ്റി. വി. രാജേഷ്
40. ശ്രീ. കെ. രാജു
41. ശ്രീ. രാജു എബ്രഹാം
42. ശ്രീ. മുല്ലക്കര രത്നാകരൻ
43. പ്രൊഫ. സി. രവീന്ദ്രനാഥ്
44. ശ്രീ. സി. കെ. സദാശിവൻ
45. ശ്രീ. സാജു പോൾ
46. ശ്രീമതി കെ. എസ്. സലീഖ
47. ശ്രീ. എസ്. ശർമ്മ
48. ശ്രീ. വി. ശശി
49. ശ്രീ. എ. കെ. ശശീന്ദ്രൻ
50. ശ്രീ. ബി. സത്യൻ
51. ശ്രീ. വി. ശിവൻകുട്ടി
52. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
53. ശ്രീ. ജി. സുധാകരൻ

54. ശ്രീ. വി. എസ്. സുനിൽകുമാർ
55. ശ്രീ. പി. തിലോത്തമൻ
56. ശ്രീ. തോമസ് ചാണ്ടി
57. ഡോ. ടി. എം. തോമസ് ഐസക്
58. ശ്രീ. ഇ. കെ. വിജയൻ
59. ശ്രീ. കെ. വി. വിജയദാസ്

അനുകൂലിക്കുന്നവർ : 72

പ്രതികൂലിക്കുന്നവർ : 59

നിക്ഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഇന്ന് ഫുട്ബോൾ മാച്ചാണ്. ഇവിടെനിന്നും എം.എൽ.എ. മാരുമായി ബസ് എം.എൽ.എ. ഹോസ്റ്റലിൽ എത്തിയാൽ എം.എൽ.എ. മാർക്ക് എല്ലാവർക്കും റൂമിൽ പോയിവരുന്നതിനായി പത്ത് മിനിട്ട് അവിടെ വെയ്റ്റ് ചെയ്യുന്നതും പത്ത് മിനിട്ട് കഴിഞ്ഞ് അവിടെനിന്നും സ്റ്റേഡിയത്തിലേക്ക് ബസ് പോകുന്നതുമാണ്.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതാണ്.

(2014 ജൂൺ മാസം 18-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 5.03-ന് പിരിഞ്ഞു.)

*************